AR
156

MADRAS GOVERNMENT ORIENTAL SERIES

No. CX

വിദ്യാമാധവീയം

VIDYAMADHAVIYAM

MADRAS GOVERNMENT ORIENTAL SERIES

Published under the authority
of the
Government of Madras.

General Editor:
T. CHANDRASEKHARAN, M. A., L. T.,
Curator, Government Oriental Manuscripts Library, Madras.

No. CX

വിദ്യാമാധവീയം

VIDYAMADHAVIYAM

Critically edited

BY

P. M. Gangadharan Nair,
Sanskrit Pandit,
Chintadripet High School, Madras.

PRINTED AT
THE JANATHA PRESS,
MADRAS-5

Government Oriental Manuscripts Library, Madras.

1953

Price 3—12—0

INTRODUCTION

The Government of Madras took up for consideration the question of publication of the various manuscripts in different languages on subjects like Philosophy, Medicine, Science, etc., early in May, 1948. Important manuscripts Libraries in the Madras Presidency were requested to send a list of unpublished manuscripts with them for favour of being considered by the Government for publication. The Honorary Secretary of the Tanjore Maharaja Serfoji's Saraswathi Mahal Library, Tanjore, alone complied with this request. This list as well as a similar list of unpublished manuscripts in the Government Oriental Manuscripts Library, Madras, were carefully examined and a tentative selection of manuscripts suitable for publication was made. The Government in their Memorandum No. 34913/48-10, Education, dated 4-4-1949, constituted an Expert Committee with the Curator of the Government Oriental Manuscripts Library, Madras, as the Secretary, for the final selection of manuscripts suitable for printing and for estimating the cost of publication.

The following are the members of the Committee:—

1. Sri T. M. Narayanaswami Pillai, M.A.,B.L.
2. ,, R. P. Sethu Pillai, B A.,B.L.
3. ,, C. M. Ramachandra Chettiar, B.A.,B.L.
4. ,, R. Krishnamoorthy, (Kalki).
5. Dr. N. Ventaramanayya, M.A., Ph. D.
6. Sri M. Ramanuja Rao Naidu, M.A.
7. ,, V. Prabhakara Sastri.
8. ,, N. Venkata Rao, M.A.
9. ,, H. Sesha Ayyangar.
10. ,, Masti Venkatesa Ayyangar.
11. ,, Mariappa Bhat, M.A , L.T.

12. Dr. C. Achyuta Menon, B.A.. Ph. D.
13. Dr. C. Kunhan Raja, M.A., D. Phil.
14. ,, A. Sankaran, M.A., Ph. D., L. T.
15. Sri Polakam Rama Sastri.
16. ,, S. K. Ramanatha Sastri.
17. Dr. M. Abdul Haq, M.A., D. Phil., (Oxon.)
18. Afzul-ul-Ulama Hakim Khader Ahamed.
19. Sri P. D. Joshi.
20. ,, S. Gopalan, B.A., B.L.
21. ,, T. Chandrasekharan, M.A.,L.T.

With the exception of Sri Masti Venkatesa Ayyangar, and Dr. C. Kunhan Raja, the above members continued to be members of the Expert Committee for 1950—51 also to which the following gentlemen were added in Govt. Memo. 7297-E/50-3, Edn., D/—19—5—'50 and Govt. Memo. No. 15875-E/50-4, Edn., D/—7—9—'50.

1. Dr. A Chidambaranatha Chettiar, M.A., Ph. D.
2. Sri S. Govindarajulu, B.A.,B.L.,LL.B. Bar-at-law.
3. Capt. G. Srinivasamoorthy, B.A.,B.L.,M.B., and C.M.
4. Dr. Muhammad Hussain Nainar, M.A., Ph.D.,
5. Sri T. V. Subba Rao, B.A.,B.L.,
6. Principal, College of Indigenous Medicine, Madras.

The members of the Committee formed into Sub-Committee for the various languages, Sanskrit, Tamil, Telugu, Kannada, Malayalam, Mahrathi and Islamic languages. They met during the month of May, 1949, at Madras and at Tanjore to examine the manuscripts and make a selection. The recommendations of the Committee were accepted by the Government and they decided to to call these publications as the "MADRAS GOVERNMENT ORIENTAL SERIES", and appointed the Curator, Government Oriental Manuscripts Library, Madras, as the General Editor of the publications under this series.

The following manuscripts were taken up for publication during 1949-50,

"A" from the Government Oriental Manuscripts Library, Madras.

TAMIL

1. Kappal Sattiram
2. Anubhava Vaittiya Murai
3. Attanakolahalam
4. Upadesa Kandam
5. Colan Purva Pattayam
6. Sivajnana Dipam

TELUGU

1. Ausadha Yogamulu
2. Vaidya Nighantuvu
3. Dhanurvidya Vilasamu
4. Yoga Darsana Visayamu
5. Khadga Laksena Siromani

SANSKRIT

1. Visanarayaniyam—(Tantrasarasangraha)
2. Bhargava Nadika
3. Hariharacaturangam
4. Brahmasutravrtti—Mitaksara
5. Nyayasiddhanta Tattvamrtam

MALAYALAM

1. Garbha Cikitsa
2. (a) Vastulaksanam
   (b) Silpavisayam
3. Mahasaram
4. Kanakkasaram
5. Kriyakramam
6. Kanakkusaram—(Balaprabodham)

KANNADA

1. Lokopakaram
2. Rattamatam
3. Asvasastram
4. Vividha Vaidya Visayagalu
5. Sangitaratnakara
6. Supasastra

ISLAMIC LANGUAGES

1. Jamil-Al-Ashya
2. Tibb-E-Faridi
3. Tahqiq-Al-Buhran
4. Safinat-Al-Najat

"B" from the Tanjore Maharaja Serfoji's Saraswathi Mahal Library, Tanjore.

TAMIL

1. Sarabendra Vaidya Murai (Diabetes)
2. Do. (Eyes)
3. Do. (Anaemia)
4. Do. (Svasakasam)
5. Agastiyar 200
6. Konkanarsarakku Vaippu
7. Tiruccirrambalakkovaiyar with Padavurai
8. Talasamudram
9. Bharatanatyam
10. (a) Pandikeli Vilasa Natakam
    (b) Pururava Cakrtvarti Natakam
    (c) Madana Sundara Vilasa Natakam
11. Percy Macqyeen's Collection of Folklore in the Madras University Library
12. Ramaiyan Ammanai

TELUGU

1. Kamandakanitisaramu
2. Taladasapranapradipika
3. Raghunatha Nayakabhyudayamu
4. Rajagopala Vilasamu
5. Ramayanamu by Katta Varadaraju

MAHRATHI

1. Natyasastra Sangraha
2. (a) Book of Knowledge
   (b) Folk Songs
   (c) Dora Darun Veni Paddhati
   (d) Asvasa Catula Dumani

3. (a) Pratapasimhendra Vijaya Prabandha
   (b) Sarabhendra Tirthavali
   (c) Lavani
4. Devendra Kuravanji
5. Bhakta Vilasa
6. Sloka Baddha Ramayana

SANSKRIT

1. Asvasastra with Tricolour illustrations
2. Rajamrganka
3. Anandakandam
4. Ayurvedamahodadhi
5. Gita Govinda Abhinaya
6. (a) Colacampu
   (b) Sahendra Vilasa
7. Dharmakutam—Sundara Kanda
8. Jatakasara
9. Visnutattvanirnaya Vyakhya
10 Sangita Darpana
11. Bijapallava

During 1950, only the Sub-Committee for TAMIL, TELEGU and KANNADA met in the month of July 1950 at Madras.

The following books were taken up for publication in the various languages during 1950-51.

TAMIL

1. Datcanayanar-Vaiddiya-Attavanai
2. Vaittiyak Kalanciyam
3. Anubhava Vaittia Murai Vol. 3

TELEGU

1. Saivacarasangrahamu
2. Anubhava Vaidyam
3. Abhinayadarpanamu

SANSKRIT

1. Arogyacintamani
2. Tattvasara WITH Ratnasarini
3. Sutrarthamrtalahari
4. (a) Ratnadipika

5. (b) Ratnasastra

MALAYALAM

1. Asvacikitsa
2. Phalasarasamuccaya

KANNADA

1. Vaidya Sara Sangraha

During 1951–52, only the Sub-Committee for TAMIL, TELUGU and MALAYALAM met in the month of April 1951. The following books were taken up for publication in the various languages.

TAMIL

1. Saptarisinadi
2. Karnatakarajakkal Savistara Caritram
3. Bharata Siddantam
4. Pillaippinivakatam
5. Anubhava Vaittiyam Vol. 4
6. Mattuvakatam

TELUGU

1. Brahmavidya Sudharnavamu
2. Ragatalacintamani
3. Vaidyacintamani
4. Kumararamuni Katha
5, Katamaraju Katha

SANSKRIT

1. Devakeralam—Candrakala Nadi
2. Patanjala Yogasutra Bhasya Vivarana by Sri Sankaracarya

MALAYALAM

1. Kilivandusamvadam
2. Advaita Vedantam
3. Barhaspatyasutra with Malayalam commentary
4. Karanapaddhati

KANNADA

1. Sadgururahasyam

ARABIC

1. Shawakil-Ul-Hur

In Government memorandum No. 18947-E/52-2. Edn. dated 7—8—1952, a few changes were made in the personnel of the Expert Committee.

The names of following members were deleted:

1. Sri V. Prabhakara Sastri.
2. Professor M. Hiriyanna
3. ,, C. Achyutha Menon.
4 ,, M. Abdul Haq.

The following gentlemen were included as members of the Expert Committee:

1. Sri M. Somasekhara Sarma.
2. Dr. V. Raghavan, M.A.,Ph. D.,
3. ,, R. Nagaraja Sarma, M.A., Ph. D.,
4. ,, S. Krishnan Nair, M. A., Ph. D.,
5. Professor S. A. Bukhari, M.A.,

The Sub-Committees for all the languages met during September 1952 for selecting manuscripts for publication.

The following manuscripts were taken up for publication during 1952-53:

TAMIL

1. Saptarisinadi Volume II - VRSABHA LAGNA.
2. Temple Inscriptions of south India.

TELUGU

1. Sariramu.

KANNADA

1. Bijjalaraya Carite.
2. Vaidyasara Sagngraha Volume II

MALAYALAM

1. Vidyamadhaviyam.
2. Sarvasadharana Cikitsa.
3. Visa Cikitsa AND Visappattusaram.

SANSKRIT

1. Nyayaratnam with the commentary Dyutimalika.
2. Cikisatilakam.
3. Nrttaratnavali.

It is hoped that the publication of most of the important manuscripts will be completed within a few years.

Some of the manuscripts taken up for publication are represented by single copies in the Library and consequently the mistakes that are found in them could not be corrected by comparing them with other copies. The Editors have, however tried their best to suggest correct readings. The wrong readings are given in round brackets and correct readings have been suggested in square brackets. When different readings are found, they have been given in the foot-notes except in the case of a few books in which the correct readings have been given in the foot-note or incorporated in the text itself.

The Government of Madras have to be thanked for financing the entire scheme of publication although there is a drive for economy in all the departments. My thanks are due to the members of the Expert Committee who spared no pains in selecting the manuscripts for publication. I have also to thank the various editors, who are experts in their own field, for readily consenting to edit the manuscripts and see them through the press. The various Presses that have co-operated in printing the manuscripts in the best manner possible also deserve my thanks for the patience exhibited by them in carrying out the corrections made in the proofs.

The present work is based on a paper manuscript of the Government Oriental Manuscripts Library, Madras, bearing No. D. 241 of size 11 x $9\frac{1}{2}$ inches. It contains 185 pages. This deals with the "auspicious" hours for functions like marriage etc., Though the original Sanskrit work is printed already, the Malayalam commentary on it is till now unpublished. This work will be very useful for those Malayalees who are not well versed in Sanskrit.

Madras,
23—2—1953.

T. CHANDRASEKHARAN,
General Editor,
Madras Govt. Oriental Series.

ആമുഖം

ശ്രീ

കരുണാരസസംഫുല്ല പദതാമരസംതവ, ശരണം
ലളിതേ മാതഃശ്രീവദേ്യജഗദംബികെ—

വേദാംഗങ്ങളിൽ വെച്ച് ജ്യോതിഷം പ്രധാനമാകുന്നു. 'ജ്യോതിഷം നേത്രമുച്യതേ' എന്നു പ്രമാണവും ഉണ്ടു്. ജഗദ്ഗുരു ശ്രീമച്ഛങ്കരഭഗവൽ പാദര് 'ജ്യോതിഷംവിനാ സൎവ്വജ്ഞപീഠം'. എന്നു സൎവ്വജ്ഞപീഠം കയറുന്ന അവസരത്തിൽ അരുളിയതായി കേട്ടുകേൾവിയുണ്ടു്. ഇങ്ങിനെ പ്രധാനവും അപാരവും ആയ ഈ ജ്യോതിശ്ശാസ്ത്രം ഇന്നു പാശ്ചാത്യന്മാരുടെ ഇടയിലും പ്രചുരപ്രചാരമായിത്തീൎന്നിട്ടുണ്ടു് എന്നതു് പത്രികകളിൽ നിന്നു അറിയാവുന്നുണ്ടല്ലോ. പ്രസ്തുത ജ്യോതിശ്ശാസ്ത്രത്തിൽ 'മുഹൂൎത്തശാസ്ത്രം' ഏററവും മുഖ്യമാകുന്നു. ഇതിനെ സംബന്ധിച്ച 'മുഹൂൎത്തപദവി, കാലവിധാനം, കാലപ്രകാശിക മുതലായപലേ ഗ്രന്ഥങ്ങളും ഉണ്ടെന്നു വരികിലും ഈ വിദ്യാമാധവീയം' വിദ്യാമാധവാചാൎയ്യനാൽ മുഹൂൎത്തശാസ്ത്രം ഒട്ടാകെ പരിശോധിച്ച കടഞ്ഞെടുത്ത സാരം സംഗ്രഹിച്ച എഴുതപ്പെട്ട ഒന്നാകയാൽ പ്രശസ്ത ഗ്രന്ഥമാണെന്നതു അവിവാദമായ സംഗതിയാണു്. പ്രസ്തുത ഗ്രന്ഥം സരളമായ ഭാഷാവ്യാഖ്യാനസഹിതം പ്രകാശിപ്പിക്കുവാനുള്ള മദിരാശി ഗവൎമ്മേണ്ടു് ഓറിയൻടൽ മാനസ്ക്രിപ്റ്റ്സ് ലൈബ്രറി ക്യൂറേററർ ശ്രീ ടി. ചന്ദ്രശേഖരദീക്ഷിതർ അവർകളുടെ ടെ പ്രോത്സാഹനത്തേ ഏതൊരു കേരളീയനും അഭിനന്ദിക്കാതിരിക്കയില്ല. വിശേഷതഃ ജ്യോതിശ്ശാസ്ത്രജ്ഞന്മാരെപ്പററി പിന്നേ പറവാനുണ്ടോ. ഈ ഗ്രന്ഥം പതിപ്പിക്കുന്നതിൽ അച്ചുപിഴ തീൎക്കുവാൻ എന്നെ ഭാരമേല്പിക്കയും അനേക കാൎയ്യാവസരങ്ങൾക്കിടെ ജനതാ പ്രസ്സ്കാരുടെ ക്ഷമാശക്തിയുടെ ഫലമായി ഏതാണ്ടു് കാൎയ്യം ഒരുവിധം നിൎവ്വഹിക്കുകയും ചെയ്തു. എന്റെ തറവാട്ടു പൂൎവ്വീക കാരണവരും അമരഭാരതീ പണ്ഡിതനും വിശേഷിച്ച ജ്യോതിഷം, മാന്ത്രീകം, വേദാന്തം ഈ വിഷയങ്ങളിൽ നിപുണനും ശ്രീ വിദ്യോപാസകനും പത്തൊൻപതാം നൂററാണ്ടിന്റെ അന്ത്യത്തിൽ സ്വൎഗ്ഗതനും ആയ പാലക്കാട്, പൊൽപ്പുള്ളി മാരാത്തേ ശങ്കരന്നായരു് എന്നു പേരായ മാതുലന്റെ അനുഗ്രഹഫലമായിക്കിട്ടിയ ഒരു താളിയോല ഗ്രന്ഥത്തിൽ വിദ്യാമാധവീയം മൂലമാത്രം ഉള്ളതു് ചിതൽപിടിച്ച ഏതാനും ഭാഗങ്ങൾ പോയതൊഴികെ ഉണ്ടായിരുന്ന ഏടുകൾ എനിക്കു് ഈ ഗ്രന്ഥം അച്ചുപിഴ തീൎക്കുന്ന അവസരത്തിൽ അത്യന്തോപകാരപ്രദമായിത്തീൎന്നു. പ്രസ്തുത ഗ്രന്ഥത്തിൽ മൂലശ്ലോകങ്ങ

ളിൽചിലതു് അപൂൎണ്ണങ്ങളായും ചില ശ്ലോകങ്ങൾ പ്രമാദാദി ദോഷങ്ങളാൽ കാണാതേയും ആയവ മുമ്പറഞ്ഞ ഗ്രന്ഥസഹായം കൊണ്ടു സമ്പൂൎണ്ണങ്ങളാക്കുവാനും മൂലഗ്രന്ഥത്തിൽ വിട്ടുപോയ ഏതാനും ശ്ലോകങ്ങളെ ചേൎത്തു അതിന്നു ഒരു ഭാഷാവ്യാഖ്യാനവും കൂടെ എഴുതുവാനും എന്നെ സഹായിച്ചിട്ടുണ്ടു്. വേദകാലം മുതൽക്കുതന്നെ മുഹൂൎത്തത്തിന്നു പ്രാധാന്യമുണ്ടു്. ആദി കവിയായ ശ്രീമദ്വാല്മീകി മഹൎഷിയും ശ്രീമദ്രാമായണത്തിൽ അരണ്യകാണ്ഡത്തിൽ. 68-ാംസൎഗ്ഗം 12-ാംശ്ലോകം—

ജടായും സീതാപഹരണത്തെക്കുറിച്ച ശോചിച്ച കൊണ്ടിരിക്കുന്ന ശ്രീരാമനോടു– "വിന്ദോനാമ മുഹൂൎത്തോയം സചകാകുൽസ്ഥനാ ബുധൽ. യേനയാതോ മുഹൂൎത്തേന സീതാമാദായരാവണഃ വിപ്രണഷ്ടം ധനം ക്ഷിപ്രംതത്സ്വാമീ പ്രതിപദ്യതേ" അൎത്ഥം—രാമ രാമ! വിവിന്ദം എന്ന മുഹൂൎത്തത്തിലാണു് രാവണൻ സീതയേ കട്ടുകൊണ്ടു പോയതു. ആ മുഹൂൎത്തത്തിന്റെ ശക്തിയെപ്പററി ചിന്തിക്കാതേയാണു് രാവണൻ ആ സമയത്തു സീതയെ എടുത്തുകൊണ്ടു പോയതു. എടുത്തുകൊണ്ടു പോവുന്ന വസ്തുവിന്റെ സ്വന്തക്കാരന്നുതന്നെ വീണ്ടും അതു വന്നുചേരും. വിന്ദം എന്നുപേരായ മുഹൂൎത്തത്തിൽ ഈ സംഭവം നടന്നിരിക്കയാൽ സീത തിരികേ കിട്ടും– എന്നു പറഞ്ഞു രാമനെ ആശ്വസിപ്പിക്കുന്നു. എന്നതിൽ നിന്നു 'മധുമയഫണിതീനാം മാൎഗ്ഗദൎശീ മഹൎഷിയും' മുഹൂൎത്തത്തിന്നു വിശേഷ ഫലങ്ങളെ പ്രദാനം ചെയ്യുവാനുള്ള ശക്തിയുണ്ടെന്നു തെളിവു പെടുത്തിയിട്ടുണ്ടു്. മഹാകവിയായ കാളിദാസനും സ്വീയ ഉൽകൃഷ്ടകൃതിയായ ശാകുന്തളത്തിൽ "യേദ്വേകാലം വിധത്തഃ" എന്നു ശ്രീ പരമേശ്വരൻ സ്വനേത്രങ്ങളായ സൂൎയ്യചന്ദ്രന്മാർമൂലം ശുഭാശുഭകാല പ്രാദുർഭാവകൎത്താവാകയാൽ ആലോചിച്ച 'നല്ലമുഹൂൎത്തത്തിൽ ചെയ്യുന്ന ശുഭകാൎയ്യം ഈശ്വരാനുഗ്രഹംകൊണ്ടു ശ്രേയസ്കരമായി പരിണമിക്കുമെന്നതിനെ" സൂചിപ്പിച്ചിട്ടുണ്ടു്. അധികം വിസ്തരിക്കുന്നില്ല. നല്ലവണ്ണം നോക്കി നല്ലമുഹൂൎത്തത്തിൽ ശുഭകാൎയ്യങ്ങൾ ചെയ്താൽ ഇഹപരസൌഖ്യങ്ങൾ ലഭിക്കും എന്നതിന്നു സംശയമില്ല. ആയതുകൊണ്ടു ആ വിഷയത്തിൽ ഏററവും ഉതകുന്ന ഈ വിദ്യാമാധവീയഗ്രന്ഥം സൎവ്വജനോപകാരമായിത്തീരട്ടെ എന്നു പ്രാൎത്ഥിച്ചുകൊണ്ടു ഏതദ്വിഷയമായി എനിക്കു് സ്വല്പമെങ്കിലും സഹായിക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിൽ തന്മാത്രേണ കൃതാൎത്ഥനായി എന്നു സമാധാനിച്ചു് വിശിഷ്യ ഇതിന്നു കാരണഭൂതനായ മഹാശയൻ ബ്രഹ്മശ്രീ ചന്ദ്രശേഖരദീക്ഷിതരവർകളോടും മാന്യരായ ജനതാപ്രസ്സ്കാരോടും ഉള്ള എന്റെ കൃതജ്ഞതയെ സ്നേഹപൂൎവ്വം ഏതദാമുഖദ്വാരാ പ്രകടിപ്പിക്കുകയും ചെയ്തു് കൃതാൎത്ഥനാകട്ടേ.

അപൂർണ്ണങ്ങളായ ചില ശ്ലോകങ്ങളെ താഴെ കാണുംവിധം തിരുത്തേണം.

പ്രഥമാദ്ധ്യായത്തിൽ– 9-ാം ശ്ലോകം

സംജ്ഞാഭിഃ ക്രിയലേയജൂക ജതുമാഃ കൌർപ്പി: കുളീരസ്തഥാ
ഹൃദ്രോഗേത്ഥസി തൌക്ഷികാശ്ചകഥിതാഃ പാഥോനകസ്താബുരുഃ
ആകോകേര ഇതീഹമേഷമൃഗപൌ തൌലീന്ദ്രയുഗ്മാലിനൌ
കർക്കീകുംഭഝഷൌ ധനുശ്ച്വതിഗോനക്രാഃ ക്രമാദ്രാശയഃ– എന്നും

13-ാം ശ്ലോകം

സ്യാദാജ്ഞാസ്പദമാന കർമ്മഗഗന വ്യാപാരമേഷൂരണം
പ്രഖ്യാതം ദശമം പരന്തു കഥയന്ത്യായം ഭവഞ്ചാഗമം.
സ്ഥാനംദ്വാദശ മാമനന്തിമുനയോ രിഫവ്യയാഖ്യാനപിതം
ലഗ്നാദിഷ്വഭിധീയതേ ചനിഖിലം പര്യ്യായനാമാന്തരം–

എന്നും

18-ാം ശ്ലോകം

മുക്താശ്രദ്ധയിയാസിതാനി ഭവനാന്യൂർണ്ണത്വപിഷോപര്യ്യധ
സ്ഥിര്യ്യശ്ശൃതമുഖാന്യ ഥൈവമപരേ പ്രാഹുശ്ചരാദീന്യപി
ഭാഗാൻമേഷുവിദ്വസ്സ മിന്ദ്രനുജിനക്ഷ്മാ ഭൃന്മിതാൻപുഷ്കരാൻ
ശൈലാങ്കാൻ ശരപാവകാൻ വസുരസാൻക്ഷ്മാഗ്നീ ന്നവാംശാനപി.

എന്നും

21-ാം ശ്ലോകം

‘തിത്ഥ്യംശാൻശരസപ്ത വിംശതികൃതീൻ– എന്നും

22-ൽ– മേഷേദ്വാദശ പഞ്ചയോഷിതി– എന്നും

28-ൽ– ശുക്രാർക്കൌ കുജവിധ്വിനാഃ– എന്നും

മന്ദാചാര്യ്യ കുജാസ്സനിർമ്മുരു കുജൌജീവ: പരേശത്രവഃ എന്നും ആണ് പാഠം എന്റെ വശമുള്ള താളിയോല ഗ്രന്ഥത്തിൽ കാണുന്നതു്.

രണ്ടാമദ്ധ്യായത്തിൽ 52-ാം ശ്ലോകത്തിന്നു ശേഷം.

1 സപ്താന്തേ രവിവത്സരസ്യ ദിവസാംസ്താൻ പഞ്ചപുഞ്ചാന്യയോഃ
പ്രാരംഭേ ദിവസത്രയം പരിഹരേൽതേഷാം ത്രയാണാമപി.
ഭാന്തേബ്ദത്രിതയസ്യ പക്ഷമപരേത്യാജ്യാ വിദ്വസ്സുരയഃ
സപ്താഹാന്യു പരാഗതോഥ നൃപതിപ്രാണ പ്രയാണാത്തഥാ–

2 ക്രമശസ്സിത പക്ഷപക്ഷതി
പ്രമുഖാലോച നസംയുതാസ്തിഥീഃ
അചലൈരപഹൃത്യ ശിഷ്യതേ
യദിദം ത്രീടിവസാദി സപ്തകം.

3 സപ്തദിവസാ സ്മൃതാശ്രീ കലിനന്ദന കാലകർണ്ണിനാമാനഃ
ജയവധ ധനാർണ്ണവാഖ്യാസ്തേഷുച വിഷമാശുഭാസ്സമാ, നശുഭാഃ

എന്നു 3 ശ്ലോകങ്ങൾ കാണുന്നുണ്ടു്.

54 നുശേഷം.

രേഖാസ്സപ്തലിഖേൽ ജ്ജുരഭിമുഖം തിര്യ്യക്ച്ചതാ സ്താവതീരേഖാ
ശ്രേഷ്വഭിജിദ്യുതാഃ പ്രതിലിഖേ ദഗ്ന്യാദിതാരാഃ ക്രമാൽ.
യത്രൈകാമധിതിഷ്ഠത: പ്രതിമുഖംസാകം ശലാകാഗ്രഹൈർഗ്ഗീതാം
ശുസ്ത്രശുഭൈശ്ച ശൂലമുദിതം തൽപാപസംജ്ഞംമഹൽ.

എന്നും കാൺമാനുണ്ടു്.

അഭിജ്ഞന്മാർ പതിനഞ്ചു് അദ്ധ്യായങ്ങളോളം ഉള്ള ഗ്രന്ഥത്തിന്റെ പൂർത്തീകരണത്തിന്നും സ്ഖലിതങ്ങളെ ഉദ്ധരിച്ചു വീണ്ടും പുനർന്നവീകരണത്തിന്നും ശ്രമിക്കുമെന്നാശിച്ചും കൊണ്ടു സജ്ജനവിധേയൻ—

ജോത്സ്യൻ
മദിരാശി, 6—3—'53.
ശിരോമണി പി. എം. ഗംഗാധരന്നായരു്,
ചിന്താതിരിപ്പേട്ട ഹൈസ്കൂൾ.

ഓം തൽസൽ

ശ്രീഃ

വിദ്യാമാധവീയം

പ്രഥമാദ്ധ്യായഃ

ശ്രീ സൂര്യ്യാദിസര്വ്വ ഗ്രഹേഭ്യോനമഃ

ജയത്യമേയാംശു നിധിര്ജ്ജഗത്ത്രയീ
പ്രബോധഹേതുസ്സവിതാത്രയീമയഃ
നസര്വ്വദര്ശിത്വ മിതോവിനാഭവേ.
ദിതീവയന്നേത്ര മധത്തശങ്കരഃ

സവിതാജയതി—ആദിത്യൻ എല്ലാരിലും മേൽ വര്ത്തിക്കുന്നോൻ, എല്ലാരേക്കാട്ടിൽ പ്രധാനമെന്തെന്നെടുത്തു ചൊല്ലുന്നു, ജഗത്ത്രയീപ്രബോധഹേതുഃ — എന്ന ഭൂമ്യന്തരീക്ഷ സ്വര്ഗ്ഗവാസികളായുള്ള ജന്തുക്കളുടെ പ്രബോധത്തിന്നഹേതുവായിരിപ്പൊരുത്തൻ അമേയാംശുനിധിഃ- എന്ന അപരിച്ഛേദ്യങ്ങളായിരിപ്പൊരു ചില രശ്മികളൊടുകൂടി ഇരിപ്പൊരുത്തൻ, ത്രയീമയഃ—എന്ന് വേദസ്വരൂപനായിരിപ്പൊരുത്തൻ, ശംകര യം നേത്രംഅധത്ത,- ശ്രീപരമേശ്വരൻ യാതൊരു ആദിത്യനെ കണ്ണായിദ്ധരിപ്പു ഇതഃ വിനാസര്വ്വ ദര്ശിത്വം നഭവേൽ ഇതീവ_ആദിത്യൻ കണ്ണാകിലെ എല്ലാം കാണാവൂ എന്നിട്ട് കണ്ണാക്കി എന്നുതൊന്നും, ഈ വണ്ണമിരിക്കുന്ന ആദിത്യൻ എല്ലാരേക്കാട്ടിലും പ്രധാനമായി വര്ത്തിക്കുന്നോൻ.

ഇങ്ങിനെ ഇഷ്ടദേവതാപ്രണാമംചെയ്തു തന്നുടെ ഉപക്രമത്തെച്ചൊല്ലുന്നു.

സ്വകീയശാസ്ത്രേബഹു ശോപശബ്ദാ-
നമീവദന്തീതിജഗൽപ്രസിദ്ധം
സുഹൃസ്സഹസ്തൽ പരിവാദ ശല്യ
മുഹൂര്ത്തികാനാമപഹര്ത്തുകാമഃ
വസിഷ്ഠവാഗീശ്വര ഗാര്ഗ്ഗ്യമുഖ്യൈഃ
മഹര്ഷിഭിര്വ്വിസ്തരതഃ കൃതേഷു

ശാസ്ത്രേഷു സാരം പരിഗൃഹ്യബുദ്ധ്യാ
ലൊകോപകാരായ ചകീര്ത്തയേച
ശ്രുതാഖിലവ്യാകരണോഹമുത്തമൈഃ
പദൈരദോഷൈഃ കൃതപദ്യ ഗുംഫനം
വിചിത്രവൃത്തം ലഘുസമ്മതം സതാം
അഹം വിധാസ്യാമി മുഹൂര്ത്തദര്ശനം.

അഹമിദം മുഹൂര്ത്ത ദര്ശനം വിധാസ്യാമി

മുഹൂര്ത്ത ശാസ്ത്രത്തെ ചമക്കുന്നേൻ, എങ്ങിനത്തൊന്നു് എന്നു് ചൊല്ലുന്നു,

വിചിത്ര വൃത്തം എന്നു— ങ്ങളോടുംകൂടി ഇരിക്കുന്നു
ലഘു, അല്പഗ്രന്ഥങ്ങളോടുകൂടി ഇരിക്ക സമ്മതം എന്ന സജ്ജനത്തിന്നു

ഉത്തമൈഃ അദോഷൈഃ പദൈഃ കൃതപദ്യഗുംഫനം, ഉത്തമങ്ങളായി കാവ്യദോഷങ്ങളോടു കൂടാതെ ഇരിക്കുന്ന പദങ്ങളെക്കൊണ്ടു പദ്യങ്ങളായി ചമച്ചിരിപ്പൊന്നു്, ഇതു ചമച്ചിട്ടുള്ള പ്രയോജനമെന്തു് ? എന്നു ചൊല്ലുന്നു.........സ്വകീയ ശാസ്ത്രേ.

വദന്തീതി ജഗൽ പ്രസിദ്ധം സുഹൃസ്സഹം മുഹൂര്ത്തികാനാം തൽ പരിവാദശല്യം അപഹര്ത്തുകാമഃ...........ജ്യോതിശ്ശാസ്ത്രത്തിങ്കൽ അനെകം അപശബ്ദങ്ങളെ പറയുന്നൊർ എങ്ങിനെ ഒട്ടും സഹിക്കരുതാത്തൊരുലോക വാര്ത്ത, ആകുന്നൊരു ഒഴി അംപിനെ പരിഹരിക്കാനായിക്കൊണ്ടു് വസിഷ്ഠ വാഗീശ്വര ഗാര്ഗ്ഗ്യമുഖ്യൈഃ മഹര്ഷിഭിഃ വിസ്തരതഃ കൃതേഷു ശാസ്ത്രേഷു ബുദ്ധ്യാസാരം പരിഗൃഹ്യ—എന്ന വസിഷ്ഠൻ, ബൃഹസ്പതി, ഗാർഗ്ഗ്യൻ എന്നിവർ തുടങ്ങിയുള്ള മഹര്ഷികൾ വിമസ്തരേണ ചമച്ച ശാസ്ത്രങ്ങളിലെ സാരത്തെ ബുദ്ധികൊണ്ടു പരിഗ്രഹിച്ചു ചമക്കുന്നു, ലൊകൊപകാരായ ചകീര്ത്തയേച—ലൊകോപകാരത്തിന്നായിക്കൊണ്ടും കീര്ത്തിക്കായിക്കൊണ്ടും ചമക്കുന്നു, ലൊകാപവാദത്തെ പോക്കാൻ തനിക്കെന്തു ശക്തി എന്നു ചൊല്ലുന്നു —ശ്രുതാഖില വ്യാകരണഃ—എന്ന ഒട്ടൊഴിയാതെയുള്ള വ്യാകരണ ശാസ്ത്രങ്ങളെ കണ്ടിട്ടു ഞാൻ ചമക്കുന്നു :—

ക്രമാച്ചരാശി ഗ്രഹതാരകാദേ-
സ്സംജ്ഞാംവയംതവദിഹാഭിദധ്മഃ
ശാസ്ത്രാര്ത്ഥബോധഃ ഖലുതസ്യതസ്യ
സംജ്ഞാമവിജ്ഞായ ജനസ്യനസ്യാൽ.

എന്നാൽ.........ക്രമത്താലെ രാശിഗ്രഹതാരങ്ങളുടെ നാമങ്ങളെ ചൊല്ലുന്നേൻ എന്തിന്നു നടെനാമങ്ങളെ ചൊല്ലുന്നു, എന്നു ചൊല്ലുന്നു,—തസ്യതസ്യ സംജ്ഞാമവിജ്ഞായ ജനസ്യ ശാസ്ത്രാർത്ഥബോധഃ നസ്യാൽ ഖലു—അതിന്റെ പേരറിയാതെ ജനത്തിന്നു ശാസ്ത്രാർത്ഥ ജ്ഞാനമുണ്ടാകയില്ലല്ലൊ എന്നിട്ടു നടേപേർ ചൊല്ലുന്നു.—

അജാഖ്യമാദ്യഞ്ച വദന്തിമേഷം
രാശിർവൃഷഃ ഷാ ഗോ വൃഷഭാഭിധാനഃ
വീണായമാഖ്യം മിഥുനം നൃയുഗ്മം
സ്യാൽ കർക്കടം കർക്കടകശ്ച കർക്കി

മേഷം അജാഖ്യം ആദ്യംച വദന്തി—മേടത്തെ അജം എന്നും ആദ്യം എന്നും ചൊല്ലുന്നു. വൃഷഃ രാശിഃ ഗോവൃഷഭാഭിധാത :—ഇടവത്തിന്നു ഗോ എന്നും വൃഷഭം എന്നും പേര്. വീണായമാഖ്യം മിഥുനം നൃയുഗ്മം—യമം—വീണ മിഥുനം നൃയുഗ്മം—ഇവ മിഥുനത്തിന്നു പേർ. സ്യാൽ കർക്കടം കർക്കടകഃ ചകർക്കി—ഇവ കർക്കടകത്തിന്നുപേർ.

സിംഹംച കന്യാംച നിജാഭിധാനൈഃ
പ്രാഹുസ്തുലാം തൗലിവണിക് പദാഖ്യം
കീടാളിസംജ്ഞാമഥവൃശ്ചികസ്യ
ധനുർഹയാംഗംച ധനുർദ്ധരാച.

സിംഹംച കന്യാംച നിജാഭിധാനൈഃ പ്രാഹുഃ—സിംഹത്തെ ചൊല്ലുന്നു, കന്നിയെ ചൊല്ലുന്നു, തുലാം തൗലിവണിക് പദാഖ്യം—തുലാത്തെ തുലാം എന്നും വണിക് എന്നും ചൊല്ലുന്നു, അഥകീടാളി സംജ്ഞാം കീടം അളി വൃശ്ചികം. ധനുഃ ഹയാംഗംച ധനുർദ്ധരംച—ധനു, ഹയാംഗം, ധനുർദ്ധരൻ. ഇവ ധനുവിന്നു നാമം.

മൃഗശ്ച നക്രം മകരം മൃഗാസ്യം
ദ്വൌകുംഭമീനൌ നിജനാമവാച്യൌ
പര്യായനാമാനി പദന്തി ചൈഷാം
കഥ്യന്തഏതൈ പ്രഥമാദിശബ്ദൈഃ

മകരഃ മൃഗാസ്യ:—മൃഗം നക്രം മകരം മൃഗാസ്യം ഇവ മകരം. ദ്വൌകും ഭമീനൌ നിജനാമവാച്യൌ—കുംഭത്തെ സ്വനാമംകൊണ്ടു ചൊല്ലും: മീനത്തെയും സ്വനാമം കൊണ്ടു ചൊല്ലും ഏഷാംപര്യായ നാ

മാനിവദന്തിച—ഈ രാശികളുടെ പര്യായ നാമത്തെ ക്കൊണ്ടും ചൊല്ലാം ഗോനാമം കൊണ്ട് ഇടവത്തെ ചൊല്ലാം, ഈവണ്ണം മററു നാമങ്ങളും ഏതൈ പ്രഥമാദി ശബ്ദൈഃ കഥ്യന്തേ, ഈരാശികളെ പ്രഥമാദിശബ്ദങ്ങളെക്കൊണ്ടും ചൊല്ലാം, പ്രഥമാമേടം, ദ്വിതീയം ഇടവം തൃതീയം മിഥുനം, ചതുർത്ഥം, കർക്കടകം, പഞ്ചമംസിംഹം, ഷഷ്ഠം കന്നി, സപ്തമം തുലാം അഷ്ടമം വൃശ്ചികം, നവമം ധനു, ദശമം മകരം, ഏകാദശം കുംഭം, ദ്വാദശം മീനം, ഇങ്ങിനെ—

സംജ്ഞാഭിഃ ക്രീയതെ
പാഥേോനകസ്താബുരുഃ
ആകോകേര
നക്രാഃ ക്രമാദ്രാശയ:

ഇഥമേഷ മൃഗപൌ തൌലിഃ നൃയുഗ്മാ

ക്രമാൽക്രിയ ലേയജൂകജൂതുമാ : കൊപ്പിഃ കുളീര ഹൃദ്രോഗൈത്ഥസി, തൌക്ഷികാഃ—

ആ കൊകേരഃ ഇതിസംജ്ഞാഭിഃ കഥിതാഃ—ക്രിയ–മേടം, ലേയം സിംഹം, ജൂകം തുലാം, ജൂതുമം മിഥുനം, കൊർപ്പി വൃശ്ചികം, കുളീരം കർക്കടകം, ഹൃദ്രോഗം കുംഭം, ഇത്ഥസിമീനം, തൌക്ഷികം ധനു, പാഥേോനം കന്നി താബുരു ഇടവം, ആകോകേരം മകരം ഇങ്ങിനെ സംജ്ഞകൾ

സ്ഥാനം ക്ഷേത്രമിതിദ്വേ ഗൃഹസ്യ പര്യായ നാമമാനിനിഖിലമപി,
രാശിനാംനാമ വിദ്ദുർഭ മൃക്ഷമിതി രാശിതാരയോരുഭയോഃ

സ്ഥാനം ക്ഷേത്ര മിതിദ്വെ ഗൃഹസ്യനിഖിലം പര്യായനാമ, അപിരാശീനാം നാമ—സ്ഥാനം എന്നും ക്ഷേത്രം എന്നും ഗൃഹത്തിന്റെ എല്ലാ പര്യായ നാമങ്ങളും ഇവരാശികൾക്കു പെരാം, ഭം, ഋക്ഷം. ഇതിരാശിതാരയൊഃ ഉഭയോഃ—ഭം എന്നും ഋക്ഷം എന്നും രാശിയെയും എന്നും രാശിയെയും നക്ഷത്രത്തെയും ചൊല്ലും.—

ഹൊരാഞ്ച കല്യ തനുമൂർത്ത്യഭിധന്നുലഗ്നം
സ്ഥാനം കുഡുംബ ധനനാമ പരംതൃതീയം,
ദുശ്ചിൽകവിക്രമ സഹോദര സംജ്ഞമന്യൽ
പാതാളബന്ധു, ഹിബുകാംബു സുഖാലയാഖ്യം

ലഗ്നം സ്ഥാനം ഹോരാത്മകല്യതനുമൂർത്ത്യഭിധം—ഹോര, ആത്മാ, കല്യം, തനു, മൂർത്തി ഇവ ലഗ്നത്തിന്നുപേർ. കുഡുംബ ധനനാമ—കുഡുംബം, ധനം ഇവ രണ്ടാമിടം, തൃതീയം ദുശ്ചിൽ കവിക്രമ സഹോദര സംജ്ഞം, ദുശ്ചിൽകം, വിക്രമം സഹോദരം ഇവ മൂന്നാമിടം—പാതാള ബന്ധു ഹിബുകാംബു സുഖാലയാഖ്യം—പാതാളം, ബന്ധുഹിബുകം, അംബു, സുഖം ആലയം ഇവ നാലാമിടം.—

ധീ പുത്രപ്രതിഭാഭി ധാനമപരംഷഷ്ഠം ക്ഷതാര്യാഹ്വയം
ജാമിത്രാസ്ത കളത്രമന്മഥ മദ ദ്യൂനാഭിധം സപ്തമം,
രന്ധ്രായുർമ്മരണം പരാഭവ മപിസ്ഥാനം വദന്ത്യഷ്ടമം
ഗുർവ്വാഖ്യം നവമംബുധൈ രിഹശുഭം ധർമ്മസ്തപശ്ചോച്യതേ.

ധീപുത്ര പ്രതിഭാഭി ധാനം അപരം—ധീ, പുത്രൻ, പ്രതിഭ ഇവ അഞ്ചാമിടം, ഷഷ്ഠഃ ക്ഷതാര്യാഹ്വയം—ക്ഷതം അരി ആറാമിടം, ജാമിത്രം അസ്തം കളത്രം മന്മഥൻ മദം, ദ്യൂതം ഇവ ഏഴാമിടം, രന്ധ്റായുർമ്മരണം പരാഭവ മപിസ്ഥാനം വദന്തി അഷ്ടമം—രന്ധ്റം, ആയുസ്സ് മരണം, പരാഭവം ഇവ അഷ്ടമം; ഗുർവ്വാഖ്യം നവമം ബുധൈഃ ഇഹ ധർമ്മഃ തപഃ ച ഉച്യതേ, ഗുരു, ശുഭം, ധർമ്മം, തപസ്സ ഇവ ഒമ്പതാമിടം.

സ്യാദാജ്ഞാ

ലഗ്നാത്സുതം ചനവമം ചവിദുസ്ത്രികോണം
തസ്മാച്ചതുർത്ഥ നിധനേ ചതുരശ്ര സംജ്ഞേ
പ്രത്യേകമസ്ത സുഖകർമ്മ വിലഗ്ന ഭാനാം
സ്യാൽ കേന്ദ്രകണ്ടക ചതുഷ്ടയ നാമധേയം.

ലഗ്നാൽ സുതംച നവമം ചത്രികോണം വിദുഃ—ലഗ്നത്തിൽ നിന്ന അഞ്ചാമിടവും ഒമ്പതാമിടവും ത്രികോണമാകുന്നതു്. തസ്മാൽ ചതുർത്ഥനിധനേ ചതുരശ്രസംജ്ഞേ—ലഗ്നത്തിങ്കൽനിന്നു് നാലാമിടവും എട്ടാമിടവും ചതുരശ്രമാകുന്നതു്, അസ്തസുഖകർമ്മവിലഗ്നഭാനാം പ്രത്യേകം കേന്ദ്രകണ്ടകചതുഷ്ടയ നാമധേയാസ്യാൽ—ലഗ്നത്തിന്നും കൂടി കേന്ദ്രമെന്നും കണ്ടകമെന്നും ചതുഷ്ടയമെന്നും പേരുണ്ടു്.—

കേന്ദ്രാൽപരം പണപരംകഥയന്ത്യാപോക്ലിമം തതശ്ചപരം,
രിപു വിക്രമമേഷൂരണ ഭവഭവനാന്യുപചയാഭിധാനാനി.

കേന്ദ്രാൽ പരം പണപരം കഥയന്തി—കേന്ദ്രത്തിന്നുമേൽ നാലു സ്ഥാനത്തേയും പണപരമെന്നു ചൊല്ലുന്നു, തതഃ ചപരം ആപോക്ലിമം—പണപരത്തിന്നുമേൽ നാലുസ്ഥാനത്തേയും ആപോക്ലിമമെന്നു ചൊല്ലുന്നു, രിപു വിക്രമമേഷൂരണ ഭവനാനി ഉപചയാഭി ധാനാനി—ആറാമിടം മൂന്നാമിടം പത്താമിടം പതിനൊന്നാമിടാ ഇവ ഉപചയമാകുന്നതു്.

അയുഗോജാഖ്യം വിഷമം സ്ഥാനം
യുഗ്യുഗ്മ സംജ്ഞിതന്തുസമം
സംഖ്യാസ്തുലോകസിദ്ധാഃ
ക്ഷിതിരസബാണാനലാദി വസ്തുനാം.

വിഷമം സ്ഥാനാ അയുഗോജാഖ്യം — അയുക് എന്നും, ഓജം എന്നും വിഷമസ്ഥാനത്തിന്റെ പേർ. സമംയുഗ്യുഗ്മ സംജ്ഞിതം—യുക് എന്നും യുഗ്മം എന്നും യുഗ്മസ്ഥാനമെന്നും സമസ്ഥാനത്തെ ചൊല്ലുന്നു. ക്ഷിതിരസബാണം നാലാദി വസ്തുനാം സംഖ്യാഃ തുലോകസിദ്ധാഃ—ക്ഷിതിരസബാണാനലാദികളുടെ ഭൂതസംഖ്യകൾ ലോകസിദ്ധങ്ങൾ, ക്ഷിതി, ഒന്നു്, രസം ആറു്, ബാണം അഞ്ചു്, അനലൻ മൂന്നു—ഈവണ്ണം —

ധനുഃപ്രഥമകർക്കടൌ വൃഷമൃഗൌ ച പൃഷ്ഠോദയാ-
* സ്തഏവസയമാ നിശാബല ഭൃതോഥ മൂർദ്ധോദയാഃ
പരേദിനബലാ ദ്വിധാത്ഝഷ ഉദേത്യഥാജാദയോ
നൃയോഷി ദഭിധാശ്ചര സ്ഥിരതരോ ഭയാഖ്യാഃ ക്രമാൽ

(മേടം) ധനുഃ പ്രഥമകർക്കടകൌ വൃഷമൃഗൌ ച പൃഷ്ഠോദയാഃ—ധനു മേഷം കർക്കടകം ഇടവം മകരം)ഇച്ചൊല്ലിയ രാശികൾ പൃഷ്ഠോദയങ്ങൾ, തേ ഏവ സയമാഃ നിശാബലഭൃതഃ—പൃഷ്ഠോദയ രാശികൾക്കും മിഥുനത്തിന്നും രാത്രിയിൽ ബലമുള്ളു. അഥപരേമൂർദ്ധോദയഃ—പിന്നെ മററെ രാശി മൂർദ്ധോദയങ്ങൾ, ദ്വിധാത്ഝഷഃ ഉദേതി—മീനം രണ്ടു പ്രകാരം ഉദിക്കുന്നു. രണ്ടുതലയുംകൂടി ഉദിക്കുന്നു. അഥ അജാദയഃ നൃയോഷിദഭിധാ: ക്രമാൽ ചരസ്ഥിരതരോ ഭയാഖ്യാഃ—പിന്നെ മേഷാദിരാശികളിൽ ഓജങ്ങളെല്ലാം പുരുഷരാശികൾ, യുഗ്മർക്ഷങ്ങളെല്ലാം സ്ത്രീരാശികൾ പിന്നെ മേഷകുളീര തുലാമകരങ്ങൾ ചരരാശികൾ, വൃഷസിംഹ വൃശ്ചിക കുംഭങ്ങൾ സ്ഥിരരാശികൾ, മിഥുനകന്യാചാപമീനങ്ങൾ-ഉഭയരാശികൾ.—

മുക്താരൂഢ ഇയാസിതാനിഭവനാന്യുഷ്ണത്വിഷോ.

മുക്താത്രൃധ ഇയാസിതാനിഭവനാനി ഉപയ്യുധസ്തിര്യ്യ ഗർദ്ധമുഖാനി—ആദിത്യന്റെ പിന്നിലിട്ടരാശിയും അതിന്റെ കേന്ദ്രവും ഊർദ്ധ്വമുഖ രാശികൾ, ആദിത്യൻ നിന്ന രാശിയും അതിന്റെ കേന്ദ്രവും അധോമുഖ രാശികൾ, ആദിത്യൻ ചെല്ലുവാനിരിക്കുന്നരാശിയും അതിന്റെ കേന്ദ്രവും തിര്യങ്മുഖരാശികൾ, അഥ അപരേ ചരാദീനി അപി ഏവം പ്രാഹുഃ—ചിലർ ചരസ്ഥിരോഭയങ്ങളെ ഈവണ്ണം ചൊല്ലുന്നു. ആദിത്യൻ പിന്നിലിട്ടതു് ചരം. ആദിത്യൻ നിന്നരാശി സ്ഥിരം, ആദിത്യൻ ചെല്ലുവാനിരിക്കുന്ന രാശി ഉഭയം, ഈ രാശികളുടെ കേന്ദ്രവും ഈവണ്ണം—ഇപ്പക്ഷം അപ്രധാനം, ഭേഷുസമിന്മനജിനക്ഷ്മാഭൃച്ഛിതാൻ ഭാഗാൻ പുഷ്കരാൻവിദുഃ—രാശികളിൽ പുഷ്കര ഭാഗങ്ങൾ മേഷസിംഹ ധനുസ്സുകളിൽ ഇരിപത്തൊന്നു ഭാഗം പുഷ്കരം. വൃഷഭകന്യാ മകരങ്ങളിൽ പതിനാലാംഭാഗം പുഷ്കരം. മിഥുന തുലാകുംഭങ്ങളിൽ ഇരിപത്തി നാലാംഭാഗം പുഷ്കരം. കർക്കടക വൃശ്ചിക മീനങ്ങളിൽ ഏഴാംഭാഗം പുഷ്കരം. ശൈലാംകാൻ ശരപാവകാൻ വസുരസാൻത്ര്യാദ്യാൻ നവാംശാനപി—മേഷാദി രാശികളിൽ ഇച്ചൊല്ലിയനവാംശകങ്ങളും പുഷ്കരം, മേഷസിംഹ ധനുസ്സുകളിൽ ഏഴാം നവാംശകവും ഒമ്പതാം നവാംശകവും പുഷ്കരം. വൃഷഭകന്യാമകരങ്ങളിൽ അഞ്ചാം മൂന്നാം നവാംശകവും പുഷ്കരം. മിഥുനതുലാകുംഭങ്ങളിൽ എട്ടാം നവാംശകവും ആറാം നവാംശകവും പുഷ്കരം. കർക്കടവൃശ്ചികമീനങ്ങളിൽ മൂന്നാമത്തേതും നടേത്തെ അംശകവും പുഷ്കരം.—ഇങ്ങിനെ—

പ്രകാശകൌ ദ്വൌ പ്രഥമൌ ഗ്രഹാണാം
താരാഗ്രഹാഃ പഞ്ചപരേ തതോ ദ്വൌ.
തമോഗ്രഹൌ തേഷു ശുഭാശ്ച മദ്ധ്യ
ത്രയോ ബലീന്ദുശ്ച പരേതു പാപാഃ

പ്രഥമൌ ദ്വൌ ഗ്രഹാണാം പ്രകാശകൌ ഗ്രഹൌ--നവഗ്രഹങ്ങളിൽ നടേത്തവർ ഇരുവർ എന്ന ആദിത്യനും ചന്ദ്രനും പ്രകാശ ഗ്രഹങ്ങൾ, പരേ പഞ്ച താരാഗ്രഹാഃ—പിന്നെ അഞ്ചുഗ്രഹങ്ങൾ കുജബുധ ഗുരുശുക്രമന്ദന്മാർ താരരാഗ്രഹങ്ങൾ, തതഃ ദ്വൌ തമോഗ്രഹൌ—പിന്നെ രണ്ടുതമോഗ്രഹങ്ങൾ, രാഹുകേതുക്കൾ, തേഷുമദ്ധ്യേത്രയഃശുഭാഃ—ഇച്ചൊല്ലിയ ഗ്രഹങ്ങളിൽ നടുവിലേവർ മൂവരും ശുഭന്മാർ ബുധഗുരുശുക്രന്മാർ, ബലീന്ദുഃചബലമുള്ള ചന്ദ്രനും ശുഭൻ, പരേതുപാപാഃ—പിന്നെ ഉള്ളവർ പാപന്മാർ. രവികുജമന്ദരാഹു കേതുക്കളും ബലഹീനനായിരിക്കുന്ന ചന്ദ്രനും പാപന്മാർ.

അസൽ ക്രൂരാഖ്യയാഃപാപാശ്ശുഭാസ്സൽ സൌമ്യസംജ്ഞിതാഃ
കാലശ്ശുഭക്രിയായോഗ്യോ മുഹൂർത്ത ഇതികഥ്യതേ.

അസൽ ക്രൂരാഖ്യയാഃപാപാഃ—അസത്തുക്കളെന്നും ക്രൂരന്മാരെന്നും പാപന്മാർ, സത്സൌമ്യ സംജ്ഞിതാഃശുഭാഃ—സത്തുക്കളെന്നും സൌമ്യന്മാരെന്നും ശുഭന്മാർ. ശുഭക്രിയായോഗ്യഃ കാലഃ മുഹൂർത്തഃ ഇതികഥ്യതേ—ശുഭക്രിയക്കു യോഗ്യമായിരിക്കുന്ന കാലവും മുഹൂർത്തമെന്നു ചൊല്ലപ്പെടുന്നു.

ആദിത്യാദ്യജഗോമൃഗാസ്യവനിതാഃ കർക്കീചമീനസ്തുലാ
സ്വോച്ചർക്ഷാണ്യഥ തേഷുദിഗ്ഘൃതവഹാനഷ്ടോത്തരാം
വിംശതിം.
തിത്ഥ്യംശാ......സപ്തവിംശതികൃതീരത്യുച്ചകാംശാന്വിദു-
സ്തേഭ്യസ്സപ്തമരാശയോംശകയുതാ നീചാഗ്രഹാണാം ക്രമാൽ.

അജഗോമൃഗാസ്യ വനിതാഃ കർക്കീചമീനഃ തുലാ ആദിത്യാദി സ്വോച്ചർക്ഷാണി—ആദിത്യാദി ഗ്രഹങ്ങളുടെ ഉച്ചങ്ങളെച്ചൊല്ലുന്നു—ആദിത്യന്നുമേടം, ചന്ദ്രന്നു ഇടവം, ചൊവ്വായ്ക്കു് മകരം, ബുധന്നു കന്നി, ഗുരുവിന്നു കർക്കടകം, ശുക്രന്നു മീനം, മന്ദന്നു് തുലാം, അഥതേഷുദിഗ്ഘൃതവഹാൻ

ഇടവത്തിൽ മൂന്നാംതിയ്യതി ചന്ദ്രന്നു് അത്യുച്ചം. മകരത്തിൽ ഇരിപത്തെട്ടാം തിയ്യതി കുജന്നു്. കന്നിയിൽ പതിനഞ്ചാംതിയ്യതി ബുധന്നു. കർക്കടകത്തിൽ അഞ്ചാംതിയ്യതി ഗുരുവിന്നു്. മീനത്തിൽ ഇരിപത്തഞ്ചാം തിയ്യതി ശുക്രന്നു്. തുലാത്തിൽ ഇരുപതാം തിയ്യതി ശനിക്കു് അത്യുച്ചം. തേഭ്യഃ സപ്തമരാശയഃ അംശകയുതാഃ ക്രമാൽ ഗ്രഹാണാം നീചാഃ—ഉച്ചങ്ങളുടെ ഏഴാം രാശികൾ നീചങ്ങൾ. അതിനീചഭാഗം അത്യുച്ചഭാഗം പോലെ, തുലാത്തിൽ പത്താം തിയ്യതി അർക്കന്നു. വൃശ്ചികത്തിൽ മൂന്നാം ഭാഗം ചന്ദ്രന്നു്. കർക്കടകത്തിൽ ഇരിപത്തെട്ടാം ഭാഗം കുജന്നു്. മീനത്തിൽ പതിനഞ്ചാം ഭാഗം ബുധന്നു്. മകരത്തിൽ അഞ്ചാം ഭാഗം ഗുരുവിന്നു്. കന്നിയിൽ ഇരുപത്തേഴാം ഭാഗം ശുക്രന്നു്. മേടത്തിൽ ഇരുപതാം ഭാഗം ശനിക്കു്.—ഇങ്ങിനെ അതിനീചം.—

സിംഹേവിംശതിരാദിതോ, ഗവിപരേ, സർവ്വേംശകാസ്തുംഗതോ
മേഷേദ്വാദശാപ......യോഷിതിപരേത്തുംഗാദ്ധ്യയാംശേദശ.

ജൂകേപഞ്ചഘടേത്തു വിംശതിരമീമൂല ത്രികോണാഹ്വയാഃ
സൂൎയ്യാദേഃ ക്രമശോഗ്രഹസ്യ കഥിതാശ്ശേഷാസ്സ്വരാശ്യംശകാഃ

അമീക്രമശഃ സൂൎയ്യാദേഃ ഗ്രഹ സ്വമൂലത്രികോണാഹ്വയാഃ കഥിതാഃ—സൂൎയ്യാദിഗ്രഹങ്ങളുടെ മൂലത്രികോണങ്ങളെ ക്രമത്താലെ ചൊല്ലുന്നു. സിംഹേ ആദിതഃ വിംശതിഃ—സിംഹത്തിൽ ആദിയിൽ ഇരിപത്്തിയ്യതി സൂൎയ്യന്നു്..........തുംഗതഃ പരേ, പരേസർവ്വേ അംശംകാഃ—ഇടവത്തിൽ അത്യുച്ചത്തിന്നു മെലേടം ഒക്കയും ചന്ദ്രന്നു. മെഷേദ്വാദശ—മെടത്തിൽ മുതൽ പന്ത്രണ്ടു ഭാഗം കുജന്നു്. യൊഷിതിതുംഗാൽ പരെപഞ്ച—കന്നിയിൽ അത്യുച്ചത്തിന്നുമേൽ അഞ്ചുഭാഗം ബുധന്നു്. ഹയാംശേദശ—ധനുവിൽ മുതൽ പത്തുഭാഗം ഗുരുവിന്നു. ജൂകേപഞ്ച—തുലാത്തിൽ മുതൽ അഞ്ചുഭാഗം ശുക്രന്നു്. ഘടേത്തുവിംശതിഃ—കുംഭത്തിൽ മുതൽ ഇരിപതു ഭാഗം ശനിക്കു്. ശേഷാഃ സ്വരാശ്യംശകാഃ—ശേഷിച്ചുള്ള ഇടം സ്വക്ഷേത്രാംശകങ്ങൾ

ക്ഷേത്രഞ്ചഹോരാദ്രേക്കാണോനവാംശോദ്വാദശാംശകഃ
ത്രിംശാംശശ്ചേതിഷഡ്പിഗ്രഹാണാം വൎഗ്ഗസംജ്ഞിതാഃ

ക്ഷേത്രം, ഹോരാ, ദ്രേക്കാണം, നവാംശകം, ദ്വാദശാംശകം, ത്രിംശാംശകം ഇവ ആറും ഗ്രഹങ്ങളുടെ വൎഗ്ഗങ്ങൾ.

ഭൌമഃ കാവ്യബുധേന്ദ്വിനജ്ഞകവിഭൂപുത്രാൎയ്യമന്ദാൎക്കജാ
ജീവശ്ചപ്രഥമാദിരാശിപതയസ്തേഷാംഗ്രഹാസ്തേക്രമാൽ
മേഷൈണാനനതൌലികൎക്കടപതിപ്രഷ്ഠാനവാംശാധിപാ—
സ്സ്വസ്വസ്വാമിമുഖാസ്ത ഏവചപുനസ്തദ്വാദശാം ശേശ്വരാഃ

ഭൌമഃ കാവ്യബുധേന്ദ്വിനജ്ഞകവിഭൂപുത്രാൎയ്യമന്ദാൎക്കജാഃ ജീവഃ പ്രഥമാദിരാശിപതയഃ—ഭൌമനാദിയയായുള്ള ഗ്രഹങ്ങൾ ക്രമത്താലെ മഷാദിരാശികൾ (ക്കു്) അധിപതികൾ, മെഷൈണാനന തൌലികൎക്കട പതിപ്രഷ്ഠാഃ ഗ്രഹാഃ ക്രമാൽതേഷാം നവാംശാധിപാഃ—മേഷസിംഹ ധനുസ്സുകളിൽ നവാംശകത്തിന്നുമേടക്കാലാദി. വൃഷഭകന്യാമകരങ്ങളിൽ മകരക്കാലാദി, മിഥുനതുലാകുംഭങ്ങളിൽ തുലാക്കാൽ ആദി, കൎക്കടവൃശ്ചിമീനങ്ങളിൽ കൎക്കടക്കാൽ ആദി, പുനസ്വസ്വസ്വാമിമുഖാഃ തേഏവതദ്വാദശാംശേശ്വരാഃ—ദ്വാദശാംശകത്തിന്നു മേടത്തിൽ മേടക്കാൽ ആദി. ഇടവത്തിൽ ഇടവക്കാൽ ആദി. ഇങ്ങിനെമിഥുനാദികളിലും,

ഹോരാൎദ്ധംഭവനസ്യ സൂൎയ്യശശിനോരോജേന്യഥാതേസമേ
ത്വാദ്യാക്ഷേത്രപതേസ്തദാഗമപതേ രന്യേതിചാന്യേജഗുഃ
ഏകൈകംഭവനം ദശാംശകമയാദ്രേക്കാണസംജ്ഞാസ്ത്രയ—
സ്തേഷാംതൽഗ്രഹതത്ത്രിജ നവമസ്ഥാനേശ്വരാസ്സ്വാമിനഃ

ഹോരാഭവനസ്യ അൎദ്ധം—ഒരു രാശികൊണ്ടു് പകുത്തത് ഹോരാ, തേഓജേ സൂൎയ്യശശിനോഃ സമേ അന്യഥാ—ഓജരാശിയിൽ നടെഹോര ആദിത്യന്നു്. പിന്നെ ഹോര ചന്ദ്രന്നു്. യുഗ്മരാശിയിൽ നടെത്തെ ഹോര ചന്ദ്രന്നു്. പിന്നത്തെ ഹോര ആദിത്യന്നു. അന്യെആദ്യാഃ ക്ഷേത്രപതേഃ അന്യാ തദാഗമപതേഃ ഇതിചജഗുഃ—കോപിപക്ഷത്തെ ചൊല്ലുന്നു. നടെത്തഹോരലഗ്നാധിപതിക്കു—കേചിൽ പക്ഷത്തെ ഹോരാ പതിനൊന്നാമടത്തെ ഉടയവന്നു, എന്നിങ്ങിനെ ചിലരുടെ പക്ഷം. ഏകൈകം ഭവനം ദശാംശകമയാഃ ദ്രെക്കാണസംജ്ഞാഃ ത്രയഃ—ഓരൊരാശിയെ മുമ്മൂന്നെടത്തു പകുത്തതു ദ്രേക്കാണം. തേഷാംതൽഗ്രഹതത്ത്രിജനവമസ്ഥാനേശ്വരാഃ സ്വാമിനഃ—ദ്രേക്കാണങ്ങളിൽ നടേന്നതു ലഗ്നാധിപതിക്കു്. പിന്നേത്തേതു അഞ്ചാമിടത്തെ ഉടയവന്നു്, മൂന്നാമത്തു് ഒമ്പതാമിടത്തെ ഉടയവന്നു്.

കുജരവിസുത ജീവസൌമ്യശുക്രാ
ശ്ശരശരനാഗഗതീഷു ഭാഗനാഥാഃ
അയുജിയുജി തദംശകശ്ചതേഷാം
തദധിപതയശ്ച വിപൎയ്യയേണ ഗണ്യാഃ

ത്രിംശാംശകത്തെ ചൊല്ലുന്നു—

ഓജരാശികളിൽ നടെ അഞ്ചു തിയ്യതി, പിന്നെ അഞ്ചുതിയ്യതി മൂന്നാമത് ഏഴ്, നാലാമതഏഴ്, അഞ്ചാമത് അഞ്ചു് തിയ്യതി നടെകുജന്നു്, പിന്നെ ശനിക്കു്, മൂന്നാമത് ഗുരുവിന്നു് നാലാമത് ബുധന്നു, അഞ്ചാമത്തു ശുക്രന്നു, ഇങ്ങിനെ ഇവർ നാഥന്മാർ. യുഗ്മയുരാശികളിൽ നടെത്തെ അഞ്ചുതിയ്യതി ശുക്രൻ, പിന്നെത്തെ അഞ്ചുതിയ്യതി ബുധൻ, പിന്നെ എട്ടുതിയ്യതി ഗുരു. നാലാമതഞ്ചു തിയ്യതിക്കു് ശനി. അഞ്ചാമത് അഞ്ചു തിയ്യതിക്കു് കുജൻ അധിപൻ ഇങ്ങിനെ—

സൌരിസ്തൃതീയ ദശമൌഗുരു സ്ത്രികൊണം കുജസ്തുചതുരശ്രം
പശ്യതി സമഗ്രമപരചരണ വിവൃദ്ധ്യാഥ സപ്തമംസൎവ്വേ.

ഗ്രഹങ്ങളുടെ ദൃഷ്ടിയെ ചൊല്ലുന്നു—

സൌരിഃ തൃതീയ ദശമൌ പശ്യതി സമഗ്രാം—ശനിക്ക് മൂന്നാമിടത്തും പത്താമിടത്തും മുഴു ദൃഷ്ടിയുണ്ട്. ഗുരുഃ ത്രികോണം—ഗുരുവിന്നു ത്രികോണത്തിങ്കൽ മുഴു ദൃഷ്ടിയുണ്ട്. കുജഃതു ചതുരശ്രം—കുജന്നു ചതുരശ്രത്തിങ്കൽ മുഴുദൃഷ്ടിയുണ്ട്. അപരെ ചരണ വിവൃദ്ധ്യാ—സർവ്വഗ്രഹങ്ങൾക്കും തൃതീയ ദശമങ്ങളിൽ കാൽ ദൃഷ്ടി ഉണ്ട്. ത്രികോണത്തിങ്കൽ അര ദൃഷ്ടി ഉണ്ട്. ചതുരശ്രത്തിൽ മുക്കാൽ ദൃഷ്ടി ഉണ്ട്. അഥസർവ്വേ സപ്തമം—എല്ലാ ഗ്രഹങ്ങൾക്കും ഏഴാമിടത്തു മുഴുദൃഷ്ടി ഉണ്ട്-ഇങ്ങിനെ.—

ജ്ഞേയാജീവ കുജേന്ദവൊരവിബുധൌ ഗുർവ്വർക്കശീതാംശവഃ
ശുക്രാർക്കൌകുജ ......ശ്ശനിബുധൌശുക്രേന്ദുജൌ ചക്രമാൽ
അർക്കാദേസ്സുഹൃദസ്സമാസ്തുശശിജഃ സർവ്വേ ചകാവ്യാർക്കജൌ
...................കുജോജീപഃ പരേശത്രവഃ

ഏതേഗ്രഹാഃ ക്രമാൽ അർക്കാദേഃ സുഹൃദഃ ജ്ഞേയാഃ—ഇച്ചൊല്ലിയ ഗ്രഹങ്ങൾ അർക്കാദികളുടെ ബന്ധുക്കൾ. അർക്കന്ന്-ജീവകുജ ചന്ദ്രന്മാർ ചന്ദ്രന്നരവി ബുധന്മാർ, കുജന്നു-രവിഗുരു ചന്ദ്രന്മാർ, ബുധന്നു-ശുക്രാർക്കന്മാർ, ഗുരുവിന്നു-കുജചന്ദ്രാർക്കന്മാർ, ശുക്രന്ന് ശനിബുധന്മാർ, ശനിക്ക്—ശുക്രബുധന്മാർ, ഇങ്ങിനെ ബന്ധുക്കൾ, പിന്നെ സമന്മാർ അർക്കന്നു ബുധൻ, ചന്ദ്രന്നു എല്ലാരും, കുജന്നു ശുക്രമന്ദന്മാർ, ബുധന്ന് ശനിഗുരുകുജന്മാർ, ഗുരുവിന്നു ശനി, ശുക്രന്നു്—ഗുരുകുജന്മാർ, ശനിക്ക് ഗുരു—ഇങ്ങിനെ സമന്മാർ.

ബന്ധുവും സമനും അല്ലാത്തവർ ശത്രുക്കൾ—

മേഷൂരണാംബു സഹജായ ധനവ്യയേഷു
യോയസ്യ തിഷ്ഠതിസതസ്യസുഹൃത്തദാനിം.
അന്യേഷു വൈശ്യഭയഥാരി സുഹൃത്വയോഗാൽ
ജ്ഞേയോഗ്രഹോധിസുഹൃദദ്ധ്യസുഹൃത്സമഞ്ച.

പിന്നെ മറെറാരുപ്രകാരം ഗ്രഹങ്ങളുടെ ബന്ധുത്വം ചൊല്ലുന്നു. യഃ യസ്യമേഷൂരണാംബുസഹജായ ധനവ്യയേഷുതിഷ്ഠതിസഃ തസ്യതദാനിം സുഹൃൽ—യാവനൊരുത്തൻ യാവനൊരുത്തന്റെ പത്താമിടത്തു താൻ നാലാമിടത്തു താൻ, മൂന്നാമിടത്തുതാൻ, പതിനൊന്നാമിടത്തുതാൻ, പന്ത്രണ്ടാമിടത്തു താൻ നില്ക്കുന്നു. അവൻ അപ്പോൾ അവന്നു ബന്ധു. അതല്ലാതപ്പോൾ ശത്രു. ഇങ്ങിനെ തൽക്കാലം ബന്ധുത്വം, ഉഭയഥാ അതിസുഹൃ

ത്വയോഗാൽ ഗ്രഹഃ അധിസുഹൃൽസമഃ ചജ്ഞേയഃ—ഒരു പ്രകാരത്തിൽ ബന്ധുവും ഒരുപ്രകാരത്തിൽ ശത്രുവും ആകിൽ സമനെന്നറിക. രണ്ടുപ്രകാരം ബന്ധുവാകിൽ അധിക ബന്ധു, രണ്ട് പ്രകാരം ശത്രുവാകിൽ അധിശത്രു.

ദിനദ്വദശാംശോമതഃ കാലഹോരാ
പതിസ്സസ്യ പൂർവ്വസ്യ വാരാധിനാഥഃ
തതഃ ഷഷ്ഠഷഷ്ഠാഃ ക്രമേണേതരേഷാം
നിശായാംതു വാരേശ്വരാൽ പഞ്ചമാദ്യാഃ

ദിനദ്വാദശാംശഃ കാലഹോരാമതഃ—ദിനത്തെ പന്ത്രണ്ടുകൂറിട്ടത്-കാലഹോര ആകുന്നതു്. തസ്യപൂർവ്വസ്യ വാരാധിനാഥഃ പതിഃ—അതിൽ നടത്തേത് വരാധിപന്നു ഉള്ളു. തതഃ ഇതരേഷാം ക്രമേണ ഷഷ്ഠഷഷ്ഠാഃ പിന്നെ മറെറവർ ക്രമത്താലെ ആറാമ വന്നാറാമ വന്നുള്ളു. നിശായാം വാരേശ്വരാൽ പഞ്ചമാദ്യാഃ-രാത്രികൊണ്ടു പന്ത്രണ്ടുകൂറിട്ടവാരാധിപന്റെ അഞ്ചാമവനാദിയായി ഈ വണ്ണം കണ്ടുകൊൾക.

നക്ഷത്രാണാം നാമാന്യശ്വിന്യാദീനി ലോകസിദ്ധാനി
നിജദേവതാഭിധാനൈരഭി ധാസ്യന്തേക്വചിച്ചതിനിഹ.

അശ്വനി ആദി ആയുള്ള നക്ഷത്രങ്ങളുടെ നാമങ്ങൾ ലോകപ്രസിദ്ധങ്ങൾ. പിന്നെ തനക്കു തനക്കുള്ള ദേവതകളുടെ നാമങ്ങളെക്കൊണ്ടും ചൊല്ലാം.

ഭാനാമശ്വിയമാഗ്നിധാതൃശശിനോരുദ്രോദിതിർവ്വാക്പതി-
സ്സർപ്പൌഘാഃ പിതരോര്യ്യമാഭഗരവീത്വഷ്ടാശുഗേന്ദ്രാഗ്നയഃ
മിത്രേന്ദ്രൌനിരൃതിഃ പയോദകുസുമം വിശ്വേമുകുന്ദോവസു-
ക്ഷീരേശാവജ ഏകപാൽ പുനരഹിർബ്ബുധ്നിശ്ചപൂഷാധിപാഃ

ഏതേഭാനാമധിപാഃ—ഇവർ നക്ഷത്രങ്ങളുടെ അധിപതികൾ. അശ്വതിക്ക് അശ്വനീദേവതകൾ, ഭരണിക്ക് യമൻ, കാർത്തികക്ക് അഗ്നി, രോഹിണിക്ക് ബ്രഹ്മാ, മകീര്യത്തിന്ന് ചന്ദ്രൻ, തിരുവാതിരക്ക് ഹരൻ, പുണർതത്തിന്നു് അദിതി, പൂയത്തിന്നു് ബൃഹസ്പതി, ആയില്യത്തന്നു് പിതൃക്കൾ, പൂരത്തിന്നു് അര്യ്യമാവ്, ഉത്രത്തിന്നു ഭഗൻ, അത്തത്തിന്നു് ആദിത്യൻ, ചിത്രക്ക് ത്വഷ്ടാവ്, ചോതിക്ക് വായു, വിശാഖത്തിന്നു ഇന്ദ്രാഗ്നികൾ, അനിഴത്തിന്നു് മിത്രൻ, തൃക്കേട്ടക്ക് ഇന്ദ്രൻ, മൂ

ലത്തിന്ന് നിരൃതി, പൂരാടത്തിന്ന ജലം, ഉത്രാടത്തിന്ന് വിശ്വദേവകൾ തിരുവോണത്തിന്ന് വിഷ്ണു, അവിട്ടത്തിന്ന് വസുക്കൾ, ചതയത്തിന്ന് വരുണൻ, പൂരുരുട്ടാതിക്ക് അജൈകപാത്ത്, ഉത്രട്ടാതിക്ക് അഹിർബുദ്ധ്നി, രേവതിക്ക് പൂഷാവ് ഇങ്ങിനെ.—

യന്നക്ഷത്രാദിപദായാവത്യ ഭിധീയതെപുരാസംഖ്യാ
ഭംനാമിഹസാസംജ്ഞാ വിജ്ഞേയാ താവതാംതദാദീനാം.

യാതൊരു നക്ഷത്രമാദിയായിട്ട് യാതൊരു സംഖ്യയെച്ചൊല്ലുന്നു—ഇവിടെ യാതൊരു നക്ഷത്രമാദിയായിട്ട് ആ സംഖ്യ കഴിവോളമുള്ള നക്ഷത്രങ്ങൾക്ക് അതു, പേര്, അതേതുപ്രകാരമെന്ന്—അശ്വിനീത്രയം എന്ന അശ്വതി തുടങ്ങി മൂന്നിന്നും, രോഹിണി ദശകം—എന്ന രോഹിണി തുടങ്ങി പത്തിന്നും, ആർദ്രാഷോഡശകം—കൃത്തികാപഞ്ചകം, ജ്യേഷ്ഠാദ്വാദശകം, മഘാസപ്തകം എന്നിങ്ങിനെ.

തിഷ്യോവൈഷ്ണവമുത്തരാത്രയവസു പ്രാചേതസാനീശഭം
രോഹിണ്യായുതമേതദൃക്ഷ നവകം വിജ്ഞേയമൂർദ്ധ്വാനനം.
മൈത്രാശ്വിന്യ ദിതീന്ദുപൌഷ്ണപവനത്വാഷ്ട്രക്ദൈവേന്ദ്രഭം
തിര്യഗ്വക്ത്ര മധോമുഖംതദപരം തത്തത്സമം തൽഫലം

പൂയം, തിരുവോണം, ഉത്തരാത്രയം, അവിട്ടം, ചതയം, തിരുവാതിര, രോഹിണി ഇച്ചൊല്ലിയ നക്ഷത്രങ്ങളൊമ്പതും ഊർദ്ധ്വമുഖം. അനിഴം, അശ്വതി, പുണർതം, മകീർയ്യം, ഇരവതി, ചോതി, ചിത്ര, തൃക്കേട്ട ഇവ ഒമ്പതും തിർയ്യമുഖം. ചൊല്ലാത്തവ അധൊമുഖം. പേക്ഷതക്കവണ്ണം കർമ്മങ്ങളുടെ ഫലം.

ക്ഷിപ്രാസ്തീക്ഷ്ണകരാശ്വിനേയഗുരവോ വസ്വംബുനാഥാനില-
ശ്രീനാഥാദിതയശ്ചരാശ്ചമൃദവശ്ചിത്രാന്ത്യമിത്രേന്ദവഃ
ഉഗ്രാഭാദ്രയമാര്യ്യമാംബു പിതരോജ്ഞേയാബുധൈരുത്തരാ-
രോഹിണ്യസ്ഥിരസംജ്ഞിതാസ്തദപരാസ്തീക്ഷ്ണാഹ്വയാസ്താരകാഃ

ബുധൈഃ തീക്ഷ്ണകരാശ്വിനേയ ഗുരവഃ ക്ഷിപ്രാഃ ജ്ഞേയാഃ—അത്തം, അശ്വതി, പൂയം ഇവ ക്ഷിപ്ര നക്ഷത്രങ്ങൾ. വസ്വംബുനാഥാനില ശ്രീനാഥാദിതയഃ—ചരാഃ ച—അവിട്ടം, ചതയം, ചൊതി, തിരു

വൊണം, പുണർതം ഇവ ചരങ്ങൾ. ചിത്രാന്ത്യമിത്രേന്ദവഃ മൃദവഃ ച—ചിത്ര, ഇരവതി, മകീരം ഇവ മൃദുക്കൾ. ഭാദ്രയമാര്യ്യമാംബുപിതരഃ ഉഗ്രാഃ—പൂരട്ടാതി ഭരണി പൂരം പൂരാടം മഖം—ഇവ ഉഗ്രങ്ങൾ. ഉത്തരരോഹിണ്യഃ സ്ഥിരസംജ്ഞിതാഃ—ഉത്രം, ഉത്രാടം, ഉത്രട്ടാതി, രോഹിണി ഇവ സ്ഥിരങ്ങൾ. തദപരാഃ താരകാഃ തീക്ഷ്ണാഹ്വയാഃ—ചൊല്ലാത്ത നക്ഷത്രങ്ങൾ തീക്ഷ്ണങ്ങൾ.

അനിഴം ഇവ ദെവഗണം, പൂർവ്വൊത്തരെശാന്തക കമല ഭുവഃ മർത്ത്യാഃ- പൂർവ്വാത്രയം ഉത്തരാത്രയം, തിരുവാതിര, ഭരണി, രൊഹിണി മനുഷ്യഗണം. ശിഷ്ടഭാനി ആസുരാണി—ചൊല്ലാത്തത് അസുരഗണം.

ആഗ്നേയാദീന്യത്ര ചത്വാര്യ്യുദ്ധൂനി
പ്രാജ്ഞൈരുക്താന്യന്തരംഗാഭിധാനി.
മിത്രാദീനിത്രീണിബാഹ്യാഹ്വയാനി
ജ്ഞേയാന്യേവം സപ്തസപ്തോത്തരാണി.

അത്ര ആഗ്നേയാദീനിചത്വാരി ഉദ്ധൂനിപ്രാജ്ഞൈഃ അന്തരംഗാഭിധാനി ഉക്താനി. കാർത്തിക ആദിയായിട്ട നാലു നക്ഷത്രം അന്തരംഗം. ഇതരാണി ഏവം സപ്തസപ്തജ്ഞേയാനി. മറെറവയും ഏഴേഴക്കൂട്ടി ഇങ്ങിനെ കണ്ടുകൊൾക.

നന്ദാച ഭദ്രാച ജയാച രിക്താ
പൂർണ്ണേതി സംജ്ഞാഃ ക്രമശസ്തിഥീനാം.
ഛിദ്രാഭിധാസ്താസു ഭവന്തിഭാസ്വ
ദ്വസ്വംഗസംഖ്യാസ്തിഥയ സ്സരിക്താഃ

പ്രതിപദം നന്ദാ, ദ്വിതീയ ഭദ്ര, തൃതീയ ജയ, ചതുർത്ഥിരിക്ത, പഞ്ചമിപൂർണ്ണ ഇങ്ങിനെ പിന്നെയും കണ്ടുകൊൾക. ചതുർത്ഥി, നവമി, ചതുർദ്ദശി ദ്വാദശി, അഷ്ടമി, ഷഷ്ഠി ഇവററിന്ന് ഛിദ്രകളെന്നുപേർ.

ബബബാലവകൌലവ തൈതിലഗരവണി ജാഖ്യവിഷ്ടിനാമാനി
ചരകരണാനി വിദുശ്ശുക്ല പ്രഥമാന്ത്യാർദ്ധപൂർവ്വാണി

പൂർവ്വപക്ഷത്തിൽ പ്രതിപദത്തിന്റെമെലെമുറി ആദി ആയിട്ടു മുപ്പതു മുപ്പതു നാഴികക്ക് ഓരോ കാരണം ബബാബാലവം കൌ

ലവം, തൈതിലം, ഗരം, വണിജം, വിഷ്ടി ഇങ്ങിനെ ഏഴു കാരണവും ചരകരണങ്ങൾ, പിന്നെയും ഇങ്ങിനെ കൃഷ്ണചതുർദ്ദശിയുടെ പൂർവ്വാർദ്ധത്തോളവും.

തേഷാം സിംഹവ്യാഘ്രകോലാഃ ഖരേഭൌ
ഗൌശ്വാവിത്ഥം യോനയസ്സംപ്രദിഷ്ടാഃ
ശുക്രേന്ദ്വാര്യബ്രധ്നസൌമ്യാർക്കസൂനു
ക്ഷ്മാപുത്രാണാം വാസരാണാം ചസദ്ഭിഃ

സദ്ഭിഃ തെഷാംയോനയഃ ഇത്ഥംസംപ്രദിഷ്ടാഃ—ഇക്കരണങ്ങളെല്ലാം ക്രമത്താലെ യോനികളെ ചൊല്ലുന്നു. സിംഹം, വ്യാഘ്രം, വരാഹം ഖരം, ഗജം, പശു, ശ്വാവ്- ഇങ്ങിനെ ശുക്രേന്ദ്വാര്യബ്രധ്നസൌമ്യാർക്കസൂനുക്ഷ്മാപുത്രാണാം വാസരാണാംച—ചിലർ വാരങ്ങൾക്കും ഇവണ്ണം യോനികളെ ചൊല്ലുന്നൊൻ. ശുക്രവാരത്തിന്നു സിംഹം, ചന്ദ്രവാരത്തിന്നു വ്യാഘ്രം, ഗുരുവാരത്തിന്നു വരാഹം, രവിവാരത്തിന്നു ഖരം, ബുധവാരത്തിന്നു ഗജം, ശനിവാരത്തിന്നു പശു, കുജവാരത്തിന്നു ശ്വാവ്- ഇങ്ങിനെ

സ്ഥിരകരണാന്യസിതചതുർദ്ദശ്യപാർദ്ധാദികാനിചത്വാരി
പ്രാഹുശ്ശകുനചതുഷ്പദ സനാഗകിംസ്തുഘ്നനാമാനി.

കൃഷ്ണപക്ഷത്തിൽ ചതുർദ്ദശിയുടെ മേലെ അർദ്ധത്തിങ്കൽനിന്നു തുടങ്ങി നാലു കരണങ്ങൾ പുള്ള, നാൽക്കാലികൾ, പാമ്പ, പുഴു, ഇവ സ്ഥിരകരണങ്ങൾ.

നക്ഷത്രവാരതിഥയഃ കരണാനിയോഗാഃ
പഞ്ചാംഗമേതദഥരാശിയുതം ഷഡംഗം.
സപ്താംഗമിത്യഭിഹിതംഗ്രഹയുക്തമേതൽ
വർഗ്ഗോത്തമൊനിജ നിജേഭവനേ നവാംശഃ

നക്ഷത്രം, വാരം, തിഥി കരണം, യൊഗം, ഇവ പഞ്ചാംഗം. ഇതും രാശിയുംകൂടിയാൽ ഷഡംഗം. ഷഡംഗത്തിൽ ഗ്രഹങ്ങൾ കൂടിയതു സപ്താംഗംനിജനിജഃ നവാംശഃ ഭവനെ വർഗ്ഗോത്തമഃ തന്റെ തന്റെ നവാംശം രാശികളിൽ വർഗ്ഗോത്തമം. മെടത്തിൽ മെടക്കാൽ, ഇടവത്തിൽ ഇടവക്കാൽമിഥുനത്തിൽ മിഥുനക്കാൽ ഇങ്ങിനെ കണ്ടുകൊൾക.

കന്യാഹയാർദ്ധയമതൌലിഘടാദ്വിപാദ-
സ്തോയാശ്രയംഝഷകളീരമൃഗാന്ത്യഭാഗാഃ
പൂർവ്വാപരേമൃഗഹയാഗദലേ മൃഗേന്ദ്രോ-
മേഷൊവൃഷശ്ചപശവശ്ചതുരംഘ്രിസംജ്ഞാഃ

കന്യാഹയാർദ്ധയമതൌലിഘടാഃ ദ്വിപാദഃ—കന്നി ധനുവിന്റെ മുതൽ പാതി, മിഥുനം, തുലാം, കുംഭം ഇവ ദ്വിപാത്തുക്കൾ. ഝഷകളീരമൃഗാന്ത്യഭാഗാഃ തോയാശ്രയാഃ— മീനം കർക്കടകം മകരം മെൽ മുറി പാതി ഇവ ജലചരങ്ങൾ. പൂർവ്വാപരേമൃഗഹയാംഗദലേമൃഗേന്ദ്രാഃ മേഷഃ വൃഷഭഃ രംഘ്രിസംജ്ഞാഃ—മകരത്തിന്റെ കീഴ്മുറിയും ധനുവിന്റെ മേൽ മുറിയും സിംഹവും മേടവും ഇടവവും ഇവ ചതുഷ്പാത്തുകൾ.

വിപ്രാഹ്വയൌ ഗുരുസിതൌ നൃപതീകുജാർക്കൌ
വൈശ്യ, ശ്ശശീശശിസുതോവൃഷളോർക്കജോന്ത്യഃ
വേദാധിപാഗുരുസിതാരബുധാദിഗീശാ-
ഭാസ്വത്സിതാരഫണിമന്ദശശിജ്ഞജീവാഃ

ഗുരുസിതൌവിപ്രാഹ്വയൌ—ഗുരുശുക്രന്മാർ ബ്രാഹ്മണർ. കുജാർക്കൌ നൃപതീ-കുജർക്കന്മാർ ക്ഷത്രിയർ. ശശീ, വൈശ്യഃ— ചന്ദ്രൻ വൈശ്യൻ, ശശിസുതഃ വൃഷളഃ—ബുധൻ ശൂദ്രൻ. അർക്കജഃ അന്ത്യഃ—ശനീ ചണ്ഡാളൻ. ഗുരുസിതാരബുധാഃ വേദാധിപാഃ—ഗുരു ഋഗ്വേദാധിപതി ശുക്രൻ യജുർവ്വേദാധിപതി, കുജൻ സാമവേദാധിപതി,ബുധൻ അഥർവ്വവേദാധിപതി. ഭാസ്വത്സിതാരഫണിമന്ദശശിജ്ഞജീവാഃ ദിഗീശാഃ— കിഴക്കെദിക്കുടയവൻ ആദിത്യൻ, അഗ്നികോടിക്ക് ശുക്രൻ, തെക്കെ ദിക്കിന്നു കുജൻ, നിരൃതികോടിക്ക് രാഹു, പടിഞ്ഞാറെ ദിക്കിന്നു മന്ദൻ, വായുകോടിക്ക് ചന്ദ്രൻ, വടക്കെക്ക് ബുധൻ, ഐശാന്യത്തിങ്കലേക്ക് ഗുരു ഇങ്ങിനെ.

ജ്ഞേയാവിന്ദുകവീസ്ത്രിയൌ ശനിബുധൌക്ലീബൌപുമാംസഃപരേ
സംജ്ഞാഃ കാശ്ചനപൂർവ്വശാസ്ത്രഗദി താസ്സംക്ഷേപതോദശിതാഃ
അസ്മിൻരൂപവപുഃ പ്രമാണസഗുണദ്രവ്യസ്വഭാവാദയഃ
കഥ്യന്തേ സംഗ്രഹംഗ്രഹസ്യനമയാഹ്യന്യത്ര തദ്വിസ്തരഃ

ഇന്ദുകവീസ്ത്രിയൌജ്ഞേയൌ—ചന്ദ്രനും ശുക്രനും സ്ത്രീഗ്രഹങ്ങൾ ശനിബുധൌ ക്ലീബൌ—ശനിബുധന്മാർ നപുംസക ഗ്രഹങ്ങൾ, മററവർ പുരുഷഗ്രഹങ്ങൾ, പരേപുമാംസഃ സംജ്ഞാഃ കാശ്ചന പൂർവശാസ്ത്ര

ഗദിതം: സംക്ഷേപതോദർശിതാഃ—പൂർവ്വശാസ്ത്രങ്ങളിൽ ചൊല്ലപ്പെട്ട സംജ്ഞകളാൽ ചിലവററെ ഇവിടെ സംക്ഷേപേണ ചൊല്ലി. മയാത്രാസ്മിൻ സംഗ്രഹഗ്രഹസ്വരൂപവപുഃപ്രമാണസദ്ഗുണദ്രവ്യസ്വഭാവാദയഃ നഹി കഥ്യന്തെ—ഞാൻ ഇവിടെ രാശികളുടെയും ഗ്രഹങ്ങളുടെയുംരൂപം വപുസ്സ പ്രമാണം ഗുണങ്ങൾ ദ്രവ്യം സ്വഭാവം എന്നുതുടങ്ങിയുള്ള വററെ ചൊല്ലുന്നില്ല, അന്യത്ര തദ്വിസ്തരഃ അതിൻെറ വിസ്താരം മററൊരിടത്തുണ്ട് എന്നിട്ടു ചൊല്ലായിന്നു.

ഇത്ഥം വിദ്യാമാധവീയാഭിധാനേ
ചത്വാരിംശത്സംയുതൈരഷ്ടഭിശ്ച
ശ്ലോകൈർവ്വിദ്യാമാധവേനാത്രശാസ്ത്രേ
സംജ്ഞാദ്ധ്യായോ ഗുംഫിതസ്സോയമാദ്യഃ

———

ശ്രീഃ

1 അഥാദിശാസ്ത്രാഭിഹിതാൻ പ്രശസ്താൻ
സംഗൃഹ്യ ദൈവജ്ഞഹിതായ കാംശ്ചിൽ
ഇഹാഭിധാസ്യാമി മുഹൂർത്തദോഷാൻ
കാർത്സ്ന്യേന കസ്തൽ കഥനായ ശക്തഃ

അഥ ആദിശാസ്ത്രാഭിഹിതാൻ പ്രസിദ്ധാൻ മുഹൂർത്തദോഷാൻ സംഗൃഹ്യ ഇഹദൈവജ്ഞഹിതായകാംശ്ചിൽ അഭിധാസ്യാമി അനന്തരം ആദിശാസ്ത്രങ്ങളിൽ ചൊല്ലപ്പെട്ട പ്രസിദ്ധങ്ങളായ മുഹൂർത്തദോഷങ്ങളെ സംഗ്രഹിച്ചു ചില മുഹൂർത്ത ദോഷങ്ങളെ ദൈവജ്ഞന്മാരുടെ ഹിതത്തിന്നായിക്കൊണ്ടു ചൊല്ലുന്നേൻ—കാർത്സ്ന്യേനതൻകഥനായകഃ ശക്തഃ—ഒട്ടൊഴിയാതെ ഉള്ള മുഹൂർത്തദോഷങ്ങളെ ചൊല്ലുവാൻ ഒരുത്തനും ശക്തനല്ല, എന്നിട്ടു ചില മുഹൂർത്തദോഷങ്ങളെ ചൊല്ലുന്നേനെന്നുചൊല്ലി.

ഇനി മൂന്നു പദ്യങ്ങളെക്കൊണ്ടു ദോഷനാമങ്ങളെ ചൊല്ലുന്നു—

2 ദുഷ്ടാംസ്തിത്ഥ്യൃക്ഷവാരാനഥ വിഷഘടികാഃ കൃഷ്ണപക്ഷാപരാഹ്നൌ
ധൂമാദീൻപഞ്ചസൌരാൻഗുളികദിനഗദൌ സഗ്രഹാർദ്ധപ്രഹാരൌ

വിഷ്ടിംഷൾദുഷ്ടയോഗാനുഡുതിഥിസുഷിരേകാളചക്രാർദ്ധപാതാൻ
സ്ഥൂണാദീംസ്ത്രീംശ്ചമൃത്യൂൻ വിദഗഹിമശിഖെ
കണ്ടികൌദ്വൌചഗണ്ഡം

3 നക്ഷത്രം ഭവനഞ്ച കർത്തുരശുഭം വൈനാശികൈകാർഗ്ഗളൌ
ശൂന്യാന്നിഗ്രഹമുക്തഗമ്യഗതഭം ജ്വാലാദിയോഗാംശ്ചഷൾ
മാസാബ്ദാവസതീരനൊജദിവസാഞ്ഛുക്രാര്യയോർമൌഢതാം
സന്ദൃഷ്ടിം ച സവേധശൂലമധികാച്ചാസാംശ്ചകേതൂദയം

4 ഉദ്വാഹേത്തുവിശേഷതോശുഭകരം വേധം ശലാകാഹ്വയം
തത്തൽകർമ്മവിഗർഹിതാം ഗ്രഹഗതിം മാസർക്ഷരാശ്യാദികാൻ
ദോഷാൻ കർമ്മവിനാശനാൻവിദുരിമാ നന്യാനനുക്താനപി
ജ്ഞാത്വാതാൻ പരിഹൃത്യസൂക്ഷ്മമതയഃ കുർവ്വന്തുസർവ്വാഃ ക്രിയാഃ

ദുഷ്ടങ്ങളായിരിക്കുന്ന തിഥികളും നക്ഷത്രങ്ങളും വാരങ്ങളും, പിന്നെ വിഷഘടിക, കൃഷ്ണപക്ഷം, അപരാഹ്ണം, ധൂമാദി ദൊഷങ്ങളഞ്ചു്. സൌരദൊഷങ്ങൾ നാലു് ഗുളികൊദയം, ദിനഗദം, സംഗ്രഹം, അർദ്ധപ്രഹാരം, വിഷ്ടി ആറ് ദുഷ്ടയൊഗങ്ങൾ, താരകാനിമ്നം, കാളം, ചക്രാർദ്ധപാതം, സ്ഥൂണം ആദിയായി മൂന്ന് മൃത്യുയൊഗങ്ങൾ, അന്ധനക്ഷത്രം, ഉഷ്ണശിഖ, കണ്ടികം, യമകണ്ടികം, ഗണ്ഡം, കർത്താവിന്നു അനിഷ്ടമായുള്ള നക്ഷത്രം, ഗ്രഹങ്ങൾ ചെല്ലുവാനിരിക്കുന്ന നക്ഷത്രം ഗ്രഹങ്ങൾനിന്ന നക്ഷത്രം ഇങ്ങിനെയുള്ളരാശികളും ജ്വാലാദിയോഗങ്ങളാറു മാസാന്തം, അബ്ദാന്തം അനൊജദിനങ്ങൾ ശുക്രൻെറയും വ്യാഴത്തിൻെറയും അസ്തം, പരസ്പരദൃഷ്ടി വേധം, ശൂലം, അധിമാസക്കൾ, കേതൂദയം, ശലാകാവേധം, വിശേഷിച്ചും വിവാഹത്തിങ്കൽ അശുഭം പിന്നെ അതാതുകർമ്മങ്ങൾക്ക് കൊള്ളരുതാത്ത ഗ്രഹസ്ഥിതിയും, മാസങ്ങളും, നക്ഷത്രങ്ങളും, രാശികളും ഇങ്ങിനെചൊല്ലിയ ദോഷങ്ങൾ ശുഭകർമ്മഫലത്തെ നശിപ്പിക്കുന്നവ.

പിന്നെ ഇടെചൊല്ലിയ ദോഷങ്ങളെയും അറിഞ്ഞു വർജ്ജിക്ക.

5 അഗ്ന്യന്തകദ്വിരസ നത്രിദശേന്ദ്രരുദ്രാഃ
പൂർവ്വാത്രയംചബഹുലം പിതൃമൂലശൂർപ്പാഃ
ഛിദ്രാശ്ചപാപദിവസാസ്പദകാലഹോരാ—
സ്ത്യാജ്യാഗണോയമഖിലാസുശുഭക്രിയാസു

കാർത്തിക, ഭരണി, ആയില്യം, തൃക്കേട്ട, തിരുവാതിര, പൂർവ്വാത്രയം, അപരപക്ഷം, മകം, മൂലം, വിശാഖം, ഛിദ്രതിഥികൾ, പാപവാരം,

പാപഗ്രഹങ്ങളുടെ രാശികൾ, പാപികളുടെ കാലഹോര, ഇവ എല്ലാശുഭ കർമ്മങ്ങളിലും വൎജ്ജിക്ക.

ഇത് ത്യാജ്യഗണമാകുന്നു.

ഇനി രണ്ടു പദ്യങ്ങളെക്കൊണ്ടു വിഷഘടികയെ ചൊല്ലുന്നു—

6 ത്രിംശൽപിതൃണനിതമനുഗിരിശാസ്ത്രിംശൽ കൃതിർദ്വിജാസ്ത്രിംശൽ
കൃതിധൃതിസമിധഃ കൃതിമനുമനുദിങ്മനുകൃതിജിനാഃ കൃതിഃ കകുഭഃ
ദശവിശ്വനൃപതിജിനാസ്ത്രിംശൽ പഞ്ചാംശതോജിനാദ്വൈഭ്യഃ
പരതോഘടീചതുഷ്കം വിഷസംജ്ഞംകൃത്തികാദിഷുജ്ഞേയം.

ഏഭ്യഃ പരതഃ ഘടീചതുഷ്കംവിഷസംജ്ഞം കൃത്തികാദിഷുജ്ഞേയം കാൎത്തിക ആദിയായുള്ള നക്ഷത്രങ്ങളിൽ ഇച്ചൊല്ലിയ ഭൂത സംഖ്യകൾ മേൽ നന്നാലുനാഴിക വിഷഘടിക എന്നറിക. ത്രിംശൽ കാൎത്തികക്ക് മുപ്പതു, പിതൃണനിതകൃതിഃ രോഹിണിക്ക് നാല്പതു്, മകീരത്തിന്നു് മനു 14, തിരുവാതിരക്ക് ഗിരിശാഃ 11, ത്രിംശൽ, മുപ്പതു, കൃതി 20, ദ്വിജാഃ-മുപ്പത്തിരണ്ടു, ത്രിംശൽ മുപ്പത്, കൃതി ഇരുപത്, ധൃതി പതിനെട്ടു, സമിൽ 21, കൃതി ഇരുപത്, മനു പതിനാല്, മനു പതിനാല്, ദിക് പത്തു്, മനു പതിനാല്, കൃതി ഇരുപത്, ജിനം ഇരുപത്തിനാലു, കൃതി ഇരുപത്, കകുപ് പത്ത്, ദശ പത്ത്, വിശ്വാ പതിനെട്ട്, നൃപതി 16, ജിനം 24, ഇങ്ങിനെ കണ്ടുകൊൾക.

7 ധൂമോവേദഗ്രഹൈസ്ത്രയോദശഭിരപ്യംശൈസ്സമേതേരവൌ
സ്യാത്തസ്മിന്വ്യതിപാതകോ വിഗളിതേചക്രാദശാസ്മിന്യുതേ
ഷൾഭിർഭൈഃ പരിവേഷഇന്ദ്രധനുരിത്യസ്മിംശ്ച്യുതേമണ്ഡലാ-
ദത്യഷ്ടാംശയുതേത്രകേതുരഥ തന്ത്രൈകർക്ഷയുക്തേ രവിഃ

രവൌവേദഗ്രഹൈഃ ത്രയോദശഭിഃ അംശൈരപിസമേതേ ധൂമഃ സ്യാൽ—തൽക്കാലാൎക്ക സ്ഫുടത്തിൽ നാലു രാശിയും പതിമൂന്നു ഭാഗവും കൂടിയാൽ വരുന്ന നക്ഷത്രത്തിന്നു ധൂമദോഷം. തസ്മിൻ ചക്രാൽ വിഗളിതോ വ്യതിപാതകഃ ധൂമത്തെ പന്ത്രണ്ടുരാശിയിൽ വാങ്ങിയാൽ വരുന്ന നാൾക്ക് വ്യതിപാതകം, അഥതസ്മിൻ ഷൾഭിഃ ഭൈര്യുതെ പരിവേഷഃ—വ്യതീപാതത്തിൽ ആറു രാശികൂടിയതു് പരിവേഷം, അസ്മിൻ മണ്ഡലാൽ ച്യുതേ ഇന്ദ്രധനുഃ—പരിവേഷത്തെ പന്ത്രണ്ടുരാശിയിൽ വാങ്ങിയാൽ ഇന്ദ്രധനുസ്സ, അത്ര അത്യഷ്ടാംശയുതേകേതുഃ—ഇന്ദ്രധ

നുസ്സിൽ പതിനേഴ തിയ്യതി കൂടിയത് കേതു, അഥതത്ര ഏകർക്ഷയുക്തേ രവിഃ—പിന്നെ കേതുവിൽ ഒരു രാശി കൂട്ടിയാൽ തൽക്കാലാൎക്കസ്ഫുടമുണ്ടാം.

8 ഭൂകമ്പോംശേഷ്വശീത്യാമ്പിത ഇനഉഡുയതസ്സൎവ്വദോല്കാനിപാതോ
നിശ്യത്രാദ്ധ്യാനയാസ്മിൻഭവതികൃതികലാദിഗ്ഗുണാംശൊനയാച
പൂർവ്വാഹ്നേബ്രഹ്മദണ്ഡോദ്ധ്വജ ഇതിനതയം
തത്രനിന്ദ്യൊപരാഹ്നേ
തേഷൂൎദ്ധ്വം പ്രാപ്തനാഡ്യസ്തപനഗിരിഹരിത്തൎക്കനാ
ഡ്യോത്ര നിന്ദ്യാഃ

ഇനേ അംശേഷു അശീത്യാ അമ്പിതേയൽ ഉഡുതൽ സൎവ്വദാനിന്ദ്യഃ ഭൂകമ്പഃ ഭവതി—തൽക്കാലാൎക്കനിൽ എണ്പതു തിയ്യതി കൂടിയാൽ വരുന്ന നാൾ യാതൊന്നു അതസൎവ്വ കാലനിന്ദ്യമായുള്ള ഭൂകമ്പം. അത്ര അൎദ്ധാനയാ അശീത്യാ അനപിതേയൽ ഉഡുതൽ നിശിനിന്ദ്യഃ ഉല്കാനിപാതോ ഭവതി, ഭൂകമ്പത്തിൽ നാല്പതു തിയ്യതി കൂടിയാൽ വരുന്നതരാത്രിയിൽ നിന്ദ്യമായുള്ള ഉൽക്കാനിപാതം, അസ്മിൻ കൃതികലാദിഗ്ഗുണാംശോനയാ അശീത്യാ അമ്പിതേയൽ ഉഡുതൽപൂർവ്വാഹ്നേനിന്ദ്യഃ ബ്രഹ്മദണ്ഡഃ ഭവതി-ഉല്കാനിപാതത്തിൽ 'നവൈവഷാനാരീ' എന്നുകൂട്ടിയാൽ പൂൎവ്വഹ്നത്തിൽ നിന്ദ്യമായുള്ള ബ്രഹ്മദണ്ഡമുണ്ടാം. തത്ര തയാ അശീത്യാ അനപിതേയൽ ഉഡുതൽ അപരാഹ്നേനിന്ദ്യഃ ധ്വജ ഇതി ഭവതി, ബ്രഹ്മദണ്ഡത്തിൽ എണ്പതു തിയതി കൂടിയതു ധ്വജം എന്നിങ്ങനെ ഉണ്ടാം. അപരാഹ്നത്തിങ്കൽ നിന്ദ്യമത. തേഷുപ്രാപ്തനാഡ്യഃ ഊൎദ്ധ്വം തപന ഗിരിഹരി അൎക്കനാഡ്യഃ അതിനിന്ദ്യാഃ—അവററിൽ പ്രാപ്തനാഡികകൾമേൽ തപനഗിരി ഹരിത്തൎക്ക നാഡികൾ അതി നിന്ദ്യങ്ങൾ, ഭൂകമ്പാദി ദോഷങ്ങൾ യാതൊരു നക്ഷത്രത്തിൽ യാതൊരു നാഴികയ്ക്കു് വരുന്നു അന്നാൾക്ക് അന്നാഴികകൾ മേൽ തപനാദി നാഴികകളെ ക്രമത്താലെ വൎജ്ജിക്ക. ഭൂകമ്പത്തിന്നു പന്ത്രണ്ടു നാഴിക, ഉൽക്കാപാതത്തിന്നു ഏഴ്, ബ്രഹ്മദണ്ഡത്തിന്നു പത്ത്, ധ്വജത്തിന്നു ആറു നാഴിക.

9 ഗ്രഹാ വാരനാഥാദയോ വാസരസ്യ
പ്രമാണാഷ്ട ഭാഗാധിനാഥാഃ ക്രമേണ
തഥായമവത്യാശ്ചതൽ പഞ്ചമാദ്യാ
യത്രാദ്യംശനാഥ സ്സഏവാഷ്ടമസ്യ.

വാരനാഥാദയഃ ഗ്രഹാഃ ക്രമേണ വാസരസ്യ പ്രമാണാഷ്ട ഭാഗാധിനാഥാഃ—ദിനംകൊണ്ടു് എഴംശിച്ചാൽ നടേത്തെ അംശം വാരാധിപന്നു, പിന്നെ ക്രമത്താലെ പിന്നെ വക്ക്. തഥായാമവത്യാഃ ചതൻ പഞ്ചമാദ്യാഃ—അവ്വണ്ണമെ രാത്രികൊണ്ടും എട്ടുകൂറിട്ടാൽ നടത്തെ അംശം വാരാധിപന്റെ അഞ്ചാമന്നു, പിന്നെ ക്രമത്താലെ പിന്നെവക്ക്. ആദ്യംശനാഥ് യഃ അഷ്ടമസ്യ. പകലിലും രാത്രിയിലും നടെത്തെ അംശം യാവനൊരുത്തന്നു വരുന്നു എട്ടാമത്തും അവന്നു വരും.

10 ഉക്തക്രമാൽ ഗുളികമർക്കസുതസ്യ ഭാഗം
ജീവാംശകന്തുയമ കണ്ടികമാമനന്തി
അർദ്ധപ്രഹാരമരുണാദിദി നേഷുവേദ
ശൈലാക്ഷിബാണ വസുവഹ്നി ഗുഹാനനാംശാൻ

ഉക്തക്രമാൽ അർക്കസുതസ്യഭാഗം ഗുളികം ആമനന്തി—നടെ ചൊല്ലിയ ദിനാഷ്ടാംശത്തിലും രാത്ര്യഷ്ടാംശത്തിലും യാതൊരംശം ശനിക്ക് വരുന്നത് ആ അംശത്തെ ഗുളികനെന്നറിയുന്നു. ജീവാംശകന്തുയമകണ്ടികം—ബൃഹസ്പതിയുടെ അംശം യമകണ്ടകമാകുന്നു. അരുണാദിദിനേഷു വേദശൈലാക്ഷി ബാണവസുവഹ്നി ഗുഹാനനാംശാൻ—രവിവാരമാദി ആയിട്ട് അർദ്ധപ്രഹരത്തെ ചൊല്ലുന്നു രവിവാരത്തിന്നു നാലാമംശം അർദ്ധപ്രഹരം, ചന്ദ്രവാരത്തിന്നു ഏഴാമംശം, കുജവാരത്തിന്നു രണ്ടാമംശം, ബുധവാരത്തിന്നു അഞ്ചാമംശം, ഗുരുവാരത്തിന്നു എട്ടാമംശം, ശുക്രവാരത്തിന്നു മൂന്നാമംശം, ശനിവാരത്തിന്നു ആറാമംശം.

11 ഭവത്യാദ്യേ ബുദ്ധ്നി ദ്വിരസനഭയോർഹ്മൂലയമയോ-
ർദ്വിതീയസ്മിന്നംശേ ഗുണ പരിമിതേവിഷ്ണുഭഗയോഃ
ശശിസ്വാത്യോരന്ത്യേ ശുഭഫലവിരോധിദിനഗദ-
സ്തൃതീയോംശേ തസ്മാദുപരി ദിനമൃത്യുശ്ചബലവാൻ.

ബുദ്ധ്നിദ്വിരസനഭയോഃ ആദ്യേ അംശേ ശുഭഫലവിരോധിദിനഗദഃ ഭവതി, ഉത്രട്ടാതിക്കും ആയില്യത്തിന്നും മുതൽ കാല്ക്കു ശുഭകർമ്മവിരുദ്ധമായിരിക്കുന്ന ദിനഗദം ഭവിക്കുന്നു. മൂലയമയോഃ ദ്വിതീയസ്മിന്നംശേ—മൂലത്തുന്നാളും, ഭരണിനാളും രണ്ടാം കാന്മേൽ വരും, വിഷ്ണുഭഗയോഃ ഗുണപരിമിതെ—തിരുവോണത്തിന്നും ഉത്രാടത്തിന്നും മൂന്നാം കാല്ക്കു്, ശശിസ്വാത്യോഃ അന്ത്യെ—മകീരത്തിന്നും ചോതിക്കും നാലാംകാല്ക്കു്. തസ്മാൽ ഉപരിതൃതീയെ അംശെ ബലവാൻ ദിനമൃത്യുഃ ച—ദിനത്തിന്നുമേൽ മൂന്നാമംശം ബലവാനായിരിക്കുന്ന ദിനമൃത്യു.

12 ഭൂപാൽ ഭയം രിപുഭയം വ്യസനം പ്രവാസം
വിത്ത ക്ഷയം വിശരണംച ശുഭക്രിയാസു
കർത്തുഃകരോതി ശശഭൃൽ ക്രമശോർക്ക് പൂർവ്വൈ-
രേകാംഗ്രഹൈ സ്സഹവിശന്നുഡുമേകരാശൗ

അർക്കപൂർവ്വൈർഗ്രഹൈസ്സഹ ഏകരാശൗ ഏകാംഉഡുംവിശൻശശഭൃൽ ക്രമശഃ കർത്തുഃ ഏതാനി ഫലാനികരോതി—ചന്ദ്രനും അർക്കാദിഗ്രഹങ്ങളും കൂടി ഒരു രാശിയിൽ ഒരു നാളിൽ നില്ക്കുമ്പോൾ ശുഭകർമ്മം ചെയ്താലെ ഫലത്തെ ചൊല്ലുന്നു, ആദിത്യൻ നിന്ന നക്ഷത്രത്തിന്നു രാജഭയം, കുജൻനിന്നതിന്നു ശത്രുഭയം, ബുധന്നിന്നതിന്നു വ്യസനം, ഗുരുനിന്നതിന്നു പ്രവാസം, ശുക്രന്നിന്നതിന്നു വിത്തക്ഷയം, ശനി നിന്നതിന്നു മഹാവ്യാധി ഇങ്ങിനെ.

13 ശുക്ലേവാരിധിനാഗരുദ്രതിഥിസംഖ്യാ സ്താസുപക്ഷേസിതേ
തൽപൂർവ്വാസ്വപിനക്തമഹ്നിതിഥിഷു പ്രോദ്യാതി
വിഷ്ടിഃ ക്രമാൽ
ദിഗ്യാമേഷു ശരാക്ഷിശൈലയുഗഷൾത്ര്യഷ്ടേന്ദുസംഖ്യേഷ്വഥോ
യാമേഷ്വാദ്യജഗച്ഛരാന്ത്യദഹനേ ഷ്വദ്ര്യാദ്യ നാഡീഷുച.

ശുക്ലപക്ഷേ വാരിധിനാഗരുദ്ര തിഥിസംഖ്യാഃ താസു അസിതേ പക്ഷേ തൽപൂർവ്വാസു അപിതിഥിഷുക്രമാൽ നക്തം അഹ്നിശരാക്ഷിശൈലയുഗഷൾ ത്ര്യഷ്ടേന്ദുസംഖ്യേഷു ദിഗ്യാമേഷു ആദ്യജഗച്ഛരാന്ത്യ ദഹനേഷ്വാദ്യാദ്യനാഡീഷുച വിഷ്ടിഃ പ്രോദ്യാതി—പൂർവ്വപക്ഷത്തിൽ ചതുർത്ഥിയുടെ മേൽഭാഗത്തും അഷ്ടമിയുടെ കീഴ് ഭാഗത്തും ഏകാദശിയുടെ മേൽ ഭാഗത്തും പൌർണ്ണമാസിയുടെ കീഴ ഭാഗത്തും കൃഷ്ണപക്ഷത്തിൽ തൃതീയയുടെ മേൽ ഭാഗത്തും സപ്തമിയുടെ കീഴ ഭാഗത്തും ദശമിയുടെ മേൽ ഭാഗത്തും ചതുർദ്ദശിയുടെ കീഴ ഭാഗത്തും വരും വിഷ്ടി. ചതുർത്ഥിയുടെ വിഷ്ടി പടിഞ്ഞാറു അഞ്ചാംയാമത്തിൽ പ്രഥമനാഡിയിൽ ഉദിക്കും, അഷ്ടമിയുടെ വിഷ്ടി അഗ്നികോടിയിൽ രണ്ടാം യാമത്തിൽ മൂന്നാം നാഡിയിൽ ഉദിക്കും, ഏകാദശിയുടെ വിഷ്ടി വടക്കെ ദിക്കിൽ ഏഴാം യാമത്തിൽ അഞ്ചാം നാഴികക്ക് ഉദിക്കും, പൌർണ്ണമാസിയുടെ വിഷ്ടി നിരൃതികോടിയിൽ നാലാം യാമത്തിൽ എട്ടാം നാഴികക്ക് ഉദിക്കും, തൃതീയയുടെ വിഷ്ടി വായുകോടിയിൽ ആറാം യാമത്തിൽ മൂന്നാം നാഴികയ്ക്കു് ഉദിക്കും, സപ്തമിയുടെ വിഷ്ടി തെക്കേദിക്കിൽ മൂന്നാം യാമത്തിൽ അഞ്ചാം നാഴികക്കു ഉദിക്കും, ദശമിയുടെ വിഷ്ടി മീനത്തിൽ എട്ടാം യാമ

ത്തിൽ ഏഴാം നാഴികക്കു ഉദിക്കും, ചതുർദ്ദശിയുടെ വിഷ്ടി കിഴക്കെ ദിക്കിൽ നടെത്തെ യാമത്തിൽ പ്രഥമ നാഡിക് ഉദിക്കും.

14 നിത്യാ വിഷ്കംഭാദയോ വാരതിഥ്യോ-
ർവ്വാരർക്ഷാണാം വാരതാരാതിഥീനാം.
താരാതിഥ്യോ രാശിതിഥ്യോ രിതീമേ
യോഗാജ്ഞേയാഃ ഷൾഛ് ശുഭാശ്ചാശുഭാശ്ച.

ഇതിഇമേഷൾയോഗാഃ അശുഭാഃ ചശുഭാഃ ചജ്ഞേയാഃ—ഇങ്ങിനെ ആറു യൊഗങ്ങൾ അശുഭങ്ങളായിട്ടും ശുഭങ്ങളായിട്ടും ഉണ്ട് എന്നറിക. എങ്ങിനെ എന്നു ചൊല്ലുന്നു—വിഷ്കംഭാദയഃ നിത്യാഃ—വിഷ്കംഭാദി നിത്യയോഗങ്ങൾ. വാരതിഥ്യാഃ—വാരവും തിഥിയുംകൂടീട്ടും, വാരർക്ഷാണാം—വാരവും നക്ഷത്രവും കൂടീട്ടും, വാരതാരാതിഥീനാം—വാരവും നക്ഷത്രവും തിഥിയും കൂടീട്ടും, താരാതിഥ്യോഃ—നക്ഷത്രവും തിഥിയും കൂടീട്ടും, രാശിതിഥ്യോഃ—രാശിയും തിഥിയും കൂടീട്ടും ഇങ്ങിനെ ആറു പ്രകാരം.

15 നിന്ദ്യന്തേ നിത്യയോഗേഷ്വപി നവപരിഘസ്സവ്യതീപാതവജ്രോ-
വ്യാഘാതോവൈധൃതിശ്ച പ്രഥമപരിവൃതാശ്ശൂല
ഗണ്ഡാതിഗണ്ഡഃ
ലോകത്രിംശന്നവോഷൾബുധതിഥി വിശഖദ്വിപതക്കാം
ഗസംഖ്യാ-
നാഡ്യഃ പ്രാന്തേഷുതേഷാമപിഖലു നിയമാത്സജ്ജ
നൈർവ്വർജ്ജനീയം

നിത്യയോഗേഷു അപിപരിഘാദയഃ നവനിന്ദ്യന്തെ—നിത്യയോഗങ്ങളിൽ പരിഘമാദിയായിട്ടു ഒമ്പതുണ്ട് നിന്ദിക്കപ്പെടുന്നു. പരിഘം, വ്യതീപാതം, വജ്രം, വ്യാഘാതം, വൈധൃതി, വിഷ്കംഭം, ശൂലം, ഗണ്ഡം, അതിഗണ്ഡം എന്നിവ ഒമ്പതും നിന്ദിക്കപ്പെടുന്നവ. തേഷാം അപിപ്രാന്തേഷു ലൊകത്രിംശന്നവൊഷൾബുധ തിഥിവിശിഖദ്വിപതക്കാംഗസംഖ്യാഃ+നാഡ്യഃ സജ്ജനൈഃ നിയമാൽ വർജ്ജനീയാഃ ഖലു—ഇവ ഒമ്പതു യോഗത്തിന്നും അവസാനത്തിങ്കൽ ഇച്ചൊല്ലിയ നാഴികകളെ നിയമേന വർജ്ജിക്ക—പരിഘത്തിന്നു അവസാനത്തിങ്കൽ മൂന്നു നാഴിക, വ്യതീപാതത്തിന്നു മുപ്പതു്, വജ്രത്തിന്നു ഒമ്പതു്, വ്യാഘാതത്തിന്നു

മൂന്നു, വൈധൃതത്തിന്നു പതിനഞ്ചു, വിഷ്കംഭത്തിന്നു അഞ്ചു, ശൂലത്തിന്നു ഏഴ്, ഗണ്ഡത്തിന്ന് ആറ്, അതിഗണ്ഡത്തിന്നു ആറ്.

പിന്നെ രണ്ടു പദ്യങ്ങളെക്കൊണ്ടു ദുഷ്ടങ്ങളായിരിക്കുന്ന തിഥിവാരയോഗങ്ങളെ ചൊല്ലുന്നു.

16 അർക്കസ്യാഹസ്സുക്ക കലാദ്ര്യർക്ക ചതുർത്ഥ്യഃ
പ്രാലേയാംശോശ്ശൂലധരോർവ്വീധരഷഷ്ഠ്യഃ
ക്ഷോണീസൂനോർഭൂത ഭുജം ഗാദ്രിദശമ്യ
നേത്രക്ഷ്മോണീനാഗ നവമ്യശ്ശശിസൂനോഃ

17 വാഗീശസ്യാഹസ്സുരനന്ദദ്വിപഷഷ്ഠ്യഃ
കാവ്യസ്യക്ഷിസ്ഥാണുദിഗംഗാഷ്ടി തൃതീയഃ
സൌരസ്യോർവ്വീശാതി ജഗത്യസ്സ നവമ്യ
സ്ത്യാജ്യായുക്താസ്സന്തതമേതേതിഥിവാരാഃ

ഏതേതിഥിവാരാഃ യുക്താഃ സന്തതം ത്യാജ്യാഃ—ഇച്ചൊല്ലിയ തിഥികളും വാരങ്ങളും കൂടിയാൽ എല്ലായ്പ്പോഴും വർജ്ജിക്കേണം. അർക്കസ്യാഹസ്സുക്കലാദ്ര്യർക്ക ചതുർത്ഥ്യഃ—ഷഷ്ഠി, സപ്തമി, ദ്വാദശി, ചതുർത്ഥി, ഇവററാലൊന്നും രവിവാരവും കൂടുകിൽ. പ്രാലെയാംശോഃ ശൂലധരോർവ്വീധരഷഷ്ഠ്യഃ—ഏകാദശി, സപ്തമി, ഷഷ്ഠി ഇവററാലൊന്നും ചന്ദ്രവാരവും കൂടുകിൽ. ക്ഷോണീസൂനൊഃ ഭൂതഭുജം ഗാദ്രിദശമ്യഃ—പഞ്ചമി, അഷ്ടമി, സപ്തമി, ദശമി ഇവററാലൊന്നും കുജവാരവും കൂടുകിൽ. നേത്രക്ഷോണീനാഗനവമ്യഃ ശശിസൂനോഃ—ദ്വിതിയ, പ്രതിപദം, അഷ്ടമി, നവമി ഇവററാലൊന്നും ബുധവാരവും കൂടുകിൽ. വാഗീശസ്യ അഹസ്സുരനന്ദദ്വിപഷഷ്ഠ്യഃ—ദ്വാദശി, നവമി, അഷ്ടമി ഷഷ്ഠി ഇവററാലൊന്നും കൂടുകിൽ. കാവ്യസ്യ അക്ഷിസ്ഥാണു ദിഗംഗാഷ്ടിതൃതീയഃ—ദ്വിതീയ, ഏകാദശി, ദശമി, ഷഷ്ഠി, അഷ്ടമി, തൃതീയാ ഇവററാലൊന്നും ശുക്രവാവും കൂടുകിൽ. സൌരസ്യ ഉർവ്വീശാതി ജഗത്യഃ സനവമ്യഃ—സപ്തമി ത്രയോദശി, നവമി ഇവററാൽ ഒന്നും ശനിവാരവും കൂടുകിൽ. ഇങ്ങിനെ ഇവ ദുഷ്ടയോഗങ്ങൾ.

ഇനി രണ്ടു പദ്യങ്ങളെക്കൊണ്ടു് ദുഷ്ടമായിരിക്കുന്ന വാരതാരായോഗങ്ങളെ ചൊല്ലുന്നു.

18 പിത്ര്യയമവസുമൈത്രേന്ദ്വഗ്നി ശ്രുത്പ്പാശ്വിനീന്ദ്രൈ
ർഗ്ഗുരുജലപിതൃശ്രുത്പ്പാത്വാഷ്ട്ര മൈത്രോത്തരാഭിഃ
അഹിഗിരിശവിശാഖാശക്രപൌഷ്ണാംബുഷൾകൈ...
ർവ്വസുനികൃതിയമാശ്വി ന്യന്തഭാദ്രദ്വിദൈവൈഃ

19 ഭഗജലപതിരോഹിണ്യഗ്നിചിത്രേന്ദുരുദ്രൈ-
ർമ്മരുദജയമശ്രുർപ്പാദ്ധർക്ഷപുഷ്യാഹിചൈത്രൈഃ
രവിഗുരുഭഗമാതൃ ത്വാഷ്ട്രതോയത്രയാന്ത്യൈ-
ശ്ശുഭകൃതിഷുവിനിന്ദ്യാ വാരയോഗാഃ ക്രമേണ.

ഏതൈഃ വാരയോഗാഃ ക്രമേണശുഭകൃതിഷു വിനിന്ദ്യാഃ—ഇച്ചൊല്ലിയവററോടുള്ള ക്രമത്താലെ സൂര്യ്യാദിവാരങ്ങളോടുള്ള യോഗങ്ങളെ ശുഭകർമ്മങ്ങളിൽ വർജ്ജിക്ക. പിതൃയമവസുമൈത്രേന്ദ്വഗ്നിശ്രുർപ്പാശ്വിനീന്ദ്രൈഃ—മകം, ഭരണി, അവിട്ടം, അനിഴം, മകീരം, കാർത്തിക, വിശാഖം, അശ്വതി, തൃക്കേട്ട ഇവററാലൊന്നും സൂര്യ്യവാരവുംകൂടുകിൽ. ഗുരുജലപിതൃർശ്രുർപ്പാത്വാഷ്ട്രമൈത്രോത്തരാഭിഃ-പൂയം, പൂരാടം, മകം, വിശാഖം, ചിത്ര, അനിഴം, ഉത്തരാത്രയം ഇവററാലൊന്നും ചന്ദ്രവാരവും കൂടുകിൽ. അഹിഗിരിശവിശാഖാ ശക്രപൌഷ്ണാംബുഷൾകൈഃ—ആയില്യം തിരുവാതിര, വിശാഖം, തൃക്കേട്ട, ഇരവതി, പൂരാടം തുടങ്ങിയവ ററാലൊന്നും കുജവാരവും കൂടുകിൽ. വസുനികൃതിയമാശ്വിന്യന്ത്യഭാദ്രദ്വിദൈവൈഃ—അവിട്ടം, മൂലം, ഭരണി, അശ്വതി, ഇരവതി, പൂരട്ടാതി, വിശാഖം ഇവററാലൊന്നും ബുധവാരവും കൂടുകിൽ. ഭഗജലപതിരോഹിണ്യഗ്നിചിത്രേന്ദുരുദ്രൈഃ—ഉത്രം, ചതയം, രോഹിണി, കാർത്തിക, ചിത്ര, മകീരം, തിരുവാതിര, ഇവററാലൊന്നും ഗുരുവാരവും കൂടുകിൽ. മരുദജയമശ്രുർപ്പാദ്ധർക്ഷപുഷ്യാഹിചൈത്രൈഃ—ചോതി, രോഹിണി, ഭരണി, വിശാഖം, മകീരം, ചിത്ര, അവിട്ടം, പൂയം, ആയില്യം, മകം ഇവററാലൊന്നും ശുക്രവാരവും കൂടുകിൽ. രവിഗുരുഭഗമാതൃത്വാഷ്ട്രതോയത്രയാന്ത്യൈഃ—അത്തം, പൂയം, ഉത്രം, പുണർതം, ചിത്ര, പൂരാടം, ഉത്രാടം, തിരുവോണം; ഇരവതി ഇവററാലൊന്നും ശനിവാരവും കൂടുകിൽ. ഇച്ചൊല്ലിയവ ദുഷ്ടങ്ങളായ വാരാന്താരയോഗങ്ങൾ ആകുന്നു.

20 പഞ്ചമ്യാസഹകൃത്തികാദിനകരേ ചിത്രാദ്വിതീയേവിധൌ
രാകാധാതൃയുതാകുജേ ശശിസുതേയാമ്യാന്വിതാസപ്തമീ.
ജീവേമൈത്രയുതാത്രയോദശി തിഥിശ്രോർണാസഷഷ്ഠിർഭൃഗൌ
മന്ദേപൌഷ്ണയുതാഷ്ടമീതിഗദിതായോഗാവിഷാഖ്യാ ഇമേ.

ഇമേയോഗാഃ വിഷാഖ്യാഃ—ഇച്ചൊല്ലുന്ന യോഗങ്ങൾ വിഷയോഗങ്ങൾ. പഞ്ചമ്യാസഹകൃത്തികാദിനകരേ—രവിവാരവും, പഞ്ചമിയും, കാർത്തികയും കൂടുകിലും; ചിത്രാദ്വിതീയേവിധൌ—സോമവാരവും, ചിത്രയും, ദ്വിതീയയും കൂടുകിലും; രാകാധാതൃയുതാകുജേ—കുജവാരവും പൌർണ്ണമാവാസിയും രോഹിണിയും കൂടുകിലും; ശശിസുതേ യാമ്യാന്വിതാ സപ്തമീ—ബുധവാരവും ഭരണിയും സപ്തമിയും കൂടുകിലും; ജീവേമൈത്രയുതാത്രയോദശിതിഥിഃ—ഗുരുവാരവും, അനിഴവും, ത്രയോദശിതിഥിയും കൂടുകിലും, ശ്രോണാസഷഷ്ഠീഭൃഗൌ—ശുക്രവാരവും, തിരുവോണവും, ഷഷ്ഠിയും കൂടുകിൽ, മന്ദേപൌഷ്ണയുതാഷ്ടമീ_ശനിവാരവും, ഇരവതിയും, അഷ്ടമിയും കൂടുകിൽ, ഇവ വിഷയോഗങ്ങൾ.

21 തിഥയഃ ക്രമേണകാംസ്താ ത്രയോദശമഹീര വീഷുവസുസംഖ്യാഃ
വിധിഭഗജലഭുജഗാനലഭാദ്രയുതാ ദക്ഷലൂഞ്ജിനാമാനഃ

ദശമിയും രോഹിണിയും കൂടിയാലും, ത്രയോദശിയും ഉത്രവും കൂടിയാലും, പ്രതിപദവും പൂരാടവും കൂടിയാലും, ദ്വാദശിയും ആയില്യവും കൂടിയാലും, പഞ്ചമിയും കാർത്തികയും കൂടിയാലും, അഷ്ടമിയും പൂരട്ടാതിയും കൂടിയാലും ഇവ ദുഷ്ടയോഗങ്ങൾ.—(തിഥിനക്ഷത്രയോഗങ്ങൾ)

22 ശുഭേഷുചിത്രാദ്വയ മുത്തരാത്രയം
മൈത്രംമഘാംവൈധസമക്കനൈരൃതേ
ത്രയോദശാഗ്നിദ്വിശരാഷ്ട സപ്തമീ
തിഥ്യന്വിതാനിക്രമശോവിവർജ്ജയേൽ

ത്രയോദശാഗ്നിദ്വിശരാഷ്ട സപ്തമീതിഥ്യന്വിതാനി- ചിത്രാദ്വയം, ഉത്തരാത്രയം, മൈത്രം, മഘാം, വൈധസം, അക്കനൈരൃതേ ക്രമശഃ ശുഭേഷുവർജ്ജയേൽ—ചിത്രയും ചോതിയും ത്രയോദശിയോടു കൂടിയാലും, ഉത്തരാത്രയം തൃതീയയോടു കൂടിയാലും, അനിഴം ദ്വിതീയയോടു കൂടിയാലും, മകം പഞ്ചമിയോടു കൂടിയാലും, രോഹിണി അഷ്ടമിയോടു കൂടിയാലും. അത്തവും മൂലവും സപ്തമിതോടു കൂടിയാലും ദുഷ്ടയോഗങ്ങൾ വർജ്ജിക്കത്തക്കവയാകുന്നു.

23 മകരവണിജൌലേയേണൌസ്ത്രീയ മൌഹയകക്കടാ-
വളീമൃഗപതീ ചാപാന്ത്യൌ ഗോഝഷൌവിഷമാസ്വമീ
തിഥിഷുതുസമാസേ്വതേദഗ്ധാഭവന്തിഝഷോവൃഷ-
സ്ത്രശിഭമബലാകീടോ നക്രഃ ക്രമാദ്ദശമാന്വിതാഃ

അമീവിഷമാസുതിഥിഷു ദഗ്ധാഃ ഭവന്തി, മകരവണിജൌ ലേയേണൌ സ്ത്രീയമൌ ഹയകക്കിടൌ അളിമൃഗപതീചാപാന്ത്യൌ ഗോഝഷൌ അമീ—ദഗ്ധരാശികളെച്ചൊല്ലുന്നു—പ്രതിപദത്തുന്നാൾ മകരവും തുലാവും, തൃതീയനാൾ ചിങ്ങവും മകരവും, പഞ്ചമിനാൾ കന്നിയും മിഥുനവും, സപ്തമിനാൾ ധനുവും കക്കിടകവും, നവമിനാൾ വൃശ്ചികവും സിംഹവും, ഏകാദശിനാൾ ധനുവും മീനവും, ത്രയോദശിനാൾ ഇടവവും മീനവും, ഇവ ദഗ്ധരാശികൾ. ഝഷഃ വൃഷഃ ശശിഭം അമ്പലാ കീടഃ നക്രഃ ഏതേദശമാനപിതാഃ ക്രമാൽ സമാസുതിഥിഷു ദഗ്ധാഭവന്തി—ദ്വിതീയനാൾ മീനവും ധനുവും, ചതുൎത്ഥിനാൾ ഇടവവം കുംഭവും, ഷഷ്ഠിനാൾ കക്കിടവും മേടവും, അഷ്ടമിനാൾ കന്നിയും മിഥുനവും, ദശമിനാൾ വൃശ്ചികവും ചിങ്ങവും, ദ്വാദശിനാൾ മകരവും തുലാവും ഇവ ദഗ്ധരാശികൾ.

24 ദ്വിഗുണിതമനുമുനിതിഥയഃ കൃതിഹയതിഥിതിഥിഹരാമനു
ദ്വിതയം.
ദ്വിഗുണിതശക്വൎയ്യങ്ക ദ്വിപാഷ്ട്യഷ്ടീശകൃതിശരദ്വിപാഃ
അത്യഷ്ടീഗിരിഹരസ്വരഗിരിതിഥയോമനുയുഗേന്ദ്രയുഗബാണാഃ
ഏതത്സംഖ്യാസ്വന്ത്യാനാഡ്യോ ദസ്രാദിഭേഷുനിമ്നാഖ്യാഃ

ഇവരണ്ടു പദ്യങ്ങളേക്കൊണ്ടും താരകാനിമ്നത്തെ ചൊല്ലുന്നു.—ദസ്രാദിഭേഷു ഏതത്സംഖ്യാസു അന്ത്യാഃ നാഡ്യഃ നിമ്നാഖ്യാഃ-അശ്വതി ആദിയായുള്ള നക്ഷത്രങ്ങളിൽ ഇച്ചൊല്ലിയ ഭൂതസംഖ്യകളുടെ ഒടുവിലത്തെ ഒരു നാഴികയും താരകാനിമ്നങ്ങൾ. അശ്വതിക്കു ദ്വിഗുണമനു, ഭരണിക്ക് മുനി, കാൎത്തികക്ക് തിഥി, ഇങ്ങിനെ ക്രമത്താലെ കണ്ടുകൊൾക. ദ്വിഗുണമനു 28, മുനി 7, തിഥി 15, കൃതി 20, ഹയ 7, തിഥി 15, ഹര 11, മനുദ്വിതയം 28, ദ്വിഗുണിതശക്വരി 28, അങ്കം 9, ദ്വിപ 7, അഷ്ടി 16, അഷ്ടി 16, ഈശ 11, കൃതി 20, ശരം 5, ദ്വീപം 7, അത്യഷ്ടി 17, ഗിരി 7, ഹര 11, സ്വരം 7, ഗിരി 7, തിഥി 15, മനുയുഗം 28, ഇന്ദ്രയുഗം 28, ബാണം 5 ഇങ്ങിനെ കണ്ടുകൊൾക. അത്രാമത്തേ നാഴികക്കു നിമ്നം; കൂപമെന്നു പേർ.

25 ദ്വാഭ്യാംയുക്തസ്സപ്തവൎഗ്ഗസ്സതത്വാ
ബാണാശ്ശൈലാ ആകൃതിശ്ചദ്വിജാശ്ച
ഏതേഷ്വന്ത്യാ നാഡികാഃ കൂപസംജ്ഞാ
നന്ദാദീനാം നിന്ദനീയാ സ്തിഥീനാം.

ദ്വാഭ്യാംയുക്തഃ സപ്തവൎഗ്ഗഃ—51, സതത്വാഃ ബാണാഃ—30, ശൈലാഃ—7, ആകൃതിഃ ച—32, ദ്വിജാഃ—32, നന്ദാദീനിതിഥീനാം അന്ത്യാഃ നാഡികാ കൂപസംജ്ഞാഃ നിന്ദനീയാഃ-നന്ദയാകുന്ന തിഥിക്ക് 51 × അന്നാഴികക്ക് കൂപം, ഭദ്രക്ക് 30, അന്നാഴികക്ക് കൂപം, ജയക്ക് ഏഴാംനാഴിക കൂപം, രിക്തക്ക് 32, അന്നാഴിക കൂപം, പൂൎണ്ണക്ക് 32, ആന്നാഴിക കൂപം ഇങ്ങിനെ 'തിഥികൂപത്തെ' കണ്ടുകൊൾക.

26 * തിഥിതാരകകൂപനിമ്നനാഡീ
മഭിതോദ്വേഘടികേവിസൎജ്ജനീയേ
അവമത്യ നരസ്ത്വ ദന്തരാളേ
വിചരൻ കൂപ ഇവാപപാതമേതി.

തിഥിതാരക നിമ്നനാഡീം അഭിതഃ ദ്വേഘടികേവിസൎജ്ജനീയേ—തിഥികൂപത്തിന്റേയും താരകാനിമ്നത്തിന്റേയും രണ്ടുപുറവും ഓരോ നാഴിക വൎജ്ജിക്കേണം. അവമത്യതദന്തരാളേ വിചരൻ നരഃ കൂപേ ഇവ അപപാതം ഏതി—അതിനെ ധിക്കരിച്ചിട്ടു നിമ്നകാലത്തിലും കൂപകാലത്തിലും കൎമ്മങ്ങളെ ചെയ്യുന്നവൻ കൂപത്തിൽ വീഴാംവണ്ണം നാശത്തെ പ്രാപിക്കും. എന്നാൽ തിഥികൂപത്തെയും താരകാനിമ്നത്തെയും വൎജ്ജിക്ക. കൂപനാഡിക്കു മുമ്പേപിമ്പേ 2 നാഴിക. എന്നും പക്ഷമുണ്ടു്.

27 ശനൈശ്ചരാത്സപ്തമമൃക്ഷമാഹുഃ
കാളം ബുധാസ്തം കഥയന്ത്യഥാന്യേ
അൎക്കാദിവാരേഷ്വപിഭ്രരസേന്ദു–
നേത്രാംബുരാശീക്ഷണ സംഖ്യമംശകം

ബുധാഃ ശനൈശ്ചരാൽ സപ്തമം ഋക്ഷം കാളമാഹുഃ—ശനി നിന്ന നക്ഷത്രത്തിന്റെ ഏഴാം നക്ഷത്രത്തെ ബുധന്മാർ കാളമെന്നു ചൊല്ലുന്നു. 20-ാമത്തേതു് ഗണ്ഡമെന്നും. അഥഅന്യേ അൎക്കാ ദിവാരേഷു അപി ഭ്രരസേന്ദുനേത്രാംബുരാശീക്ഷണസംഖ്യം അംശംതം കഥയന്തി—പിന്നെ മററുചിലർ അൎക്കാദിവാരങ്ങളിൽ ഇച്ചൊല്ലിയ അംശത്തെ $3\frac{3}{4}$ നാഴികയെ കാളമെന്നും ചൊല്ലുന്നോർ. ആദിത്യവാരത്തുന്നാൾ, എട്ടാമംശം ചന്ദ്രവാരത്തുന്നാൾ, നടത്തെ അംശം കുജവാരന്നാൾ. ആറാമംശം ബുധ

* ഋക്ഷകൂപേധ്രുവം മൃത്യുഃ തിഥികൂപേ ധനക്ഷയഃ
തസ്മാൽ കൂപം പരിത്യജ്യ കൎമ്മാഭ്യുദയമാപ്നുയാൽ,
ഇതി ഗാൎഗ്ഗ്യഃ

വാരത്തുന്നാൾ, നടെത്തെ അംശം ഗുരുവാരത്തുന്നാൾ, രണ്ടാമംശം ശുക്രവാരത്തുന്നാൾ, നാലാമംശം ശനിവാരത്തുന്നാൾ, രണ്ടാമംശം, ചിലർ ഇച്ചൊല്ലിയ അംശങ്ങളെ കാളമെന്നു ചൊല്ലുന്നു.

23 ചക്രാർദ്ധവ്യതിപാതമാഹുരിഹതച്ഛിഷ്ടം യദൃക്ഷംരവൌ
പാതെത്ഥാനാംശകതോംശകാർദ്ധസഹിതാത്ത്യക്തെത്രയോ
വിംശതേഃ
അന്യേയാവദിനാത്ഭവത്യദിതിഭംതാവത്തതസ്തംവിദുഃ
കേചിത്തം സമയേസ്വകീയ ഗണിതപ്രാപ്തേ വിനിശ്ചിന്വതേ.

അംശകാർദ്ധസഹിതാൻ ത്രയോവിംശതേഃ പാത്ഥാനാം ശകതഃ രവൌത്യക്തേയൽ ഋക്ഷം ശിഷ്ടമിഹതൽ—ചക്രാർദ്ധവ്യതിപാതകം ആഹുഃ—

അഞ്ചുരാശിയും ഇരിപത്തിമൂന്നര തിയ്യതിയും വെമ്പ അതിൽ ആദിത്യസ്ഫുടംകളഞ്ഞാൽ യാതൊരു നക്ഷത്രം വരുന്നത് അതിനെ ചക്രാർദ്ധവ്യതിപാതകം എന്നു ചൊല്ലുന്നു. അന്യേ ഇനാൽ അദിതിഭം യാവൽ തതഃ താവൽതം വിദുഃ—അക്കൻ നിന്നനാൾതൊട്ടെണ്ണിയാൽ എത്രാമതപുണർതം തൊട്ട് അത്രാംനക്ഷത്രത്തെ മററു ചിലർ അതിനെ ചക്രാർദ്ധ വ്യതിപാതമെന്നു ചൊല്ലുന്നോർ.

കേചിൽ സ്വകീയ ഗണിത പ്രാപ്തേ സമയേതാ വിനിശ്ചിന്വതേ—ചിലർ സ്വപക്ഷത്തിങ്കലേ ഗണിതംകൊണ്ടുവന്ന കാലത്തിങ്കൽ അതിനെ നിശ്ചയിക്കുന്നോർ.

29 യത്രചക്രാർദ്ധയോഗോഭവേത്തദിനം
ദാനയോഗ്യം ശുഭേഷൂത്സൃജേൽകർമ്മസു
തച്ചതസ്മാദധശ്ചോത്തരംചാശുഭം
വാസരാണാം ത്രയംകേചിദാചക്ഷതേ

യത്രചക്രാർദ്ധയോഗഃ ഭവേൽതദ്ദിനം ദാനയോഗ്യംശുഭേഷുകർമ്മസു ഉത്സൃജേൽ—യാതൊരു ദിവസം ചക്രാർദ്ധയോഗംഉണ്ടാകുന്നു. ആ ദിവസം ദാനയോഗ്യം; തൽചതസ്മാൽ അധഃച ഉത്തരംച വാസരാണാം ത്രയം അശുഭം—അദ്ദിവസവും അതിന്റെ നടത്തേദിവസവും ശുഭകർമ്മങ്ങൾക്കയോഗ്യമല്ല എന്നുചൊല്ലുന്നോർ ചിലർ, അതു കേഷാംചിൽ പക്ഷം കേചിൽ ആ ചക്ഷതേ.

30 അക്ക്ഷോണീസുതാഭ്യാംഭവതിഗണനയാനൈരൃതംയാവദസ്മാൽ
താവത്യൌ താരകേഭേക്രമശ ഇഹമതേ
കണ്ടകസ്ഥൂണസംജ്ഞേ
ആഭ്യാമാമൂലസംഖ്യദ്വയയുതിഗണിതഃ കണ്ടകസ്ഥൂണനാമാ
രക്തസ്ഥൂണാവശിഷ്ടഃ ക്ഷിതിസുതരഹിതേ സിംഹധൃത്യം
ശകേസ്യാൽ

അക്ക്ഷോണീസുതാഭ്യാംഗണ നയായാവൽ നൈരൃതം ഭവതി, അസ്മാൽ താവത്യൌഭേതാരകേ ഇഹക്രമശഃ കണ്ടക,സ്ഥൂണസംജ്ഞേ മതെ—ആദിത്യൻ നിന്ന നക്ഷത്രമാദിയായിട്ട് മൂലത്തോളമെണ്ണിയാൽ എത്ര സംഖ്യ ഉണ്ടാകുന്നു. മൂലന്തൊട്ട് അത്രാംനക്ഷത്രം കണ്ടകമാകുന്നതു്, കുജന്നിന്ന നക്ഷത്രമാദിയായിട്ട് മൂലത്തോളമെണ്ണിയാലെത്ര സംഖ്യ ഉണ്ടാകുന്നു, മൂലം തൊട്ട് അത്രാംനക്ഷത്രം സ്ഥൂണമാകുന്നതു്, ആഭ്യാം ആമൂലസംഖ്യാദ്വയയുതിഗുണിതഃ കണ്ടികസ്ഥൂണനാമാ—ആദിത്യങ്കൽ നിന്ന മൂലത്തോളവും കുജങ്കൽനിന്ന മൂലത്തോളവും എണ്ണിയ സംഖ്യ രണ്ടും കൂട്ടിയാൽ എത്ര ഉണ്ടാകുന്നു, മൂലംതൊട്ടത്രാമതും കണ്ടികസ്ഥൂണം സിംഹധൃത്യംശകേക്ഷിതിസുതരഹിതേ അവശിഷ്ടഃ രക്തസ്ഥൂണഃ സ്യാൽ—ഞ്ജിനദഃ കവിഃ എന്നുവെച്ച് അതിൽ കുജസ്ഫുടം വാങ്ങിയാൽ ശേഷിച്ചതിന്നു വരുന്ന നക്ഷത്രം രക്തസ്ഥൂണം.

31 വ്യയേർക്കോരാഹുർവ്വാരിപുനിധനയോശ്ശീതകിരണ-
ശ്ശുഭേഭൌമസ്സൌമ്യോ നഭസിരിപുവൃത്യോസ്സുരഗുരുഃ
കവിർദ്ധ്യസ്യദ്യൂനേവസതിതനയേ സൂര്യതനയോ
ഗൃഹംതന്മൃത്യ്വാഖ്യംനിഖില ശുഭകാര്യേഷുവിസൃജേൽ.

യാതൊരു രാശിക്ക് പന്ത്രണ്ടാമിടത്തു ആദിത്യന്താൻ രാഹുതാൻ ആറാമിടത്തു ചന്ദ്രന്താൻ, അഷ്ടമത്തിൽ ചന്ദ്രന്താൻ ഒമ്പതാമിടത്തു കുജൻ പത്താമിടത്തു ബുധന്താൻ, ആറാമിടത്തു ഗുരുതാൻ, അഷ്ടമത്തിൽ ഗുരുതാൻ, ഏഴാമിടത്തു ശുക്രന്താൻ, അഞ്ചാമിടത്ത് ശനിതാൻ ഉണ്ടായിരിക്കുന്നു. ആ രാശി മൃത്യുരാശി സർവ്വകർമ്മങ്ങളിലും വർജ്ജിക്ക.

32 ദസ്രേശ്ചിത്രാശ്ശൂർപ്പശക്രാംബുവിഷ്ണു
ക്ഷീരാധിശാബുദ്ധ്നിദസ്രാന്തകാശ്ച
ധാതാരുദ്രോഽദവ സൂരപ്യജാദ്യൈ-
ർമ്മാസൈര്യുക്താവത്സരാദ്ധേ്നമൃത്യും

ഏതേ അജാദ്യൈഃ മാസൈഃ യുക്താഃ വത്സരാർദ്ധേനമൃത്യുദാഃ— മേഷമാസത്തിൽ ചിത്ര, ഇടവമാസത്തിൽ വിശാഖം, മിഥുനമാസത്തിൽ തൃക്കേട്ടക, കർക്കടകമാസത്തിൽ പൂരാടം, ചിങ്ങമാസത്തിൽ തിരുവോണം, കന്നിമാസത്തിൽ ചതയം, തുലാമാസത്തിൽ ഉത്രട്ടാതി, വൃശ്ചികമാസത്തിൽ അശ്വതി, ധനുമ്മാസത്തിൽ ഭരണി, മകരമാസത്തിൽ രോഹിണി, കുംഭമാസത്തിൽ തിരുവാതിര, മീനമാസത്തിൽ പുണർതം, ഇച്ചൊല്ലിയ നക്ഷത്രങ്ങളിൽ ശുഭക്രിയചെയ്താൽ ആറുമാസത്തിനകം മരണം ഫലം.

33 ഗുരുരാഹ, ഭാസ്കരാദീന്വാരാംസ്ത്രിഘ്നാൻ വിശോധയേൽ ഭഗണാൻ
ശേഷേ നവരവിരസമിതതാരാഃ കാണദ്വിലോചനാന്ധാഖ്യാഃ

ഗുരുഃ ആഹ—ബൃഹസ്പതി ചൊല്ലുന്നു—ഭാസ്കരാദീൻ വാരാൻ ത്രിഘ്നാൻ ഭഗണാൽ വിശോധയൽ—ആദിത്യവാരം തുടങ്ങി അന്നേവാരത്തോളം എണ്ണി ഉണ്ടായ സംഖ്യയെ മൂന്നിൽ ഗുണിച്ചു ഇരുപത്തേഴിൽ കളക—ശേഷേ നവ, രവി, രസ, മിതതാരാഃ—കാണ, ദ്വിലോചനാ, ന്ധാഖ്യാഃ—ശേഷം ഒന്നുതുടങ്ങി ഒമ്പതോളവും ഒരു മിഴി, പത്തുതുടങ്ങി ഇരുപത്തൊന്നോളവും രണ്ടുമിഴി, ഇരുപത്തുരണ്ടുതുടങ്ങി ഇരുപത്തേഴോളവും അന്ധങ്ങൾ.

34 അർക്കാരൂഢ ഭനാഡികാമു ദയതോ രാമാഗ്നിഷൾതാരകാ-
നാഡ്യോദ്വ്യൈകദൃഗക്ഷിയുഗ്മകലിതാഃ കണാസ്തതിസ്രഃ പരാഃ
വാരാൻ ഭാനിചതദ്ദിനാന്തമഭിയുജ്യാംകാപ്തശിഷ്ടാസ്സദൃ-
ക്കാണാന്ധായുഗലോകലോചനമിതാസ്താരാഃ പ്രദിഷ്ടാഃ പരൈഃ

അർക്കാരൂഢഭനാഡികഃ ഉദയതഃ രാമാഗ്നിഷൾതാരകാഃ നാഡ്യഃ ദ്വ്യൈകദൃഗക്ഷിയുഗ്മകലിതാഃ—ആദിത്യൻ നിന്ന നക്ഷത്രത്തിന്റെ രണ്ടുപുറവും കീഴും മേലും രാമതാരാദികൾ എന്ന നൂറെറൺപതുനാഴിക കഴിവോളമുള്ള നക്ഷത്രങ്ങൾ അന്ധങ്ങൾ, പിന്നെ അതിന്റെമേൽ രണ്ടുപുറവും നൂറെറൺപതു നാഴിക കഴിവോളമുള്ള നക്ഷങ്ങൾ ഏകനേത്രങ്ങൾ, പിന്നെ അതിന്റെമേൽ മുന്നൂറററുപതു നാഴിക കഴിവോളമുള്ള നക്ഷത്രങ്ങൾ ദ്വിലോചനങ്ങൾ, പരാഃ തിസ്രഃ കാണാഃ—പിന്നെ ശേഷിച്ച നൂറെറണ്പത്തുനാഴികയുടെ നക്ഷത്രങ്ങൾ ഏകനേത്രങ്ങൾ ഇങ്ങിനെ അർക്കന്റെ മിഴി—പിന്നെ ചന്ദ്രന്റെമിഴി ചൊല്ലുന്നു—വാരാൻ ഭാനിചതദ്ദിനാന്തം അഭിയുജ്യ അംകാപ്തശിഷ്ടാഃ യുഗലോക ലോചനമിതാഃ താരാഃ സദൃക്കാണാന്ധാഃ പരൈഃ പ്രദിഷ്ടാഃ —ആദിത്യവാരമാദി ആയി അന്നേ

യോളമുള്ള വാരവും അശ്വതി ആദിയായി അന്നേയോളമുള്ള നക്ഷത്രങ്ങളും എണ്ണിക്കൂട്ടി ഒമ്പതിൽ ഹരിച്ചുശേഷം നാലിന്നുരണ്ടു മിഴി, മൂന്നിന്നു ഒരുമിഴി, രണ്ടിന്നു ഒരുമിഴിയുമില്ല.

ഉഷ്ണശിഖചൊല്ലുന്നു.

35 അശ്വിന്യാദിഷുഭേഷ്വജാളിമകരപ്രാപ്താംശകാന്തേക്രമാ-
ദംശാൽസ്മരബാണരന്ധ്രഘടികാസ്തദ്വദ്വിശാഖാദിഷു
മേഷാംശസ്യമുഖേഷ്ടകോർപ്പിമൃഗയോരംശാവസാനേഷ്ടദി-
ങ്നാഡീരുഷ്ണശിഖാഹ്വയാഃ പരിഹരേത്സർവ്വേഷു
കാര്യേഷ്വപി

അശ്വിന്യാദിഷു ഭേഷു അജാളിമകര പ്രാപ്താംശകാന്തേക്രമാൽ അംശാൽസ്മരഭാഗാ രന്ധ്രഘടികാഃ ഉഷ്ണശിഖാഹ്വയാഃ—അശ്വിന്യാദി നക്ഷത്രങ്ങളിൽ എല്ലാടത്തും വരുന്ന മേഷാംശത്തിന്നു ഏഴരനാഴികക്കമേൽ ഉള്ളേടം ഉഷ്ണശിഖ, വൃശ്ചികാംശത്തിന്നു പത്തുനാഴികക്കമേൽ ഉഷ്ണശിഖ, മകരാംശത്തിന്നു ആറുനാഴികക്കമേലേടം ഉഷ്ണശിഖ ഇങ്ങിനെ ചോതിയോളം വിശാഖാദികളിൽ, മേഷാംശസ്യമുഖേ അഷ്ട—മേഷാംശത്തിന്നാദിയിലെട്ട്, കോർപ്പിമൃഗയോഃ അംശാവസാനേ അഷ്ടദിങ്നാഡീഃ—വൃശ്ചികാംശത്തിൽ ഒടുക്കത്തിലെട്ടു, മകരാംശത്തിൽ ഒടുക്കത്തിൽ പത്തുനാഴിക, തദ്വൽവിശാഖാദികളിൽ ഇച്ചൊല്ലിയ നാഡികൾ ഉഷ്ണശിഖ, ഇതിനെ സർവ്വകാര്യങ്ങളിലും വർജ്ജിക്ക.

36 ഋക്ഷാത്സൂര്യ്യാത്മജാക്രാന്താ
ദ്വിംശം ഗണ്ഡം പ്രചക്ഷതേ
ദ്വിചത്വാരിംശദിത്യുക്താ
ദോഷാഃ സ്ത്യാജ്യാശ്ശുഭേഷ്വമീ

സൂര്യ്യാത്മജാക്രാന്താൽ ഋക്ഷാൽ വിംശംഗണ്ഡം പ്രചക്ഷതേ, ശനി നിന്ന നക്ഷത്രത്തിന്റെ ഇരുപതാം നക്ഷത്രം ഗണ്ഡമാകുന്നത്, ഇതി ഉക്താഃ ദ്വിചത്വാരിംശദ്ദോഷാ അമീ ശുഭേഷു ത്യാജ്യാഃ—ഇങ്ങിനെ ചൊല്ലിയ നാല്പത്തിരണ്ടു ദോഷങ്ങളും ശുഭകർമ്മങ്ങളിൽ വർജ്ജിക്കേണം.

37 കർത്തൃജന്മാദികാ സ്താരകാഃ കീർത്തിതാ
ജന്മസംപദ്വിപൽ ക്ഷേമകൃൽപ്രത്യരഃ
സാധകോഥോവധോമൈത്ര മന്യൽപരം
മൈത്രമിത്യേവമന്യാഃ പുനശ്ചക്രമാൽ

കർത്തൃജന്മാദികാ ഏവാ കീർത്തിതാഃ—കർത്താവിന്റെ ജന്മനക്ഷത്രമാദിയായുള്ളവററിന്നു ക്രമത്താലെ ഇങ്ങിനെ നാമങ്ങൾ ജന്മ, സമ്പൽ, വിപൽ, ക്ഷേമകൃൽ, പ്രത്യരം, സാധകം, വധം, മൈത്രം, പരമമൈത്രം, ഇങ്ങിനെ, പിന്നെ ദ്വിതീയ ജന്മനക്ഷത്രത്തിങ്കൽ നിന്നു മിങ്ങിനെ. തൃതീയ ജന്മർക്ഷത്രത്തിംകൽ നിന്നുമിങ്ങിനെ.

40 ജന്മവിപൽ പ്രത്യരവധ ജന്മാഷ്ടമരാശി താരകാസ്ത്യാജ്യാഃ
സാഷ്ടമഗ്രഹാശ്ശുഭേഷു ത്യജന്തിഷഷ്ഠവ്യയൌ ചാന്യേ

ജന്മനക്ഷത്രവും, വിപന്നനക്ഷത്രവും, പ്രത്യരനക്ഷത്രവും, വധനക്ഷത്രവും ജന്മാഷ്ടമരാശിക്കൂറും, ജന്മാഷ്ടരാശിയും ലഗ്നാഷ്ടമരാശിയും സർവ്വകർമ്മങ്ങളിലും വർജ്ജിക്ക. അന്യേഷഷ്ഠവ്യയൌചത്യജന്തി—മററു ചിലർ ഷഷ്ഠവ്യങ്ങളേയും ത്യജിക്കുന്നോർ.

41 അഷ്ടാശീതിതമോംശോയസ്മിൻ ജന്മാദിഗണ നയാഭവതി
വൈനാശികം തദൃക്ഷം ത്യജന്തികേചിത്തമേവാംശം

അസ്മിൻജന്മാദിഗണ നയാഅഷ്ടാശീതിതമഃ അംശഃ ഭവതി—തദൃക്ഷം വൈനാശികംത്യജന്തി—കർത്താവിന്റെ ജന്മനവാംശമാദിയായി എണ്ണീട്ട് എണ്പത്തെട്ടാം നവാംശം യാതൊരു നക്ഷത്രത്തിന്മേൽ വരുന്നു അന്നക്ഷത്രം 'വൈനാശിക' നക്ഷത്രം അതിനെ ഒക്ക വർജ്ജിക്കുന്നോർ ചിലർ. കേചിൽ തംഅംശമേവത്യ ജന്തി—ചിലർ ആ അംശമേ വർജ്ജിക്കുന്നോർ.

42 സംപ്രാപ്തേപരിഘാദി യോഗനവകേ പൈത്രാഹി പുഷ്യാദിതി
ത്വാഷ്ട്രേഭ്യോശ്വിഭതസ്തുഷാരരുചിഭാന്മൂലാച്ചമൈത്രാദപി
പ്രാക്പശ്ചാച്ചയഥാക്രമം വിഗണിതേ താരാഗണൈസ്സംഖ്യയാ
ചന്ദ്രാക്കാശ്രിതതാരകേ യദിസമേദോഷോയമേകാർഗ്ഗളഃ

പരിഘാദിയോഗനവകേ സംപ്രാപ്തേപൈത്രാഹി പുഷ്യാദിതിത്വാഷ്ട്രേഭ്യഃ അശ്വിഭതഃ തുഷാരരുചിഭാൽ മൂലാൽ ചമൈത്രാൽ അപി പ്രാക് പശ്ചാൽ ചയഥാക്രമം താരാഗണേ വിഗണിതേ ചന്ദ്രാക്കാശ്രിത താരകേ സംഖ്യയാ സമേയദി ഏകാർഗ്ഗളഃ അയംഃ ദോഷഃ ഭവതി-ചന്ദ്രാക്കയോഗം ചെയ്താൽ പരിഘാദിദുഷ്ടനിത്യയോഗങ്ങൾ ഒമ്പതുവന്നാൽ പൈത്രാദി നക്ഷത്രങ്ങളൊമ്പതും തൊട്ട ക്രമത്തിന്നുതക്കവണ്ണം മേൽപ്പോട്ടും കീഴ്പ്പോട്ടും ചന്ദ്രന്നിന്നോളവും എണ്ണിയാ സംഖ്യകൊണ്ടു ചന്ദ്ര

ന്നിന്നനാളും അക്കന്നിന്നനാളും ഒമ്പതുവരികിൽ ഇതു് ഏകാർഗ്ഗങ്ങളുമാകുന്ന ദോഷം. പരിഘത്തിന്നു മകം, വ്യതീപാതത്തിന്നു ആയില്യം, വജ്രത്തിന്നു പൂയം, വ്യാഘാതത്തിന്നു പുണർതം, വൈധൃതത്തിന്നു ചിത്ര, വിഷ്കംഭത്തിന്നു അശ്വതി, ശൂലത്തിന്നു മകീരം, ഗണ്ഡത്തിന്നു മൂലം അതിഗണ്ഡത്തിന്നു അനിഴം, ഇങ്ങിനെ ക്രമം.

43 കുംഭാന്ത്യവൃഷവീണാജസ്ത്രീകീടവണിഗശ്വിനഃ
കർക്കീമൃഗോമൃഗേന്ദ്രശ്ചചൈത്രാദൌശൂന്യരാശയഃ

ചൈത്രമാസത്തിൽ കുംഭം ശൂന്യരാശി, വൈശാഖമാസത്തിൽ മീനം, ജ്യേഷ്ഠമാസത്തിൽ ഇടവം, ആഷാഢമാസത്തിൽ മിഥുനം, ശ്രാവണമാസത്തിൽ മേടം, ഭാദ്രപദമാസത്തിൽ കന്നി, ആശ്വയുജമാസത്തി വൃശ്ചികം, കാർത്തികമാസത്തിൽ തുലാം, മാർഗ്ഗശിരമാസത്തിൽ ധനുരാശി, പൌഷമാസത്തിൽ കർക്കടകം, മാഘമാസത്തിൽ മകരം ഫൽഗുനമാസത്തിൽ ചിങ്ങം ഇവ ശൂന്യരാശികൾ.

44 കാദ്യേവിശ്വാഖ്യേ ചിത്രാപവനഭ മദിതിംഭാഗ്യവസ്വൃക്ഷകേവാ
വിശ്വർക്ഷേവാരുണാന്ത്യേശക്രതി മിതഭംസൌമ്യ
പിതൃഗ്നിപുഷ്യാം
ബുധ്നർക്ഷൈന്ദ്രാഗ്നിമിത്രാൻ പ്രഥമരവി ശിവാൻ
വിഷ്ണുമൂലേയമേന്ദ്രൌ
ശൂന്യാസ്താരാഃ ക്രമേണത്യജതുപദമിതാമാസ്സുചൈത്രാദികേഷു

ചൈത്രാദികേഷുമാസ്സുക്രമേണപദമിതാശ്ശൂന്യാഃ താരാഃ ത്യജതുഃ—ചൈത്രാദിമാസങ്ങളിൽ ക്രമത്താലെ പദമിതങ്ങളായിരിക്കുന്ന ഇന്നക്ഷത്രങ്ങളെ വർജ്ജിക്ക. കാദ്യേ ചൈത്രമാസത്തിൽ രോഹിണിയും അശ്വതിയും വർജ്ജിക്ക, ചിത്രാഖ്യേവിശ്വാനിലഭം—വൈശാഖമാസത്തിൽ ചിത്രയും, പൂയവും, ഉത്രാടവും, ചോതിയും അമരസ്യഃ—ജ്യേഷ്ഠമാസത്തിൽ പുണർതം ഭാഗ്യവസ്വൃക്ഷകേ—ആഷാഢമാസത്തിൻ ഉത്രാടവും അവിട്ടവും. പാഖ്യേവിശ്വർക്ഷേ—ശ്രാവണമാസത്തിൽ പൂരാടവും ഉത്രാടവും വാരുണാന്ത്യേ—ഭാദ്രപദമാസത്തിൽ ചതയവും ഇരവതിയും, ശക്രതമിതഭം—ആശ്വയുജമാസത്തിൽ മകീര്യവും പൂരാടവും, സോമപിതൃഗ്നിപുഷ്യാൻ—കാർത്തികമാസത്തിൽ മകീരവും കാർത്തികയും പൂയവും, ബുധ്നർക്ഷൈന്ദ്രാഗ്നിമിത്രാൽ—മാർഗ്ഗശീഷമാസത്തിൽ ഉത്രട്ടാതി, വിശാഖം, അനിഴം. പ്രഥമരവിശിവാൻ—പൌഷമാസത്തിൽ അശ്വതി അത്തം

തിരുവാതിരയും. വിഷ്ണുമൂലേ—മാഘമാസത്തിൽ തിരുവോണവും മൂലവും. യമേന്ദ്രൌ—ഫാൽഗുനമാസത്തിൽ ഭരണിയും തൃക്കേട്ടയും ഇവ ശൂന്യനക്ഷത്രങ്ങൾ.

45 ഷൾബാണാർക്കകലാദ്രിപങ്ക്ത്യുദധിദിഗ്ധാത്രീമഹേശസ്വര-
ക്ഷോണീലോചനപാവകാഷ്ട നവസംഖ്യാതേഷുമാസേഷ്വപി-
ശൂന്യാഖ്യാഃ പ്രഥമാദികാസ്തിഥയഃ പക്ഷേസിതേകീർത്തിതാ
സ്ത്യാജ്യാഃ പഞ്ചദശക്രമേണഖലുതാഃ കൃഷ്ണേദ്വിതീയാദയഃ

ഷൾ-ഭാദ്രപദമാസത്തിൽ പൂർവ്വപക്ഷത്തിൽ പ്രതിപദം, അപരപക്ഷത്തിൽ ദ്വിതിയ, ബാണ ശ്രാവണമാസത്തിൽ പൂർവ്വപക്ഷത്തിൽ ദ്വിതീയ, അ-തൃതീയ അർക്ക-ഫാൽഗുനമാസത്തിൽ പൂ-തൃതീയ, കൃഷ്ണചതുർത്ഥി കലാദ്രി-ആശ്വയുജമാസത്തിൽ ശുക്ക് ചതുർത്ഥി, കൃഷ്ണപഞ്ചമി, പങ്ക്തിഃ-പൌഷമാസത്തിൽ ശുക്ല പഞ്ചമി, കൃഷ്ണഷഷ്ഠി, ഉദധിഃ-ആഷാഢമാസത്തിൽ ശുക്ല ഷഷ്ഠി, കൃഷ്ണസപ്തമി; ദിക്-പൌഷമാസത്തിൽ ശുക്ല സപ്തമി, കൃഷ്ണാഷ്ടമി, ധാത്രി-ചൈത്രമാസത്തിൽ ശുക്ലാഷ്ടമി കൃഷ്ണനവമി, മഹേശഃ—മാഘമാസത്തിൽ ശുക്ല നവമി, കൃഷ്ണദശമി, സ്വരഃ—അശ്വയുജമാസത്തിൽ—ശുക്ല ദശമി, കൃഷ്ണൈകാദശി, ക്ഷോണീ—ചൈത്രമാസത്തിൽ ശുക്ലൈകാദശി, കൃഷ്ണദ്വാദശി. ലോചന-വൈശാഖമാസത്തിൽ ശുക്ലദ്വാദശി, കൃഷ്ണത്രയോദശി. പാവകഃ—ജ്യേഷ്ഠമാത്തിൽ ശുക്ല ത്രയോദശി, കൃഷ്ണചതുർദ്ദശി, അഷ്ട—കാർത്തികമാസത്തിൽ ശുക്ല ചതുർദ്ദശി, കൃഷ്ണപഞ്ചദശി, മാർഗ്ഗശീർഷമാസത്തിൽ ശുക്ല പഞ്ചദശി, കൃഷ്ണപ്രതിപദം ഇവ ശൂന്യതിഥികൾ.

46 പൌഷോമാസശ്ശൂന്യഇതികൈശ്ചിദ്ദേശേഷുകേഷുചിൽ
വർജ്യതേശുഭകാര്യേഷുവിവാഹേതു വിശേഷതഃ

കേഷുചിൽ ദേശേഷുകൈശ്ചിൽപൌഷഃ മാസഃശൂന്യ ഇതിശുഭകാര്യേഷുകേഷു വർജ്യതേ—ചിലദേശങ്ങളിൽ ചിലരാൽ പൌഷമാസംശൂന്യനെന്നിട്ട ശുഭകാര്യങ്ങളിൽ വർജ്ജിക്കപ്പെടുന്നു. വിവാഹേതുവിശേഷതഃ—വിവാഹത്തിന്നു വിശേഷിച്ചും ത്യജിക്ക. ധനുമാസം എന്നർത്ഥം

47 ഗ്രഹൈരനിന്ദ്വിന്ദുജഭാർഗ്ഗവൈര്യുൽ.
ന്മുക്തംചയുക്തംച യിയാസിതംച
ക്രമേണദഗ്ധംജ്വലിതംതദൃക്ഷം
ധൂമായമാനംച ശുഭേഷുജഹ്യാൽ

അനിന്ദ്വീന്ദുജ ഭാർഗ്ഗവൈഃ ഗ്രഹൈഃ മുക്തംച യിയാസിതംചയൽ ക്രമേണ ദഗ്ധംജ്വലിതം ധൂമായമാനം തൽ ഋക്ഷംശുഭേഷുജഹ്യാൽ—ചന്ദ്രനും, ബുധനും, ശുക്രനും ഒഴിച്ചുള്ളഗ്രഹങ്ങൾ ഇട്ടുകളഞ്ഞരാശിദഗ്ധരാശി നിന്നരാശി ജ്വലിതംചെല്ലുവാനിരിക്കുന്നതധൂമായമാനം ഇവ ശുഭകാര്യങ്ങളിൽ വർജ്ജിക്ക.

48 ഭൌമാൽഷോഡശസപ്തതത്വമനവോജ്വാലാഗുരോരങ്കഭം
വ്യാധിഃ കാന്തിമതോഷ്ടസംകൃതിധൃതിരാഹ്നേർമ്മഹാകണ്ടകം
പാതാൽ പഞ്ചമമീശ്വരാശ്ചപരിഘശ്ശുക്രാച്ചതിഥ്യദ്രയോ
ർദ്വേഷസ്സൂര്യസുതാദ്ദശർത്തുകൃതയഃ ഖണ്ഡഃ സ്മൃതഃ പണ്ഡിതൈഃ

ഭൌമാൽഷോഡശസപ്തതത്വമനവഃ ജ്വാലാ—കുജന്നിന്ന നക്ഷത്രമാദിയായി പതിനാറ് ഏഴ് ഇരിപത്തിനാലു പതിനാലാംനാളും ഇവറിന്നുജ്വാല എന്നു പേർ. ഗുരോഃ അംകഭം വ്യാധിഃ—ഗുരുനിന്ന നക്ഷത്രമാദി ആയി ഒമ്പതാന്നക്ഷത്രം വ്യാധി. കാന്തിമതഃ അഷ്ടസംകൃതിധൃതിമഹാകണ്ടകം ആഹ്നഃ—ബുധന്നിന്ന നക്ഷത്രമാദിയായി എട്ടാമതിനേയും 24-ാമതിനേയും പതിനെട്ടാമതിനേയും മഹാ കണ്ടകമെന്നു പറയുന്നു. പാതാൽ ഈശ്വരാഃച പഞ്ചമംപരിഘഃ—രാഹുനിന്നനാളും ആദിയായി അഞ്ചാമതും 11-ാമതും പരിഘം. ശുക്രാൽ ചതിഥ്യദ്രിയോഃ ദ്വേഷഃ—ശുക്രന്നിന്ന നക്ഷത്രമാദി ആയി പതിനഞ്ചാമതും ഏഴാന്നക്ഷത്രവും ദ്വേഷമാകുന്നതു്. സൂര്യസുതാൻ ദശർത്തുകൃതയഃ-പണ്ഡിതൈഃ ഖണ്ഡഃ സ്മൃതഃ ശനി നിന്നനക്ഷത്രമാദി ആയിപത്താമതും ആറാമതും ഇരിപതാമതും ഇവ ഖണ്ഡമാകുന്നതു്.

49 സൌരോരാശിഷു സൂര്യസംക്രമണ തശ്ചാന്ദ്രസ്സദർശാവധി
ർവ്വിജ്ഞേയസ്സിതപക്ഷപക്ഷതിമുഖസ്ത്രീംശദ്ദിനസ്സാവനഃ
നാക്ഷത്രശ്ശശിമണ്ഡലാദിതിമതാമാസാശ്ചതുർദ്ധാക്രമാ
ദന്ത്യേഹസ്ത്യയമാദ്യയോശ്ചരമയോർദ്ദ്വിക് പഞ്ചനാഡീസ്ത്യജേൽ

സൌരഃ രാശിഷുസൂര്യസംക്രമണതഃ—രാശികളെ സൂര്യസംക്രാന്തികൊണ്ടു സൌരമാസം, ചാന്ദ്രഃതുസിതപക്ഷപക്ഷതിമുഖഃ ദർശാവധി വിജ്ഞേയഃ—ശുക്ല പ്രതിപദമാദി ആയി അമാവാസ്യ അന്തമായതു് ചാന്ദ്രം. ത്രിംശദ്ദിനഃ സാവനഃ—മുപ്പതു ദിവസം കൂടിയതു സാവനം. നാക്ഷത്രഃ ശശിമണ്ഡലാൽ—ചന്ദ്രൻ പന്ത്രണ്ടുരാശിയിലും നടന്നു കൂടിയാൽ നാക്ഷത്രം. ഇങ്ങിനെ നാലുപ്രകാരം മാസങ്ങൾ. ആദ്യയോ

അന്ത്യേ അഹസ്ത്ര്യയം ത്യജേൽ—സൌരത്തിന്നും ചാന്ദ്രത്തിന്നും അന്ത്യത്തിങ്കൽ മൂന്നുദിവസം വർജ്ജിക്ക. ചരമയോഃ ദിക്പഞ്ചനാഡിഃ ത്യജേൽ—സാവനത്തിന്നും നാക്ഷത്രത്തിന്നും അന്ത്യത്തിങ്കൽ പതിനഞ്ചുനാഴിക വർജ്ജിക്ക.

50 അർക്കേ സ്ഥിരാൻ വിശതി വിഷ്ണുപദാഭിധാനാ
* സ്തേഭ്യഃ പരം സ്യുഷഡശീതിമുഖാശ്ചതസ്രഃ
സംക്രാന്തയ സ്ത്വജമൃഗാനനതൌലികർക്കീൻ
ജ്ഞേയാഃ ക്രമാദുദവാഗ്വിഷുവായനനാഖ്യാഃ

അർക്കേ സ്ഥിരാൻ വിശതി വിഷ്ണുപദാഭിധാനാഃ—അർക്കൻ സ്ഥിരരാശിയിൽ പൂകുമ്പോൾ നാലു സംക്രാന്തികളും വിഷ്ണുപദസംക്രാന്തികൾ. അജമൃഗാനന തൌലികർക്കീൻ ക്രമാൽ ഉദഗവാഗ്വിഷുവായനാഖ്യഃ-ആദിത്യൻമേടത്തിലകത്തു പൂകുന്ന സംക്രാന്തി ഉദഗ്വിഷുവം, മകരത്തിലകത്ത് പൂകുന്ന സംക്രാന്തി ഉദഗയനം, തുലാത്തിലകത്തു പൂകുന്ന സംക്രാന്തി അവാഗ്വിഷുവം, കർക്കടകത്തിലകത്ത് പൂകുന്ന സംക്രാന്തി അവാഗയനം ഉഭയരാശി പ്രവേശത്തിൽ ഷഡശീതിമുഖസംക്രാന്തി.........ഇങ്ങിനെ.

51 ത്യജന്തി പൂർവ്വം ച പരം ച സംക്രമാൽ
ദിനാനി ഷട് വിഷ്ണുപദാത്തഥായനാൽ
ശുഭക്രിയായാം വിഷുവാൽ പരം ദിനം
പരം പരേഭ്യശ്ച ദിനാർദ്ധ മുൽസൃജേൽ.

വിഷ്ണുപദസംക്രമത്തിന്നും അയനസംക്രമത്തിന്നും മുമ്പും പിമ്പും മുമ്മൂന്നു നാഴികവീതം വർജ്ജിക്ക. ആകെ ഏഴു നാഴിക വർജ്ജ്യം. വിഷുവത്തിന്നു മുമ്പേത്തേ മൂന്നു ദിനവും പിന്നീടുള്ള ഒരു ദിനവും മാത്രം വർജ്ജ്യം ഷഡശീതിമുഖത്തിന്നു മുമ്പു മൂന്നും പിന്നീടു അരനാളും വർജ്ജ്യം.

52 സൌരോരവേർദ്വാദശ ഭിസ്തുമാസൈ
ശ്ചാന്ദ്രൈസ്തുതൈഃ പ്രാകൃതസംജ്ഞിതോന്യഃ
ജൈവസ്തുസൂര്യ്യാദ്ധിഷണോദയാദി-
ർബ്ബൃധൈന്ദ്രീധൈതാൻപരി കല്പ്യതേബ്ദഃ

* പൂർവ്വതഃ പരതശ്ചസംക്രമാൽ പുണ്യകാലഘടികാസ്തുഷോഡശ (സംക്രമത്തിന്നു മുൻ,പിൻ 16 നാഴിക പുണ്യകാലം.)

53 ഹരിണാനനസ്യദശമാംശകത-
സ്ത്യജതു ഗ്രഹാൻ സ്ഫുടതമാനഖിലാൻ
അവശിഷ്ടമത്ര ശുഭകർമ്മണി തൻ
ഗ്രഹവേധദുഷ്ടമിതിഭം വിസൃജേൽ.

ഹരിണാനനസ്യദശമാംശകതഃ സ്ഫുടതമാൻ അഖിലാൻ ഗ്രഹാൻ ത്യജതു—'അജ്ഞാനീയുവാ' എന്ന ലിപ്താദി സ്ഥാനംവെച്ച് നവഗ്രഹങ്ങളുടെ സ്ഫുടത്തെ ഒക്കെ അതിൽനിന്നു വാങ്ങി ശേഷിച്ചതിന്നു നക്ഷത്രംവരുത്തുക. അത്ര ഇതി അവശിഷ്ടം തൻഭം ഗ്രഹവേധദുഷ്ടം ശുഭകർമ്മണി വിസൃജേൽ—ഇങ്ങിനെയുണ്ടായ നക്ഷത്രം ഗ്രഹവേധംകൊണ്ടു ദുഷ്ടം അതിനെ ശുഭകർമ്മങ്ങളിൽ വർജ്ജിക്ക.

54 ധാതൃശ്രീനാഥരുദ്രാനിലരവിവരുണാഃ കാലമിത്രാര്യ്യമാംഭോ-
ബുദ്ധ്നാര്യ്യാശ്ശക്രപൂഷാശ്വ്യഹിനിരൃതിമഘാസ്ത്വാഷ്ട്ര
വസ്വൈന്ദവാനി
ഭാദ്രൈന്ദ്രാഗ്നർക്ഷവിശ്വാദിതിദഹനഭഗാഃ പഞ്ചവർഗ്ഗാഃ സ്യുരേഷാം
വർഗ്ഗാന്തർവ്വേധദുഷ്ടം ത്യജതു ഗ്രഹകൃതൌ സഗ്രഹായത്രതാരാഃ

ധാതൃശ്രീനാഥരുദ്രാനില രവിവരുണാഃ—രോഹിണി, തിരുവോണം തിരുവാതിര, ചോതി, അത്തം, ചതയം, കാലമിത്രാര്യ്യമാംഭോബുദ്ധ്നാര്യ്യാഃ—ഭരണി, അനിഴം പൂരം, പൂരാടം ഉത്രട്ടാതി പൂയം, ശക്രപൂഷാശ്വ്യഹിനിരൃതിമഘാഃ—തൃക്കേട്ട, ഇരവതി, അശ്വതി, ആയില്യം, മൂലം, മഘം. ത്വാഷ്ട്രവസ്വൈന്ദവാനി—ചിത്ര, അവിട്ടം, മകീരം. ഭാദ്രൈന്ദ്രാഗ്നർക്ഷവിശ്വാദിതിദഹനഭഗാഃ—പൂരട്ടാതി, വിശാഖം, ഉത്രാടം, പുണർതം, കാർത്തിക, ഉത്രം. പഞ്ചവർഗ്ഗാഃ സ്യുഃ—ഇവ ഇങ്ങിനെ അഞ്ചുവർഗ്ഗങ്ങൾ താരഃ സഗ്രഹാഃ ഏഷാംവേധദുഷ്ടം തംവർഗ്ഗം ഗ്രഹകൃതൌ ത്യജതു—വർഗ്ഗങ്ങളിലെ യാതൊരു വർഗ്ഗത്തിലെ നക്ഷത്രത്തിന്മേൽ ഒരു ഗ്രഹമുണ്ടായിരിക്കുന്നു. ആ വർഗ്ഗത്തിലെ നക്ഷത്രങ്ങളൊക്കെക്കും ആ ഗ്രഹത്തിന്റെ വേധമുണ്ട്. വേധമുള്ള നക്ഷത്രങ്ങളെ ഗൃഹകർമ്മങ്ങളിൽ വർജ്ജിക്ക.

55 രേഖാസ്സപ്തലിഖേദൃജൂരഭിമുഖം തിര്യ്യക്ചതാസ്താവതീ-
രേഖാഗ്രേഷ്വഭിജിദ്യുതാഃ പരിലിഖേദഗ്ന്യാദിതാരാഃ ക്രമാൽ
ഇന്ദോര്യ്യാവതിഭേഗ്രഹോഭവതി ഭാത്താസ്മാൽ പുനസ്താവതീ-
സ്യാദിന്ദുര്യ്യദിതത്ര ശൂലമുദിതം പാപഗ്രഹൈസ്തന്മഹൽ

അഭിമുഖം ജ്ഞഃ സപ്തരേഖാഃ ലിഖെൽ—കിഴക്കുപടിഞ്ഞാറുവളയാതെ ഏഴു രേഖ വരക്ക. തിൎയ്യക്ചതാവതീഃ—താഃ—തെക്കുവടക്കും ഏഴു വരക്ക. രേഖാഗ്രേഷുക്രമാൽ അഭിജിദ്യുതാഃ അഗ്ന്യാദിതാരാഃ പരിലിഖേൽ—കിഴക്കെ രേഖാഗ്രങ്ങളുടെ വടക്കേ അരികത്തുനിന്നു തുടങ്ങീട്ടു രേഖാഗ്രങ്ങളിൽ ക്രമത്താലെ കാൎത്തിക ആദിയായുള്ള നക്ഷത്രങ്ങളെ എഴുതുക. ഇന്ദൊഃ യാവതിഭേഗ്രഹഃ ഭവതി തസ്മാൽ ഭാൽതാവതി ഇന്ദുഃ സ്യാൽതത്ശൂലം ഉദിതം—ചന്ദ്രനില്ക്കുന്ന നക്ഷത്രത്തിന്മേൽനിന്നു എത്രാംനക്ഷത്രത്തിന്മേൽ ഒരു ഗ്രഹമുണ്ടായിരിക്കുന്നു. അന്നക്ഷത്രത്തിന്മേൽ നിന്നു് അത്രാംനക്ഷത്രത്തിന്മേൽ ചന്ദ്രൻ വരികിൽ ചന്ദ്രനിന്നനാൾ ശൂലം. തൽപാപഗ്രഹൈഃ മഹൽ—ഗ്രഹംനില്ക്കുന്നതു പാപഗ്രഹമാകിൽ മഹൽശൂലം. അധിമാസങ്ങളെ പറയുന്നു.

56 സംസപ്പോരവിമാസദൎശയുഗളം പൂൎണ്ണാദ്വയം വാസ്തിചേൽ
തസ്മിൻപൌൎണ്ണയുഗംഭവേദ്യദിവിദുസ്തംകേചിദംഹസ്പതിം
അൎക്കേന്ദ്വോൎയ്യദിമദ്ധ്യയോഗയുഗളം മദ്ധ്യേൎക്കമദ്ധ്യോത്ഥയോ-
സ്സംക്രാന്ത്യോരധിമാസഏഷ ഇതിതേമാസാസ്ത്രയോനിന്ദിതാഃ

രവിമാസദൎശയുഗളം പൂൎണ്ണാദ്വയംവാ അസ്തിചേൽ സംസൎപ്പ—അൎക്കമാസത്തിൽ രണ്ടു അമാവാസ്യാന്തം വരികിൽ അതു സംസപ്പമാസം തസ്മിൻ പൌൎണ്ണയുഗംഭവേൽയദികേചിൽ തംഅംഹസ്പതിംവിദുഃ-രണ്ടു മാവാസ്യാന്തത്തിന്നു മദ്ധ്യേ രണ്ടു സംക്രാന്തി ഉണ്ടാകിൽ അതു അംഹസ്പതി മാസം ആകുന്നു. അൎക്ക മദ്ധ്യോത്ഥയോഃ സംക്രാന്ത്യോഃ മദ്ധ്യേ അൎക്കേന്ദ്വോഃ മദ്ധ്യയോഗയുഗളംയദി ഏഷഃ അധിമാസഃ—അൎക്കന്റെ രണ്ടുമദ്ധ്യമസംക്രാന്തികളുടെ അകത്തു രവിചന്ദ്രന്മാരുടെ മദ്ധ്യമംകണ്ടു പൎവ്വാന്തമുണ്ടാകിൽ ഇത് അധിമാസം. ഇതിതേമാസാഃ ത്രയഃ നിന്ദിതാഃ-ഇങ്ങിനെയുള്ള മൂന്നു മാസങ്ങളും നിന്ദിതങ്ങൾ.

57 യസ്മിന്നസ്തമയന്തിവക്രഗമനംയത്രാരഭന്തേഗ്രഹാഃ
യസ്മിന്ദേവമഹോത്സവാശ്ചവിവിധോത്പതാശ്ചതം വാസരം
നിൎഘാതേഥസധൂമകേതു ജനനേസോൽക്കാനിപാതേദിശാം
ദാഹേഭൂചലനേഗ്രഹപ്രഹരണേചാഹ്നാംത്രയംവൎജ്ജയേൽ

ഗ്രഹാഃ യസ്മിന്നസ്തമയന്തി—ഗ്രഹങ്ങൾ യാതൊരുദിവസം അസ്തത്തെ പ്രാപിക്കുന്നു. യത്രവക്രഗമനം ആരഭന്തെ—ഗ്രഹങ്ങൾ യാതൊരു ദിവസം വക്രഗമനത്തെ ആരംഭിക്കുന്നു. യസ്മിൻദേവമഹോത്സവാഃച—

യാതൊരു ദിവസം ദേവോത്സവം ഉണ്ടായിരിക്കുന്നു. വിവിധോത്പാതാഃ ച—യാതൊരു ദിവസം പലപ്രകാരമുള്ള ദുൎന്നിമിത്തങ്ങളുണ്ടാകുന്നു. ആ ദിവസങ്ങളെ വൎജ്ജിക്ക. അഥ നിൎഘാതേ സധൂമകേതുജനനേ സൊല്ക്കാനിപാതേ ദിശാംദാഹേഭൂചലനേ ഗ്രഹപ്രഹരണേ ചഅഹ്നാം ത്രയംവൎജ്ജയേൽ—നിൎഘാതമുണ്ടാകും നാളും, ധൂമകേതു ഉദിക്കുംനാളും കൊള്ളിമീൻ വീണാലും, ദിഗ്ദാഹത്തിങ്കലും, ഭൂകമ്പമുണ്ടായാലും, ഗ്രഹങ്ങൾ തങ്ങളിൽ യുദ്ധമുണ്ടായാലും മൂന്നുദിവസം വൎജ്ജിക്ക.

58 ദ്വേദ്വേകോണാദ്വികോണം പ്രലിഖതുപുരതഃ പഞ്ചപഞ്ചോൎദ്ധതിൎയ്യ
ഗ്രേഖാസ്താസ്വീശകോണപ്രഭൃതിഷുഗണയേൽ ഭാനി
വഹ്ന്യാദികാനി
യസ്മിന്നിന്ദുൎഗ്രഹശ്ചപ്രതിമുഖമയത സ്സാകമേകാം ശലാകാം
നക്ഷത്രംവേധദുഷ്ടം പരിണയനവിധൌ തദ്വിപത്തിംവിധത്തേ

കോണാൽ ദ്വികോണം ദ്വേദ്വേരേഖേപ്രതിലിഖതു—കോണത്തോടു കോണം രണ്ടുകോണിലും ഈരണ്ടു വര വരയ്ക്ക. പുരഃപഞ്ചരേഖാഃ—കിഴക്കുപടിഞ്ഞാറു അഞ്ചു വരയ്ക്ക, അഥതിൎയ്യക്പഞ്ച—പിന്നെ തെക്കും വടക്കും അഞ്ചുവരയ്ക്ക, താസു ഈശകോണപ്രഭൃതിഷുവഹ്ന്യാദികാനിഭാനിഗണയേൽ— അവററിൽ ഈശകോണിൽ രണ്ടാംരേഖ ആദിയായിട്ടു കാൎത്തിക ആദിയായുള്ള നക്ഷത്രങ്ങളെ എണ്ണുക, യസ്മിൻ ഇന്ദുഗ്രഹഃച സാകംഏകാം ശലാകാം പ്രതിമുഖം അയതഃ തൽനക്ഷത്രം വേധദുഷ്ടംപരിണയനവിധൌ വിപത്തിം വിധത്തേ—യാതൊരു നക്ഷത്രത്തിന്മേൽ ചന്ദ്രനും ഗ്രഹവും പ്രതിമുഖമാംവണ്ണം പ്രാപിക്കുന്നു. ഒരുരേഖമേൽ അന്നക്ഷത്രം വേധദുഷ്ടം വിവാഹകൎമ്മത്തിംകൽ വൎജ്ജിക്കേണം

59 പാദശ്ചതുൎത്ഥഃ കിലവിശ്വഭസ്യ
വിഷ്ണോശ്ചനാഡ്യഃ പ്രഥമാശ്ചതസ്രഃ
ഉക്താഭിജിൽ ഭുക്തിരിതീയ മസ്യാം
സ്ഥിതോഗ്രഹോ വിധ്യതിധാതൃതാരാം

വിശ്വഭസ്യചതുൎത്ഥഃ പാദഃ വിഷ്ണോഃ ചപ്രഥമാഃ ചതസ്ര നാഡ്യഃ അഭിജിൽ ഭുക്തിഃ ഉക്താകില—ഉത്രാടത്തിന്റെ നാലാംകാലും തിരുവോണത്തിന്റെ ആദിയിലെ നാലു നാഴികയും കൂടി അഭിജിത്താകുന്ന നക്ഷത്രം. അസ്യാംസ്ഥിതഃ ഗ്രഹഃ ധാതൃതാരാംവിധ്യതി—അഭിജിത്തിന്മേൽനിന്ന ഗ്രഹം രോഹിണിയേവേധിക്കും.

60 ഇച്ഛന്ത്യഗ്രഹതാഃസ്മരാദിഷൂപദേഷൂദ്വാഹവിപ്രക്രിയാ-
ചൌളപ്രാശനമൌലിബന്ധനഗൃഹപ്രാരംഭണേഷുക്രമാൽ
ലഗ്നസ്ഥാസ്മരസംസ്ഥിതാശ്ചനിയമാൽ പാപാഃ ഫലം കർമ്മണാം
സർവ്വേഷാംക്ഷപയന്തിജീവശശഭൃൽ പാപാശ്ചരന്ധ്രസ്ഥിതാഃ

ഉദ്വാഹവിപ്രക്രിയാ ചൌളപ്രാശനമൌലി ബന്ധനഗൃഹാരംഭണേഷുക്രമാൽ സ്മരാദിഷു അഗ്രഹതാം ഇച്ഛന്തി—വിവാഹത്തിന്നസപ്തമശുദ്ധിവേണം അന്നപ്രാശനത്തിന്ന ദശമശുദ്ധി, രാജാഭിഷേകത്തിന്ന ഏകാദശശുദ്ധി, ഗൃഹാരംഭത്തിന്ന ദ്വാദശശുദ്ധിവേണം. ലഗ്നസ്ഥാഃ സ്മരസംസ്ഥിതാഃ ചപാപാഃ നിയമാൽ സർവ്വേഷാം കർമ്മണാം ഫലംക്ഷപയന്തി—ലഗ്നത്തിലെ പാപഗ്രഹങ്ങളും ഏഴാമടത്തെ പാപഗ്രഹങ്ങളും നിയമേനസർവ്വകർമ്മങ്ങളുടെയും ഫലത്തെനശിപ്പിക്കുന്നോർ. ജീവശശഭൃൽ പാപാഃ ചരന്ധ്രസ്ഥിതാഃ—അഷ്ടമത്തിങ്കൽ നിന്ന വ്യാഴവും ചന്ദ്രനും പാപികളും സർവ്വകർമ്മങ്ങളുടേയും ഫലത്തെ നശിപ്പിക്കുന്നോർ—ഇതു ഗ്രഹശുദ്ധിനിയമം.

61 സർവ്വാരംഭേഷ്വയനമവദന്നുത്തരംശ്രേഷ്ഠമാര്യാഃ
ചൌളാദീനാമശുഭമിതരം കർമ്മണാം വാർഷികാണാം
ബ്രാഹ്മോദ്വാഹേത്യജതു ചതുരശ്ചൈത്രയുക്താംശ്ചമാസാ-
നാഷാഢാദീൻസ്തമപിശുഭദംമാസമൂചേവസിഷ്ഠഃ

ആര്യാഃ സർവ്വാരംഭേഷു ഉത്തരമയനം ശ്രേഷ്ഠം അവദൻ—ആര്യന്മാരായിരിക്കുന്നവർ സർവ്വകർമ്മങ്ങളിലും ഉത്തരായണം ശ്രേഷ്ഠം എന്നു ചൊല്ലുന്നു. ഇതരൽ വാർഷികാണാം ചൌളാദീനാം കർമ്മണാം അശുഭം—ദക്ഷിണായനം ചൌളമാദി ആയി സംവത്സരത്തിൽ വിധിക്കപ്പെട്ടക്രിയകൾക്ക് അശുഭം, ബ്രാഹ്മോദ്വാഹേചൈത്രയുക്താൻ ആഷാഢാദീൻ ചതുരഃമാസാൻ ത്യജതു. ബ്രാഹ്മണവിവാഹത്തിന്നു ചൈത്രം, ആഷാഢം, ശ്രാവണം, ഭാദ്രപദം, ആശ്വയുജം എന്നീ മാസങ്ങളഞ്ചും വർജ്ജിക്ക. വസിഷ്ഠഃതംമാസം അപിശുഭദം ഊചേ—വസിഷ്ഠൻ ചൈത്രമാസത്തിൽ വിവാഹം ശുഭദം ചൊല്ലി.

62 കൃഷിംബീജവാപം നരേന്ദ്രാഭിഷേകം
സവിദ്യാഗൃഹാരംഭ ദേവപ്രതിഷ്ഠാഃ
ക്രിയാസ്സപ്തചൌളാദികാ നമധേയ
ക്രിയാംച ക്ഷപായാം നകുർവ്വന്തിസന്തഃ

കൃഷി—ഉഴുക, ബീജവാപം—വിതക്ക, നരേന്ദ്രാഭിഷേകം—രാജാഭിഷേകം, സവിദ്യാഗൃഹാരംഭ ദേവപ്രതിഷ്ഠാഃ—വിദ്യാരംഭം, ഗൃഹാരംഭം, ദേവപ്രതിഷ്ഠ. ചൌളാദികാഃ സപ്തക്രിയാഃ നാമധേയക്രിയാംച—ചൌളം ഉപനയനം, നാലു വ്രതങ്ങൾ, സമാവർത്തനം, നാമകരണം ക്ഷപായാം സന്തഃ നകുർവ്വന്തി—ഇക്കർമ്മങ്ങൾ രാത്രിയിൽ ചെവില്ല.

63 കൃഷ്യാദികാന്യത്രചതുർദ്ദശൈവം
കർമ്മാണ്യശക്താനി നിശാസുയാനി
സകർണ്ണവേധേഷു ഗൃഹപ്രവേശ
യുക്തേഷുതേഷ്വഷ്ടമശുദ്ധിമാഹുഃ

അത്രകൃഷ്യാദികാനി ചതുർദ്ദശയാനികർമ്മാണി ഏവം നിശാസു അനുക്താനി സകർണ്ണവേധേഷു ഗൃഹപ്രവേശയുക്തേഷു തേഷു അഷ്ടമശുദ്ധിം ആഹുഃ—ഇവിടെ കൃഷി ആദിയായിട്ട് യാവചില പതിനാലു കർമ്മങ്ങൾ രാത്രിയിൽ കൊള്ളരുതെന്നു ചൊല്ലിയവ, അവ പതിനാലിന്നും, കർണ്ണവേധത്തിന്നും, ഗൃഹവേശത്തിന്നും അഷ്ടമശുദ്ധിവേണം.

64 രാശിതിഥിതാരകാണാം ഗണ്ഡാന്തോജലധിവിഷയ നവമാന്തേ
തത്രോഭയതോ നാഡ്യശ്ശശിഗുണശരസമ്മിതാസ്ത്യാജ്യാഃ

രാശിതിഥിതാരകാണാം ജലധിവിഷയനവമാന്തേഗണ്ഡാന്തഃ—രാശിക്ക് നാലുതികയുന്നെടത്ത് ഗണ്ഡാന്തം, തിഥിക്ക് അഞ്ചുതികയുന്നിടത്ത് ഖണ്ഡാന്തം, നക്ഷത്രത്തിന്നു ഒമ്പതു തിയുന്നെടത്ത് ഗണ്ഡാന്തം—തത്ര ഉഭയതഃ ശശിഗുണശരസമ്മിതാഃ നാഡ്യഃ ത്യാജ്യാഃ—രാശികൾക്കടകവും ചിങ്ങവും കൂടുന്നേടത്തും, വൃശ്ചികം ധനുവും കൂടുന്നേടത്തും, മീനവും മേടവും കൂടുന്നേടത്തും ഗണ്ഡാന്തം, രണ്ടുപുറവും കൂടി ഒരു നാഴിക വർജ്ജിക്ക. തിഥിക്കു പഞ്ചമിയും ഷഷ്ഠിയും കൂടുന്നേടത്തും, ദശമിയും ഏകാദശിയും കൂടുന്നേടത്തും, വാവും പ്രതിപദവും കൂടുന്നേടത്തും രണ്ടുപുറവും കൂടി മൂന്നു നാഴിക വർജ്ജിക്ക. നക്ഷത്രത്തിന്നു ആയില്യവും മകവും കൂടുന്നേടത്തും, തൃക്കേട്ടയും മൂലവും കൂടുന്നേടത്തും, ഇരവതിയും അശ്വതിയും കൂടുന്നേടത്തും രണ്ടുപുറവും കൂടി അഞ്ചുനാഴിക വർജ്ജിക്ക.

65 ചരാദികേഷുത്രിഷുമന്ദിരേഷു
ഭാഗാൻക്രമാച്ഛൈലശരാങ്കസംഖ്യാൻ
രതൌപ്രപന്നേസതി ദുഷ്പ്രധർഷം
ദോഷംചതുഷ്ഷഷ്ടിമുഖം പ്രദിഷ്ടം

രവൌ ചരാദികേഷു ത്രിഷു മന്ദിരേഷു ക്രമാൽശൈലശരാംകസംഖ്യായ ഭാഗാൽ പ്രപന്നേ സതിദുഷ്പ്രധൃഷ്യംചതുഷ്ഷഷ്ടിമുഖംപ്രതിഷ്ഠം— ആദിത്യൻ ചരരാശിയിൽ ഏഴാന്തിയ്യതിമേൽ നില്ക്കുമ്പോഴും സ്ഥിരരാശിയിൽ അഞ്ചാന്തിയ്യതിമേൽ നില്ക്കുമ്പോഴും ചതുഷ്ഷഷ്ടി മുഖമെന്നൊരു മഹാദോഷമുണ്ട്.

66 ലഗ്നസ്യദോഷാംസ്ത്യജപാപദൃഷ്ടിം
പാപോദയംചോഭയ പാപതാംച
അപാപലാഭാരി സഹോത്ഥതാംച
ശുഭഗ്രഹാനാശ്രിത കേന്ദ്രതാംച.

ലഗ്നസ്യദോഷാൻത്യജ—ലഗ്നത്തിന്റെ ദോഷങ്ങളെ വർജ്ജിക്ക. പാപദൃഷ്ടിം പാപോദയംച—പാപദൃഷ്ടിയും പാപോദയവും വർജ്ജിക്ക. ഉഭയപാപതാംച—ഉഭയ പാപതത്തേയും വർജ്ജിക്ക. അപാപലാഭാരിസഹോത്ഥതാംച—യാതൊരു രാശിക്ക് പാപഗ്രഹങ്ങൾ ലാഭാരിവിക്രമങ്ങളിൽ ഇല്ലായിരുന്നു ആ രാശിയെ വർജ്ജിക്ക. ശുഭഗ്രഹാനാശ്രിതകേന്ദ്രതാംച—യാതൊരു രാശിക്ക് കേന്ദ്ര ശുഭഗ്രഹങ്ങൾ ഇല്ലായിരുന്നു ആ രാശിയേയും വർജ്ജിക്ക.

67 രിഃഫാവാസം പാപവർഗ്ഗപ്രവേശാ
വേലാവസ്ഥാ കർമ്മണാംചാശുഭതാം
പ്രോക്താംശ്ചേന്ദോസ്സർവ്വകാര്യേഷുജഹ്യാൽ
ജ്ഞാതംചാന്യദ്ദുർന്നിമിത്തംക്ഷുതാദ്യം

ഇന്ദോഃ പ്രോക്താൻ എതാൻ ജ്ഞാതംക്ഷുതാദ്യം അന്യൽദുർന്നിമിത്തംച സർവ്വകാര്യേഷുജഹ്യാൽ—ഇവിടെ ചന്ദ്രന്നു ചൊല്ലുന്ന ദോഷങ്ങളേയും പിന്നേതു മുൻ ആദിയായുള്ള ദുർന്നിമിത്തങ്ങളെ അറിഞ്ഞവറേറയും സർവ്വകാര്യങ്ങളിലും വർജ്ജിക്ക. ചന്ദ്രന്റെ ദോഷങ്ങളെ ചൊല്ലുന്നു— രിഃഫാവസം—പന്ത്രണ്ടാമെടത്തു ചന്ദ്രൻ, പാപവർഗ്ഗപ്രവേശം—ചന്ദ്രൻ പാപഗ്രഹങ്ങളുടെ വർഗ്ഗത്തിന്മേൽ നില്ക്കയും, വേലാവസ്ഥാകർമ്മണാം അശുഭതാംച-അശുഭങ്ങളായിരിക്കുന്ന ചന്ദ്രക്രിയയും ചന്ദ്രവേലയും ചന്ദ്രാവസ്ഥയും ഇവ ചന്ദ്രന്റെ ദോഷങ്ങൾ.

68 ഇന്ദൊർല്ലിപ്താഃ ഖാകാശേരൈർ
ർഹൃതാശിഷ്ടാസ്തിത്ഥ്യഗ്ന്യംകൈഃ
ഹതാഖാഭ്രശ്രോത്രൈർല്ലബ്ധാഃ
കർമ്മാവസ്ഥാവേലാജ്ഞേയാഃ

ഇന്ദോഃലിപ്താഃ ഖാകാശേരൈഃ ഹൃതാശിഷ്ടാഃ തിത്ഥ്യഗ്ന്യംകൈഃ ഹതാഖാഭ്രശ്രോത്രൈഃ ലബ്ധാഃ കർമ്മാവസ്ഥാവേലാഃ ജ്ഞേയാഃ—ശേഷത്തെ മൂന്നെടത്തുവെച്ചു ഒന്നിനെ പതിനഞ്ചുകൊണ്ടു ഗുണിച്ച് ശൂന്യഖംകൊണ്ടു ഹരിച്ചാൽ ചന്ദ്രക്രിയവരും, ഒന്നിനെ മൂന്നിൽ ഗുണിച്ചു ഇരുനൂററിൽ ഹരിച്ചാൽ ചന്ദ്രാവസ്ഥ ഉണ്ടാം. മറേറതിനെ ഒമ്പതിൽ ഗുണിച്ചു ഇരുനൂററിൽ ഹരിച്ചാൽ ചന്ദ്രവേലവരും.

ഇനി ചന്ദ്രക്രിയ ചൊല്ലുന്നത്—മൂന്നു പദ്യങ്ങളെക്കൊണ്ടു

69 സ്ഥാനാൽഭ്രഷ്ടസ്തപസ്വീപരയുവതിരതസ്തസ്കരോ
ഹസ്തിമുഖ്യാ-
രൂഢസ്സിംഹാസനസ്ഥോനരപതിരരിഹാദണ്ഡനേതാഗുണീച.
നിഷ്പ്രാണശ്ഛിന്നമൂർദ്ധാക്ഷതകരചരണോ, ബന്ധനസ്ഥോ,
വിനഷ്ടോ
രാജാവേദാനധീതേ, സ്വപിതിസുചരിതം സംസ്മരന്ധർമ്മകർത്താ.

സ്ഥാനാൽഭ്രഷ്ടഃ—സ്ഥാനത്തിങ്കൽ നിന്നു ഇളകിയിരിക്ക, തപസ്വീ—തപസ്സുചെയ്ക, പരയുവതിരതഃ—മററുള്ളവരുടെ സ്ത്രീകളെ സംഗിക്ക, തസ്കരഃ—കക്കുക, ഹസ്തിമുഖ്യാരൂഢഃ—ആനമേൽ ഇരിക്ക; സിംഹാസനസ്ഥഃ—സിംഹാസനത്തിന്മേലിരിക്ക, നരപതിഃ—രാജാവായിരിക്ക അരിഹാ—ശത്രുക്കളെ കൊല്ലുക, ദണ്ഡനേതാ-പടകൂട്ടുക, ഗുണീച-ഗുണവാനായിരിക്ക, നിഷ്പ്രാണഃ—പ്രാണനില്ലാതെ ഇരിക്ക, ഛിന്നമൂർദ്ധാ-തലമുറിഞ്ഞിരിക്ക, ക്ഷതകരചരണഃ—കയ്യും കാലും മുറിഞ്ഞിരിക്ക, ബന്ധനസ്ഥഃ—പിടിച്ചുകെട്ടപ്പെട്ടിരിക്ക, വിനഷ്ടഃ—നാശംവന്നിരിക്ക രാജാ-രാജാവായിരിക്ക, വേദാൻ അധീതേ—വേദപാഠം ചെയ്ക, സ്വപിതി—ഉറങ്ങുക, സുചരിതം സ്മരൻ—നല്ലതിനെ നിരൂപിക്ക, ധർമ്മകർത്താ—ധർമ്മംചെയ്ക.

70 സദ്വംശ്യോ, നിധിസംഗത, ശ്രീതതുലോ, വ്യാഖ്യാപര, ശ്ശത്രുഹാ
രോഗീ, ശത്രുജിത, സ്വദേശചലിതോ, ഭൃത്യോ, വിനഷ്ടാർത്ഥകഃ
ആസ്ഥാനീ, ചസുമന്ത്രീകഃ, പരമഹീഭർത്താ, സഭാര്യോ, ഗജ
ത്രസ്തൂ, സ്സംയുഗഭീതിമാന, തിഭയോ, ലീനോ, ന്നദാതാ, ഗ്നിഗഃ

സദ്വംശ്യഃ—നല്ലൊരു വംശത്തിങ്കൽ ജനിച്ചിരിക്ക, നിധിസംഗതഃ—നിധിയുടെ സമീപത്തിങ്കലിരിക്ക, ശ്രീതതുലഃ—തുലാക്കോൽ പിടിച്ചിരിക്ക, വ്യാഖ്യാപര-വ്യാഖ്യാനം ചെയ്ക, ശത്രുഹാ-ശത്രുനിഗ്രഹം

ചെയ്ക, രോഗി—ക്ലേശമുണ്ടായിരിക്ക, ശത്രുജിതഃ—ശത്രുക്കളോടു തോററിരിക്ക, സ്വദേശചലിതഃ—തൻെറ ദേശത്തിങ്കൽനിന്നുപോക, ഭൃത്യഃ—ഭൃത്യനായിരിക്ക, വിനഷ്ടാർത്ഥകഃ—ധനമില്ലാതെ ഇരിക്ക, ആസ്ഥാനീച—ആസ്ഥാനത്തിങ്കലിരിക്ക, സുമന്ത്രികഃ—നല്ലോരു മന്ത്രിയോടുകൂടി ഇരിക്ക, പരമഹീർത്താ—ശത്രുക്കളുടെ നാടടക്കുക, സഭാര്യഃ-ഭാര്യയോടുകൂടി ഇരിക്ക, ഗജത്രസ്തഃ=ആനയെ പേടിച്ചിരിക്ക, സംയുഗഭീതിമാൻ—യുദ്ധത്തിൽ ഭയമുണ്ടായിരിക്ക, അതിഭയം—പെരികെ പേടി ഉണ്ടായിരിക്ക, ലീനഃ—മെലിഞ്ഞിരിക്ക, അന്നദാതാ—ചോറുകൊടുക്ക, അഗ്നിഗഃ—തീയിലിരിക്ക.

71 ക്ഷുൽബാധാസഹിതോ, ന്നമത്തി, വിചരൻ, മാംസാശനോ,
ഽസ്ത്രക്ഷതഃ
സോദ്വാഹോ, ധൃതകന്ദുകോ, വിഹരതിദ്യൂതൈ, ർന്നൃപോ,
ദുഃഖിതഃ
ശയ്യാസ്ഥോ,രിപുസേവിത,ശ്ച്സസുഹൃദ്ധ്യാനി,ച ഭാര്യാന്വിതോ
മൃഷ്ടാശീ,ച്പയഃ പിബൻ, സുകൃതകൃ,ത്സ്വസ്ഥ,
സ്ഥതഥാസ്ഥേസുഖം

ക്ഷുൽബാധാസഹിതഃ-പൈച്ചിരിക്ക, അന്നമത്തി—ഉൺക, വിചരൻ—നിരൂപിക്ക, മാംസാശനഃ—മാംസംതിന്ക, അസ്ത്രക്ഷതഃ—ആയുധംകൊണ്ടു മുറിക, സോദ്വാഹഃ—വിവാഹംചെയ്ക, ധൃതകന്ദുകഃ—പന്താടുക, ദ്യൂതൈഃ വിഹരതി—ചൂതുപോരുക, നൃപഃ—രാജാവായിരിക്ക, ദുഃഖിതഃ—ദുഃഖിച്ചിരിക്ക, രിപുസേവിതഃച—ശത്രുക്കൾ തന്നെ വന്നു സേവിക്ക, സസുഹൃൽ—ബന്ധുക്കളോടുകൂടി ഇരിക്ക, ധ്യാനിച—ധ്യാനിക്ക, ഭാര്യാന്വിതഃ—ഭാര്യയോടുകൂടി ഇരിക്ക, മൃഷ്ടാശിച—മൃഷ്ടഭോജനംചെയ്ക, പയഃപിബൻ—പാൽ കുടിക്ക, സുകൃതകൃൽ—പുണ്യംചെയ്ക, സ്വസ്ഥഃ—സുഖിച്ചിരിക്ക, ഇങ്ങിനെ ഓരോനാഴികക്ക് ഓരോന്നുകണ്ട് ഓരോ നക്ഷത്രത്തിനും അറുപതു ചന്ദ്രക്രിയകൾ.

പിന്നെ പക്ഷാന്തരത്തെ ചൊല്ലുന്നു,

72 ക്രമാച്ചന്ദ്രകീയാഃ പഞ്ചപഞ്ചമേഷാദി രാശിഷു
പ്രകല്പ്യതത്സമംബ്രൂയാൽ സർവ്വകാര്യേഷുതൽഫലം

മേഷാദിരാശിഷു ക്രമാൽ പഞ്ചപഞ്ചചന്ദ്രകീയാഃ പ്രകല്പ്യസർവ്വകാര്യേഷുതൽസമം തൽഫലംബ്രൂയാൽ—മേഷാദിരാശികളിൽ ക്രമത്താലെ

ചന്ദ്രക്രികളെ അയ്യഞ്ചാക്കിക്കല്പിച്ച സർവ്വകാര്യങ്ങളിലും ചന്ദ്രക്രിയക്ക് തക്കവണ്ണം ഫലംചൊല്ലുക.

ഇനി മൂന്നുപദ്യംകൊണ്ടു ചന്ദ്രവേല ചൊല്ലുന്നു.

73 മൂർദ്ധാമയോമുദിത തായജനംസുഖാസ്ഥാ
നേത്രാമയസ്സുഖിതതാവനിതാവിഹാരഃ
ഉഗ്രജ്വരഃ കനകഭൂഷണമശ്രുമോക്ഷഃ
ക്ഷ്വേളാശനം നിധുവനം ജഠരസ്യരോഗഃ

മൂർദ്ധാമയഃ—തലനോവ്, മുദിതതാ—സന്തോഷം, യജനം—പൂജാ, സുഖാസ്ഥാ—സുഖങ്ങളിലെ ശ്രദ്ധ, നേത്രാമയഃ—കണ്ണിനുരോഗം, സുഖിതതാ—സുഖിച്ചിരിക്ക, വനിതാവിഹാരഃ—സ്ത്രീകളോടുംകൂടി ക്രീഡിക്ക, ഉഗ്രജ്വരഃ—പനിക്ക, കനകഭൂഷണം—പൊന്നണികം, അശ്രുമോക്ഷഃ—മുറയിടുക, ക്ഷ്വേളാശനം—വിഷഭുജിക്ക, നിധുവനം—വിറക്ക, ജഠരസ്യരോഗം—വയറുനോക.

74 ക്രീഡാജലേ ഹസനചിത്ര വിലേഖനേച
ക്രോധശ്ചനൃത്ത കരണംഘൃതഭുക്തിനിദ്രേ
ഗാനക്രിയാ ദശനരുക്കലഹഃ പ്രയാണ
മുന്മത്തതാഥ സലിലാപ്ലവനം വിരോധഃ

ക്രീഡാജലേ—ജലത്തിങ്കൽ ക്രീഡിക്ക, ഹസനചിത്രവിലേഖനേച—ചിരിക്ക, ചിത്രമെഴുതുക, ക്രോധഃച—ക്രോധിക്ക, നൃത്തകരണം—നൃത്തമാടുക, ഘൃതഭുക്തി, നിദ്രേ—നെയ്കുടിക്ക, ഉറങ്ങുക, ഗാനക്രിയാ—പാടുക, ദശനരുക്—പല്ലിന്നു ക്ലേശം, കലഹഃ—യുദ്ധം, പ്രയാണം—നടക്ക, ഉന്മത്തതാ—ഭ്രാന്താടുക, സലിലാപ്ലവനം—നീരിൽചാടുക, വിരോധഃ—കലഹം.

75 സ്വേച്ഛാസ്ഥാനോക്ഷുൽഭയംശാസ്ത്രലാഭഃ
സ്വൈരംഗോഷ്ഠീയോധനം പുണ്യകർമ്മ
പാപാചാരഃക്രൂരകർമ്മപ്രഹർഷഃ
പ്രാജ്ഞൈരേതാശ്ചന്ദ്രവേലാഃ പ്രദിഷ്ടാഃ

സ്വേച്ഛാസ്ഥാനം—തനിക്കൊത്തവണ്ണമിരിക്ക, ക്ഷുൽഭയം—ക്ഷുത്തുകൊണ്ടു പേടിക്ക, ശാസ്ത്രലാഭഃ—വിദ്യാഭ്യാസം, സ്വൈരംഗോഷ്ഠീ—സുഖമേ വിനോദിക്ക, യോധനം—യുദ്ധം, പുണ്യകർമ്മ—പുണ്യകർമ്മം ചെയ്ക, പാപചാരഃ—പാപംചെയ്ക, ക്രൂരകർമ്മ—ക്രൂരകർമ്മങ്ങളെ

ചെയ്ക, പ്രഹർഷഃ—സന്തോഷം, പ്രാജ്ഞൈഃ ഏതാഃ ചന്ദ്രവേലാഃ പ്രദിഷ്ടാഃ—ബുദ്ധിമത്തുകൾ ഇവ മുപ്പത്തി ആറിനേയും ചന്ദ്രവേല എന്നു ചൊല്ലുന്നു.

67 ആത്മസ്ഥാനാൽ പ്രവാസോമഹിതനൃപപദാസക്തതാ,
പ്രാണഹാനി-
ർഭൂപാലത്വം, സ്വവംശോചിത ഗുണനിരതീ,രോഗ,
ആസ്ഥാനഗത്വം
ഭീതിം,ക്ഷുൽബാധിതത്വം,യുവതിപരിണയോ,
രമ്യശയ്യാനുഷക്തിഃ
മൃഷ്ടാശിത്വം,ച ഗീതാ ഇതിഭവനവശാത്സൽഭിരിന്ദോരവസ്ഥാഃ

ആത്മസ്ഥാനാൽ പ്രവാസഃ—തന്റെ സ്ഥാനത്തിങ്കൽ നിന്നു ദൂരത്തുപോയ്പോക, മഹിതനൃപപദാസക്തതാ—സിംഹാസനത്തിന്മേലിരിക്ക, പ്രാണഹാനിഃ—പ്രാണനില്ലായ്ക, ഭൂപാലത്വം—രാജാവായിരിക്ക, സ്വവംശോചിതഗുണനിരതിഃ—തന്റെ വംശത്തിന്നു യോഗ്യങ്ങളായിരിക്കുന്ന ഗുണങ്ങളെച്ചെയ്ക, രോഗഃ—ക്ലേശം, ആസ്ഥാനഗത്വം—ആസ്ഥാനത്തിങ്കലിരിക്ക, ഭീതിഃ—ഭയം, ക്ഷുൽബാധിതത്വം—ക്ഷുൽബാധ, യുവതിപരിണയഃ—സ്ത്രീയെ പരിഗ്രഹിക്ക, രമ്യശയ്യാനുഷക്തിഃ-നല്ലൊരു കിടക്കമേൽ കിടക്ക, മൃഷ്ടാശിത്വംച-മൃഷ്ടമായി ഭുജിക്ക ഇവ പന്ത്രണ്ടും ചന്ദ്രാവസ്ഥ. അയ്യഞ്ചുനാഴികക്കോരോന്നുകണ്ടു ഒരു നക്ഷത്രത്തിന്നു പന്ത്രണ്ടു ചൊല്ലി.

പിന്നെ പക്ഷാന്തരത്തെ ചൊല്ലുന്നു.

ഇന്ദോഃ ഇതി—ഭവനവശാൽ ഗീതാഃ—ചന്ദ്രാവസ്ഥകൾ: ഇങ്ങിനെ പന്ത്രണ്ടും ഓരോരാശിയിൽ ചന്ദ്രനില്ക്കുമ്പോൾ ഓരോന്നുകണ്ടു പന്ത്രണ്ടു രാശിക്കും കൂടെ പന്ത്രണ്ടു ചൊല്ലി എന്നു പക്ഷാന്തരം.

77 ഇത്ഥംവിദ്യാമാവിയേന വദ്യൈഃ
ഹൃദ്യൈഃ പദ്യൈ ർഗുംഫിതോസ്മിന്നശിത്യാ
നിർദ്ദോഷോ വിദ്യോതിതാശേഷദോഷോ
ദോഷാദ്ധ്യായഃ പൂർണ്ണതാസീദ്ദ്വിതീയഃ

ശ്രീഃ

അഥ തൃതീയാദ്ധ്യായം.

1 ദോഷൈരമീഭിരഖിലൈ രഹിതം മുഹൂർത്തം
ലോകഃ കലൌനലഭതേ ഖലുമന്ദഭാഗ്യഃ
തേയാന്തിനാശമപവാദഗുണൈര്യതോസ്മാ
ത്തേഷാംക്രമാദഭിദധേഹമിഹാപവാദാൻ

ലോകഃ അഖിലൈഃ അമീഭിഃ ദോഷൈഃ രഹിതം മുഹൂർത്തം കലൌ നലഭതേഖലു-സർവ്വജനവും ഇച്ചൊല്ലിയ ദോഷങ്ങളൊന്നിനോടുംകൂടാതെ ഇരിക്കുന്ന മുഹൂർത്തത്തെ കലിയുഗത്തിങ്കൽ ലഭിക്കുന്നില്ല; നിശ്ചയം, എന്തു് ഹേതുവായിട്ടു ലഭിയായിന്നു എന്നു ചൊല്ലുന്നു. മന്ദഭാഗ്യഃ എന്നു് ഒരു ദോഷത്തോടുകൂടാതെ ഇരിക്കുന്ന മുഹൂർത്തകാലത്തിൽ ശുഭകർമ്മങ്ങളെ ചെയ്യാൻ കലിയുഗത്തിങ്കൽ ഉള്ള ജനത്തിന്നു ഭാഗ്യമില്ല, എന്നിട്ടു തെ അപവാദഗുണൈഃ നാശംയാന്തി--യതഃ അസ്മാൽ അഹം ഇഹക്രമാൽ തേഷാം അപവാദാൻ അഭിദധേ—ഇച്ചൊല്ലിയ ദോഷങ്ങൾ അപവാദങ്ങളാകുന്നോ ചില ഗുണങ്ങൾകൊണ്ടു നാശത്തെ പ്രാപിക്കുന്നു. ഇല്ലാതെപോകുന്നു എന്നതു് അതു ഹേതുവായിട്ടു് ആ ഞാൻ ഇവിടെ ക്രമത്താലെ അപവാദങ്ങജള ചൊല്ലുന്നേൻ.

2 ശുഭകർമ്മസുബലിനീന്ദൌഛിദ്രാസ്തിഥയഃ ക്രമാച്ചതുർത്ഥ്യാദ്യാഃ
നവനവമനുതത്വദിശാശരഘടികാഭ്യഃ പരംശുഭാജ്ഞേയാഃ

ഇന്ദൌബലിനിചതുർത്ഥ്യാദ്യാഃ ഛിദ്രാഃതിഥയഃക്രമാൽ നവനവമനുതത്വദിശാശര ഘടികാഭ്യഃ പരംശുഭകർമ്മസുശുഭാഃ ജ്ഞേയാഃ—ചന്ദ്രന്നു ബലമുണ്ടായിരിക്കിൽ ചതുർത്ഥി ആദിയായിട്ടുള്ള ഛിദ്രതിഥികൾ ക്രമത്താലെ നവനവമനുതത്വദിശാശരഘടികൾക്ക്മേൽ ശുഭകർമ്മങ്ങൾക്ക് ശുഭങ്ങളെന്നറിക. ചതുർത്ഥി ഒമ്പതു നാഴികക്കുമേൽ ശോഭനം, ഷഷ്ഠിയും ഒമ്പതു നാഴികക്കുമേൽ ശോഭനം, അഷ്ടമി പതിനാലു നാഴികക്കുമേൽ, നവമി ഇരുപത്തിനാലു നാഴികക്കുമേൽ; ദ്വാദശി പത്തുനാഴികക്കുമേൽ, ചതുർദ്ദശി അഞ്ചുനാഴികക്കുമേൽ ശോഭനം. വാരാപവാദം ഇനി.

3 ദേവാരാധനമന്ത്രഭേഷജവിധൌ വാജിദ്വിപാരോഹണേ
ഭൂപാനാമഭിഷേചനേ വ്രതവിധൌവിദ്യാകൃഷിപ്രക്രമേ
ഗാർഗ്ഗ്യോഽർക്കസ്യശുഭംജഗാദദിവസം ദൃഷ്ടസ്യസൌമ്യൈഃപരേ
സർവ്വേഷ്വംബരധാരണാച്ച ഭവനാരംഭാദൃതേകേചന

ദേവാരാധനമന്ത്രഭേഷജവിധൌ-ദേവപൂജെക്കും, മന്ത്രസേവെക്കും, ഔഷധസേവെക്കും, വാജിദ്വിപാരോഹണേ—കുതിര ഏറുവാനും, ആനയേറുവാനും, ഭൂപാനാം അഭിഷേചനേ—രാജാഭിഷേകത്തിന്നും, വ്രതവിധൌ-വ്രതദീക്ഷെക്കും, വിദ്യാകൃഷിപ്രക്രമേ—വിദ്യാരംഭത്തിന്നും കൃഷിതുടങ്ങുവാനും, ഗാർഗ്യഃ അർക്കസ്യ ദിവസം ശുഭംജഗാദ-ഇച്ചൊല്ലിയ കർമ്മങ്ങൾക്ക് ആദിത്യവാരംശുഭം, എന്നു ഗാർഗ്ഗ്യൻചൊല്ലി, പരേസൌമ്യൈഃദൃഷ്ടസ്യ—യാതൊരു നാൾ ആദിത്യന്നു ശുഭഗ്രഹങ്ങളുടെ ദൃഷ്ടി ഉണ്ടായിരിക്കുന്നു. അന്നത്തെ ആദിത്യവാരമേ ദേവാരാധനാദി കർമ്മങ്ങളിൽ ശുഭമായുള്ളു, എന്നു മററു ചിലർ ചൊല്ലുന്നു. കേചന അംബരധാരണാൽ ഭവനാരംഭാൽച ഋതേസർവ്വേഷു-മററു ചിലർ പുടവ ഉടുപ്പാനും, ഗൃഹാരംഭത്തിന്നും ഒഴിച്ചു മറെറല്ലാ കർമ്മങ്ങൾക്കും ആദിത്യവാരം ശുഭം എന്നു ചൊല്ലുന്നു.* ആദിത്യൻ ബലിയും കൂടി ആവണം (ഏവം തിഥിയോഗാദിഷു ശുഭാശുഭംച ഇതികേചിൽ.)

4 സമസ്തകാർയ്യേഷു വളർക്ഷപക്ഷേ
നിശാകരസ്യോദയ വാരവർഗ്ഗാഃ
ശുഭാഃ പ്രദിഷ്ടാബഹുളേവിവർജ്യാ
സ്സദാപ്യനിഷ്ടോഹ്യുദയോ വിവാഹേ.

സമസ്തകാർയ്യേഷു വളർക്ഷപക്ഷേ നിശാകരസ്യ ഉദയവാരവർഗ്ഗാഃ ശുഭാഃ പ്രദിഷ്ടാഃ—ശുക്ലപക്ഷത്തിൽ ചന്ദ്രോദയവും ചന്ദ്രവാരവും ചന്ദ്രനുടെ വർഗ്ഗങ്ങളും സർവ്വകർമ്മങ്ങളിലും ശുഭങ്ങൾ. ബഹുളേവിവർജ്യഃ—അപരപക്ഷത്തിൽ ചന്ദ്രനുടെ ഉദയവാര വർഗ്ഗങ്ങൾ ഒന്നിനും കൊള്ളരുതു് സദാ അപിവിവാഹേ ഉദയഃ അനിഷ്ടഃ—വിവാഹത്തിന്നു ചന്ദ്രോദയം ഒരു നാളും കൊള്ളരുതു്. (രണ്ടു പക്ഷങ്ങളിലും)

---

* 1. സ്വപക്ഷേത്രോച്ചർക്ഷ മിത്രേഷ്വധിനേശോ വൃദ്ധിമാവഹേൽ ശേഷാ ദോഷകരാജ്ഞേയാ വിഫലായതഥൈവച.

2. വാരേശൻ പാപനായാലും ഉപചയസ്ഥനായാൽ ദോഷംചെയ്യീല.

5 പാപസ്യ വാരേപി ജനസ്യകാർയ്യ-
മവശ്യകാർയ്യം യദിതത്രതസ്മാൽ
ശുഭാംശയുക്താ ശുഭകാലഹോരാ
ഗ്രാഹ്യൈവ 'നീചാന്മഹിതേവവിദ്യാ'

പാപസ്യവാരേ അപിജനസ്യ കാർയ്യം അവശ്യകാർയ്യം യദിതത്ര തസ്മാൽ ശുഭാംശയുക്താശുഭകാലഹോരാഗ്രാഹ്യാ ഏവ-പാപവാരത്തുന്നാളും ജനത്തിന്നു ചെയ്യേണ്ടുന്ന കർമ്മം ഇളക്കരുതു് എന്നിരിക്കിൽ അവിടെ പാപവാരത്തിന്റെ ശുഭഗ്രഹങ്ങളുടെ കാലഹോരയും ശുഭഗ്രഹങ്ങളുടെ അഷ്ടാംശവും കൂടി വരുന്നേരം കൊള്ളാമത്രെ. നീചാൽ മഹിതാ വിദ്യാ ഇവ—നീചൻ പോക്കൽനിന്നു മഹിതയായിരിക്കുന്ന വിദ്യ എന്നപോലെ—യാതൊരുപ്രകാരം നീചനായിരിക്കുന്നവനോടു് നല്ലൊരു വിദ്യയെ പരിഗ്രഹിപ്പൂ. അവ്വണ്ണം പാപവാരത്തുന്നാളും ശുഭഗ്രഹങ്ങളുടെ അഷ്ടാംശവും, കാലഹോരയും കൂടി വരുന്നേടം കൊള്ളാമത്രേ. 'നീചാദപ്യുത്തമാവിദ്യാ' എന്നു പ്രമാണമുണ്ടു്. 'രാത്രൌവാരഫലം നാസ്തി' ജ്ഞാനിനഃ സർവ്വഭൂതേഷു ഹീനോത്തമത്വം നപശ്യന്തിഖലു ആത്മാവു ഒന്നു; വർണ്ണാശ്രമാദി കല്പിതമെന്നപോലെ രാത്രിയിൽ വാരദോഷാദിഫലം എടുക്കേണ്ടതില്ല.

6 ആത്മോപലബ്ധാവിവയാമവത്യാ
മുപാഗതായാംഗ്രഹവാസരേഷു
സർവ്വേഷുഭൂതേഷ്വിവ ബുദ്ധിമന്തോ.
ഹീനോത്തമത്വം നഖലുസ്മരന്തി.

ബുദ്ധിമന്തഃ ആത്മോപലബ്ധൌ ഇവയാമവത്യാം ഉപാഗതായാംഗ്രഹ വാസരേഷു സർവ്വേഷുഭൂതേഷു ഹീനോത്തമത്വം നഖലുസ്മരന്തി—ബുദ്ധിമത്തുക്കൾ ആത്മോപലബ്ധി എന്നപോലെ യാമവതി ഉപാഗതയായിരിക്കും വിഷയത്തിങ്കൽ സർവ്വഭൂതങ്ങളിൽ ആത്മവിഷയം എന്നുകണക്കെ ഗ്രഹവാസരങ്ങളിൽ ഹീനോത്തമത്വത്തെനിരൂപിക്കുന്നോരല്ല, യാതൊരുപ്രകാരം ബുദ്ധിമത്തുക്കളായിരിക്കുന്നവർ ആത്മജ്ഞാനം ഉണ്ടായാൽ ബന്ധുഎന്നും ശത്രുവെന്നും നിരൂപിയായിന്നു എന്നവണ്ണംവാരങ്ങളേക്കുറിച്ചും രാത്രിയിയിൽ ഹീനമെന്നും ഉത്തമമെന്നും നിരൂപിക്കുന്നോരല്ല—രാത്രിയിൽ വാരഫലമില്ല എന്നർത്ഥം.

7 പാപാസ്പദാനിബലവച്ഛുഭസംപ്രയോഗാൽ
ക്രൌര്യ്യംവിഹായഹിഭജന്തിശുഭസ്വഭാവം
ജ്ഞേയാനിമദ്ധ്യമഫലാന്യഥവാശുഭേഷു
ഗ്രാഹ്യാണ്യൃതേ ധരണിനന്ദനമന്ദിരാഭ്യാം

പാപാസ്പദാനിബലച്ഛുഭസംപ്രയോഗാൽ ക്രൌര്യ്യംവിഹായശുഭസ്വഭാവം ഭജന്തിഹി—പാപാസ്പദങ്ങളെന്നു പാപഗ്രഹങ്ങളുടെ ക്ഷേത്രങ്ങൾ അവ ബലവാനായിരിക്കുന്നോരുശുഭഗ്രഹത്തോടു കൂടിയാൽ ക്രൌര്യ്യകാര്യ്യത്തെക്കളഞ്ഞു-ശുഭങ്ങളായി ചമയുന്നു. മദ്ധ്യമഫലാനിജ്ഞേയാനി—ആകയാൽപാപാസ്പദങ്ങൾ ശുഭത്തോടുകൂടുമ്പോൾ മദ്ധ്യമം, അഥവാശുഭേഷു ഗ്രാഹ്യാണി—ഇവണ്ണമാകിൽ ശുഭകർമ്മങ്ങൾക്കു പാപാസ്പദങ്ങൾകൊള്ളാം ഋതേധരണിനന്ദനമന്ദിരാഭ്യാം—മേടവും വൃശ്ചികവും കൊള്ളരുതു്.

8 ത്രിംശൽപ്രാരഭ്യശുക്ലപ്രതിപദമിഹയാസ്സന്തിതാസാംതിഥീനാം
ക്ഷോണീവഹ്ന്യംഗബാണസ്മരശരവിശിഖ
ബ്രഹ്മസംഖ്യാഃ ക്രമേണ
വിജ്ഞേയാഃ കഷ്ടമദ്ധ്യോത്തമമഹിത തമശ്രേഷ്ഠമദ്ധ്യാതികഷ്ടാഃ
കൃഷ്ണേപക്ഷേത്രയോദശ്യ പിശശിനിബലിന്യുത്തമാ
കൈശ്ചിദുക്താ

ശുക്ലപ്രതിപദം ആരഭ്യ ഇഹയാഃ തിഥയഃ ത്രിംശൽസന്തി—ശുക്ലപ്രതിപദാദിആയി ഇവിടെ യാവചിലവ മുപ്പതു് തിഥികളുള്ളവ. താസാം തിഥിനാംക്ഷോണീ വഹ്ന്യംഗബാണ സ്മരശരവിശിഖബ്രഹ്മസംഖ്യാഃ ക്രമേണ—കഷ്ടമദ്ധ്യോത്തമ മഹിതതമശ്രേഷ്ഠ മദ്ധ്യാതികഷ്ടാഃ വിജ്ഞേയാഃ—ആ തിഥികളിൽ ക്ഷോണീവഹ്ന്യംഗബാണസ്മരശരവിശിഖബ്രഹ്മസംഖ്യകളായിരിക്കുന്ന അവ ക്രമത്താലെ കഷ്ട മദ്ധ്യോത്തമ മഹിതതമശ്രേഷ്ഠമദ്ധ്യാതി കഷ്ടങ്ങളെന്നറിഞ്ഞുകൊൾക. ക്ഷോണീ—എന്ന പ്രതിപദം, അതികഷ്ടം, വഹ്നി—ദ്വിതീയ തുടങ്ങിയ ചതുർത്ഥിയോളം മദ്ധ്യമങ്ങൾ, അംഗംപഞ്ചമിതുടങ്ങി ദശമിയോളം മദ്ധ്യമങ്ങൾ, ബാണ—ഏകാദശി തുടങ്ങി പൌർണ്ണമാസിയോളം അതി ശുഭങ്ങൾ, സ്മരശര—കൃഷ്ണ പ്രതിപദം തുടങ്ങി പഞ്ചമിയോളം ശുഭങ്ങൾ, വിശിഖ—ഷഷ്ഠി തുടങ്ങി ദശമിയോളം മദ്ധ്യമങ്ങൾ, ബ്രഹ്മസംഖ്യാ—ഏകാദശി തുടങ്ങി അമാവാസ്യയോളവും അതികഷ്ടങ്ങൾ, കൃഷ്ണപക്ഷേ ത്രയോദശി, അപി, ശശിനി ബലിനി കൈശ്ചിദുത്തമാ ഉക്താ—ചന്ദ്രനു ബലമുണ്ടായിരിക്കി

ൽ കൃഷ്ണപക്ഷത്തിൽ ത്രയോദശി ഉത്തമാ, എന്നിങ്ങിനെ ചിലർ ചൊല്ലിയിരിക്കുന്നു.

9 ഷൾഭിസ്സൂര്യ്യസ്യോദയാന്നാഡികാഭിഃ
പ്രാതഃ കാലസ്സംഗവാഖ്യസ്തതോന്യഃ
മദ്ധ്യാഹ്നാഖ്യ സ്തദ്വദന്യോപരാഹ്ന
സ്സായംകാലശ്ചാത്രനിന്ദ്യൌപരൌദ്വൌ

സൂര്യസ്യ ഉദയാൽ ഷൾഭിഃ നാഡികാഭിഃ ഏതേപഞ്ചകാലാഃ കല്പനീയാഃ—ആദിത്യോദയമാദി ആയി ആറാറു നാഴികകൊണ്ടു ഇങ്ങനെ അഞ്ചുകാലങ്ങളെ അറിഞ്ഞുകൊൾക. പ്രാതഃ കാലഃ—എന്ന പ്രാഹ്നകാലം, സംഗവാഖ്യഃ—എന്ന പൂർവ്വാഹ്നം, തതഃ അന്യഃ മദ്ധ്യാഹ്നാഖ്യഃ—എന്നു മദ്ധ്യാഹ്നം, തദ്വൽ അന്യഃ അപരാഹ്നഃ—എന്ന അപരാഹ്നം, സായംകാലശ്ച—എന്ന സായാഹ്നം, അത്രപരൌദ്വൌ നിന്ദ്യൌ—സായാഹ്നവും അപരാഹ്നവും നിന്ദ്യങ്ങൾ. (ദിനാർദ്ധംവരേനന്നു)

10 ദിനകരവാരസമേതം നക്ഷത്രംസശുഭവാരയോഗംവാ
ഉപചയസംസ്ഥോവാർക്കോ ദോഷാനപഹരതിപഞ്ചധൂമാദീൻ.

ദിനകര വാരസമേതം നക്ഷത്രം; ധൂമാദീൻ പഞ്ചദോഷാൻ അപഹരതി—ആദിത്യവാരത്തുന്നാൾ ധൂമാദികൾ അഞ്ചിനും ദോഷമില്ല, സശുഭവാരയോഗം, വാ,ശുഭഗ്രഹങ്ങളുടെ വാരത്തുന്നാളും ധൂമാദികൾ അഞ്ചിനും ദോഷമില്ല. ഉപചയസംസ്ഥഃ അർക്കഃ—ആദിത്യൻ മുഹൂർത്ത ലഗ്നത്തിന്റെ ഉപചയത്തിൽ നില്ക്കുമ്പോളും ധൂമാദികളഞ്ചിനും ദോഷമില്ല.

11 ഭാരദ്വാജഃ പ്രോചേവപുഷിശശിശുക്രേക്ഷിതയുതേ
ക്രമാൽസൌരേഷ്വാദ്യൌപ്രശമമയതോന്യൌശുഭയുതേ
ക്രമേണാദ്യംകോർവ്വീവസുതിഥിഷു സർവ്വേപ്യഥപുനഃ
സ്വവർഗ്ഗസ്വോച്ചസ്ഥേ സശുഭദൃശിഭാനാവിതിഗുരുഃ

വപുഷിശശിശുക്രേക്ഷിതയുതേ ക്രമാൽ സൌരേഷു ആദ്യൌ പ്രശമം അയതഃ—ലഗ്നം ശശിശുക്രേക്ഷിതമായിരിക്കും വിഷയത്തിൽ ക്രമത്താലെ സൌരങ്ങളിൽ ആദ്യങ്ങളായിരിക്കുന്നവ രണ്ടും പ്രശമത്തെ പ്രാപിക്കുന്നു. ചന്ദ്രദൃഷ്ടിതാൻ ശുക്രോദയൻതാൻ ഉള്ളപ്പോൾ സൌരദോഷങ്ങ

ളായിരിക്കുന്ന ഭൂകമ്പത്തിനും ഉൽക്കാനിപാതത്തിനും ദോഷമില്ല, ചന്ദ്രദൃഷ്ടി ഉണ്ടാകിൽ ഭൂകമ്പത്തിന്നു ദോഷമില്ല. ശുക്രോദയമുണ്ടെങ്കിൽ ഉൽക്കാനിപാതത്തിന്നു ദോഷമില്ല.

ക്രമാപേക്ഷ ഉണ്ടാകകൊണ്ടു ചൊല്ലി, അന്യൌശുഭയുതേ—മറ്റേവ രണ്ടും ശുഭോദയമുള്ളപ്പോൾ ദോഷമില്ല. ബ്രഹ്മരന്ധ്രത്തിനും ധ്വജത്തിന്നും ശുഭോദയമുള്ളപ്പോൾ ദോഷമില്ല. ഇതിഭരദ്വാജഃ പ്രോചേ—ഇങ്ങിനെ ഭരദ്വാജമതം. അഥപുനഃ ഭാനൌസശുഭേക്ഷിസ്വവർഗ്ഗസ്വോച്ചസ്ഥേസർവ്വേ അപി പ്രശമം അയന്തി—അനന്തരം പിന്നെ ഭാനുസശുഭേക്ഷക്കായി സ്വവർഗ്ഗസ്വോച്ചസ്ഥനായിരിക്കുമ്പോൾ എല്ലാം പ്രശമത്തെ പ്രാപിക്കുന്നു—അർക്കൻ തന്റെ വർഗ്ഗത്തിൽ താൻ തന്റെ ഉച്ചത്തിൽ താൻ ശുഭഗ്രഹത്താൽ നോക്കപ്പെട്ടുനില്ക്കുമ്പോൾ ഭൂകമ്പാദികൾ നാലിന്നും ദോഷമില്ല. ക്രമേണ അദ്ര്യംകൊവ്വീവസു തിഥിഷുസർവ്വേ അപിപ്രശമം അയന്തി- ക്രമത്താലെ അദ്ര്യംകൊവ്വീവസുതിഥികളിൽ എല്ലാം പ്രശമത്തെ പ്രാപിക്കുന്നു—സപ്തമിനാൾ ഭൂകമ്പത്തിന്നു ദോഷമില്ല, നവമിനാൾ ഉൽക്കാപാതത്തിന്നു ദോഷമില്ല. അഷ്ടമിനാൾ ധ്വജത്തിന്നു ദോഷമില്ല, ഇതിഗുരുഃ നാഡീ ദോഷാദികളും ഇല്ലശുഭദൃഷ്ടിയുണ്ടെങ്കിൽ എന്നു.

ഇങ്ങിനെ ബൃഹസ്പതിമതം.

12 അർദ്ധപ്രഹാരകസ്യ പ്രഥമേയമകണ്ടികസ്യ മദ്ധ്യഗതേ
അന്ത്യേഗുളികസ്യ ദ്വേനാഡ്യൌ നിയമാൽ പരിത്യാജ്യേ

അർദ്ധപ്രഹാരസ്യ പ്രഥമേദ്വേനാഡ്യൌ നിയമാൽ പരിത്യാജ്യേ അർദ്ധപ്രഹാരം മൂന്നേമുക്കാൽ നാഴിക ചൊല്ലിയതിൽ അടിയിൽ രണ്ടു നാഴികയും നിയമേന വർജ്ജിക്കേണം. യമകണ്ടികസ്യ മദ്ധ്യഗതേ ദ്വേനാഡ്യൌ—യമകണ്ടികം മൂന്നേമുക്കാൽ നാഴിക ചൊല്ലിയതിൽ നടുവിൽ രണ്ടുനാഴിക വർജ്ജിക്കേണം. ഗുളികസ്യ അന്ത്യേ—ഗുളികൻ മൂന്നേമുക്കാൽ നാഴിക ചൊല്ലിയേടത്ത് ഒടുക്കത്തിൽ രണ്ടു നാഴിക വർജ്ജിക്ക.

13 വാരേശോഗുളികം നിഹന്തിബലവാന്മൌഹൂർത്തസ്ഥിതസ്സൽഗ്രഹോ
വിക്ഷേപ്തായമകണ്ടികസ്യചശുഭഃ കേന്ദ്രത്രികോണസ്ഥിതഃ
പിയൂഷതപിഷിസൽക്രിയാകൃതി ശുഭൈർദൃഷ്ടേശുഭാംശസ്ഥിതേ
ലഗ്നേർക്കേച ബലാന്വിതേച സതിതന്നാർദ്ധപ്രഹാരാത്ഭയം

മൌഹൂർത്തസ്ഥിതഃ ബലവാൻ സൽഗ്രഹഃ വാരേശംഗുളികംനിഹന്തി—മുഹൂർത്തലഗ്നത്തിൽ ബലവാനായി വാരാധിപനായിരിക്കുന്ന ശുഭഗ്രഹമുണ്ടാകിൽ ഗുളികന്നു ദോഷമില്ല. കേന്ദ്രത്രികോണസ്ഥിതഃ ശുഭഃച യമകണ്ടികസ്യ വിക്ഷേപ്താ—മുഹൂർത്ത ലഗ്നത്തിന്നു കേന്ദ്രത്തിൽ താൻ ത്രികോണത്തിൽ താൻ ശുഭഗ്രഹമുണ്ടാകിൽ യമകണ്ടികത്തിന്നു ദോഷമില്ല, പിയൂഷതപിഷിസൽക്രിയാകൃതി ശുഭൈഃ ദൃഷ്ടേശുഭാംശസ്ഥിതേ, ബലാന്വിതേ ലഗ്നേ അർക്കേച സതിതൽ അർദ്ധപ്രഹാരാൽ ഭയംന—ചന്ദ്രക്രിയനന്നായിരിക്കുമ്പോൾ ചന്ദ്രന്നു ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയോടുംകൂടി ശുഭഗ്രഹങ്ങളുടെ നവാംശത്തിന്മേൽ നില്ക്കുമ്പോൾ ബലവാനായിട്ട് മുഹൂർത്ത ലഗ്നത്തിൽ ആദിത്യനും ഉണ്ടാകിൽ അർദ്ധപ്രഹാരത്തിന്നു ദോഷമില്ല.

14 ക്ഷപായാംക്ഷീണ സാമർത്ഥ്യൌ ദിനമൃത്യുദിനാമയൌ
നതൌദോഷായ കല്പ്യേതേദിവാപിപ്രബലേ വിധൌ

ദിനമൃത്യുദിനാമയൌ—ക്ഷപായാം ക്ഷീണസാമർത്ഥ്യൌ (കല്പ്യേതേ) ദിനമൃത്യുവിന്നും ദിനരോഗത്തിന്നും രാത്രിയിൽ ദോഷമില്ല. ദിവഃ അപിവിധൌ പ്രബലേ തൌനദോഷായ പ്രകല്പ്യേതേ—പകലും ചന്ദ്രന്നു ബലമുള്ളപ്പോൾ ദിനമൃത്യുവിന്നും ദിനഗദത്തിന്നും ദോഷമില്ല.

15 വിഷ്ടിര്യദാഹനിതിഥേരപരാർദ്ധജാതാ
പൂർവ്വാർദ്ധജാനിശിസദാശുഭദാചപുച്ഛേ
തൽക്കാല ഭൂരപിനിജോദയ യാമബാഹ്യാ
ഗ്രാഹ്യാശുഭേബലിനിലഗ്നപതൌ നിജാംശേ

യദാതിഥേഃ അപരാർദ്ധജാതാ വിഷ്ടിഃ അഹനിപൂർവ്വാർദ്ധജാതാനിശിച തദാപുച്ഛേശുഭദാ—യാതൊരിക്കൽ തിഥിയുടെ അപരാർദ്ധത്തിങ്കലുണ്ടായ വിഷ്ടി പകൽ വരുന്നു. യാതൊരിക്കൽ തിഥിയുടെ പൂർവ്വാർദ്ധത്തിങ്കലുണ്ടായ വിഷ്ടി രാത്രിയിലും വരുന്നു. അപ്പോൾ പുച്ഛത്തിങ്കൽ മൂന്നു നാഴികയും ശുഭം, തൽക്കാലഭൂഃ അപിനിജോദയ യാമബാഹ്യാഗ്രാഹ്യാശുഭേബലിനിലഗ്നപതൌ നിജാംശേ—ബലവാനായി ശുഭനായിരിക്കുന്ന ലഗ്നാധിപതി തന്റെ നവാംശത്തിന്മേൽ നില്ക്കുമ്പോൾ തിഥിയുടെ പൂർവ്വാർദ്ധത്തിങ്കലെ വിഷ്ടി പകല് വരികിലും അപരാർദ്ധത്തിന്റെ വിഷ്ടി രാത്രിയിൽ വരുകിലും ഉദയയാമം അല്ലാത്തിടം ശുഭക്രിയകൾക്ക് കൊള്ളാം. വിഷ്ടിപുച്ഛം സർവ്വത്തിന്നും നന്നു.

16 പ്രാതഃ കാലേ വാരയോഗോ ഗരീയാൻ
ആദ്യേവാരേശാംശ ഏവേതികേചിൽ
മദ്ധ്യാഹ്നാന്തം യോഗമാഹുസ്ത്രയാണാം
അന്യേയോഗാസ്തദ്വിയോഗാവസാനാഃ

പ്രാതഃ കാലേവാരയോഗഃ ബലീയാൻ—വാരം തുടങ്ങിയുള്ള യോഗങ്ങൾക്ക് പ്രാതഃ കാലത്തിങ്കലേ ബലമുള്ളു. ആദ്യേവാരേശാംശേ ഏവഇതികേചിൽ—വാരം തുടങ്ങിയുള്ളയോഗങ്ങൾക്കു മൂന്നേമുക്കാൽ നാഴിക പുലരുവോളമേ ബലമുള്ളു എന്നു ചിലർ ചൊല്ലുന്നു—മദ്ധ്യാഹ്നാന്തം ത്രയാണാം യോഗം ആഹുഃ—വാരവും തിഥിയും നക്ഷത്രവും കൂടിയുള്ള യോഗങ്ങൾക്ക് മദ്ധ്യാഹ്നം കഴിവോളവും ബലമുണ്ട്, അന്യേയോഗാഃ തദ്വിയോഗാവസാനഃ—മററുള്ളയോഗങ്ങൾക്കെല്ലാം കഴിഞ്ഞുകൂടുവോളം ബലമുണ്ട്.

17 ഗോകന്യാകർക്കിമീനസ്ഥശ്ശുഭദൃഷ്ടശ്ശുഭാംശഗഃ
ഉദ്ധർത്താദഗ്ദ്ധദോഷസ്യ ബലീകുമുദബാന്ധവഃ

ഗോകന്യാകർക്കിമീനസ്ഥഃ ശുഭദൃഷ്ടഃ ശുഭാംശഗഃ ബലീകുമുദബാന്ധവഃ ദഗ്ദ്ധദോഷസ്യ ഉദ്ധർത്താ—ഇടവത്തിൽ താൻ കന്നിയിൽ താൻ കർക്കടകത്തിൽ താൻ മീനത്തിൽ താൻ നില്ക്കുന്ന ചന്ദ്രൻ ശുഭഗ്രഹത്തിന്റെ ദൃഷ്ടിയോടുംകൂടി ശുഭഗ്രഹത്തിന്റെ നവാംശകത്തിന്മേൽ നില്ക്കുന്നോനാകിൽ ദഗ്ദ്ധദോഷത്തിന്റെ ദോഷമില്ല.

18 ആപൂർയ്യമാണോ ബലവാൻ ഹിമാംശുഃ
സ്വോച്ചാംശകേ സ്വോച്ചഗൃഹസ്ഥിതോവാ
വർഗ്ഗോത്തമേ വാ,തിഥിതാരകാണാം
ആപൂരയത്യേവഹി നിമ്നനാഡീഃ

ആപൂർയ്യമാണം ബലവാൻ ഹിമാംശു സ്വോച്ചഗൃഹേവാ വർഗ്ഗോത്തമേവാസ്ഥിതഃ തിഥിതാരകാണാം നിമ്നനാഡീഃ ആപൂരയതി ഏവഹി—ശുക്ലപക്ഷത്തിൽ ബലവാനായിരിക്കുന്ന ചന്ദ്രൻ ഇടവക്കാന്മേൽ താൻ ഇടവത്തിൽ താൻ വർഗ്ഗോത്തമക്കാന്മേൽ താൻ നില്ക്കുമ്പോൾ തിഥിക്രൂപത്തിന്നും താരകാനിമ്നത്തിന്നും ദോഷമില്ല.

19 വിനിഹന്തി കാലഹോരാശുഭസ്യകാളാഹ്വയം ദോഷം
കാലേംശകസ്തൃതീയോവിനിന്ദിതോ ഗണ്ഡസംജ്ഞിതേപ്രഥമഃ

ശുഭസ്യകാലഹോരാ കാളാഹ്വയംദോഷം വിനിഹന്തി—ശുഭഗ്രഹത്തിന്റെ കാലഹോര കാളാഹ്വയമായിരിക്കുന്ന ദോഷത്തെ പോക്കുന്നു. ശുഭഗ്രഹത്തിന്റെ കാലഹോര ഉള്ളപ്പോൾ കാളത്തിന്റെ ദോഷമില്ല. കാലേതൃതീയഃ അംശകഃ വിനിന്ദിതഃ—കാലദോഷമുള്ള നക്ഷത്രത്തിന്നു തൃതീയപാദം നിന്ദിതം ഗണ്ഡസംജ്ഞിതേ പ്രഥമഃ ഗണ്ഡദോഷങ്ങളുള്ള നക്ഷത്രത്തിന്നു പ്രഥമ പാദം നിന്ദിതം.

20 സ്വോച്ചേ സ്വവർഗ്ഗേച യദിപ്രവിഷ്ടൌ
ദൃഷ്ടൌശുഭൈർഭാസ്കരഭൂമിപുത്രൌ
തൌകണ്ടകസ്ഥൂണസമാഹ്വയാനാ
മേകോത്ഥദോഷംഹരതിദ്വിജം ദ്വൌ

ഭാസ്കരഭൂമിപുത്രൌ സ്വോച്ചേ സ്വവർഗ്ഗേച, പ്രവിഷ്ടൌ ശുഭൈഃ ദൃഷ്ടൌയദി,തൌ,കണ്ടകസ്ഥൂണ സമാഹ്വായാനാം ഏകോത്ഥം ഏകം ഹരതി,ദ്വിജംദ്വൌ—മേടത്തിൽ താൻ തന്റെ വർഗ്ഗത്തിൽ താൻ ശുഭഗ്രഹത്തിന്റെ ദൃഷ്ടിയോടുകൂടി നില്ക്കുന്ന ആദിത്യൻ കണ്ടികദോഷത്തെ ഹരിക്കുന്നോൻ, മകരത്തിൽ താൻ തന്റെ വർഗ്ഗത്തിൽ താൻ നില്ക്കുന്ന കുജൻ ശുഭഗ്രഹത്തിന്റെ ദൃഷ്ടിയോടും കൂടി ഇരിക്കുമ്പോൾ സ്ഥൂണദോഷത്തെപ്പോക്കുന്നോൻ, തങ്ങളുടെ ഉച്ചത്തിൽ താൻ തങ്ങളുടെ വർഗ്ഗത്തിൽ താൻ നില്ക്കുന്ന ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയോടു കൂടി ഇരിക്കുന്ന രവികുജന്മാരിരുവരും കൂടിയാൽ കണ്ടകസ്ഥൂണത്തിന്റെ ദോഷത്തെ പോക്കുന്നവർ.

21 ദഗ്ദ്ധാഖ്യായേരാശയോ മൃത്യുസംജ്ഞാ
യേചപ്രോക്താസ്സ്വാമിദൃഷ്ടശ്ശുഭാസ്തേ
വാഗീശേന സ്ഫീതവീര്യ്യേണദൃഷ്ടാ
സ്സംയുക്താവാസർവ്വകാലേഷ്വനിന്ദ്യാഃ

യേരാശയഃദഗ്ദ്ധാഖ്യാഃ യേമൃത്യുസംജ്ഞാഃ പ്രോക്താഃ തേസ്വാമിദൃഷ്ടാശുഭാഃ-ദഗ്ദ്ധരാശികൾക്കും മൃത്യുരാശികൾക്കും രാശിക്കു ശുഭഗ്രഹത്തിന്റെ ദൃഷ്ടി ഉണ്ടെങ്കിൽ ദോഷമില്ല, സ്ഫീതവീര്യ്യേണ വാഗീശേനദൃഷ്ടാഃ സംയുക്താവാസർവ്വകാര്യേഷു അനിന്ദ്യാഃ—ദഗ്ദ്ധരാശികളും മൃത്യുരാശികളും ബലവാനായിരിക്കുന്ന ഗുരുവിന്റെ ദൃഷ്ടിയുണ്ടാകിൽ സർവ്വകർമ്മങ്ങളിലും കൊള്ളാം.

22 ഹന്തിശുഭോബലവാഞ്ഛശികേന്ദ്രേ
ദ്വീക്ഷണഭാഭ്യുദിതോന്ധജദോഷം
സൌമ്യനവാംശക ഗസ്സുകൃദിന്ദു
സ്ത്വത്രസലോചനഭാഭ്യുദിതോവാ

ശശികേന്ദ്രേ ദ്വിക്ഷണഭാഭ്യുദിതഃ ബാലവാൻ ശുഭഃ അന്ധദോഷം ഹന്തി—ചന്ദ്രന്റെ കേന്ദ്രത്തിൽ രണ്ടു മിഴിയുള്ള നക്ഷത്രത്തിൽ നിന്നുദിച്ച ഗ്രഹം അന്ധനക്ഷത്രത്തിന്റെ ദോഷത്തെപ്പോക്കും, സൌമ്യനവാംശകഗഃ ത്വത്രസലോചന ഭാഭ്യുദിതഃ സുകൃൽ ഇന്ദുർവാ– ചന്ദ്രക്രിയ നന്നായിരിക്കുമ്പോൾ ശുഭഗ്രഹത്തിന്റെ നവാംശകത്തിന്മേൽ നിന്ന ചന്ദ്രൻമിഴിയുള്ള നക്ഷത്രത്തിന്മേൽ നിന്നുദിക്കുമ്പോഴും അന്ധനക്ഷത്രത്തിന്നു ദോഷമില്ല.

23 ആദ്യേജന്മനിനവ്യഭുക്തി വസനാലങ്കാര പുണ്യൈർവ്വിനാ
സർവ്വംകർമ്മശുഭാശുഭം പരിഹരേൽഭുക്തിം നവാഞ്ചാർഭകീം
ഹിത്വാഭ്യംഗവിധിം നിഷേകസഹിതം ക്ഷൌരംചശിഷ്ടംശുഭം
കാര്യംകാര്യമുശന്തികേചിദൃഷയോജന്മർക്ഷയോരന്യയോഃ

ആദ്യേജന്മ നിനവ്യഭുക്തിവസനാലംകാരപുണ്യൈഃ വിനാശുഭാശുഭം സർവ്വം കർമ്മപരിഹരേൽ—പുത്തരി ഊണും, പുടവഉടുക്കയും, പൊന്നണിയുകയും, പുണ്യംചെയ്കയും ഇവ നാലും ഒഴിച്ചുള്ളവ ഒന്നും പുറന്നാൾ കൊള്ളരുത്, ആർഭകീം നവാംഭുക്തിംച—ബാലന്റെ പ്രഥമ നവാംശത്തിന്നും പുറന്നാൾ കൊള്ളരുത്, കേചിൽ ഋഷയഃ അന്യയോഃ അഭ്യംഗവിധിം നിഷേകസഹിതം ക്ഷൌരംച ഹിത്വാശിഷ്ടംശുഭംകാര്യം കാര്യംഉശന്തി—ചില മഹർഷികൾ ദ്വിതീയ ജന്മനക്ഷത്രത്തിന്നാളും തൃതീയ ജന്മനക്ഷത്രത്തിന്നാളും അഭ്യംഗശേഷവും വേളിശേഷവും ക്ഷൌരവും ഇവ മൂന്നു മൊഴികെ മററുള്ള കർമ്മങ്ങളെല്ലാം കൊള്ളാമെന്നു ചൊല്ലുന്നോർ.

24 സർവ്വാന്നേത വിപത്തിപഞ്ചമ വധേഷ്വാദ്യേഷ്വഭേഷ്വംശകാ
ന്മദ്ധ്യേഷ്വാദ്യതുരീയ പാവകമിതാനന്ത്യേഷ്വവാവർജ്ജയേൽ
സൽക്കർമ്മാബലവാഞ്ഛുഭാംശകഗതോദൃഷ്ടാശ്ചസൌമ്യഗ്രഹൈഃ
ജന്മപ്രത്യരജാൻ വിപദ്വധഭവാന്ദോഷാനപിധുർബ്ബാധതേ

* കണ്ടിക എന്നത് കണ്ടക എന്നു വേണ്ടും എല്ലായിടത്തും.

ആദ്യേഷുവിപത്തി പഞ്ചമവധേഷുഭേഷുസർവ്വാൻ ഏവ അംശകാൻവർജ്ജയേൽ—പുറന്നാൾക്കു മുന്നാളും അഞ്ചാന്നാളും ഏഴാന്നാളും മുഴുക്കവർജ്ജിക്ക. മദ്ധ്യേഷു ആദ്യതുരീയ പാവകമിതാൻ—പക്കപ്പിറന്നാളുടെ മുന്നാൾക്കു മുതൽക്കാൽ വർജ്ജിക്ക—അഞ്ചാംനാൾക്കു നാലാംകാൽ വർജ്ജിക്ക, ഏഴാന്നാൾക്കു മൂന്നാംകാൽ വർജ്ജിക്ക, അന്ത്യേഷു വാവർജ്ജയേൽ—തൃതീയ ജന്മനക്ഷത്രത്തിന്റെ മുന്നാൾക്കും അഞ്ചാംനാൾക്കും ഏഴാംനാൾക്കും പാപഗ്രഹങ്ങളുടെ നവാംശകം വർജ്ജിക്ക. സൽകർമ്മാ ബലവാൻ ശുഭാംശകർമ്മഗതഃ സൌമ്യഗ്രഹൈഃ ദൃഷ്ടശ്ച വിധുഃജന്മപ്രത്യരജാൻ വിപദ്വധഭവാൻ ദോഷാൻ ബാധതേ—ചന്ദ്രക്രിയ നന്നായി ബലവാനായി ശുഭഗ്രഹങ്ങളുടെ നവാംശകത്തിന്മേൽനിന്ന ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയോടുകൂടി ഇരിക്കുന്ന ചന്ദ്രൻ ജന്മനക്ഷത്രത്തിന്റെ ദോഷത്തിനേയും വിപന്നക്ഷത്രത്തിന്റെ ദോഷത്തേയും പ്രത്യര നക്ഷത്രത്തിന്റെ ദോഷത്തേയും വധനക്ഷത്രത്തിന്റെ ദോഷത്തേയും ദ്വിതീയ ജന്മനക്ഷത്രത്തിന്റെ ദോഷത്തേയും പ്രത്യര വിപദ്വധ നക്ഷത്രങ്ങളുടെ ദോഷങ്ങളേയും ഹരിക്കും.

25 സ്വകീയജന്മാഷ്ടമ രാശിപത്യോ
മൈത്രാന്നജന്മാഷ്ടമരാശിദോഷഃ
ജന്മേശകർമ്മേശ്വരമിത്രഭാവഃ
ക്ഷിണോതിവൈനാശിക ദോഷമുഗ്രം

സ്വകീയജന്മാഷ്ടമ രാശിപത്യോഃ മൈത്രാൽ നജന്മാഷ്ടമ രാശിദോഷഃ—ജന്മരാശ്യാധിപതിയും അഷ്ടമരാശ്യാധിപതിയും തങ്ങളിൽ ബന്ധുക്കളാകിൽ അഷ്ടമരാശിക്കു ദോഷമില്ല, ജന്മേശകർമ്മേശ്വര മിത്രഭാവഃ ഉഗ്രം വൈനാശികദോഷം ക്ഷിണോതി—ജന്മരാശ്യാധിപതിയും കർമ്മരാശ്യാധിപതിയും തങ്ങളിൽ ബന്ധുക്കളായിരിക്കയാൽ വൈനാശികത്തിന്നു ദോഷമില്ല.

26 യദിശശിരവിതാരയുഗ്മേ ദ്വിതീയ തൃതീയകൌ
പ്രഥമചരമൌ വാംശൌപ്രാപ്തൌ ക്രമാൽ ബലവാംസ്തദാ
പ്രശിഥിലബലഃ പ്രാജ്ഞൈരേകാർഗ്ഗളം കഥിതോന്യഥാ
കതിചിദഥതം ദോഷം ശംസന്ത്യവന്തിഷു കേവലം

ശശിരവിതാരായുഗ്മേക്രമാൽ ദ്വിതീയ തൃതീയകൌ പ്രഥമചരമൌവാ അംശൌ പ്രാപ്തൌ യദിതദാ ഏകാർഗ്ഗളഃ ബലവാൻ—ചന്ദ്രാർക്കന്മാർ

തങ്ങളിൽ നില്ക്കുന്ന രണ്ടുനാൾമേലും ക്രമത്താലെ ദ്വിതീയ തൃതീയങ്ങളാകുന്നു, അംശങ്ങളെത്താൻ പ്രഥമചരങ്ങളാകുന്ന അംശങ്ങളെത്താൻ പ്രാപിച്ചിരിക്കിൽ ഏകാർഗ്ഗളം ബലവാൻ, ചന്ദ്രൻ ദ്വിതീയപാദത്തിൽ നില്ക്കിൽ ആദിത്യൻ തൃതീയപാദത്തിൽ നില്ക്കേണം, ചന്ദ്രൻ പ്രഥമപാദത്തിൽ നില്ക്കിൽ ആദിത്യൻ ചതുർത്ഥപാദത്തിൽ നില്ക്കേണം ഇങ്ങിനെ ആകുമ്പോൾ ഏകാർഗ്ഗളത്തിന്നു ദോഷമുണ്ടു്, അന്യഥാ പ്രാജ്ഞൈഃ പ്രശിഥില ബലഃ കഥിതഃ—ഇച്ചൊന്ന പ്രകാരം ചന്ദ്രാർക്കന്മാരില്ലായ്കിൽ ഏകാർഗ്ഗളത്തിന്നു ദോഷമില്ല, അഥകതിചിൽ തംദോഷം കേവലം അവന്തിഷു ശംസന്തി—ചിലർ അദ്ദോഷത്തെ കേവലം അവന്തി രാജ്യത്തിലെ ചൊല്ലുന്നോർ. അവന്തി രാജ്യത്തിലെ ഏകാർഗ്ഗളത്തിന്നു ദോഷമുണ്ടെന്നു ചൊല്ലുന്നോർ.

27 ബലിനൌശുഭവർഗ്ഗഗതൌ സ്വവർഗ്ഗഗൌവാശുഭഗ്രഹൈർദൃഷ്ടൌ
ഏകാർഗ്ഗള ദോഷഹരൌ രവിശശിനാവിതി വദന്ത്യന്യേ

അന്യേ ഇതിവദന്തി—മററുചിലർ ഇങ്ങിനെ ഏകാർഗ്ഗളത്തിന്നു അപവാദം ചൊല്ലുന്നോർ. ബലിനൌ ശുഭവർഗ്ഗഗതൌ ശുഭഗ്രഹൈഃ ദൃഷ്ടൌ രവിശശിനൌ ഏകാർഗ്ഗള ദോഷഹരൌ—ബലത്തോടുകൂടി ശുഭഗ്രഹങ്ങളുടെ വർഗ്ഗത്തിന്മേൽ നിന്നു ശുഭഗ്രഹത്തിന്റെ ദൃഷ്ടിയോടുംകൂടി ഇരിക്കുന്ന രവിരാശികൾ ഏകാർഗ്ഗളദോഷത്തേക്കളവർ. സ്വവർഗ്ഗഗൌവാ—എന്നിയെ ബലവത്തുക്കളായി തന്നുടെ തന്നുടെ വർഗ്ഗത്തിന്മേൽ നില്പുതും ചെയ്തു ശുഭഗ്രഹത്തിന്റെ ദൃഷ്ടിയോടുകൂടി ഇരിക്കുന്ന ചന്ദ്രാർക്കന്മാർ ഏകാർഗ്ഗള ദോഷത്തെ ഹരിപ്പർ. എന്നിങ്ങിനെ കേഷാംചിൽ പക്ഷം.

23 സ്വസ്വാമിജീവശശിജൈ സ്സഹിതം വിലഗ്നം
ദൃഷ്ടംതുവാഹന്തി ശൂന്യവിഷാദി ദോഷാൻ

സ്വസ്വാമിജീവശശിജൈഃ സഹിതം ലഗ്നം ശൂന്യവിഷാദിദോഷാൻ ഹരതി—ലഗ്നാധിപതിയോടു താൻ ബൃഹസ്പതിയോടു താൻ ബുധനോടു കൂടി താൻ ഇരിക്കുന്ന മുഹൂർത്തലഗ്നം ശൂന്യമാസത്തിന്റേയും ശൂന്യനക്ഷത്രത്തിന്റേയും ശൂന്യതിഥിയുടേയും ശൂന്യരാശികളുടേയും ദോഷത്തെ ഹരിക്കും. ദൃഷ്ടം തുവാ—ലഗ്നാധിപതിയുടെ താൻ ബൃഹസ്പതിയുടെ താൻ ബുധന്റെ താൻ ദൃഷ്ടിയോടുകൂടി ഇരിക്കുന്ന മുഹൂർത്തലഗ്നം നടെ ചൊല്ലിയ ശൂന്യവിഷാദിയോഗങ്ങളെ ഹരിക്കും. "കേന്ദ്രത്രികോണഗ്രഹഗഃ ബലവാൻ ശുഭശ്ച, മാസർക്ഷരാശി തിഥിശൂന്യ ഭയാപ

ഹാരീ—മുഹൂർത്തലഗ്നത്തിന്നു കേന്ദ്രത്തിൽ താൻ ത്രികോണത്തിൽ താൻ ബലവാനായിരിപ്പോരു ശുഭഗ്രഹമുണ്ടാകിൽ ശൂന്യമാസത്തിന്നും ശൂന്യനക്ഷത്രത്തിന്നും ശൂന്യരാശിക്കും ദോഷമില്ല.

29 ഭാസ്വന്മന്ദാചാര്യ്യ ഭൌമൈർഗ്ഗ്രഹം യ
ദ്ദഗ്ദ്ധംഭൂയസ്തൽ പ്രയാതിസ്വഭാവം
മാസാദബ്ദാദ്വത്സരാർദ്ധാത്തദർദ്ധാ
ദ്രാഹുത്പാതാസ്താഹവാദ്യൈശ്ചദൃഷ്ടം

ഭാസ്വന്മന്ദാചാര്യ്യഭൌമൈഃ യൽഗ്രഹംദഗ്ദ്ധം തൽമാസാൽ അബ്ദാൽ വത്സരാർദ്ധാൽ സ്വഭാവം പ്രയാതി—ആദിത്യനും ശനിയും ഗുരുവും കുജനും നിന്നിട്ടു യാതൊരു രാശി ദഗ്ദ്ധമായിരിക്കുന്നതു് അതു ക്രമത്താലെ മാസം തികയുമ്പോഴും വത്സരം തികയുമ്പോഴും ആറുമാസം തികയുമ്പോഴും മൂന്നുമാസം തിയുമ്പോഴും സ്വഭാവത്തെ പിന്നേയും പ്രാപിക്കുന്നു.

ആദിത്യൻ പിന്നിലിട്ട രാശിക്കു് മാസം തികയുമ്പോൾ ബലമുണ്ടാം, ശനിപിന്നിലിട്ട രാശിക്കു സംവത്സരം കഴിയുമ്പോൾ ബലമുണ്ടാം ബൃഹസ്പതി പിന്നിട്ട രാശിക്കു് ആറുമാസം കഴിയുമ്പോൾ ബലമുണ്ടാം കുജൻ പിന്നിലിട്ട രാശിക്കു് മൂന്നുമാസം കഴിയുമ്പോൾ ബലമുണ്ടാം. രാഹുത്പാതാസ്താഹവാദ്യൈശ്ച ദൃഷ്ടംയൽ ഗ്രഹംതൽമാസാൽ അബ്ദാൽ വത്സരാർദ്ധാൽ തദർദ്ധാൽഭൂയഃ സ്വഭാവം പ്രയാതി—യാതൊരു രാശി രാഹു പിന്നിട്ടത അതു മുപ്പതു ദിവസം കഴിയുമ്പോൾ ബലമുണ്ടാം. യാതൊരു രാശിയിങ്കൽ ഉൽക്കാപാതം തുടങ്ങിയുള്ള ദുർന്നിമിത്തങ്ങളുണ്ടാകുന്നു. അതിന്നു സംവത്സരം കഴിയുമ്പോൾ ബലമുണ്ടാം, യാതൊരു രാശിയിൽ ഗ്രഹങ്ങളുടെ അസ്തമുണ്ടാകുന്നു. അതിന്നു ആറുമാസം കഴിയുമ്പോൾ ബലമുണ്ടാം. യാതൊരു രാശിയിൽ ഗ്രഹങ്ങളുടെ യുദ്ധം തുടങ്ങിയുള്ള ഉൽപാതങ്ങളുണ്ടാകുന്നു അതിന്നു മൂന്നു മാസം കഴിയുമ്പോൾ ബലമുണ്ടാം.

30 ദഗ്ദ്ധംയദൃക്ഷം ഖചരേണഭൂയ
ശ്ശുക്രാംശയോഗാ ദുപബൃംഹിതംതൽ
തപാവസാനേ വനമുഷ്ണഭാസാ
തപ്തംയഥാദ്യംബു നിപാതയോഗാൽ

യൽ ഋക്ഷംഖചരേണ ദഗ്ദ്ധംതൽ ഭൂയഃ ശുക്രാംശയോഗാൽ ഉപബൃംഹതേ—യാതൊരു രാശിഗ്രഹങ്ങൾ പിന്നീട്ടു ദഗ്ദ്ധമായതു, അതപിന്നെ

യും ശുക്രാംശയോഗംകൊണ്ടു് വർദ്ധിക്കുന്നു. തപാവസാനേ ഉഷ്ണ ഭാസാ തപ്തം വനം ആദ്യം ബുനിപാതയോഗാൽ യഥാ—ഗ്രീഷ്മകാലാവസാനത്തിങ്കൽ അത്യന്തം ക്രൂരനായിരിക്കുന്ന ആദിത്യന്റെ രശ്മികളാൽ ചുടപ്പെട്ടു ശുഷ്കമായിരിക്കുന്ന വനം വർഷാദിയിങ്കലെ പരിഷിക്തജലംകൊണ്ടു് യാതൊരു പ്രകാരം ഉച്ഛ്വസിപ്പൂ. അവ്വണ്ണം ദഗ്ദ്ധരാശിക്കും ശുക്രാംശയോഗംകൊണ്ടു് ബലമുണ്ടാം. ദഗ്ദ്ധരാശിയിൽ ഇടവക്കാലും തുലാക്കാലും കൊള്ളാമെന്നർത്ഥം. ശുക്രപ്രവേശംകൊണ്ടുമിങ്ങിനെ.

31 ഋക്ഷസ്യദഗ്ദ്ധസ്യച ദാഹകസ്യ
ഗ്രഹസ്യമദ്ധ്യേവിചരൻ ഹിമാംശുഃ
വ്യപോഹ്യപീഡാ മഭിരക്ഷതീദം
ബലീവഹീനം ബലിനോപരുദ്ധം

ദഗ്ദ്ധസ്യ ഋക്ഷസ്യ ദാഹകസ്യ ഗ്രഹസ്യച, മദ്ധ്യേ വിചരൻ ഹിമാംശുഃ പീഡാംവ്യപോഹ്യ ഇദം അഭിരക്ഷതി—ദഗ്ദ്ധരാശിയുടേയും ദഹിപ്പിച്ച ഗ്രഹത്തിന്റേയും നടുവേ നില്ക്കുന്ന ചന്ദ്രൻ പീഡയെക്കളഞ്ഞു ദഗ്ദ്ധരാശിയെ രക്ഷിക്കുന്നോൽ, ദഗ്ദ്ധരാശി ചന്ദ്രൻ ചെന്നാൽ ശുദ്ധമാം എന്നർത്ഥം, ബലിനാ ഉപരുദ്ധം ഹീനം ബലീ ഇവ—ശക്തനായിരിക്കുന്നവൻ ഉപദ്രവിച്ച ഹീനനായിരിക്കുന്നവനെ മറ്റൊരു ശക്തിമാൻ രക്ഷിക്കുമ്പോലെ.

32 യഃ കുരുതേയംദോഷം ഗ്രഹസ്തുംഗേസ്ഥിതസ്സ്വവർഗ്ഗേവാ
സൌമ്യഗ്രഹേണദൃഷ്ടസ്സ ഏവതം ദോഷമപഹരതി

യഃ ഗ്രഹഃ യംദോഷംകുരുതേ, സ്വതുംഗേസ്വവർഗ്ഗേവാസൌമ്യഗ്രഹേണദൃഷ്ടഃ സ്ഥിതഃ സഏവതം ദോഷമപഹതി—യാതൊരു ഗ്രഹം യാതൊരു ദോഷത്തെ ഉണ്ടാക്കുന്നു, തന്റെ ഉച്ചത്തിൽ താൻ തന്റെ വർഗ്ഗത്തിൽ താൻ നിന്ന ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയോടും കൂടി ഇരിക്കുന്നവൻ താനെ അദ്ദോഷത്തെ ഇല്ലാതെ കളയും.

33 ദ്വയോരസ്തമേകസ്യ വാകാവ്യഗുർവ്വോ–
ർദ്ദിവാദർശനീയത്വ മന്യോന്യദൃഷ്ടിം
സ സംസർപ്പമംഹസ്പതിഞ്ചാധിമാസ–
ന്നമാസോക്ത കാര്യേഷുഷഡ്വർജ്ജയന്തി

ദ്വയോഃ കാവ്യഗുർവ്വോഃ ഏകസ്യവാ അസ്തം—ബൃഹസ്പതിയുടെ അസ്തവും ശുക്രന്റെ അസ്തവും, ദിവാദർശനീയത്വം—ഗുരുശുക്രന്മാരിരുവരേയും കൂടി പകൽ ഉദിച്ചുകാണുന്നാളും, അന്യോന്യദൃഷ്ടിം—ഗുരുശുക്രന്മാരുടെ പരസ്പര ദൃഷ്ടിയും ഉള്ളനാളും, സസംസർപ്പം—സംസർപ്പമാസത്തിലും, അംഹസ്പതിം ച—അംഹസ്പതിമാസത്തിലും, അധിമാസം-അധിമാസത്തിലും, മാസോക്ത കാര്യേഷു ഷൾനവർജ്ജയന്തി-ഇവ ആറുദോഷങ്ങളുമുള്ളനാളിൽ മാസങ്ങളിൽ വിധിച്ചകർമ്മങ്ങൾ കൊള്ളാം.

34 പൂർവ്വംഷൾഘടികാഃ പ്രഭാതമുദയാൽ ഭാനോഃ പ്രദോഷസ്തഥാ
പശ്ചാദസ്തമയാൽ ഘടീദ്വയ മിഹത്യാജ്യാ സഏവാഥവാ
യൽകർമ്മാവിഹിതം നിശാസുതദൃതേക്ഷൌരാത്സമാവർത്തനാൽ
കർത്തവ്യന്നിഖിലം പ്രഭാതസമയേ ശംസന്തിഗാർഗ്ഗ്യാദയഃ

ഭാനോഃ ഉദയാൽ പൂർവ്വംഷൾഘടികാഃ പ്രഭാതം—സൂര്യോദയത്തിന്നു നടുവെ ആറു നാഴികക്കും പ്രഭാതമെന്നു പേർ. അസ്തമയാൽ പശ്ചാൽതഥാപ്രദോഷഃ—അസ്തമയത്തിന്നുമേൽ അവ്വണ്ണം പ്രദോഷവും ആറുനാഴിക ഉണ്ടു്, ഇഹഘടീദ്വയം ത്യാജ്യം—പ്രദോഷത്തിന്നു ആദിയിൽ രണ്ടുനാഴിക വർജ്ജിക്കേണം, അഥവാസഃ ഏവ—എന്നിയെ പ്രദോഷം ഒക്കെ വർജ്ജിക്കേണം; എന്നു ചിലരുടെ പക്ഷം, യൽകർമ്മനിശാസു അവിഹിതം ക്ഷൌരാൽ സമാവർത്തനാൽ ഋതേ തൽനിഖിലം പ്രഭാതസമയേകർത്തവ്യം; ഇതിഗാർഗ്ഗ്യാദയഃ ശംസന്തി—യാതൊരു കാര്യം രാത്രിയിൽ കൊള്ളാതെ എന്നു ചൊല്ലിയതു് ക്ഷൌരവും സമാവർത്തനവും ഒഴിവുള്ളതു്. അതെല്ലാം പ്രഭാത സമയത്തിങ്കൽ കൊള്ളാമെന്നിങ്ങിനെ ചൊല്ലുന്നോർ ഗാർഗ്ഗ്യൻ ആദിയായുള്ള മഹർഷികൾ.

35 ബലിനൌ ചന്ദ്രലഗ്നേശൌ ലഗ്നംമൂർദ്ധോദയംയദി
അസപ്തമസ്ഥ പാപാനാം ലഗ്നേദൃഷ്ടിർന്നദോഷദാ

ചന്ദ്രലഗ്നേശൌ ബലിനൌ മൂർദ്ധോദയം ലഗ്നംയദി അസപ്തമസ്ഥ പാപാനാം ലഗ്നേദൃഷ്ടിഃ ദോഷദാന—ലഗ്നാധിപതിക്കും ചന്ദ്രനും ബലമുണ്ടായി മൂർദ്ധോദയ രാശി ലഗ്നമായിരിക്കിൽ 'ഏഴാമിടത്തൊഴിയ നില്ക്കുന്ന' പാപഗ്രഹങ്ങളുടെ ദൃഷ്ടിക്കു് ദോഷമില്ല.

36 ഉപരാഗാദുപരിഗതേ വർഷാർദ്ധേന ഗതേശുഭേബലിനി
ഉദയോപിതമോഗ്രഹയോശ്ശുഭദശ്ശുഭകർമ്മണിഗ്രാഹ്യഃ

ഉപരാഗാൽ ഉപരിവർഷാർദ്ധേ ഗതേതേനഗതേ ബലിനിശുഭേതമോഗ്രഹയോഃ ഉദയഃ അപിശുഭകർമ്മണിശുഭദഃ ഗ്രാഹ്യഃ—ഗ്രഹണം കഴിഞ്ഞ ആറുമാസം കഴിഞ്ഞാൽ ബലമായിരിപ്പോരു ശുഭഗ്രഹമുള്ളപ്പോൾ രാഹുകേതുക്കളുടെ ഉദയംപോലും ശുഭകർമ്മത്തിങ്കൽ ശുഭമെന്നറിഞ്ഞുകൊൾക.

37 ലഗ്നസ്യപാപദ്വയ മദ്ധ്യഗത്വം
ദോഷംഗുരുഃ കേന്ദ്രഗതോബലാഢ്യഃ
കേന്ദ്രത്രികോണോപചയേഷ്വമൂർത്തേ
സ്ഥിതശ്ശുഭോവാബലവാന്നിഹന്തി

ലഗ്നസ്യ പാപദ്വയമദ്ധ്യഗത്വം ദോഷം കേന്ദ്രഗതഃ ബലാഢ്യഃ ഗുരുഃ നിഹന്തി, ലഗ്നത്തിന്റെ ഉഭയ പാപത്വമാകുന്ന ദോഷത്തെ ബലവാനായി കേന്ദ്രത്തിൽ നില്ക്കുന്ന ഗുരു ഹനിക്കും. ബലവാനായിരിക്കുന്ന ഗുരുകേന്ദ്രത്തിലുണ്ടാകുമ്പോൾ ഉഭയപാപത്തിന്റെ ദോഷമില്ല എന്നർത്ഥം. മൂർത്തേഃ കേന്ദ്രത്രികോണോപചയേഷു സ്ഥിതഃ ശുഭഃ വാബലവാൻ നിഹന്തി—ലഗ്നത്തിന്റെ കേന്ദ്രത്തിൽ താൻ ത്രികോണത്തിൽ താൻ ഉപചയത്തിൽ താൻ ഒരു ശുഭഗ്രഹമുണ്ടാകുമ്പോൾ ഉഭയ പാപത്തിന്റെ ദോഷമില്ല എന്നൊരുപക്ഷം.

38 ക്രൂരാശ്ശുഭംവാവപുഷോഗ്രഹായേ
സ്ഥിതാന്യനിഷ്ടാനിയദാപ്രവിഷ്ടാഃ
തദാസ്വതുംഗേബലിനസ്സ്വഭേവാ
യദിസ്ഥിതാസ്തേശുഭദാഭവന്തി

യേഗ്രഹാഃ ക്രൂരാഃ ശുഭാഃ വാവപുഷഃ അനിഷ്ടാനസ്ഥാനാനിയദാപ്രവിഷ്ടാഃ തദാസ്വതുംഗ സ്വഭേവാബലിനഃ സ്ഥിതാഃ യദിതേശുഭദാഃ ഭവന്തി—യാവ ചിലഗ്രഹങ്ങൾ ക്രൂരഗ്രഹങ്ങൾ താൻവപുസ്സിന്റെ അനിഷ്ടങ്ങളായിരിക്കുന്ന സ്ഥാനങ്ങളെ പ്രാപിച്ചിരിക്കുന്നതു ലഗ്നത്തിന്റെ അനിഷ്ടസ്ഥാനങ്ങളിൽ നില്ക്കുന്നവർ തന്റെ തന്റെ ഉച്ചത്തിൽത്താൻ ക്ഷേത്രത്തിൽത്താൻ നില്ക്കുമ്പോൾ ദോഷമില്ല.

39 കവൌഗുരൌവാ ബലിനിസ്ഥിതേതനൌ
ശുഭേനദൃഷ്ടശ്ശുഭവർഗ്ഗശ്ശശീ
വിവർദ്ധമാനശ്ശുഭകൃച്ഛനാശുഭം
കരോതിതിഷ്ഠന്ന രിപുരിഫ്ഫഷഷ്ഠയോഃ

ബലിനികവൌ ഗുരൌവാതനൌ സ്ഥിതഃ ശുഭേനദൃഷ്ടഃ ശുഭവർഗ്ഗഗ വിവർദ്ധമാനഃ ശുഭകൃൽച ശശീരിഫ്ഫഷഷ്ഠയോഃ തിഷ്ഠൽ അപിന അശുഭംകരോതി, ബലവാനായിരിക്കുന്ന ശുക്രന്താൻ, വ്യാഴന്താൻ ലഗ്നത്തിൽ നില്ക്കുമ്പോൾ ശുക്ലപക്ഷത്തിലെ ചന്ദ്രൻ ശുഭഗ്രഹത്തിന്റെ ദൃഷ്ടിയോടുംകൂടി ശുഭവർഗ്ഗത്തിന്റെ വർഗ്ഗത്തിന്മേൽ നിന്ന ചന്ദ്രക്രിയ നന്നായിരിക്കുമ്പോൾ പന്ത്രണ്ടാമിടത്തു നില്ക്കിലും, ആറാമിടത്തു നില്ക്കിലും ദോഷമില്ല.

40 സൌമ്യദ്വാദശഭാഗഗശ്ശുഭപദേദൃഷ്ടോഥവാസൽഗ്രഹൈ
രംഗാംശാംശകകേന്ദ്രഗസ്സുരഗുരോഃ കേന്ദ്രേച്ഛ പക്ഷേസ്ഥിതഃ
സൽകർമ്മേവചതുർവ്വിധോപിബലവാനിന്ദുഃ ക്ഷീണോത്യാത്മനോ
ദോഷംപാപനവാംശകാശ്രയഭവം സ്വാംശാശ്രയോത്ഥംതഥാ

ശുഭപദേസൌമ്യദ്വാദശഭാഗഗഃ സൽകർമ്മാ—ശുഭക്ഷേത്രത്തിൽ ശുഭഗ്രഹങ്ങളുടെ ദ്വാദശാംശകത്തിന്മേൽ ചന്ദ്രക്രിയ നന്നായിനില്ക്കുന്ന ചന്ദ്രനും, അഥവാസൽ ഗ്രഹൈഃ ദൃഷ്ടഃ സൽകർമ്മാ—എന്നിയേ ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയോടുംകൂടി ഇരിക്കുന്ന ചന്ദ്രനു ചന്ദ്രക്രിയ നന്നായിരിക്കുമ്പോഴും, അംഗാംഗാംശകകേന്ദ്രഗഃ സൽകർമ്മാ—ലഗ്നത്തിന്റെ താൻ ലഗ്നാംശത്തിന്റെ താൻ കേന്ദ്രത്തിൽ ചന്ദ്രക്രിയ നന്നായിരിക്കുന്ന ചന്ദ്രനും, സുരഗുരോഃ കേന്ദ്രേ അച്ഛപക്ഷേസ്ഥിതഃ സൽകർമ്മാ—ശുക്ലപക്ഷത്തിൽ ചന്ദ്രക്രിയ നന്നായി വ്യാഴത്തിന്റെ കേന്ദ്രത്തിൽ നില്ക്കുന്ന ചന്ദ്രനും ചതുർവ്വിധഃ അപിബലവാൻ ഇന്ദുഃ ആത്മനഃ പാപനവാംശാശ്രയഭവം തഥാസ്വാംശാശ്രയോത്ഥംദോഷം ക്ഷീണോതി—ഇങ്ങിനെ നാലുപ്രകാരമുള്ള ചന്ദ്രനും താൻ പാപഗ്രഹങ്ങളുടെ നവാംശകത്തിന്മേൽ നിന്നിട്ടുള്ള ദോഷത്തെയും, തന്റെ നവാംശത്തിന്മേൽ നിന്നിട്ടുള്ള ദോഷത്തെയും ഹരിക്കും.

41 അസൌമ്യവർഗ്ഗാശ്രയ ജാൻസ്വകർമ്മാ
ദൃഷ്ടോബലിഷ്ഠേന ശുഭേനചന്ദ്രഃ
ദുഷ്കർമ്മവേലാദി സമുത്ഭവാംശ്ച
ഭിനത്തിദോഷാഞ്ഛുഭവർഗ്ഗസംസ്ഥഃ

ബലിഷ്ഠേനശുഭേനദൃഷ്ടഃ സ്വകർമ്മാചന്ദ്രഃ അസൌമ്യവർഗ്ഗാശ്രയ ജാൻ ദോഷാൻ ഭിനത്തി—ബലവാനായിരിക്കുന്ന ശുഭഗ്രഹത്തിന്റെ ദൃഷ്ടിയോടുംകൂടി ഇരിക്കുന്ന ചന്ദ്രന് ചന്ദ്രക്രിയ നന്നായിരിക്കുമ്പോൾ പാപഗ്രഹ

ങ്ങളുടെ ഷഡ്വർഗ്ഗത്തിൽ നില്ക്കുന്നതാകിലും ദോഷമില്ല. ശുഭവർഗ്ഗസംസ്ഥഃ ദുഷ്കർമ്മവേലാദി സമുത്ഭവാൻ ദോഷാൻച ഭിനത്തി—ചന്ദ്രൻ ശുഭഗ്രഹത്തിന്റെ വർഗ്ഗത്തിൽ നില്ക്കുമ്പോൾ ചന്ദ്രക്രിയ ആകായ്കിലും ചന്ദ്രവേല ആകായ്കിലും ചന്ദ്രാവസ്ഥ ആകായ്കിലും ദോഷമില്ല.

42 യദാസ്വവർഗ്ഗേതനു കേന്ദ്രസംസ്ഥോ
ഗുരുശ്ശശീവാഥ ശുഭാംശകസ്ഥഃ
ശുഭേനദൃഷ്ടസ്സുകൃതീതദാനീം
നപാപയോഗേക്ഷണ ദോഷ ഇന്ദോഃ

യദാസ്വവർഗ്ഗേതനു കേന്ദ്രസംസ്ഥഃ ഗുരുഃ—യാതൊരിക്കൽ ഗുരു ലഗ്നത്തിന്റെ കേന്ദ്രത്തിൽ നില്ക്കുന്നു. അഥവാ ശശീയദാശുഭാംശകസ്ഥഃ ശുഭേനദൃഷ്ടഃ സുകൃതീ—എന്നിയേ യാതൊരിക്കൽ ചന്ദ്രൻ ശുഭഗ്രഹത്തിന്റെ അംശകത്തിൽനിന്നു ശുഭഗ്രഹത്തിന്റെ ദൃഷ്ടിയോടും കൂടി ചന്ദ്രക്രിയ നന്നായിരിക്കുന്നു. തദാനീം ഇന്ദോഃ പാപയോഗേക്ഷണ ദോഷഃന—അപ്പോൾ ചന്ദ്രനു പാപയോഗമുണ്ടാകിലും പാപദൃഷ്ടി ഉണ്ടാകിലും ദോഷമില്ല.

43 ഗുരുസ്സുദീപ്ത സ്തനുകേന്ദ്രസംസ്ഥിതോ
ബലാധികോലഗ്ന ഗതോവിശേഷതഃ
ഭിനത്തിദോഷാനഖിലാംസ്തഥാവിധഃ
സ്വവർഗ്ഗസംസ്ഥോഭൃഗുജോബുധോപിവാ

ഗുരുഃ സുദീപ്തഃ തനുകേന്ദ്രസംസ്ഥിതഃ ബലാധികഃ അഖിലാൻ ദോഷാൻ ഭിനത്തി—ലഗ്നത്തിന്റെ കേന്ദ്രത്തിൽ പാടുകൂടാതെ ബലവാനായിരിക്കുന്ന ഗുരു ഒട്ടൊഴിയാതെ ഉള്ള ദോഷത്തെക്കളയുന്നോൻ, വിശേഷതഃ ലഗ്നതഃ—വിശേഷിച്ചും പാടുകൂടാതെ ബലവാനായിരിക്കുന്ന ഗുരു ലഗ്നത്തിൽ നില്ക്കിൽ ഒട്ടൊഴിയാതെ ഉള്ള ദോഷത്തെപ്പോക്കും, തഥാവിധഃ സ്വവർഗ്ഗസംസ്ഥഃ ഭൃഗുജഃ ബുധഃ അപിച അഖിലാൻ ദോഷാൻ ഭിനത്തി—പാടുകൂടാതെ ബലവാനായിരിക്കുന്ന തന്റെ തന്റെ വർഗ്ഗത്തിൽ നിന്നു ലഗ്ന കേന്ദ്രത്തിൽ താൻ ലഗ്നത്തിൽ താൻ നില്ക്കുന്ന ബുധനും ശുക്രനും ഒട്ടൊഴിയാതെ ഉള്ള ദോഷത്തെ ഹരിക്കുന്നോർ.

44 മൂർത്തേസ്ത്രികോണാഗമകണ്ടകേഷു
രവീന്ദുജീവർക്ഷ നവാംശ സംസ്ഥഃ
സുകർമ്മകൃന്നിത്യമശേഷദോഷാൻ
മുഷ്ണാതിവർദ്ധിഷ്ണു രനുഷ്ണരശ്മിഃ

മൂർത്തേഃ ത്രികോണാഗമകണ്ടകേഷു രവീന്ദുജീവർക്ഷ നവാംശ സംസ്ഥഃ സുകർമ്മകൃൽ അനുഷ്ണരശ്മിഃ നിത്യം അശേഷദോഷാൻ മുഷ്ണാതി—ലഗ്നത്തിന്റെ ത്രികോണത്തിൽ താൻ പതിനൊന്നാമടത്തു താൻ കേന്ദ്രത്തിൽ താൻ, നില്ക്കുന്ന ചന്ദ്രൻ അർക്കന്റെ ക്ഷേത്രത്തിൽ താൻ, അർക്കന്റെ നവാംശകത്തിൽ താൻ, തന്റെ ക്ഷേത്രത്തിൽ താൻ, തന്റെ നവാംശകത്തിൽ താൻ, ജീവന്റെ ക്ഷേത്രത്തിൽ താൻ, ജീവന്റെ നവാംശകത്തിൽ താൻ നില്ക്കുമ്പോൾ അശേഷ ദോഷങ്ങളും നഷ്ടങ്ങളാം.

ഇനി മൂന്നു പദ്യങ്ങളെക്കൊണ്ടു അശേഷ ദോഷാപവാദങ്ങളെ
ചൊല്ലുന്നു.

45 ലഗ്നാംശാദ്വിഷമാംശകേയദി ശുഭാസ്തൽ കണ്ടകാംശേപിവാ
ജീവജ്ഞൌഗുരുഭാർഗ്ഗവൌ ബുധസിതൌ വാന്യോന്യ
കേന്ദ്രസ്ഥിതൌ
ലഗ്നേശസ്യശുഭസ്യ വാതിബഹവോയുക്താഷ്ടവർഗ്ഗാക്ഷകാ
സ്വേഷ്വേകൈക സമാശ്രിതാം ശകഗൃഹാല്ലാഭാംശകസ്ഥാശ്ശുഭാഃ

ലഗ്നാംശാൽ വിഷമാംശകേ ശുഭാഃ യദി—ലഗ്നത്തിന്റെ വിഷമാംശത്തിൽ ശുഭഗ്രഹങ്ങൾ എല്ലാവരും നില്ക്കിലും, തൽകണ്ടകാംശേ അപിവാ—മുഹൂർത്തലഗ്നത്തിന്റെ അംശത്തിന്റെ കേന്ദ്രാംശത്തിൽ ശുഭഗ്രഹങ്ങൾ എല്ലാം നില്ക്കിലും അന്യോന്യ കേന്ദ്രസ്ഥിതൌ ജീവജ്ഞൌ—ജീവന്റെകേന്ദ്രത്തിൽ ബുധൻ നില്ക്കിലും, ഗുരു ഭാർഗ്ഗവൌ വാ അന്യോന്യ കേന്ദ്രസ്ഥിതൌ—ജീവന്റെ കേന്ദ്രത്തിൽ ശുക്രൻ നില്ക്കിലും ബുധസിതൌവാ—ബുധന്റെ കേന്ദ്രത്തിൽ ശുക്രൻ നില്ക്കിലും, ലഗ്നേശസ്യ ശുഭസ്യ വാ, യുക്താഷ്ടവർഗ്ഗാക്ഷകാഃ അതിബഹവഃ—മുഹൂർത്തകാലത്തിലെ ഗ്രഹങ്ങളെക്കൊണ്ടു് അഷ്ടവർഗ്ഗത്തിൽ പരലിട്ടാൽ മുഹൂർത്തലഗ്നത്തിൽ ലഗ്നാധിപതിയുടെ പരൽ താൻ ശുഭഗ്രഹത്തിന്റെ പരൽ താൻ കൂടി പല വക പരലുണ്ടാകിലും—സ്വേഷു ഏകൈകസമാശ്രിതാം ശകഗൃഹാൽ ലാഭാംശകസ്ഥാഃ ശുഭാഃ ശുഭഗ്രഹങ്ങൾ തങ്ങളിൽ അന്യോന്യം ഒരുത്തനൊരുത്തൻ നിന്ന നവാംശകത്തിന്റെ പതിനൊന്നാം നവാംശകത്തിന്മേൽ നില്ക്കിലും.

46 ലഗ്നാംശർക്ഷാത്ത്രികോണാംശകസദനഗതാസ്സൽഗ്രഹാഃകേന്ദ്രഗാവാ
ജീവാംശ ക്ഷേത്രകേന്ദ്രേ സിതബുധശശിനശ്ചന്ദ്രകേന്ദ്രേസുരേഡ്യഃ
ചന്ദ്രപ്രാപ്താംശരാശേസ്സുതനവമഗതാഃ കേന്ദ്രസംസ്ഥാശ്ചസൌമ്യാ
സ്സൌമ്യേന്ദ്വാത്മേശലഗ്നോപചയഗൃഹഗതാവീര്യവന്തശ്ശുഭാശ്ച

ലഗ്നാംശർക്ഷാൽ ത്രികോണാംശക സദനഗതാഃ സൽഗ്രഹാഃ—മുഹൂർത്തലഗ്നത്തിന്റെ ത്രികോണാംശകത്തിൽ ശുഭഗ്രഹങ്ങൾ നില്ക്കിലും, കേന്ദ്രഗാഃവാ—മുഹൂർത്തലഗ്നാംശകത്തിന്റെ കേന്ദ്രത്തിൽ ശുഭഗ്രഹങ്ങൾ നില്ക്കിലും, ജീവാംശ ക്ഷേത്രകേന്ദ്രേ, സിതബുധശശിനഃ—വ്യാഴത്തിന്റെ അംശരാശിയുടെ കേന്ദ്രത്തിൽ ശുക്രബുധ ചന്ദ്രന്മാരുണ്ടാകിലും ചന്ദ്രകേന്ദ്രേ സുരേഡ്യഃ—ചന്ദ്രന്റെ കേന്ദ്രത്തിൽ ജീവൻ നില്ക്കിലും. ചന്ദ്രന്നിന്ന അംശരാശിയുടെ ത്രികോണത്തിൽത്താൻ കേന്ദ്രത്തിൽത്താൻ ശുഭഗ്രഹങ്ങൾ നില്ക്കിലും, സൌമ്യേന്ദ്വാത്മേശലഗ്നോപചയ ഗൃഹഗാഃ വീര്യവന്തഃ ശുഭാഃച-ശുഭഗ്രഹങ്ങൾ ബലവത്തുക്കളായി ശുഭാംശകത്തിൽത്താൻ, ശുഭക്ഷേത്രത്തിൽത്താൻ, ചന്ദ്രക്ഷേത്രത്തിൽത്താൻ, ലഗ്നാധിപതിയോടുകൂടി താൻ, ലഗ്നത്തിൽ താൻ ഉപചയത്തിൽത്താൻ നില്ക്കിലും

47 രാജേന്ദ്രസ്സഹമന്ത്രികോ ഗജവരം സിംഹാസനം ചാശ്രിത-
ശ്ശീതാംശുർബ്ബലവാൻ ശുഭാംശകഗതോലഗ്നേഷ്ട
ഗേഹേസ്ഥിതഃ
ഹോരാവത്സരമാസവാസരപതിർല്ലഗ്നേബലീസൽഗ്രഹോ
ലഗ്നാദ്വൈരിസഹോദരാഗമഗതാഃ പാപാശ്ചവീര്യോൽകടാഃ

രാജേന്ദ്രഃ സഹമന്ത്രികഃ ഗജവരം സിംഹാസനം വാ ആശ്രിതഃ ശീതാംശുഃ ബലവാൻ ശുഭാംശ കഗതഃ ലഗ്നേഷ്ടഗേഹേസ്ഥിതഃ—രാജാവായിത്താൻ അമാത്യനോടു കൂടിത്താൻ ആനമേൽ കരേറിത്താൻ സിംഹാസനത്തിന്മേൽ ഇരിക്കതാൻ ഇവററാലൊരു ചന്ദ്രക്രിയയോടും കൂടി ചന്ദ്രൻ ബലവാനായി ശുഭാംശത്തിൽ നിന്ന ലഗ്നത്തിന്ന അനുകൂലമാകുംവണ്ണം നില്ക്കിലും, ഹോരാവത്സര മാസവത്സരപതിഃ—ലഗ്നേബലിസൽഗ്രഹഃ—ലഗ്നത്തെ ഉടയവൻ താൻ, സംവത്സരത്തെ ഉടയവൻ താൻ, മാസത്തെ ഉടയവൻ താൻ, വരാധിപൻ താൻ, ശുഭനായി ബലവാനായി ലഗ്നത്തിലുണ്ടാകിലും, ലഗ്നാൽ വൈരിസഹോദരാഗമഗതാഃ പാപാഃച വീര്യോൽകടാഃ—പാപഗ്രഹങ്ങൾ ലഗ്നത്തിന്ന മൂന്നാമടത്തും ആറാമടത്തും പതിനൊന്നാമടത്തുമായി വീര്യോൽ കടന്മാരായി നില്ക്കിലും ശുഭം.

48 പ്രാധാന്യേനവ്യാഹൃതാഃ കേചിദേതേ
യോഗാസ്സർവ്വേഘ്നന്തിദോഷാനശേഷാൻ
അത്രാനുക്താസ്സന്തിചാന്യേസഹസ്രം
നൈവോക്താസ്തേഗ്രന്ഥബാഹുല്യഭീത്യാ

ഏതേ കേചിൽ യോഗാഃ പ്രാധാന്യേ നവ്യാഹൃതാഃ—ഇങ്ങിനെ മൂന്ന പദ്യങ്ങളെക്കൊണ്ടും പ്രാധാന്യേന ചില യോഗങ്ങളെ ചൊല്ലി. ഏതേ സർവ്വേ അശേഷാൻ ദോഷാൻഘ്നന്തി—ഈ യോഗങ്ങളെല്ലാം അശേഷ ദോഷങ്ങളേയും ഹരിക്കും, അത്ര അനുക്താഃച അന്യേസഹസ്രംസന്തി—ഇവിടെ ചൊല്ലാതെയും മററനേക ദോഷങ്ങളുണ്ടു്. തെഗ്രന്ഥബാഹുല്യ ഭീത്യാനൈവ ഉക്താഃ—അവഗ്രന്ഥബാഹുല്യ ഭീതികൊണ്ടു ഇവിടെ ഉക്തങ്ങളായില്ല. പെരികേഗ്രന്ഥമുണ്ടാം എന്നുള്ള ഭയംകൊണ്ടു് അവയെച്ചൊല്ലുന്നില്ല.

49 അത്രോക്തായേ വീര്യവന്തോപിദോഷാ
ദേശാചാരാദ്ദുർബ്ബലാസ്തേ ഭവന്തി
യേന്യേ ദേശാചാര സിദ്ധാശ്ചദോഷാ
സ്തേഷാന്തസ്മിന്നാപവാദോസ്തിദേശേ

യേദോഷാഃ അത്ര ഉക്താഃ തേവീര്യവന്തഃ അപിദേശാചാരാൽ ദുർബ്ബലാഃഭവന്തി—ഇവിടെയാവചിലദോഷങ്ങൾ ചൊല്ലപ്പെട്ടവ, അവ പെരിക ബലമുള്ളവ, എന്നിരിപ്പുതാകിലും ചില ദിക്കിൽ ചില ദേശാചാരംകൊണ്ടും ദുർബ്ബലങ്ങളായിപ്പോകുന്നു. ഇദ്ദിക്കിൽ ഇദ്ദോഷം വർജ്ജിപ്പീല, എന്നിങ്ങിനെ ഉണ്ടു് ഓരോദിക്കിലാചാരം, അവിടെ അദ്ദോഷം വർജ്ജിക്കേണ്ട എന്നർത്ഥം, അന്യേയേദോഷാഃ ദേശാചാരസിദ്ധാഃ തേഷാം തസ്മിൻ ദേശേ അപവാദഃ ന അസ്തി—യാവ ചില ദോഷങ്ങൾ മററു ദേശാചാര സിദ്ധങ്ങളായിരിക്കുന്നവ അവററിന്നു അദ്ദേശത്തിങ്കൽ അപവാദമില്ല. ഇദ്ദേശത്തിങ്കൽ ഇങ്ങിനെ ഒരു ദോഷമുണ്ടു് വർജ്ജിച്ചു പോരുന്നു എന്നിങ്ങിനെ ഉണ്ടു്, ചില ദിക്കിൽ ഇവിടെ ച്ചൊല്ലിയ ചില ദോഷങ്ങളുണ്ടു്. മററവിടെ അദ്ദോഷങ്ങളെ വർജ്ജിക്കേണം എന്നർത്ഥം.

50 അനാപദ്യുത്തമഃ കാലോമദ്ധ്യമാപദി മദ്ധ്യമഃ
സത്യാമത്യാപദിഗ്രാഹ്യോ ദുഷ്ടോപിസ്വാപവാദതഃ

അനാപദി ഉത്തമഃ കാലഃ ഗ്രാഹ്യഃ—അനാപത്തിങ്കൽ ഉത്തമമായിരിക്കുന്ന മുഹൂർത്തംകൊള്ളേണം; മുഹൂർത്തങ്ങൾ സുലഭമായിരിക്കുന്നനാൾ ഉത്തമമായിരിക്കുന്ന മുഹൂർത്തം കൊള്ളേണം, മദ്ധ്യമാപദി മദ്ധ്യമഃ ഗ്രാഹ്യഃ—മദ്ധ്യാമപത്തിങ്കൽ മദ്ധ്യമം കൊള്ളണം, കുറഞ്ഞോ ചില മുഹൂർത്തങ്ങളെഉള്ളു എന്നിരിക്കിൽ മദ്ധ്യമമായുള്ള മുഹൂർത്തം കൊൾക, അത്യാപ

ദിസത്വാം സ്വാപവാദതഃ ദൃഷ്ടഃ അപിഗ്രാഹ്യഃ—അത്യാപത്തുണ്ടായിരിക്കുമ്പോൾ സ്വാപവാദം കൊണ്ട് ദോഷമായുള്ള മുഹൂൎത്തവും ഗ്രാഹ്യം ഒരു മുഹൂൎത്തം ദുഷ്ടമായിട്ടുണ്ട്, മേലൊന്നും കൊള്ളാവതുമില്ല എങ്കിൽ ദോഷങ്ങളെ അപവാദങ്ങളെക്കൊണ്ട് നീക്കിക്കൊള്ളുക.

51 ഇത്ഥംശ്ലോകൈരേക പഞ്ചാശതാസ്മിൻ
ഹൃദ്യോവിദ്യാമാധവേന പ്രണീതഃ
അദ്ധ്യായോയം സൎവ്വദോഷംപവാദഃ
പൂൎണ്ണോവിദ്യാമാധവീയേതൃതീയഃ

ചതുൎത്ഥാദ്ധ്യായം

1 നിശ്ശേഷദോഷരഹിതസ്യ സുദുൎല്ലഭത്വാൽ
കാലേഗുണൌഘബഹുലേവി ബുലാല്പദോഷേ
കൎമ്മാരഭേത ശുഭമിത്യൃഷിഭിൎയ്യദുക്തം
തൽ കാംശ്ചിദത്ര സുമുഹൂൎത്തഗുണാൻ പ്രവക്ഷ്യേ

നിശ്ശേഷദോഷരഹിതസ്യ കാലസ്യ സുദുൎല്ലഭത്വാൽ, ഗുണൌഘബഹുലേ വിബുല്യാല്പദോഷേ കാലേ ശുഭംകൎമ്മ ആരഭേത ഇതിഋഷിഭിഃ ഉക്തംയൽ തൽ അത്രകാംശ്ചിൽ സുമുഹൂൎത്തഗുണാൻ പ്രവക്ഷ്യേ—ഒരു ദോഷത്തോടുകൂടാതെ മുഹൂൎത്തം എത്രെയും പണിപ്പെട്ടേ ലഭിക്കപ്പെട്ടു. എന്നാൽ ദോഷങ്ങൾ കുറഞ്ഞവററിന്നു ബലമില്ലാതെയുമിരിപ്പൂ. ഗുണങ്ങൾ പെരികെ ഉണ്ടായിരിപ്പൂ. അങ്ങിനെ ഉണ്ടാകുന്ന കാലത്തിങ്കൽ ശുഭകൎമ്മങ്ങളെ ചെയ്ക, എന്നിങ്ങനെ മഹൎഷികൾ ചൊല്ലി. എന്നതു യാതൊന്നു അതു് ഹേതുവായിട്ടു ഞാൻ ഇവിടെ ചില നല്ല മുഹൂൎത്തങ്ങളെച്ചൊല്ലുന്നു.

2 അല്പദുൎബ്ബലദോഷത്വം കാലസ്യപ്രഥമോഗുണഃ
അഭാവസ്സൎവ്വദോഷാണാം ദ്വിതീയസ്സുമഹാൻഗുണഃ

കാലസ്യ അല്പദുൎബ്ബലദോഷത്വം പ്രഥമഃഗുണഃ—ദോഷങ്ങൾ കുറഞ്ഞിരിക്കയും ഉള്ള ദോഷങ്ങൾക്കു് ബലമില്ലാതിരിക്കയും നടത്തെഗുണം

സൎവ്വദോഷാണാം അഭാവഃദ്വിതീയ: സുമഹാൻ ഗുണഃ—ദോഷങ്ങളൊന്നും ഇല്ലാതെ ഇരിക്ക, രണ്ടാമത്തു പ്രധാനമായിരിക്കുന്ന ഗുണം.

3 വിശിഷ്ട, വിപ്രഭാഷിതം, ശുഭഗ്രഹസ്യചോദയഃ
തനോശ്ച സൌമ്യവൎഗ്ഗതാ, സ്ത്രയോമഹാഗുണാഃ സ്മൃതഃ

ഏതേ ത്രയഃ മഹാഗുണാ: സ്മൃതാഃ—ഇവ മൂന്നും മഹാഗുണങ്ങളെന്നു അറിയപ്പെട്ടീരിക്കുന്നു, വിശിഷ്ട വിപ്രഭാഷിതം—നല്ല ഒരു ബ്രാഹ്മണൻ 'സുമുഹൂൎത്ത മസ്തു' എന്നു ചൊല്ലുക. ഒരു മഹാഗുണം, ശുഭഗ്രഹസ്യ ഉദയഃ ച—ശുഭഗ്രഹത്തിന്റെ ഉദയം ഒരു മഹാഗുണം. തനോഃ സൌമ്യവൎഗ്ഗതാ—ലഗ്നത്തിന്നുശുഭഗ്രഹങ്ങളുടെ വൎഗ്ഗംവരിക ഒരു മഹാഗുണം. വിശിഷ്ടൻേറയും, വിപ്രൻേറയും എന്നും പദം പിരിക്കാം.

4 അബാദ്ധ്യമാനോവിഹിതഃ ക്രിയാസു
പഞ്ചാംഗയോഗോഗുണനായകാഖ്യഃ
ഷഡംഗയോഗോഗുണരാജഉക്തഃ
സപ്താംഗയോഗോഗുണരാജരാജഃ

വിഹിതക്രിയാസു അബാദ്ധ്യമാനഃ പഞ്ചാംഗയോഗഃ ഗുണനായകാഖ്യഃ—വിഹിതക്രീയകളിൽ അബാദ്ധ്യ മാനമായിരിങ്ങുന്ന പഞ്ചാംഗയോഗത്തിന്നു ഗുണനായകൻ എന്നു പേർ. പഞ്ചാംഗം, അതായതു കൎമ്മത്തിങ്കൽ അഞ്ചും വിധിക്കു തക്കവണ്ണം വരിക പ്രധാന ഗുണം. ഷഡംഗയോഗഃ ഗുണരാജ ഉക്തംഃ—ഷഡംഗം വിധിക്കു തക്കവണ്ണം വരുമ്പോൾ ഗുണരാജൻ എന്നു പേർ. സപ്താംഗയോഗഃ ഗുണരാജരാജഃ—സപ്താംഗം വിധിക്കു തക്കവണ്ണം വരുമ്പോൾ ഗുണരാജരാജൻ എന്നുപേർ.

5 പ്രസന്ന ദൈവജ്ഞ വിധിപ്രദിഷ്ടം
സുഖപ്രദം ദുൎല്ലഭ മല്പപുണ്യൈ
സപ്താംഗസമ്പത്തിസമേതമേത
ന്മുഹൂൎത്തരാജ്യം സുകൃതോലഭന്തേ

ഏതൽ മുഹൂൎത്തരാജ്യം സുകൃതഃ ലഭന്തേ—ഇങ്ങിനെയിരിക്കുന്ന മുഹൂൎത്തരാജ്യത്തെ പുണ്യവത്തുകൾ ലഭിക്കുന്നു. പ്രസന്ന ദൈവജ്ഞ വിധിപ്രദിഷ്ടം സംപ്താംഗ സംപത്തി സമേതം ഏതൽ സുഖപ്രദം, ഏതൽ മുഹൂൎത്തരാജ്യം അല്പപുണ്യൈഃ ദുൎല്ലഭം—പ്രസന്ന ദൈവജ്ഞ വിധിപ്രദിഷ്ടമായി സുഖപ്രദമായി സപ്താംഗസമ്പത്തി സമേതമായിരിക്കുന്ന ഈ മുഹൂൎത്തരാജ്യം അല്പപുണ്യന്മാരാൽ ദുൎല്ലഭം, നക്ഷത്രവും, വാരവും, തിഥി

യും, കരണവും, യോഗവും, രാശിയും, ഗ്രഹസ്ഥിതിയും അതാതു കൎമ്മത്തിങ്കൽ വിധിച്ചവണ്ണം വന്ന പ്രസന്നനായിരിക്കുന്ന ദൈവജ്ഞൻ 'സുമുഹൂൎത്തമസ്തു' എന്നു ചൊല്ലി വിധിച്ച മുഹൂൎത്തം സുഖപ്രദം. പുണ്യം കുറഞ്ഞവൎക്കു കിട്ടാ അങ്ങിനെത്തേ മുഹൂൎത്തം; ഇങ്ങിനെ ഇരിക്കുന്ന മുഹൂൎത്തം രാജ്യത്തോടൊക്കും. അതു ബഹു പുണ്യവാന്മാൎക്കേ കിട്ടു.

6 സൌമ്യാഃ കേന്ദ്രത്രികോണേഷു പാപാഃ ക്ഷതസഹോത്ഥയോഃ
ഏകാദശേസ്ഥിതാസ്സൎവ്വേ ശുഭദാശ്ശുഭകൎമ്മസു

കേന്ദ്രത്രികോണങ്ങളിൽ നില്ക്കുന്ന ശുഭഗ്രഹങ്ങളും, ആറാമിടത്തു നില്ക്കുന്ന പാപികളും, മൂന്നാമിടത്തു നില്ക്കുന്ന പാപികളും, പതിനൊന്നാമിടത്തു നില്ക്കുന്നവരെല്ലോരും ശുഭകൎമ്മങ്ങളിൽ ശുഭത്തെക്കൊടുപ്പോർ.

7 ശശാങ്ക നക്ഷത്രജലാഭിവൃദ്ധി
ഘടോപ്യരിക്തസ്തിഥയശ്ചപൂൎണ്ണാഃ
സ്യാൽ പഞ്ചപൂൎണ്ണാഹ്വയ ഏഷയോഗോ
ഗുണാധിരാജ ശുഭകൎമ്മണീഷ്ടഃ

ഏഷയോഗഃ പഞ്ചപൂൎണ്ണഹ്വയഃ—ഈ യോഗത്തിന്നു പഞ്ചപൂൎണ്ണയോഗമെന്നു പേർ, ശുഭകൎമ്മണി ഇഷ്ടഃ—ഇതശുഭ കൎമ്മത്തിങ്കൽ നല്ലൊന്നു് ശശാങ്ക നക്ഷത്ര ജലാഭിവൃദ്ധിഃ—ശശാങ്ക വൃദ്ധിയും നക്ഷത്ര വൃദ്ധിയും ജലവൃദ്ധിയും എന്ന പൂൎവ്വപക്ഷവും നാളേററവും, വേലി ഏററവും, അരിക്തഃ ഘടഃ അപി, അരിക്തമായിരിക്കുന്ന ഘടവും, എന്ന 'കുംഭം പൂൎത്തി'—പൂൎണ്ണാഃ തിഥയഃ ച—പൂൎണ്ണകളാകുന്ന തിഥികളും, ഇതിന്നു പഞ്ചപൂൎണ്ണയോഗമെന്നു പേർ. ശുഭക്രിയക്കു് മുഖ്യം.

കുംഭപൂൎത്തിയെ ചൊല്ലുന്നു.

8 ദിക്താരാണാം മദ്ധ്യമാഃസ്തംഭ സംജ്ഞാ
സ്തിസ്രസ്തിസ്രഃ പാൎശ്വസംസ്ഥാഘടാഖ്യാഃ
തിഷ്ഠത്യൎക്കോയത്ര രിക്തസ്സകുംഭ
സ്സംപൂൎണ്ണോന്യ സ്തംഭസംജ്ഞശ്ചതദ്വൽ

ദിൿ താരാണാം സ്തംഭ സംജ്ഞാഃ മദ്ധ്യമാഃ—കാൎത്തിക ആദിആയി ഓരോരോ ദിക്കിൽ ഏഴേഴു നക്ഷത്രം നാലു ദിക്കിലും നടുവിലേതു സ്തംഭം, പാൎശ്വ സംസ്ഥാഃ തിസ്രഃ തിസ്രഃ, ഘടാഖ്യാഃ—സ്തംഭങ്ങളുടെ രണ്ടുപുറവും മുമ്മൂന്നു ഘടങ്ങൾ. അൎക്കഃ യത്രതിഷ്ഠതി, സകുംഭഃരി

ക്തഃ—യാതൊന്നിന്മേൽ നില്ക്കുന്ന അബ്ഭാഗത്തെ കുംഭങ്ങൾ രിക്തകുംഭങ്ങൾ, അന്യഃ സമ്പൂൎണ്ണഃ—മറേറതു് സമ്പൂൎണ്ണം ആദിത്യനില്ലാത്ത ഭാഗത്തേതു് എല്ലാം പൂൎണ്ണകുംഭങ്ങൾ, സ്തംഭസംജ്ഞാഃ ചതദ്വൽ—സ്തംഭത്തിന്മേൽ അൎക്കൻ നില്ക്കിൽ സ്തംഭം രിക്തസ്തംഭം, കുംഭങ്ങളെല്ലാം പൂൎണ്ണങ്ങൾ.

9 അഹ്നഃ പഞ്ചദശോഭാഗോമുഹൂൎത്തസ്താരകാമയഃ
ദിവാപഞ്ചദശോക്താസ്തേനിശായാഞ്ച തഥാസ്മൃതാഃ

അഹ്നഃ പഞ്ചദശഃ ഭാഗഃ താരകാമയഃ മുഹൂൎത്തഃ—അഹസ്സിനെപതിനഞ്ചു് അംശിച്ചാൽ താരക മുഹൂൎത്തങ്ങളുണ്ടാം. ഇങ്ങിനെ പകൽ പതിനഞ്ചു് മുഹൂൎത്തം, തേദിവാ പഞ്ചദശ ഉക്താഃ തഥാനിശായാഞ്ച—അവ്വണ്ണമേ രാത്രിയിലും പതിനഞ്ചു് മുഹൂൎത്തം.

10 ആൎദ്രോരഗമിത്രമഘാവസുജല വിശ്വാഭിജിദ്വിദ്വിരിഞ്ചേന്ദ്രാഃ
ഐന്ദ്രാഗ്നമൂലവരുണാൎയ്യമഭഗതാരാ ദിവാമുഹൂൎത്താസ്യുഃ

ഏതേദിവാ മുഹൂൎത്താഃ സ്യുഃ—ഇവ പകലത്തെ മുഹൂൎത്തങ്ങൾ. ആൎദ്രാമുഹൂൎത്തം, ഉരഗ മുഹൂൎത്തം, മിത്രമുഹൂൎത്തം, മഘാമുഹൂൎത്തം, വസുമുഹൂൎത്തം, ജലമുഹൂൎത്തം, വിശ്വമുഹൂൎത്തം, അഭിജിന്മുഹൂൎത്തം, വിരിഞ്ച മുഹൂൎത്തം, ഇന്ദ്രമുഹൂൎത്തം, മൂലമുഹൂൎത്തം, വരുണമുഹൂൎത്തം, അൎയ്യമമുഹൂൎത്തം, ഭഗമുഹൂൎത്തം ഇങ്ങിനെ പതിനഞ്ചു ദിവാമുഹൂൎത്തങ്ങൾ

11 ക്രമശോനിശാ മുഹൂൎത്താരുദ്രാഭാദ്രാഭയോഷ്ടതാരാശ്ച
അദിതിഗുരുവിഷ്ണുഹസ്തത്വാഷ്ട്രസമീരാശ്വകീൎത്തിതാമുനിഭിഃ

നിശാമുഹൂൎത്താഃ ക്രമശഃ ഏവം മുനിഭിഃ കീൎത്തിതാഃ—നിശമുഹൂൎത്തങ്ങൾ മിക്കവാറും മുനികളാൽ ഈവണ്ണം കീൎത്തിതങ്ങളായി, രുദ്രമുഹൂൎത്തം, ഭാദ്ര മുഹൂൎത്തം, ബുദ്ധ്നി മുഹൂൎത്തം, പൂഷമുഹൂൎത്ത, യമമുഹൂൎത്തം, അഗ്നിമുഹൂൎത്തം, രോഹിണിമുഹൂൎത്തം, സൌമ്യ മുഹൂൎത്തം അദിതിമുഹൂൎത്തം, ഗുരുമുഹൂൎത്തം, വിഷ്ണുമുഹൂൎത്തം, ഹസ്തമുഹൂൎത്താത്വാഷ്ട്രമുഹൂൎത്തം, സമീര മുഹൂൎത്തം—ഇവ പതിനഞ്ചും രിത്രിമുഹൂൎത്തങ്ങൾ.

12 സൎവ്വേസ്മൃതാ മുഹൂൎത്താശ്ശുഭകൎമ്മസുതത്തദൃക്ഷസദൃശഗുണാഃ
തത്സദൃശദേവതാശ്ചബ്രഹ്മാഭിജിതസ്മൃതം ദൈവം

സൎവ്വേമുഹൂൎത്താഃ ശുഭകൎമ്മസുതത്തദൃക്ഷസദൃശഗുണാഃ സ്മൃതാഃ—എല്ലാ മുഹൂൎത്തങ്ങളും ശുഭകകൎമ്മങ്ങളിൽ അതാതു നക്ഷത്രങ്ങൾക്ക് തക്കവണ്ണം ഫലത്തെ കൊടുക്കും. അതു ശുഭനക്ഷത്രങ്ങളുടെ മുഹൂൎത്തങ്ങൾ ശുഭങ്ങൾ. അശുഭ നക്ഷത്രങ്ങളുടെ മുഹൂൎത്തങ്ങൾ അശുഭങ്ങൾ, പേക്ഷ്തക്കവണ്ണം അതു്. തത്സദൃശദേവതാഃ ച—എല്ലാ മുഹൂൎത്തങ്ങൾക്കും തന്നുടെ തന്നുടെ നക്ഷത്രങ്ങൾക്കുള്ള ദേവത ദേവതയാകുന്നതു്. ആൎദ്രാനക്ഷത്രത്തിന്നു പരമേശ്വരൻ ദേവത, ഉരഗമുഹൂൎത്തത്തിന്നു സൎപ്പങ്ങൾ ദേവത, എന്നീവണ്ണം ദേവതകൾ. അഭിജിതഃ ബ്രഹ്മാദൈവം സ്മൃതം—അഭിജിന്മുഹൂൎത്തത്തിന്നു ബ്രഹ്മാവു് ദേവതാ.

13 ദിനരാത്രിജാമുഹൂൎത്തായേ കഥിതാസ്ത്യാജ്യതാരകാത്മാനഃ
ഏകാദശാസ്ത്വശുഭാസ്തേ ശുഭകൎമ്മസുപൂജിതാശ്ചാന്യേ.

ദിനരാത്രിജാഃ യേമുഹൂൎത്താഃ ത്യാജ്യതാരകാത്മാനഃ കഥിതാഃ—തേ ഏകാദശ അശുഭാഃ—ദിവാമുഹൂൎത്തങ്ങളിലും രാത്രി മുഹൂൎത്തങ്ങളിലും യാവചിലവ ത്യാജ്യനക്ഷത്രങ്ങളെക്കൊണ്ടു ചൊല്ലി അവ പതിനൊന്നും അശുഭങ്ങൾ. അന്യേശുഭകൎമ്മസുപൂജിതാഃ ച—മറ്റെല്ലാം ശുഭകൎമ്മങ്ങളിൽ പൂജിതങ്ങൾ.

14 ഉൽപാതവിഷ്ടിവ്യതിപാതദോഷാ
ന്നിഘ്നന്തിദോഷാ നഭിജന്മുഹൂൎത്തഃ
കരോതിയാമ്യാമപഹായകാഷ്ഠാ
ന്ദിഗന്തരാണിവ്രജതോൎത്ഥസിദ്ധിം.

ഉൽപാതവിഷ്ടി വ്യതിപാത ദോഷാൻ അഭിജിന്മുഹൂൎത്തഃ നിഘ്നന്തി—അഭിജിന്മുഹൂൎത്തം ഉൽപാതത്തിന്റേയും വിഷ്ടിയുടേയും വ്യതിപാതത്തിന്റേയും ദോഷത്തെ ഹനിക്കും. യാമ്യാം കാഷ്ഠാം അപഹായ ദിഗന്തരാണി വ്രജതഃ അൎത്ഥസിദ്ധിം കരോതി—തെക്കേദിക്കൊഴിച്ചു മറവുള്ള ദിക്കുകളിൽ അഭിജിന്മുഹൂൎത്തത്തെക്കൊണ്ടു പുറപ്പെട്ടാൽ അൎത്ഥസിദ്ധി ഉണ്ടാം.

15 ഭാനോരൎയ്യമദൈവതോഹിമരുചേബ്രഹ്മസ്തഥാനൈരൃതോ
ഭൂപുത്രസ്യചപിത്ര്യവഹ്ന്യധിപതീ ചന്ദ്രാത്മജസ്യാഭിജിൽ
പിത്ര്യബ്രാഹ്മസമാഹ്വയാവുശനസോബ്രഹ്മാംബുദേവൌഗുരോ
സ്സാൎപ്പശ്ചാഹിശനേരമീതുനിയമാസ്ത്യാജ്യാമുഹൂൎത്താബുധൈഃ.

അമീമുഹൂൎത്താഃ ബുധൈഃ നിയമാൽത്യാജ്യാഃ—ഇമ്മുഹൂൎത്തങ്ങൾ ബുധന്മാരാൽ നിയമേന ത്യാജ്യങ്ങൾ. ഭാനോഃ അൎയ്യമ ദൈവതഃ—ആദിത്യവാരത്തുന്നാൾ അൎയ്യമമുഹൂൎത്തം, വൎജ്ജിക്കേണം. ഹിമരുചേഃ ബ്രാഹ്മ തഥാനൈരൃതഃ—ചന്ദ്രവാരത്തുന്നാൾ ബ്രാഹ്മമുഹൂൎത്തവും, നൈരൃതമുഹൂൎത്തവും. ഭൂപുത്രസ്യച പിത്ര്യവഹ്ന്യധിപതീ—കുജവാരത്തുന്നാൾ മഘാമുഹൂൎത്തവും, വഹ്നിമുഹൂൎത്തവും, വൎജ്ജിക്കേണം. ചന്ദ്രാത്മജസ്യ അഭിജിൽ—ബുധവാരത്തുന്നാൾ അഭിജിന്മുഹൂൎത്തം. ഉശനസഃ പിത്ര്യബ്രാഹ്മസമാഹ്വയൌ—ശുക്രവാരത്തുന്നാൾ മഘാമുഹൂൎത്തവും, ബ്രാഹ്മമുഹൂൎത്തവും. ഗുരോഃ ബ്രഹ്മാംബുദൈവൌ—ഗുരുവാരത്തുന്നാൾ ബ്രാഹ്മമുഹൂൎത്തവും, ജലമുഹൂൎത്തവും. ശനേഃ അഹിസാൎപ്പംച—ശനിവാരത്തുന്നാൾ സാൎപ്പമുഹൂൎത്തം വൎജ്ജിക്കേണം.

ഇനി രണ്ടു പദ്യങ്ങളേക്കൊണ്ടു് പൌരാണികന്മാരുടെ പക്ഷത്തിലെ മുഹൂൎത്തങ്ങളുടെ സംജ്ഞകളെ ചൊല്ലുന്നു.

16 സംജ്ഞാഃ പുരാണകഥിതാ രൌദ്രശ്വേതസ്തഥാമൈത്രഃ
ആരഭടസ്സാവിത്രോവൈരാജശ്ചാഥ ഗാന്ധൎവ്വഃ
അഭിജിച്ചരൌഹിണബലൌ വിജയാഖ്യോ നൈരൃതശ്ശാക്രഃ
വാരുണഭഗദൈവത്യാവിതിവിജ്ഞേയാദിവാമുഹൂൎത്താനാം.

പുരാണകഥിതാഃ സംജ്ഞാഃ—പുരാണങ്ങളിൽ ചൊല്ലിയനാമങ്ങൾ. രൌദ്രഃ രൌദ്രമുഹൂൎത്തം; ശ്വേതഃ ശ്വേതമുഹൂൎത്തം; തഥാമൈത്രഃ—അവ്വണ്ണമേ മൈത്രമുഹൂൎത്തം; ആരഭടഃ—ആരഭടമുഹൂൎത്തം; സാവിത്രഃ—സാവിത്രമുഹൂൎത്തം; വൈരാജഃച—വൈരാജ മുഹൂൎത്തം; അഥഗാന്ധൎവ്വഃ—പിന്നെ ഗാന്ധൎവ്വ മുഹൂൎത്തം; അഭിജിൽ ച—അഭിജിന്മുഹൂൎത്തം; രൌഹിണബലൌ—രൌഹിണമുഹൂൎത്തം, ബലമുഹൂൎത്തവും, വിജയാഖ്യാഃ—വിജയമുഹൂൎത്തം, നൈരൃതഃ—നൈരൃതമുഹൂൎത്തം, ശാക്രഃ—ഐന്ദ്രമുഹൂൎത്തം; വാരുണഭഗദൈവത്യൌ-വാരുണമുഹൂൎത്തം, ഭഗമുഹൂൎത്തവും. ഇങ്ങിനെ പുരാണങ്ങളിൽ ചൊല്ലിയ മുഹൂൎത്തനാമങ്ങൾ.

17 അഭിജി വൈരാജശ്ചശ്വേതസ്സാവിത്ര മൈത്രബല വിജയാഃ
ശുഭകാൎയ്യസിദ്ധി ജനകാസ്സപ്തപ്രോക്താഃ പുരാണജ്ഞൈഃ

അഭിജിൽ—അഭിജിന്മുഹൂൎത്തവും, വൈരാജഃ-വൈരാജമുഹൂൎത്തവും; ശ്വേതഃ ശ്വേതമുഹൂൎത്തവും; സാവിത്രമൈത്രബലവിജയാഃ- സാവിത്രമുഹൂ

ത്തം; മൈത്രമുഹൂർത്തം; ബലമുഹൂർത്തം; വിജയമുഹൂർത്തവും. ഏതെസപ്ത പുരാണജ്ഞൈഃ ശുഭകാര്യ്യസിദ്ധിജനകാഃ പ്രോക്താഃ— പുരാണങ്ങളെ അറിയുന്നവർ ഇവഏഴുമുഹൂർത്തങ്ങളും ശുഭകർമ്മങ്ങളിൽ ശുഭങ്ങൾ എന്നുചൊല്ലുന്നോർ.

18 ശ്രേഷ്ഠാസ്താരാ സ്സത്തിഥിസ്സന്മുഹൂർത്തഃ
സത്തിഥ്യർദ്ധം സന്നിമിത്തഞ്ചജാതം,
യോഗേന്ദ്രോയം പഞ്ചകല്യാണനാമാ
ഗാർഗ്ഗ്യേണോക്ത സ്സർവ്വകാര്യ്യാർത്ഥദായീ.

ശ്രേഷ്ഠാഃ താരാഃ സത്തിഥിഃ സന്മുഹൂർത്തഃ സത്തിഥ്യർദ്ധം, സന്നിമിത്തം ചജാതം—നല്ലൊരു നാളും, നല്ലൊരു തിഥിയും, നല്ലൊരു താരാമുഹൂർത്തവും, നല്ലൊരു കരണവും, നല്ലൊരു നിമിത്തവും. അയം 'പഞ്ചകല്യാണനാമാ' യോഗേന്ദ്രഃ—ഇതു 'പഞ്ചകല്യാണം' എന്ന പ്രധാനമായിരിക്കുന്ന യോഗം. സർവ്വകാര്യ്യാർത്ഥദായീ--സർവ്വ കർമ്മങ്ങൾക്കും നല്ലൊന്നു്. ഗാർഗ്ഗ്യേണ ഉക്തഃ—ഗാർഗ്ഗ്യമഹർഷി ചൊല്ലിയ യോഗം.

ഇനി രണ്ടു പദ്യങ്ങളെക്കൊണ്ടു് അമൃതയോഗം ചൊല്ലുന്നു.

19 സാർക്കാദിവാരാ ഗുരുമൂലഹസ്താ
ശ്ചിത്രാദിമാർദ്രശ്രവണേന്ദുതാരാ
ബുധ്ന്യശ്വിനീ വിശ്വഭഗപ്രജേശാ
വിശ്വാഗ്നിമിത്രാസ്സുരശൈലതിഥ്യാഃ

20 ത്രയോദശീ മാതൃജലാന്ത്യഭാനി
ഭഗപ്രചേതോ മരുതസ്സുനന്ദാഃ
ഭദ്രാസമേതാവസുധാതൃവാതാഃ
ക്രമേണയോഗാ അമൃതാഭിധാനാഃ

ഏതേ യോഗാഃ സാർക്കാദിവാരാഃ ക്രമേണ അമൃതാഭിധാനാഃ—ആദിത്യവാരമാദിയായുള്ള ഏഴു വാരങ്ങളോടും ക്രമത്താലെ കൂടുന്ന ഇവ എട്ടു യോഗങ്ങളും അമൃതയോഗങ്ങൾ. ഗുരുമൂലഹസ്താഃ—പൂയം, മൂലം, ഹസ്തം ഇവ ആദിവാരത്തോടുകൂടിയാൽ ഒന്നു്. ചിത്രാദിമാർദ്രശ്രവണേന്ദുതാരാഃ—ചിത്രയുടെ ആദ്യർദ്ധവും, തിരുവോണവും, മകീരം ഇവ തിങ്കളാഴ്ചയോടുകൂടിയാലൊന്നു്. ബുധ്ന്യശ്വിനീ വിശ്വജനപ്രജേശാഃ—ഉത്രട്ടാതി, അശ്വതി, ഉത്രാടം, ഉത്രം, രോഹിണി ഇവ കുജവാരത്തോടുകൂടി

യാലൊന്നു്. വിശ്വാഗ്നിമിത്രാസ്സുരശൈലതിഥ്യാഃ—ഉത്രാടം, കാർത്തിക, അനിഴം ഇവ പഞ്ചമിയോടു കൂടുകതാൻ, സപ്തമിയോടു കൂടുകതാൻ ചെയ്ത ബുധവാരത്തോടുകൂടിയാലൊന്നു്. ത്രയോദശീമാതൃജലാന്ത്യഭാനി—പുണർതം, പൂരാടം, ഇരവതി ഇവ ത്രയോദശിയോടുകൂടി ഗുരുവാരത്തോടുകൂടുകിലൊന്നു്. ഭഗപ്രചേതോ മരുതസ്സുനന്ദാഃ—ഉത്രം, ചതയം, ചോതി ഇവ നന്ദയാകുന്ന തിഥിയൊടുകൂടി ശുക്രവാരത്തോടുകൂടുകിലൊന്നു്. ഭദ്രാസമേതാഃ വസുധാതൃവാതാഃ– അവിട്ടം, രൊഹിണി, ചോതി, ഇവ ഭദ്രയാകുന്ന തിഥിയോടുകൂടി ശനിവാരത്തോടുകൂടുകിലൊന്നു്. ഇങ്ങിനെ ഏഴു യോഗങ്ങൾ.

ഇനി രണ്ടു പദ്യങ്ങളെക്കൊണ്ടും ശുഭസിദ്ധയോഗങ്ങളെച്ചൊല്ലുന്നു.

21 ഉത്തരാസലില പൌഷ്ണവിഷ്ണവാ
മാതൃമാരുത വസുപ്രചേതസഃ
മിത്രദണ്ഡധര പൌഷ്ണതാരകാ
സ്സോമമിത്രഭഗ വിശ്വവേധസഃ

22 മൈത്രാശ്വിനീമാരുതമാതൃതിഷ്യാ
ഭഗത്രയീനൈരൃതപൌഷ്ണദസ്രാഃ
ധാത്രഗ്നിവായുത്രയ വാരിനാഥാ
സ്സാർക്കാദിവാരാശ്ശുഭസിദ്ധയോഗാഃ

ഏതേസാർക്കാദിവാരാഃ ശുഭസിദ്ധയോഗാഃ—ഇവ ഏഴു യോഗങ്ങളും ക്രമത്താലെ ആദിത്യവാരം തുടങ്ങി ഏഴുവാരങ്ങളോടും കൂടിയാൽ ശുഭസിദ്ധയോഗങ്ങൾ. ഉത്തരാസലില പൌഷ്ണവിഷ്ണവഃ—ഉത്രം, ഉത്രാടം, ഉത്രട്ടാതി, പൂരാടം, ഇരവതി, തിരുവോണം ഇവ ആദിത്യവാരത്തോടു കൂടിയാലൊന്നു്. മാതൃമാരുതവസുപ്രചേതസഃ—പുണർതം, ചോതി, അവിട്ടം, ചതയം ഇവ ചന്ദ്രവാരത്തോടുകൂടിയാലൊന്നു്. മിത്രദണ്ഡധര പൌഷ്ണ താരകാഃ—അനിഴം, ഭരണി, ഇരവതി ഇവ കുജവാരത്തോടുകൂടുകിലൊന്നു സോമമിത്രഭഗവിശ്വവേധസഃ—മകീരം, അനിഴം, ഉത്രം, ഉത്രാടം, രോഹിണി ഇവ ബുധവാരത്തോടു കൂടുകിലൊന്നു്. മൈത്രാശ്വിനീമാരുത മാതൃതിഷ്യാഃ—അനിഴം, അശ്വതി, രോഹിണി, പുണർതം, പൂയം ഇവ ഗുരുവാരത്തോടു കൂടുകിലൊന്നു. ഭഗത്രയീനൈരൃതപൌഷ്ണദസ്രാഃ—ഉത്രം, അത്തം, ചിത്ര, മൂലം, ഇരവതി, അശ്വതി ഇവ ശുക്രവാരത്തോടു കൂടുകിലൊന്നു്. ധാത്രഗ്നിവായുത്രയവാരിനാഥാഃ—രോഹി

ണി, കാർത്തിക, ചോതി, വിശാഖം, അനിഴം, ചതയം ഇവ ശനിവാരത്തോടു കൂടുകിലൊന്നു്. ഇങ്ങിനെ ഏഴു ശുഭസിദ്ധയോഗങ്ങൾ.

23 ചിത്രാഗ്നീശ്വര പാശിനോദിനപതേർവ്വാരേസനന്ദാസ്തഥാ
ഭൌമസ്യാസുരസാർപ്പപൌഷ്ണമരുതോയോഗാവരാഖ്യാശ്ശുഭാഃ
നന്ദാഭാർഗ്ഗവഭൌമതീക്ഷ്ണമഹസാംഭദ്രാകവീന്ദ്വോർജ്ജയാ
ചാന്ദ്രിക്ഷ്മാസുതയോശ്ശനേരപിവരാപൂർണ്ണാഗുരോസ്സിദ്ധിദാഃ

ദിനപതേഃ വാരേ ചിത്രാഗ്നീശ്വരപാശിനഃ സനന്ദാഃ—ചിത്ര, കാർത്തിക, തിരുവാതിര, ചതയം ഇവ നന്ദയാകുന്ന തിഥിയോടുകൂടി രവിവാരത്തോടു കൂടുകിലും. തഥാ ഭൌമസ്യവാരേസനന്ദാഃ അസുരസാർപ്പപൌഷ്ണമരുതഃ—മൂലം, ആയില്യം, ഇരവതി, ചോതി ഇവ നന്ദയാകുന്ന തിഥിയോടുകൂടി കുജവാരത്തോടുകൂടുകിലും ഇവ രണ്ടിന്നും വരയോഗമെന്നുപേർ.

വരാഖ്യാഃ യോഗാഃ ശുഭാഃ—വരയോഗങ്ങൾ ശുഭങ്ങൾ. ഭാർഗ്ഗവഭൌമതീക്ഷ്ണ മഹസാംവാരേ നന്ദാസിദ്ധിദാ — ശുക്രവാരത്തുന്നാളും, ഭൌമവാരത്തുന്നാളും, രവിവാരത്തുന്നാളും നന്ദയാകുന്ന തിഥികാര്യ്യസിദ്ധിയെ ഉണ്ടാക്കും. ഭദ്രാകവീന്ദ്വോഃ—ശുക്രവാരത്തുന്നാളും ചന്ദ്രവാരത്തുന്നാളും ഭദ്രയാകുന്ന തിഥികാര്യ്യസിദ്ധിയെ ഉണ്ടാക്കും. ജയാചാന്ദ്രിക്ഷ്മാസുതയോഃ—ബുധവാരത്തുന്നാളും കുജവാരത്തുന്നാളും ജയ ആകുന്ന തിഥികാര്യ്യസിദ്ധിയെ ഉണ്ടാക്കും. ശനേഃ അപിപരാ—ശനിവാരത്തുന്നാൾ 'രിക്താ' ഗുരുവാരത്തുന്നാൾ 'പൂർണ്ണാ' കാര്യ്യസിദ്ധിയെ ഉണ്ടാക്കും. ഗുരോഃപൂർണ്ണാ കാര്യ്യസിദ്ധിയെ ഉണ്ടാക്കും.

24 തിഥിവാരർക്ഷയോഗായേ പ്രോക്താസ്തേശുഭകർമ്മസു
തത്തദ്വാരർക്ഷഗീതേഷു വിശേഷാത്സിദ്ധിദായിനഃ

യേതിഥിവാരർക്ഷയോഗാഃ പ്രോക്താഃ തേതത്തദ്വാരർക്ഷ ഗീതേഷുശുഭകർമ്മസുവിശേഷാൽ സിദ്ധിദായിനഃ—ഇവിടെ യാവചില തിഥിവാരർക്ഷയോഗങ്ങൾ ചൊല്ലപ്പെട്ടവ, അവയെല്ലാം തത്തദ്വാരർക്ഷഗീതങ്ങളായിരിക്കുന്ന ശുഭകർമ്മങ്ങളിൽ വിശേഷാലും കാര്യ്യസിദ്ധിയെ ഉണ്ടാക്കും. ഇവിടെ ചൊല്ലിയ വിശേഷയോഗങ്ങളെല്ലാം അതാതു കർമ്മങ്ങളിൽ വിധിച്ച നക്ഷത്രവും തിഥിയും വാരവും വരികിൽ വിശേഷിച്ചും ശുഭങ്ങൾ.

25 സംകൃത്യാകൃതിനാഗസായകജിനൈരിന്ദ്രോൽകൃതിഭ്യാംജിനൈർ
ഖമനപക്ഷൈക്കേസ്തിഥി ശക്രനാഗവസുഭിർവ്വേദാഷ്ടശക്രൈഃ ക്രമാൽ
വിദ്യേന്ദ്രാബ്ധിയുഗാക്ഷദിഗ്ധൃതിജിനൈരക്ഷൈഃ പൂരാണൈര്യ്യുതാ
നാഡീസ്ത്രിംശദതീത്യഭേഷുപരതോ നാഡ്യശ്ച തസ്രോമൃതം.

ഏതൈഃ യുതാഃ ത്രിംശൽനാഡീഃ അതീത്യപരതഃ ഭേഷു ചതസ്രഃ നാഡ്യഃ അമൃതം—മുപ്പതുനാഴികയും, പിന്നെ ഇച്ചൊല്ലിയ നാഴികയും, കഴിഞ്ഞ മേൽ അശ്വതി ആദിയായുള്ള നന്നാലു നാഴിക-അമൃതഘടിക. അശ്വതിക്കു് സംകൃതി എന്നു്, 24, (54) ഐമ്പത്തിനാലിന്നുമേൽ നാലു്. ഭരണിക്കു് ആകൃതി എന്ന, 22, ഐമ്പത്തിരണ്ടു കഴിഞ്ഞു്നാലു് കാർത്തികക്കു് നാഗഃ-8 നാഴിക കഴിഞ്ഞു് നാലു് രോഹിണിക്കു്. സായകഃ എന്ന അഞ്ചു ഇരിപത്തഞ്ചു നാഴിക കഴിഞ്ഞു്നാലു്. മകീരത്തിന്നു ജിനഃ– 24, 54 നാഴികകഴിഞ്ഞ നാലു്. തിരുവാതിരക്കു് ഇന്ദ്രഃ 14, 34 കഴിഞ്ഞ നാലു്. പുണർതത്തിന്നു ഉൽകൃതി 16, 36 കഴിഞ്ഞ നാലു്, പൂയത്തിന്നു ജിനഃ 24, 54 നാഴിക കഴിഞ്ഞ നാലു്, ആയില്യത്തിന്നു 44 മകത്തിന്നു അക്ഷഃ, 42 പൂരത്തിന്നു തിഥി, 45........ഉത്രത്തിന്നു ശക്രഃ, 44........അത്തത്തിന്നു നാഗഃ, 38 ചിത്രക്കു് വസു 38........ ചോതിക്കു വേദ, 34........വിശാഖത്തിന്നു അഷ്ട, 38........അനിഴത്തിന്നു ശക്രഃ, 44........തൃക്കേട്ടക്കു് വിദ്യാ, 48........മൂലത്തിന്നു ഇന്ദ്രഃ, 44........പൂരാടത്തിന്നു അബ്ധിഃ, 34........ഉത്രാടത്തിന്നു യുഗം, 34........തിരുവോണത്തിന്നു അക്ഷഃ, 42........അവിട്ടത്തിന്നു ദിക്, 40........ചതയത്തിന്നു ധൃതി 48........പൂരട്ടാതിക്കു ജിനഃ- 54........ ഉത്രട്ടാതിക്കു് അക്ഷ 42........നാഴികക്കുമേൽ നാലുനാഴിക, ഇരവതിക്കു് പൂരാണം. 48 നാഴികക്കുമേൽ നാലുനാഴിക 'അമൃതഘടിക' ഇങ്ങിനെ.

ഇനി ഇതിന്നു പരൽപേർ ചൊല്ലുന്നു.

26 വിഷ്ണുഃ ശ്രീമാൻ ഫലീശ്ശൂലീവേണുർവ്വിദ്വാൻ ക്ഷണേവശീ
വിദ്വാൻ പ്രഭുശ്ശിവോഭാവീ ജഡോദണ്ഡീ ഭഗോഫലീ
വിഭുർദ്ദേവോ ഭവാൻ ഭോഗീവേലാരംഭാനഗാദിവി
വിഷ്ണുഃ പ്രഭുർജ്ജവോദസ്രോദ്വാർണ്ണാദ്യാമുദിതാഃ ക്രമാൽ

27 നാസീരതീത്യോപരിതാശ്ച തസ്രസ്ത്വമൃതാഭിധാഃ
അമൃതഘടികാസ്സമസ്തേ ശുഭകർമ്മണ്യമൃതയോഗവൽഗ്രാഹ്യാഃ
വിഷരോഗാദിചികിത്സാവിധൌ ശുഭാ ഇതിവാച്യമിദം
സമസ്തേശുഭകർമ്മണി അമൃതഘടികാഃ അമൃതയോഗവൽഗ്രാഹ്യാഃ

എല്ലാ ശുഭകാര്യങ്ങളിലും അമൃതഘടികകൾ അമൃതയോഗംപോലെ ഗ്രാഹ്യങ്ങൾ. സമസ്തകർമ്മങ്ങൾക്കും അമൃതഘടിക അത്യന്തം ശുഭത്തെ ഉണ്ടാക്കും എന്നർത്ഥം. വിഷരോഗാദിചികിത്സാവിധൗ ശുഭാഃ ഇതി ഇദം നവാച്യം—വിഷരോഗമാദിയായുള്ളവററിന്നു ചികിത്സചെയ്വാൻ ശുഭം എന്നു പറഞ്ഞതല്ലോ. വിഷരോഗാദിചികിത്സക്ക് ഇതുനല്ലതില്ല.

28 ശശീതദാരൂഢ ഗൃഹാധിപശ്ച
ലഗ്നാധിനാഥശ്ചയദാത്രയോമീ
ബലാധികാസ്സൽ ഗ്രഹദൃഷ്ടിയുക്താഃ
ഗുണാധികം തംകഥയന്തികാലം.

ശശീ, തദാരൂഢ ഗൃഹാധിപഃ, ച,ലഗ്നാധിനാഥഃ ച അമീത്രയ ബലാധികാഃ സൽഗ്രഹദൃഷ്ടിയുക്താഃ തംകാലം ഗുണാധികം കഥയന്തി—ചന്ദ്രനും, ചന്ദ്രന്നില്ക്കുന്ന രാശിയെ ഉടയവനും, ലഗ്നാധിപതിയും ഇവർ മൂവ്വരും യാതൊരിക്കൽ ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയോടുതാൻ യോഗത്തോടുതാൻ കൂടി ബലാധികന്മാരായിരിക്കുന്നു, അക്കാലത്തെ ഗുണാധികം എന്നു ചൊല്ലുന്നു. അക്കാലം പെരികെ മംഗലകരം എന്നു ചൊല്ലുന്നു.

29 കർത്തുഃ സ്വജന്മസമയാവസിതഗ്രഹാണാം
കൃത്വാഷ്ടവർഗ്ഗകഥിതാക്ഷനിധാനമത്ര
ബഹ്വർക്ഷയോഗവശതഃ ശുഭരാശിമാസ
ഭാവഗ്രഹസ്ഥിതിഷു കർമ്മശുഭംവിദധ്യാൽ

കർത്തുഃ സ്വജന്മസമയാവസിതഗ്രഹാണാം അഷ്ടവർഗ്ഗകഥിതാക്ഷനിധാനം കൃത്വാ അത്ര ബഹ്വർക്ഷയോഗവശതഃ ശുഭരാശിമാസഭാവഗ്രഹസ്ഥിതിഷു ശുഭംകർമ്മവിദധ്യാൽ—കർത്താവിന്റെ ജനനകാലഗ്രഹസ്ഥിതി ഉണ്ടാക്കി അഷ്ടവർഗ്ഗത്തിൽ പരലിട്ടാൽ പരലേറിയ രാശിയിൽ ഗ്രഹങ്ങൾ നില്ക്കുന്നാൾ പരലേറി വീണരാശികളെക്കൊണ്ട് ശുഭകർമ്മങ്ങളെ ചെയ്ക.

30 ഇയന്തഏവാത്രഗുണാഃ പ്രദിഷ്ടാഃ
ദോഷാപവാദാശ്ചതഥാഹുരന്യേ
ഏഷാംവിഭാഗാ ബഹവൊതിസൂക്ഷ്മാഃ
പ്രകീർത്തിതാ വിസ്തരതോ മുനീന്ദ്രൈഃ

അത്രഇയന്തഃ ഏവഗുണാഃ പ്രദിഷ്ടാഃ—ഇവിടെ ഇത്ര മുഹൂർത്തങ്ങളെ ചൊല്ലി. തഥാഅന്യേദോഷാപവാദാഃ ചആഹുഃ—അവ്വണ്ണമെ മററുചിലർ ഇമ്മുഹൂർത്തഗുണങ്ങളെ ദോഷാപവാദങ്ങളെന്നു ചൊല്ലുന്നോർ. ഏഷാം അതിസൂക്ഷ്മാഃ ബഹവഃ ഭേദാഃ മുനീന്ദ്രൈഃ വിസ്തരതഃ പ്രകീർത്തിതഃ—ഇമ്മുഹൂർത്തഗുണങ്ങളെക്കൊണ്ടുതന്നെ അതിസൂക്ഷ്മമായ അനേക മുഹൂർത്തവകഭേദങ്ങളെ ഉണ്ട് (എന്ന) മഹർഷികൾ ചൊല്ലി.

31 വ്യാസോ'മനോനിരതി'മാഹ ഗുണംപ്രധാനം
'വായൂദയം' തു കപില'ശ്ശകുനാനി'ജീവഃ
ഗാർഗ്ഗ്യഃ'പ്രഭാത'മൃഷിരത്രി'രുപശ്രുതിം'ച
വിഷ്ണുസ്സമസ്തശുഭകർമ്മസു 'വിപ്രവാക്യം'

വ്യാസഃ മനോനിരതിംപ്രധാനം ഗുണംആഹ—ശ്രീവേദവ്യാസൻ, മനസ്സിന്റെ തെളിവിനെ പ്രധാനഗുണമെന്നു ചൊല്ലുന്നു. കപിലഃ വായൂദയംതുപ്രധാനം ഗുണംആഹ—കപിലൻ, ശ്വാസം നന്നായിനില്ക്കപ്രധാനഗുണമെന്നു ചൊല്ലുന്നു. ജീവഃശ്ശകുനാനി—ബൃഹസ്പതി, ശകുനങ്ങൾ നന്നായിരിക്ക പ്രധാനഗുണമെന്നു ചൊല്ലുന്നു. ഗാർഗ്ഗ്യഃപ്രഭാതം—ഗാർഗ്ഗ്യൻ, പ്രഭാതത്തെ പ്രധാനഗുണമെന്നു ചൊല്ലുന്നു. അത്രിഃ ഋഷിഃ, ഉപശ്രുതിംച—അത്രിമഹർഷി, ഉപശ്രുതിയെ പ്രധാനഗുണമെന്നു ചൊല്ലുന്നു. വിഷ്ണുഃ സമസ്തശുഭകർമ്മസുവിപ്രവാക്യം—വിഷ്ണു, സമസ്തശുഭകർമ്മങ്ങളിലും ഒരു ബ്രാഹ്മണൻ "സുമുഹൂർത്തമസ്തു" എന്നു ചൊല്ലുകിൽ എല്ലാം മംഗളമെന്നു ചൊല്ലുന്നു.

32 ഉപാസ്യരാജാനമിവാധികാരീ
ഭക്ത്യാപ്രസാദ്യേവ ഗുരുംസമന്ത്രഃ
അഭ്യർച്ച്യദൈവജ്ഞ മനേനദത്ത
ശ്ശുഭോമുഹൂർത്തോ, ന്നശുഭോന്യഥാസ്യാൽ.

അധികാരീ രാജാനാം ദൈവജ്ഞം ഉപാസ്യഭക്ത്യാസമന്ത്രഃഗുരും ഇവ പ്രസാദ്യ അഭ്യർച്ച്യ അനേനദത്തഃ മുഹൂർത്തഃശുഭഃസ്യാൽ—അമാത്യൻ രാജാവിനെ സേവിക്കുംപോലെ ദൈവജ്ഞനെ സേവിച്ച്, മന്ത്രാഭ്യാസം ചെയ്യുന്നവൻ ഭക്തികൊണ്ട് ഗുരുവിനെ പ്രസാദിപ്പിക്കുംപോലെയും ദൈവജ്ഞനെ പ്രസാദിപ്പിച്ചു പൂജിച്ചാൽ ദൈവജ്ഞന്നിയോഗിക്കുന്ന മുഹൂർത്തം ശുഭമായിരിക്കും. അന്യഥാനശുഭഃസ്യാൽ—ഇവ്വണ്ണം ചെയ്യാഴ്കിൽ ശുഭമല്ല.

33 ദൈവാർച്ചനാദ്യഭിരതോ ജപസിദ്ധമന്ത്ര
സ്സപ്താംഗയുക്തഗുണദോഷ ബലാബലജ്ഞഃ
മൌഹൂർത്തികോവദതിയത്തു ഫലംമുഹൂർത്തേ
സത്യംതദുക്ത മൃഷിണേവ ഭവേന്നമിത്ഥ്യാ.

ദൈവാർച്ചനാഭിരതഃ ജപസിദ്ധമന്ത്രഃ സപ്താംശയുക്തഗുണദോഷ ബലാബലജ്ഞഃ മൌഹൂർത്തികഃയത്ഫലം മുഹൂർത്തേവദതി, ഉക്തംതൽ ഋഷിണാഉക്തം ഇവ സത്യം ഭവേൽ—ദൈവപൂജാദികർമ്മങ്ങളേയും ചെയ്തു നിയമേന മന്ത്രസേവയും ചെയ്തു തിഥിവാരനക്ഷത്രയോഗകരണരാശി ഗ്രഹങ്ങളുടെ ബലാബലനിരൂപണത്തിങ്കൽ വിദഗ്ദ്ധനായിരിക്കുന്ന മൌഹൂർത്തികൻ മുഹൂർത്തത്തിങ്കൽ യാതൊരു ഫലത്തെ ചൊല്ലുന്നു, അതു ഋഷിവചനംപോലെ സത്യമാം. നമിത്ഥ്യാഭവേൽ—അസത്യമാകയില്ല.

34 ദ്രേക്കാണശീതഗുനവാംശക കാലഹോരാ
ലഗ്നഗ്രഹാഭ്യുദയ ദൃഷ്ടിഷുയസ്യവീര്യം
തത്തുല്യവസ്തു കഥനാഗമനേക്ഷണാദ്യം
തൽകാലലക്ഷണമസൌ കഥയേന്മുഹൂർത്തേ.

ദ്രേക്കാണശീതഗുനവാംശക കാലഹോരാലഗ്നഗ്രഹാഭ്യുദയ ദൃഷ്ടിഷു യസ്യവീര്യം അസൌമുഹൂർത്തേ തത്തുല്യവസ്തു കഥനാഗമനേക്ഷണാദ്യം തൽകാലലക്ഷണം കഥയേൽ—ദ്രേക്കാണം, ചന്ദ്രൻ, നവാംശകം, കാലഹോര, ലഗ്നം, ഗ്രഹങ്ങളുടെ ഉദയം, ദൃഷ്ടി ഇവററിൽ യാതൊന്നിന്നു ബലമുണ്ടായിരിക്കുന്നു. അതിനോടു തുല്യമായുള്ള ദ്രവ്യങ്ങളുടെ കഥനം താൻ വരവുതാൻ കാൺകതാൻ തൽകാലലക്ഷണം ചൊല്ലുക. (ചന്ദ്രനവാംശകം എന്നും പാഠമുണ്ടു്.)

35 ശ്ലോകൈരേഭി സ്ത്രിംശതാചത്രിഭിശ്ച
പ്രോക്തോവിദ്യാ മാധവീയാഭിധാനേ
ജ്യോതിശ്ശാസ്ത്രേ സൽഗുണാഢ്യശ്ചതുർത്ഥ
സ്സമ്പൂർണ്ണോ ഭൂത്സദ്ഗുണാദ്ധ്യായ ഏഷഃ

ശ്രീഃ

പഞ്ചമാദ്ധ്യായം

1 ബലാവബോധേന വിനാനകശ്ചി
ദ്വിപശ്ചിദാദേഷ്ടു മലം മുഹൂർത്തം
നിസർഗ്ഗജാദീനി തതോഭിധാസ്യേ
ക്രമേണസപ്താംഗബലാബലാനി.

കശ്ചിൽ വിപശ്ചിൽ ബലാവബോധേന വിനാമുഹൂർത്തം ആദേഷ്ടുംനഅലം, ഒരു വിദ്വാനും ബലാവബോധത്തോടുകൂടാതെ മുഹൂർത്തത്തെ നിയോഗിപ്പാൻ ശക്തനല്ല. തതഃഅഹം നിസർഗ്ഗജാദീനി സപ്താംഗബലാനിക്രമേണ അഭിധാസ്യേ—അതഹേതുവായി ഞാൻ നിസർഗ്ഗബലമാദി ആയി സപ്താംഗങ്ങളുടെ ബലാബലത്തെച്ചൊല്ലുന്നു.

2 ബലം ശശാങ്കസ്യഹിതിത്ഥ്യധീനം
ഗ്രഹാശ്ചസർവ്വേ ശശിവീര്യനിഘ്നാഃ
അതശ്ശുഭേ കർമ്മണി താരകാദേ
സ്തിഥിംബലിഷ്ഠാം നിജഗാദഗാർഗ്ഗ്യഃ

ശശാങ്കസ്യബലംതിത്ഥ്യധീനംഹി—ചന്ദ്രന്നു് തിഥിക്കു ബലമുള്ളപ്പോഴേ ബലമുള്ളു. സർവ്വേഗ്രഹാഃ ശശിവീര്യനിഘ്നാഃച—എല്ലാ ഗ്രഹങ്ങൾക്കും ചന്ദ്രന്നു ബലമുള്ളപ്പോഴെ ബലമുള്ളു. അതഃശുഭേ കർമ്മണി താരകാദേഃ തിഥിംബലിഷ്ഠാം ഗാർഗ്ഗ്യഃനിജഗാദ—അതഹേതുവായിട്ടു ശുഭകർമ്മത്തിങ്കൽ പഞ്ചാംഗങ്ങളിൽ വെച്ചു തിഥിക്കെ ബലമുള്ളു. എന്നു ഗാർഗ്ഗ്യപക്ഷം.

3 സംപൂർണ്ണാതിഥിർഭേദനേയദി ഭവേത്താരാ ബലാഢ്യാതദാ
ഭേദേസത്യുഡുനസ്തഥൈവ തിഥിരിത്യേകേമുനീന്ദ്രാജഗുഃ
തിത്ഥ്യർദ്ധേതുഗതേ സവീര്യമുദിതം നക്ഷത്രമർദ്ധേതഥാ
നക്ഷത്രസ്യതിഥിസ്സമേ സതിതയോസ്സൈവേതി ചാന്യേവിദുഃ

തിഥിർഭേദേന താരാസംപൂർണ്ണായ ദിതദാബലാഢ്യാഭവെൽ—തിഥിക്കു മുറിവുണ്ടായിരിപ്പൂ, നക്ഷത്രം മുഴുത്തും ഇരിപ്പൂ, അപ്പോൾ നക്ഷത്ര

ത്തിന്നു ബലമുള്ളു. ഉഡുനഃഭേദേ സതിതഥാ ഏവതിഥിഃ—നക്ഷത്രത്തിന്നു മുറിവുണ്ടായി തിഥിസംപൂൎണ്ണയാകിൽ തിഥിക്കു ബലമുള്ളു. ഇതി ഏകേമുനീന്ദ്രാഃ ജഗുഃ—ഇങ്ങിനെ ചില മഹൎഷികൾ ചൊല്ലുന്നു—പിന്നെ പക്ഷാന്തരങ്ങളെ ചൊല്ലുന്നു. തിത്ഥ്യൎദ്ധേഗതെ നക്ഷത്രം സവീൎയ്യം ഉദിതം—തിഥിയുടെ അൎദ്ധം കഴിഞ്ഞാൽ നക്ഷത്രം ബലമുള്ളു. തഥാ നക്ഷത്രസ്യ അൎദ്ധെഗതെ തിഥിഃ—അവ്വണ്ണമെ നക്ഷത്രത്തിന്നുടെ അൎദ്ധം കഴിഞ്ഞാൽ തിഥിക്കു ബലമുള്ളു. തയൊഃ സമെസതിസാ ഏവ—നക്ഷത്രവും തിഥിയും ഒത്തിരിക്കിൽ തിഥിക്കു ബലമുള്ളു. ഇതിച അന്യേവിദുഃ—ഇങ്ങിനെ മററു ചിലരുടെ പക്ഷം. 'ച' എന്നു് കരണത്തിന്നും പൂൎവ്വാൎദ്ധത്തിൽ ബലമുണ്ടു്.

4 യഥൊൎദ്ധംവിന്ദന്തെ തിഥികരണയൊഗൎക്ഷദിവസാഃ
ക്രമാപ്തദ്വൈഗുണ്യം ബലമിതിഭരദ്വാജവചനം
വളൎക്ഷെ വൎദ്ധിഷ്ണുഃപ്രഭവതിഹി പക്ഷെ തിഥിമയൊ
ഹിമാംശുഃക്ഷീണെസ്മിന്നുഡു ബലമിതിശ്രീപതിമതം

തിഥികരണയോഗൎക്ഷദിവസാഃ ക്രമാൽ യഥോൎദ്ധ്വം ആപ്തദ്വൈഗുണ്യംബലം—വിന്ദന്തേ (വിദധതേ) പഞ്ചാംഗങ്ങളിൽ ബലം കുറഞ്ഞു തിഥി, തിഥിയെക്കാട്ടിൽ ഇരട്ടി ബലമുണ്ടു കരണത്തിന്നു, കരണത്തെക്കാട്ടിലിരട്ടി ബലമുണ്ടു് യോഗത്തിന്നു്, യോഗത്തെക്കാട്ടിലിരട്ടി ബലമുണ്ടു് നക്ഷത്രത്തിന്നു്, നക്ഷത്രത്തെക്കാട്ടിലിരട്ടി ബലമുണ്ടു് വാരത്തിന്നു്, ഇതി 'ഭരദ്വാജവചനം'. ഇങ്ങനെ ഭരദ്വാജമതം-വളൎക്ഷെ പക്ഷെ വൎദ്ധിഷ്ണുഃ ഹിമാംശുഃ പ്രഭവതിഹി—ശുക്ലപക്ഷത്തിൽ നക്ഷത്രവും തിഥിയുമാകുന്നെടത്തു തിഥിക്കു ബലമുള്ളു. അസ്മിൻക്ഷീണെ ഉഡുബലം—കൃഷ്ണപക്ഷത്തിൽ തിഥിയും നക്ഷത്രവും ആകുന്നെടത്തു നക്ഷത്രത്തിന്നു ബലമുള്ളു. ഇതി ശ്രീപതിമതം—ഇങ്ങിനെ ശ്രീപതിയുടെ പക്ഷം.

5 തിഥിതിഥിദലയോഗ വാരതാരാ
ജഗതിഭവന്തി യഥോത്തരം ബലിഷ്ഠാഃ
ഇതിഗുരുമതമേ വസാധുമന്യേ
വിവിധമിഹാസ്തു മതംമഹാമുനീനാം

ഇങ്ങിനെ പലരുടേയും പക്ഷങ്ങളെ ചൊല്ലി തന്നുടെ പക്ഷത്തെ ചൊല്ലുന്നു—തിഥിതിഥിദലയോഗ വാരതാരാഃ ജഗതി യഥോത്തരംബ

ലിഷ്ഠാഃ ഭവന്തി—പഞ്ചാംഗങ്ങളിൽ എല്ലാററിലും ബലംകുറവതിഥിക്കു്, തിഥിയെക്കാട്ടിൽ ബലമുണ്ടു കരണത്തിന്നു; കരണത്തെക്കാട്ടിൽ ബലമുണ്ടു് യൊഗത്തിന്നു്; യൊഗത്തെക്കാട്ടിൽ ബലമുണ്ടു വാരത്തിന്നു; വാരത്തെക്കാട്ടിൽ ബലമുണ്ടു് നക്ഷത്രത്തിന്നു്. ഇതി 'ഗുരുമതം'—ഏവസാധുമന്യെ—ഞാൻ ഇങ്ങനെ ഉള്ള ഗുരുമതത്തെ സാധു എന്നു കല്പിക്കുന്നു. ഇഹമഹാമുനീനാം മതം വിവിധമസ്തു മഹാമുനികളുടെ മതം പല പ്രകാരം ഭവിച്ചാലും.

6 ദൎശഃസപാൎശ്വസഹിതോഹനി കുജാൎക്കവരെ
വിഷ്ടിസ്ഥിരഞ്ചകരണം വ്യതിപാതയോഗഃ
നക്ഷത്രതോപിബലിന സ്തിഥിവാസരാദി
പ്രാബല്യവാദി മതമേവഹി സാവകാശം

സപാൎശ്വസഹിതഃദൎശഃ, അഹനികുജാൎക്കവാരെ, വിഷ്ടിഃ, സ്ഥിരം കരണം, ചവ്യതിപാതയോഗഃ, ഏതെ നക്ഷത്രതഃ അപിബലിനഃ കൃഷ്ണചതുൎദ്ദശിയുടെ മേലെ അൎദ്ധവും, അമാവാസ്യയും, ശുക്ലപ്രതിപാദത്തിന്റെ ആദ്യൎദ്ധവും, ആദിത്യവാരത്തുന്നാളും, കുജവാരത്തുന്നാളും, പകലും, വിഷ്ടിയും, സ്ഥിരകരണവും, വ്യതീപാത നിത്യയോഗവും ഇവററിന്നു് നക്ഷത്രത്തേക്കാട്ടിൽ ബലമുണ്ടു്. തിഥിവാസരാദി പ്രാബല്യമതം സാവകാശംഹി—പഞ്ചാംഗത്തിന്റെ പ്രാബല്യവാദികളുടെ മതം ഇവററിൽ സാവകാശം.

7 പഞ്ചാംഗസ്യ നിസൎഗ്ഗജംബലമിദംവൃദ്ധൌ തിഥീന്ദോഃപൂൎണ്ണംതദ്വികലംക്ഷയേ സതിതയോരേകാദിവൃദ്ധൌസമം
വാരസ്യാപിതദീശവീൎയ്യ സദൃശം യോഗസ്യസൂൎയ്യേന്ദുവൽ
ഭസ്യേന്ദോരിവ വൎദ്ധതേനദലതി ശ്രേയോത്രവീൎയ്യാനപിതം

ഇദംപഞ്ചാംഗസ്യനിസൎഗ്ഗജംബലം, ഇതു പഞ്ചാംഗത്തിന്നുടെ നിസൎഗ്ഗബലം. തിഥീന്ദോഃ വൃദ്ധൌതിഥേഃ തൽപൂൎണ്ണം—ശുക്ലപക്ഷത്തിൻ ഇന്ദുവൃദ്ധി എങ്കിൽ തിഥിക്കു് ബലംപൂൎണ്ണം, തയോഃക്ഷയേസതിവികലം—കൃഷ്ണപക്ഷത്തിൽ ചന്ദ്രൻ ക്ഷയിക്കുമ്പോൾ തിഥിക്കു ബലം കുറയും. ഏകാദിവൃദ്ധൌസമം—ഒന്നു വൎദ്ധിക്കയും ഒന്നു ക്ഷയിക്കുകയും ചെയ്യുമ്പോൾ തിഥിക്കു ബലം സമം. വാരസ്യബലം അപിതദീശവീൎയ്യസദൃശം—വാരാധിപന്റെ ബലത്തിന്നു തക്കവണ്ണം വാരത്തിന്നുടെ ബലം വൎദ്ധിക്കും! യോഗസ്യസൂൎയ്യേന്ദുവൽ—യോഗത്തിന്നുടെ ബലം ചന്ദ്രാദി

ത്യന്മാരുടെ ബലത്തിന്നു തക്കവണ്ണം വർദ്ധിക്കുന്നു. ഭസ്യജന്ദോഃ ഇവ വർദ്ധതേ—നക്ഷത്രബലം ചന്ദ്രന്നു ബലമുള്ളപ്പോൾ വർദ്ധിക്കുന്നു—അത്ര ദലതിശ്രേയഃ വിദ്വാനപിതംന "നക്ഷത്രബലാദ്ദ്രാഗ്രൌകർമ്മ, തിഥിബലാൽ ദിവാകർമ്മ എന്നു ഭല്ലൻ പറയുന്നു.

8 വദന്തിപഞ്ചാംഗ സമേതമേകേ
ലഗ്നം പരേതദപി ഗുണപ്രഭാവം
ഷഡംഗതോ പിപ്രബലോഗ്രഹേന്ദ്ര
സ്സൎവ്വൈമ്മുനീന്ദ്രൈ രവിവാദമുക്തം

ഏകേലഗ്നം പഞ്ചാംഗസമാനം വദന്തി—ചിലർ ലഗ്നത്തോടു സമം പഞ്ചാംഗം എന്നു ചൊല്ലുന്നു. പരെതദപിഗുണപ്രഭാവം വദന്തി—മററു ചിലർ പഞ്ചാംഗത്തെക്കാട്ടിൽ ഇരട്ടി ബലമുണ്ടു ലഗ്നത്തിന്നു എന്നു ചൊല്ലുന്നോർ ഷഡംഗതഃ അപിഗ്രഹേന്ദ്രഃ പ്രബലഃ—ഷഡംഗത്തെക്കാട്ടിൽ ബലമുണ്ടു ഗ്രഹങ്ങൾക്കു, സൎവ്വൈ മുനീന്ദ്രൈഃ അവിവാദംഉക്തം—എല്ലാ മഹർഷികളും വിവാദം കൂടാതെ ചൊല്ലിയിരിക്കുന്നു.

9 പ്രാബല്യ മുക്തമൃഷിഭിർയ്യ ദിഹഗ്രഹാദേ
രംഗീകൃതേത്ര പതിതോയ മതിപ്രസംഗഃ
സദ്വാരയോഗ തിഥിരാശിശുഭോ ദയേഷു
കാർയ്യംഭവെ ദവിഹിതെ പ്യുഡുനീഷ്ടകാർയ്യം!!

ഇഹഗ്രഹാദേഃ യൽപ്രാബല്യം ഉക്തം, അത്ര അംഗീകൃതെ അയം അതിപ്രസംഗഃ പതിതഃ— ഇവിടെ മഹർഷികൾ ചൊല്ലിയ ഗ്രഹങ്ങളുടെ പ്രാബല്യത്തെ പരിഗ്രഹിക്കുംപൊൾ ഒരതിപ്രസംഗമുണ്ടാം അതിപ്രസംഗം എന്തു്? എന്നു ചൊല്ലുന്നു! സദ്വാരയൊഗതിഥിരാശി ശുഭോദയേഷു അവിഹിതേ അപിഉഡുനി ഇഷ്ടകാർയ്യംഭവേൽ— നല്ലൊരുവാരവും നല്ലൊരുയോഗവും നല്ലൊരുതിഥിയും നല്ലൊരുരാശിയും ശുഭോദയവും ഉണ്ടാകുമ്പോൾ അതതു കർമ്മത്തിംകൽ വിധിയാത്ത നക്ഷത്രം കൊള്ളാമെന്നു വരുമെല്ലൊ. എന്നാൽ ഇതിനെ പരിഗ്രഹിക്കരുത!!—

10 വദന്തുകാമം ബഹുധാമുനീന്ദ്രാ
ബ്രൂമോവയഞ്ചൈ തദിഹോപപന്നം
ഷഡംഗമദ്ധ്യേ പ്രബലൈവതാരാ
ഗ്രഹേണതുല്യാ ഗ്രഹതോധികാവാ

മുനീന്ദ്രാഃ ബഹുധാവദന്തുകാമം— മുനീന്ദ്രന്മാർ പലപ്രകാരം പറഞ്ഞാലും; വയം ചഇഹഉപപന്നം ഏതൽബ്രൂമഃ— നാമും ഇവിടെ ഉപപന്നമായിരിക്കുന്നതിനെ ചൊല്ലുന്നു ഷഡംഗമദ്ധ്യേതാരാ ഏവപ്രബലാ— തിഥിവാര നക്ഷത്രയോഗകരണങ്ങളിൽ വെച്ചു് നക്ഷത്രത്തിന്നത്രേബലമേദം. ഗ്രഹേണതുല്യാഗ്രഹതഃ അധികാവാ— ഗ്രഹങ്ങൾക്കും നക്ഷത്രത്തിന്നും ബലമൊക്കും എന്നുചൊല്ലുകിലുമാം. ഗ്രഹങ്ങളെക്കാട്ടിൽ നക്ഷത്രത്തിന്നു ബലമുള്ളു എന്നുചൊല്ലുകിലുമാം എന്നീ സപ്താംഗങ്ങളിൽ ഗ്രഹനക്ഷത്രങ്ങൾക്കബലമുള്ളു. എന്നതിന്നുദാഹരണഞ്ചൊല്ലുന്നതു്.

11 അനിഷ്ടയോഗേശനി ഭൌമവാസരേ
സിതാഷ്ടമീവിഷ്ടിയുതേ വിധാതൃഭേ
ഘടേവിലഗ്നേ സഗുരൂദയേക്വചി-
ദ്വിവാഹമാഹുർഗ്രഹ താരകാബലാൽ

അനിഷ്ടയോഗേ— നിത്യയോഗങ്ങളിൽ ആകാത്തയോഗത്താലൊന്നവരു— ശനിഭൌമവാസരേ— വാസരങ്ങളിൽ ശനിവാരന്താൻ കുജവാരന്താൻ

സിതാഷ്ടമീ വിഷ്ടിയുതെ—ശുക്ലപക്ഷത്തിലഷ്ടമിയും വിഷ്ടിയും വരു—വിധാതൃഭെ—രൊഹിണിനക്ഷത്രവും വരു. ഘടെ വിലഗ്നെ—കുംഭരാശിയും ഗുരൂദയ—ഗുരുലഗ്നത്തിലും ഉണ്ടാവു ഇങ്ങിനെഇരിക്കുന്ന കാലത്തിംകൽ ക്വചിൽ—ഗ്രഹതാരകാബലാൽ വിവാഹം ആഹുഃ—രൊഹിണിടെയും, ഗുരൂദയത്തിന്റെയും ബലംകൊണ്ടഒരിടത്തുവിവാഹം കൊള്ളാമെന്നു ചൊല്ലുന്നൊർ ആകയാൽ നക്ഷത്രത്തിന്നും ഗ്രഹത്തിന്നും സപ്താംഗങ്ങളിൽ ബലമുള്ളു. തിഥിവാരയൊഗേ ക്ഷണരാശികൾ ആകാത്തവവരുംപൊഴും രോഹിണിടെയും ഗുരൂദയത്തിന്റെയും ബലംകൊണ്ടു വിവാഹഞ്ചൊല്ലുകയാൽ ഗ്രഹനക്ഷത്രങ്ങൾ സപ്താംഗങ്ങളിൽ ബലമുള്ളു.

12 തിഥ്യാദിഷ്വപിമദ്ധ്യമേഷുവിബലേലഗ്നേ വിഹീനേശുഭൈഃ
പാത്ഥോനേപി വിധൌരുഡുന്യുഡുബലാൽ ദൃഷ്ടോവിവാഹഃക്വചിൽ
തിത്ഥ്യാദൌശുഭദേശുഭോദയയുതേ ലഗ്നേപികശ്ചിച്ഛുഭ
ന്ത്യാജ്യർക്ഷേണകരോതിയൽസ്ഫുടതമ സ്സൎവ്വത്രതാരാബലം.

തിഥ്യാദിഷു അപിമധ്യമേഷു വിബലേശുഭൈഃ വിഹീനേപാത്ഥോനലഗ്നേപിവിധേഃ ഉഡുനി ഉഡുബലാൽ ക്വചിൽവിവാഹഃ ദൃഷ്ടഃ.

തിഥിവാര യോഗകരണങ്ങൾ മദ്ധ്യമങ്ങളായിരിപ്പൂ. പിന്നെ ബലത്തോടും കൂടാതെ ശുഭഗ്രഹങ്ങളോടും കൂടാതെയിരിക്കുന്ന കന്നിരാശി ലഗ്നമായിരിപ്പൂ. അവിടെ രോഹിണിനക്ഷത്രം വരികിൽ ഉഡുബലംകൊണ്ട ഒരിടത്തു വിവാഹം കണ്ടിട്ടുണ്ട. തിഥ്യാദൌ ശുഭദേ ശുഭോദയയുതേ ലഗ്നേ അപികശ്ചിൽത്യാജ്യർക്ഷേ ശുഭം നകരോതിയൽ തിഥിവാരയോഗകരണങ്ങൾ ശുഭങ്ങളായിരിപ്പൂ ലഗ്നത്തിന്നശുഭോദയമുണ്ടായിരിപ്പൂ അപ്പോഴും ദുഷ്ടനക്ഷത്രമാകിൽ ഒരുത്തനും ശുഭകർമ്മം ചെയ്യുന്നോനല്ല. എന്നതു യാതൊന്നോ ഇതഹേതുവായും എല്ലാടത്തും 'നക്ഷത്രങ്ങൾക്ക' ബലമുള്ളു എന്നു വ്യക്തം.

13 യഥാനിഹന്തി പ്രബലോ ഗുണോന്യ
സ്ത്യാജ്യത്വദോഷം തിഥിവാസരാദേഃ
തഥേഹ കശ്ചിന്നഹി താരകായാ
സ്തതശ്ച നക്ഷത്രബലം പ്രസിദ്ധം

യഥാപ്രബലഃ അന്യഃ ഗുണഃ തിഥിവാസരാദേഃ ത്യാജ്യത്വദോഷം നിഹന്തി തഥാഇഹകശ്ചിൽ താരകായാഃ നഹി—യാതൊരുപ്രകാരം പ്രബലമായിരിക്കുന്ന ഗുണം തിഥിവാസരാദിയുടെ ത്യാജ്യത്വദോഷത്തെ ഹനിക്കുന്നു. അവ്വണ്ണം ഇവിടെ നക്ഷത്രങ്ങളുടെ ത്യാജ്യദോഷത്തെ ഒരു ഗുണവും പോക്കുന്നതല്ല. തതഃ ചനക്ഷത്രബലം പ്രസിദ്ധം—അതു ഹേതുവായിട്ട സംപ്താംഗങ്ങളിൽ നക്ഷത്രത്തിന്നു ബലമുള്ളു. എന്നു പ്രസിദ്ധം. ഇനി രാശ്യാദിപ്രാബല്യവും ബഹ്മമുനി സമ്മതമെന്നുപറയുന്നു.—

14 യന്നക്ഷത്രബലമ്മയാനിഗദിതം ഗ്രാഹ്യംമുഹൂർത്തേഷുതൽ
ജ്ഞേയന്നഷ്ടവിചിന്തനാദികഥനെ രാശിഗ്രഹാണാംബലം
പഞ്ചാംഗാദപിജാതകേഷ്വതിബലോ രാശിസ്തതോ പിഗ്രഹോ
യോഗാസ്സ്യുർഗ്രഹതോ ധികാധുരുധുരാരാജാധിയോ ഗാദയഃ

മയായൽ നക്ഷത്രബലം നിഗദിതം തൽമുഹൂർത്തേഷുഗ്രാഹ്യം—ഞാൻ ഇവിടെ യാതോരു നക്ഷത്രബലത്തെച്ചൊല്ലി അതമുഹൂർത്തങ്ങളിലെക്ക എന്നറിഞ്ഞു കൊള്ളണം. നഷ്ടവിചിന്തനാദികഥനേ രാശിഗ്രഹാണാം ബലംജ്ഞേയം —നഷ്ടവിചിന്തനാദി കഥനത്തിംകൽ രാശികൾക്കും ഗ്രഹങ്ങൾക്കും ബലമുള്ളു എന്നറിഞ്ഞു കൊള്ളണം. ജാതകേഷ്വപഞ്ചാംഗാൽ അപിരാശിഃ അതിബലഃ—ജാതകങ്ങളിൽ പഞ്ചാംഗത്തെക്കാട്ടിൽ രാശിക്കുബലമുള്ളു. തതഃ അപിഗ്രഹഃ—രാശിയേക്കാട്ടിൽ ഗ്രഹസ്ഥി

തിക്കു ബലമുള്ളു യോഗാഃ ഗ്രഹതഃ അധികാഃ സ്യുഃ—യോഗങ്ങൾ ഗ്രഹങ്ങളെക്കാട്ടിൽ അതിബലങ്ങൾ ധുരുധുരാരാജാധിയോഗാദയഃ—ധുരുധുരായോഗം, രാജയോഗം, അധിയോഗം എന്നിങ്ങനെതുടങ്ങി ഉള്ളവ 'ഇത് വസിഷ്ഠാദിമതം.'

15 യോഗദ്വയേ വിപ്രതിഷേധയുക്തേ
വാരോത്ഭവസ്തിഥ്യുഡുജാൽബലിഷ്ഠഃ
വാരർക്ഷയോഗസ്തിഥി വാരയോഗാ
ത്തേഷുത്രിഷുദ്വൌ സദൃശൌബലാഢ്യൌ

യോഗദ്വയെ വിപ്രതിഷേധയുക്തെ വാരോത്ഭവഃ തിഥ്യുഡുജാൽ ബലിഷ്ഠഃ— ഒരുയോഗം ശുഭമായിട്ടും ഒരുയോഗം അശുഭമായിട്ടും ഇങ്ങിനെ സമബലവിരുദ്ധങ്ങളായിട്ട രണ്ടുദൊഷങ്ങളുണ്ടാകുംപോൾ അവിടെ തിഥിയും നക്ഷത്രവും കൂടീട്ടുള്ളയോഗത്തെക്കാട്ടിൽ വാരംകൂടിയയോഗത്തിന്നു ബലമുള്ളു. തിഥിവാരയോഗത്തിൽ വാരർക്ഷയോഗഃ ബലിഷ്ഠഃ—തിഥിയും വാരവും കൂടീട്ടൊന്നും വാരവും ഋക്ഷവും കൂടീട്ടൊന്നും ഇങ്ങിനെ രണ്ടു യോഗങ്ങൾ സമബലവിരുദ്ധങ്ങളായിട്ടുണ്ടാകുമ്പോൾ വാരവും ഋക്ഷവും കൂടീട്ടുള്ളതിന്നു ബലമുള്ളു. തേഷുത്രിഷുദ്വൌ സദൃശൌ ബലാഢ്യൌ—അവമൂന്നുംകൂടി മൂന്നുയോഗങ്ങളുണ്ടാകുമ്പോൾ സദൃശബലങ്ങളായ രണ്ടിന്നും ബലമുള്ളു. ഉദാഹരണം ചൊല്ലുന്നു.—

16 യോഗൌദ്വൌരവിജാഷ്ടമീദ്രുഹിണഭൈ സ്സിദ്ധോബലിഷ്ഠസ്തയോ—
ദ്വൌപൂർണ്ണാഗുരുരോഹിണീ ഭിരുദിതൌ നാശാഹ്വയോത്രാധികഃ
സ്യാദ്യോഗത്രിതയംശുഭാശുഭഫല മ്മൈത്രദ്വിതീയാബുധൈ
ർവ്വീര്യാഢ്യാവശുഭൌ ശുഭോത്രവിബല സ്സർവ്വത്രചൈഷാഗതിഃ

രവിജാഷ്ടമീദ്രുഹിണഭൈഃ ദ്വൌയോഗൌ ഉദിതൌ—ശനിവാരവും അഷ്ടമിയും രൊഹിണിയും കൂടുംമ്പോൾ രണ്ടു യോഗങ്ങളുണ്ടാം. അവിടെ ശനിവാരവും രോഹിണിയും കൂടുമ്പോൾ 'ശുഭസിദ്ധിയോഗം' അഷ്ടമീയും രൊഹിണിയും കൂടിയതു'ദുഷ്ടയൊഗം'. തതോ സിദ്ധഃ ബലിഷ്ഠഃ അവിടെ വാരം കൂടി ഉള്ളതു ശുഭയോഗം അതുകൊണ്ട അതിന്നു ബലമുള്ളു ഇവിടെഅഷ്ടമി രോഹിണീജം 'നാശയോഗം' തിഥ്യുഡുയോഗത്തേഅപേക്ഷിച്ചു ദുർബ്ബലമാം പൂർണ്ണാഗുരുരോഹിണീഭിഃ ദ്വൌയോഗൌ ഉദിതൌ—അത്രനാശാഹ്വയഃ അധികഃ—പൂർണ്ണയും, ഗുരുവാരവും രൊഹിണിയും കൂടുംപൊൾ രണ്ടുയോഗങ്ങളുണ്ടാം. ഗുരുവാരവും രൊഹിണിയും കൂ

ട്ടമ്പോൾ ഉണ്ടാകുന്നത ദുഷ്ടയോഗം. ഗുരുവാരവും പൂൎണ്ണിയും കൂടിട്ടൊന്ന അത്ര 'ശുഭയോഗം' ഇവിടെ ദുഷ്ടയോഗത്തിന്നേ ബലമുള്ളു. മൈത്രദ്വിതീയാബുധൈഃ ശുഭാശുഭഫലം യോഗത്രിതയംസ്യാൽ—അനിഴവും ദ്വിതീയയും ബുധവാരവും കൂടുമ്പൊൾ യോഗത്രയമുണ്ടാം. ബുധവാരവും അനിഴവും കൂടുമ്പൊൾ 'ശുഭസിദ്ധയോഗമുണ്ടാം അനിഴവും ദ്വിതീയയും കൂടുമ്പൊൾ 'ദുഷ്ടയോഗം'. ബുധവാരവും ദ്വിതീയയും കൂടുമ്പോൾ ഒന്ന 'ദഗ്ദ്ധയോഗം അത്ര അശുഭൈൎവീൎയ്യാധിക്യൎ ശുഭഃ വിബലഃ—ഇവിടെ അശുഭയോഗങ്ങൾ രണ്ടിന്നും ബലമുള്ളു ശുഭയോഗത്തിന്നബലമില്ല സൎവ്വത്ര ഏഷാഗതിഃ—എല്ലാടത്തും ഇവണ്ണം കണ്ടുകൊൾക.

ഇനിരാശ്യാദിബലത്തേപറയുന്നു

17 ദ്രേക്കാണമാഹുൎഭവനാൽ ബലിഷ്ഠ
ന്തതോംശമംശാദപി കാലഹോരാം
ഏഷാന്നിസൎഗ്ഗാൽ ബലമേതദസ്യ
ക്ഷയോദയൈൎസ്വാമിബലാനുരൂപൈൎ

ഭവനാൽദ്രേക്കാണം ബലിഷ്ഠമാഹുഃ—രാശിയേക്കാട്ടിൽ ദ്രേക്കാണത്തിന്നു ബലമുള്ളു. തതഃ അംശം—ദ്രേക്കാണത്തെക്കാട്ടിൽ നവാംശകത്തിന്നു ബലമുള്ളു, അംശാൽ അപി കാലഹോരാ—അംശകത്തേക്കാട്ടിൽ കാലഹോരക്കു ബലമുള്ളു. ഏതൽ ഏഷാംനിസൎഗ്ഗാൽബലം—ഇത ഇവററിന്റെ നിസൎഗ്ഗബലം. അസ്യക്ഷയോദയൈൎ സ്വാമിബലാനുരൂപൈൎ—ഭവനബലവും ദ്രേക്കാണബലവും അംശകബലവും കാലഹോരാബലവും തന്നുടെ തന്നുടെ അധിപതിക്കു ബലമുള്ളപ്പോൾ ബലിഷ്ഠങ്ങൾ, അധിപതികൾ ദുൎബ്ബലങ്ങളാകുമ്പൊൾ ബലമില്ല.

18 യൽസ്ഥാനദൃഷ്ട്യുദയകാല ഭവഞ്ചരാശേ
രുക്തംവരാഹമിഹിരേണ ബലഞ്ചതുൎദ്ധാ
യച്ഛ്രീപതിശ്ചതദധീശ്വര വീൎയ്യയുക്തം
പഞ്ചപ്രകാരമവദത്തദിഹാഭിദധ്മഃ

വരാഹമിഹിരേണരാശേഃ സ്ഥാനദൃഷ്ട്യുദയകാല ഭവംയൽബലം ചതുൎദ്ധാഉക്തം. സ്ഥാനബലം, ദൃഷ്ടിബലം, ഉദയബലം; കാലബലം, എന്നിങ്ങിനെ രാശിക്കു നാലുപ്രകാരം യാതൊരുബലത്തെ വരാഹമിഹിരർ ചൊല്ലി. തദധീശ്വരവീൎയ്യയുക്തംയൽ പഞ്ചപ്രകാരം ശ്രീപതിഃചഅ

വദൽ—സ്ഥാനബലം, ദൃഷ്ടിബലം, ഉദയബലം, കാലബലം, അധിപതിബലം എന്നിങ്ങിനെ രാശിക്കു യാതൊരുബലത്തെ ശ്രീപതി അഞ്ചുപ്രകാരം ചൊല്ലിയതും. തൽ ഇഹ അഭിദധ്മഃ—അതിനെ ഇവിടെ ചൊല്ലുന്നു.

19 വ്യോമസ്ഥാശ്ചതുരംഘ്രയോ ജലചരാസ്തോയേ ദ്വിപാദസ്തനൌ
കീടോസ്തേനിഖിലാശ്ചകേന്ദ്രനിരതാഃ സ്യുഃ സ്ഥാനവീൎയ്യാന്വിതാഃ
വീൎയ്യംദൃഷ്ടിഭവം ജ്ഞജീവപതിഭിൎദൃഷ്ടസ്യലഗ്നസ്യതൈ
ൎയ്യുക്തസ്യോദയജഞ്ചശുക്രശശഭൃദ്യോഗാച്ച കൈശ്ചിൽസ്മൃതം.

നടെസ്ഥാനബലത്തെച്ചൊല്ലുന്നു — ചതുരംഘ്രയഃ വ്യോമസ്ഥാഃ സ്ഥാനവീൎയ്യാന്വിതാഃ—ചതുഷ്പദരാശികൾക്കു പത്താമിടത്തുബലമുള്ളു. ജലചരാഃ തോയേ—ജലചരരാശികൾക്കു നാലാമിടത്തുബലമുള്ളു ദ്വിപാദഃ തനൌ—ദ്വിപാദ്രാശികൾക്കു ലഗ്നത്തിൽബലമുള്ളു. കീടഃ അസ്തേ—വൃശ്ചികത്തിന്നു ഏഴാമിടത്തു ബലമുള്ളു. കേന്ദ്രനിരതാഃ നിഖിലാഃ ച—എല്ലാരാശികൾക്കും കേന്ദ്രത്തിൽ ബലമുണ്ടു. ഇങ്ങിനെ സ്ഥാനബലം. ജ്ഞജീവപതിഭിഃ ദൃഷ്ടസ്യലഗ്നസ്യ ദൃഷ്ടിഭവംവീൎയ്യം—ബുധദൃഷ്ടിതാൻ ഗുരുദൃഷ്ടിതാൻ ലഗ്നാധിപതിയുടെ ദൃഷ്ടിതാൻ യാതൊരുരാശിക്കുമുണ്ടായിരിക്കുന്നു, അതിന്നുദൃഷ്ടിബലംഉണ്ടു. തൈഃ യുക്തസ്യഉദയജംച—ബുധോദയത്തിൽ ഗുരൂദയന്താൻ ലഗ്നാധിപതിയുടെ ഉദയന്താൻ യാതൊരുരാശിക്കു മുണ്ടായിരിക്കുന്നു അതിന്നു ഉദയബലമുണ്ടു കൈശ്ചിൽ ശുക്ര ശശഭൃദ്യോഗാൽചസ്മൃതം—ശുക്രോദയവും ചന്ദ്രോദയവും ഉണ്ടാകിലും ഉദയബലമുണ്ടു എന്നുചിലർ ചൊല്ലുന്നു.

ഇനികാലബലത്തെച്ചൊല്ലുന്നു

20 ദിവാദ്വിപാദഃ പശവോനിശായാം
സന്ധ്യാദ്വയെ വാരിചരാസ്സകീടാഃ
ബാലാധികാസ്സ്യുഃ ക്രമശൊഥപൃഷ്ഠ
മൂൎദ്ധോദയാനാന്നിശിചാഹ്നിവീൎയ്യം.

ദിവാദ്വിപാദഃ—ദ്വിപാദ്രാശികൾക്കു പകൽ ബലമുള്ളു. നിശായാം പശവഃ—ചതുഷ്പദരാശികൾക്കു രാത്രിയിൽ ബലമുള്ളു സകീടാഃ വാരിചരഃ സന്ധ്യാദ്വയെ—വൃശ്ചികത്തിന്നും ജലചരരാശികൾക്കും രണ്ടു സന്ധ്യായിങ്കലും ബലമുള്ളു അഥപൃഷ്ഠമൂൎദ്ധോദയാനാം നിശി അഹ്നിചവീ

ര്യ്യം—പൃഷ്ഠോദയരാശികൾക്ക രാത്രിയിൽ ബലമുണ്ടു. മൂൎദ്ധോദയരാശികൾക്ക പകൽ ബലമുള്ളു ഇങ്ങിനെ കാലബലം.[1]

പിന്നെ അധിപതിബലത്തെച്ചൊല്ലുന്നു ശ്രീപതിമതം

21 [2] ലബ്ധലഗ്നപതൌബലേനസഹിതേ തത്തുല്യവീൎയ്യംവിദു
സ്തത്രൈവോപചയസ്ഥിതേ ച സതി തദ്വീൎയ്യോൽക്കടം ജായതേ
പാപാരാതിവിലോകനാ ദ്യുദയയോൎല്ലഗ്നേശ്വരേദുൎബ്ബലേ
വീൎയ്യോദ്ദൃഷ്ട്യുദയോത്ഭവേ ചാരഹിതേലഗ്നം സ്മൃതം ദുൎബ്ബലം.

ലഗ്നപതൌ ബലേനസഹിതെലഗ്നം തത്തുല്യവീൎയ്യംവിദുഃ—ലഗ്നാധിപതിക്ക ബലമുള്ളപ്പോൾ ലഗ്നത്തിന്നുമത്രബലമുണ്ടു്. തത്ര ഏവ ഉപചയസ്ഥിതെ ച സതി യൽ വീൎയ്യോൽക്കടം ജായതെ—ബലവാനായിരിക്കുന്ന ലഗ്നാധിപനെ ഉപചയത്തിൽ നിൽകിൽ ലഗ്നത്തിന്നു പെരികെബ്ബലമുണ്ടു. പാപാരാതിവിലോകനാദ്യുദയയോഃ ലഗ്നേശ്വരെ ദുൎബ്ബലെ ദൃഷ്ട്യുദയോത്ഭവെ വീൎയ്യെ ചരഹിതെലഗ്നം ദുൎബ്ബലം സ്മൃതം—ലഗ്നാധിപതിക്ക പാപയോഗംകൊണ്ടുതാൻ, ശത്രുഗ്രഹയോഗംകൊണ്ടുതാൻ, പാപദൃഷ്ടികൊണ്ടുതാൻ, ശത്രുഗ്രഹദൃഷ്ടികൊണ്ടുതാൻ ബലമില്ലായിരിപ്പൂ, ലഗ്നത്തിന്നു ദൃഷ്ടിബലവും ഉദയബലവുമില്ലാതെ ഇരിപ്പൂ അപ്പോൾ ലഗ്നത്തിന്നു ബലമില്ല. വികലപതിയായ സ്ത്രീപോലെ

ഇനിനിസൎഗ്ഗഗ്രഹബലത്തെ ച്ചൊല്ലുന്നു

22 മന്ദഭൂമിസുതവിൽ ഗുരുശുക്ര
ശ്ചന്ദ്രചണ്ഡമഹസാംന്നിസൎഗ്ഗജം
അസ്തിവീൎയ്യമധികാധികം ക്രമാ
ദ്വീൎയ്യവൃദ്ധ്യുപചയാ വധിസ്ഥിതൽ

മന്ദഭൂമി സുതവിൽ ഗുരുശുക്രശ്ചന്ദ്രചണ്ഡമഹസാം നിസൎഗ്ഗജം ക്രമാൽ അധികാധികം വീൎയ്യമസ്തി—എല്ലാററിലും ബലംകുറഞ്ഞതു മന്ദൻ

1. ജലരാശികൾ പൂൎവ്വസന്ധ്യയിൽ വൃശ്ചികം പശ്ചിമസന്ധ്യയിൽ ബലമുള്ളവ.

2. ലഗ്നാത്തുബലിനീഹോരാ ദ്രേക്കാണോതിബലീതതഃ
തതോനവാംശോ ബലവാൻ ദ്വാദശാംശോ ബലീതതഃ
ത്രിംശാംശോ ബലവാൻ തസ്മാൽ–ഇതിനാരദഃ–
ഷഡ്വൎഗ്ഗേ നവാംശസ്യപ്രാബല്യം
ഇതി കേചിൽ–(ഹോരാദീനാം സ്വാമിബലമേവ ഗ്രാഹ്യം)

മന്ദനെക്കാട്ടിൽ ഇരട്ടിബലമുണ്ടു് കുജന്നു കുജനെക്കാട്ടിലിരട്ടിബലമുണ്ടു് ബുധന്നു, ബുധനേക്കാട്ടിലിരട്ടിബലമുണ്ടു് ഗുരുവിന്നു, ഗുരുവേക്കാട്ടിലിരട്ടിബലമുണ്ടു് ശുക്രന്നു, ശുക്രനെക്കാട്ടിലിരട്ടിബലമുണ്ടു് ചന്ദ്രന്നു, ചന്ദ്രനെക്കാട്ടിലിരട്ടിബലമുണ്ടു് ആദിത്യന്നു, വീൎയ്യവൃദ്ധ്യുപചയാവധിസ്ഥിതൽ—ഇങ്ങിനെ ആകയാൽ എല്ലാററിലും ബലം കുറഞ്ഞതു് ശനിക്കു്. എല്ലാററിലും ബലമേറിയതു ആദിത്യൻ. ഇതു് നിസൎഗ്ഗബലം.

23 നൈസൎഗ്ഗികാദുപരിചേഷ്ടിതകാലദൃശിക്
സ്ഥാനോത്ഭവാനിവിഹഗസ്യ ബലാനിപഞ്ച
ചത്വാരിപൂൎവ്വമുദിതാനി ബലസ്യപാദാ
സ്സംപൂൎണ്ണമന്യദപരേ ബലസാമ്യമാഹുഃ

നൈസൎഗ്ഗികാൽ ഉപരിവിഹഗസ്യ ചെഷ്ടിതകാലദൃശിക് സ്ഥാനോത്ഭവാനി പഞ്ചബലാനി—നിസൎഗ്ഗബലത്തിന്നുമേൽ ഗ്രഹങ്ങൾക്കു അഞ്ചുബലമുണ്ടു്. ചെഷ്ടിതബലം, കാലബലം, ദൃഗ്ബലം, ദിഗ്ബലം, സ്ഥാനബലം ഇങ്ങിനെ അഞ്ചുബലങ്ങൾ; നൈസൎഗ്ഗികബലവും ചേരുമ്പോൾ ഷഡ്ബലം ഭവിപ്പൂ. പൂൎവ്വം ഉദിതാനി ചത്വാരി, ബലസ്യപാദഃ—ചെഷ്ടിതബലവും, കാലബലവും, ദൃഗ്ബലവും ദിഗ്ബലവും ഇവ നാലുമൊക്കെയുണ്ടെങ്കിൽ ഗ്രഹത്തിന്നു മുഴുബലം, നാലാലൊന്നുണ്ടാകിൽ കാൽബലം രണ്ടുണ്ടാകിലരബലം, മൂന്നുണ്ടാകിൽ മുക്കാൽബലം ഉണ്ടു്. അന്യത്സമ്പൂൎണ്ണം—സ്ഥാനബലമുണ്ടാകിൽ മുഴുബലമുണ്ടു്. അപരെബലസാമ്യം ആഹുഃ—മററുചിലർ എല്ലാത്തിനുമൊക്കം ബലം. എന്നു ചൊല്ലുന്നോർ. ഗണിതംചെയ്തു ബലംകാണുക.

ചേഷ്ടിതബലത്തെച്ചൊല്ലുന്നു

24 അസ്ത്യുത്തരസ്മിന്നയനേതു ഭാനോഃ
പക്ഷേ സിതേചേഷ്ടിത വീൎയ്യമിന്ദോഃ
രണേജയാദ്വക്ര ഗതേശ്ശശാംക
യോഗേനവാസ്ഫീതരുചാംഗ്രഹാണാം

ഉത്തരസ്മിന്നയനേ ഭാനോഃ ചേഷ്ടിതവീൎയ്യം അസ്തി—ആദിത്യന്നു ഉത്തരായണത്തിൽ ബലമുണ്ടു്. ഇന്ദോഃ സിതേപക്ഷേ—ചന്ദ്രന്നു് ശുക്ലപക്ഷത്തിൽ ബലമുണ്ടു്. സ്ഫീതരുചാംഗ്രഹാണാം രണേജയാൽ വക്രഗതേഃ ശശാങ്കയോഗേനവാ—അസ്തമിച്ചിരിക്കുന്ന താരാഗ്രഹങ്ങളെവ

ക്കും തങ്ങളിൽ യുദ്ധംചെയ്തു ജയിച്ചവന്നു ബലമുണ്ടു്. വക്രചാരമുള്ളവന്നും ബലമുണ്ടു്. ചന്ദ്രനോടുകൂടിയവന്നും ബലമുണ്ടു്. യുദ്ധമെന്നു രണ്ടു ഗ്രഹങ്ങളിടെ മണ്ഡലാന്തങ്ങളിൽ തെക്കുവടക്കുനേരെ വരിക? ഇങ്ങിനെ ചേഷ്ടിതബലം.

കാലബലത്തെച്ചൊല്ലുന്നു

25 വീര്യ്യംവ്യുൽക്രമവൃദ്ധിമത്സമയജംസ്വൈഃ കാലഹോരാദിനൈ
ൎമാസാബ്ദൈരഥ പക്ഷയോൎബ്ബലയുതാ സ്സന്തോശുഭാശ്ചക്രമാൽ
ഗുർവ്വർക്കോശനസോദിവാനിശിപരേ ചാന്ദ്രിസ്സദാദൃഗ്ബലം
ദൃഷ്ടസ്യാസ്തി ശുഭേനദൃഷ്ടിസദൃശന്തത്തേന സംഖ്യോൽകടം.

സമയജംവീര്യ്യംസ്വൈഃ കാലഹോരാദിനൈഃ മാസാബ്ദൈഃ വ്യുൽക്രമവൃദ്ധിമൽ—തന്നുടെ തന്നുടെ കാലഹോര ഉള്ളപ്പോഴും തന്നുടെ തന്നുടെ വാരത്തിന്നാളും, തന്നുടെ തന്നുടെ മാസത്തിലും തന്നുടെ തന്നുടെ വത്സരത്തിലും ഗ്രഹങ്ങൾക്കു കാലബലമുണ്ടു്. അഥസന്തഃ അശുഭാഃ ചക്രമാൽ പക്ഷയോഃ ബലയുതാഃ—പിന്നെ ശുഭഗ്രഹങ്ങൾക്കു ശുക്ലപക്ഷത്തിൽ ബലമുണ്ടു്. പാപഗ്രഹങ്ങൾക്കു കൃഷ്ണപക്ഷത്തിൽ ബലമുണ്ടു്. ഗുർവ്വർക്കോശനസഃദിവാ—ഗുരുവിന്നും അൎക്കന്നും ശുക്രന്നും പകൽ ബലമുണ്ടു്. നിശിപരേ—ചന്ദ്രകുജമന്ദന്മാൎക്കു രാത്രിയിൽ ബലമുണ്ടു്. ചാന്ദ്രിഃസദാ—ബുധന്നു പകലുംരാത്രിയിലും ബലമുണ്ടു്. ഇങ്ങിനെ കാലബലം—പിന്നെ ദൃഗ്ബലത്തെച്ചൊല്ലുന്നു—ശുഭേനദൃഷ്ടസ്യദൃഷ്ടിസദൃശം തേനസംഖ്യോൽകടം—ശുഭഗ്രഹത്തിനുടെ ദൃഷ്ടി ഉള്ളഗ്രഹത്തിന്നു ദൃഗ്ബലമുണ്ടു്. കാൽദൃഷ്ടി ഉണ്ടാകിൽ കാൽബലമുണ്ടു്. അരദൃഷ്ടി ഉണ്ടാകിൽ അരബലമുണ്ടു്. മുക്കാൽദൃഷ്ടി ഉണ്ടാകിൽ മുക്കാൽബലമുണ്ടു്, മുഴുദൃഷ്ടി ഉണ്ടാകിൽ മുഴുബലമുണ്ടു്, ഇങ്ങനെ ദൃഷ്ടിബലം-ദൃഷ്ടിചെയ്യും. ശുഭൻ മിത്രനും കൂടിയായാൽ ഇരട്ടിബലം വർദ്ധിക്കും എന്നറിക. ശത്രുക്ഷേത്രസ്ഥശുഭനെങ്കിൽ വർദ്ധിക്കയില്ല ബലം; മിത്രക്ഷേത്രസ്ഥപാപനാകിൽ കുറകയില്ല ബലം.

പിന്നെ ദിഗ്ബലത്തെച്ചൊല്ലുന്നു.

26 പൂൎവ്വാദിദിഗ്വിഹിതരാശിഷുവീര്യ്യവന്തൌ
ജീവേന്ദുജൌരവികുജൌ ശനിരിന്ദുശുക്രൌ
സ്ഥാനോത്ഭവന്തു ബലമാത്മനവാംശതുംഗ
മൂലത്രികോണ നിജരാശി സുഹൃൽഗ്രഹേഷു

പൂൎവ്വാദിദിഗ്വിഹിതരാശിഷു വീര്യ്യവന്തൌ ജീവേന്ദുജൌരവികുജൌശനരിന്ദുശുക്രൌ— ഗുരുബുധന്മാൎക്കു ഉദയത്തിൽ ബലമുണ്ടു്. രവികുജമന്മാൎക്കു പത്താമിടത്തു ബലമുണ്ടു്. ശനിക്കു ഏഴാമിടത്തു ബലമുണ്ടു്. ചന്ദ്രശുക്രന്മാൎക്കു നാലാമിടത്തു ബലമുണ്ടു്. ഇങ്ങനെ ദിഗ്ബലത്തെചൊല്ലുന്നു. സ്ഥാനോത്ഭവംതുബലം—ആത്മനവാംശതുംഗ മൂലത്രികോണനിജരാശി സുഹൃൽഗ്രഹേഷു—തന്നുടെ തന്നുടെ നവാംശത്തിലും, തന്നുടെ തന്നുടെ ഉച്ചത്തിലും, തന്നുടെ തന്നുടെ മൂലത്രികോണത്തിലും, തന്നുടെ ക്ഷേത്രത്തിലും തന്നുടെ ബന്ധുക്ഷേത്രത്തിലും ബലമുണ്ടു്.

27 നീചാരാതിഗൃഹേഷു വക്രഗമനംപുഷ്ണാതിനൈസൎഗ്ഗികം
വീര്യ്യംതദ്വിഗുണന്തു മദ്ധ്യമഗൃഹേതുംഗോപമംമിത്രഭേ
സ്വൎക്ഷേത്ര്യുച്ചസമം ഭവേദ്ദശഗുണം സ്വോച്ചേതദുച്ചാംശകാ
ത്തത്രാന്യൈരവിസംയുതംയദിബലൈ സ്തസ്യാദനന്തംബലം.

നീചാരാതിഗൃഹേഷു വക്രഗമനം നൈസൎഗ്ഗികംവീര്യ്യം പുഷ്ണാതി—'നീചക്ഷേത്രത്തിൽ നിൽക്കുന്ന ഗ്രഹത്തിന്നും ശത്രുക്ഷേത്രത്തിൽ നിൽക്കുന്ന ഗ്രഹത്തിന്നും വക്രചാരമുണ്ടാകിൽ നിസൎഗ്ഗബലം വൎദ്ധിക്കും[1] മദ്ധ്യമഗൃഹേതൽ ദ്വിഗുണം. സമക്ഷേത്രത്തിൽ നിൽക്കുന്ന ഗ്രഹത്തിന്നു വക്രചാരമുണ്ടാകിൽ നിസൎഗ്ഗബലം ഇരട്ടിക്കും. മിത്രഭേതുംഗോപമം—ബന്ധുക്ഷേത്രത്തിൽ നിൽക്കുന്ന ഗ്രഹത്തിന്നു വക്രചാരമുണ്ടാകിൽ ഉച്ചത്തിലെപ്പോലെ ബലമുണ്ടാം. സ്വൎക്ഷേ അത്യുച്ചസമം?—തന്നുടെ ക്ഷേത്രത്തിൽ നിൽക്കുന്ന ഗ്രഹത്തിന്നു വക്രചാരമുണ്ടാകിൽ അത്യുച്ചത്തിലെപ്പോലെ ബലമുണ്ടാം. സ്വോച്ചേദശഗുണംഭവേൽ—തന്നുടെ ഉച്ചത്തിൽ നിൽക്കുന്ന ഗ്രഹത്തിന്നു വക്രചാരമുണ്ടാകിൽ ഉച്ചത്തിരലക്കാട്ടിൽ പത്തിരട്ടിബലം 'കാലാമൃതകാരൻ' 'ഉച്ചേവക്രം' 'ഹീനബലമെന്നു പറയുന്നു' ഉച്ചാംശകാൽതൽ—ഉച്ചാംശത്തിൽ നിൽക്കുന്ന ഗ്രഹത്തിന്നു വക്രചാരമുണ്ടാകിൽ ഉച്ചത്തിലെക്കാട്ടിൽ പത്തിരട്ടി ബലമുണ്ടു്. അത്ര അന്യൈഃ ബലൈഃ അവിസംയുതം യദിതൽ അനന്തംബലംസ്യാൽ—ഉച്ചത്തിൽ നിൽക്കുന്ന ഗ്രഹത്തിന്നു വക്രചാരമുണ്ടാകുംപോൾ ചേഷ്ടിതബലവും കാലബലവും ദൃഗ്ബലവും ദിഗ്ബലവുംകൂടി ഉണ്ടാകിൽ ബലത്തിന്നു അവസാനമില്ല. 'എന്നു അനുഭവംമൂലം അറിയേണ്ടതാകുന്നു.'

1. 'വക്രീനീചബല' സ്വതുംഗഭവനേ, നീചാരിഭവനേ തുംഗബലഃ' ഇതി ഉത്തരകാലാമൃതം ഇവിടെ ഗ്രാഹ്യം. അധികം അനുഭവവും ഏതാണ്ടു ഇങ്ങിനെ കണ്ടുവരുന്നു.

28 ചേഷ്ടാദ്യൈർദ്യുസദാന്നിസർഗ്ഗജബലം പാദാദിവൃദ്ധംഭവേ
ദപ്യഭ്യസ്തന്നിജവർഗ്ഗമിത്രഗ്രഹയോഃ മൂലത്രികോണേപിതൽ
സ്ഥാനോത്ഥേന ബലേനതത്ത്രിഗുണിതം സ്വോച്ചേതദംശേധികം
നീചേചാസ്ത ഗതേതദർദ്ധരഹിതന്ത്ര്യംശോനിതം ശത്രുഭേ

ചേഷ്ടാദ്യൈഃ ദ്യുസദാം നിസർഗ്ഗജബലം പാദാദിവൃദ്ധംഭവേൽ-ഗ്രഹങ്ങൾക്കചേഷ്ടിതബലമാദിയായുള്ള ബലങ്ങളൊന്നുണ്ടാകിൽ നിസർഗ്ഗബലത്തിന്ന കാൽബലമേറും. രണ്ടുണ്ടാകിൽ അരബലമേറും. മൂന്നുണ്ടാകിൽ മുക്കാൽബലമേറും. നാലുണ്ടാകിൽ പൂർണ്ണബലമുണ്ട്. നിജവർഗ്ഗമിത്രഗ്രഹയോഃ മൂലത്രികോണേ തപി തൽദ്വ്യഭ്യസ്തം—തന്റെ വർഗ്ഗത്തിലും ബന്ധുക്ഷേത്രത്തിലും മൂലത്രികോണത്തിലും നിൽക്കുന്ന ഗ്രഹത്തിന്ന ചേഷ്ടിതാദിബലങ്ങളാലൊന്നുണ്ടാകിൽ അർദ്ധബലം. രണ്ടുണ്ടാകിൽ നിസർഗ്ഗബലന്നാലിരട്ടിക്കും. മൂന്നാകിൽ ആറിരട്ടിക്കും. നാലാകിൽ എട്ടിരട്ടിക്കും. സ്ഥാനോത്ഥേന ബലേനതൽത്രിഗുണിതം—സ്ഥാനബലമുള്ള ഗ്രഹത്തിന്ന ചെഷ്ടിതബലത്താലൊന്നുണ്ടാകുമ്പോൾ നിസർഗ്ഗബലം മൂന്നിരട്ടിക്കും. രണ്ടുണ്ടാകുമ്പോൾ ആറിരട്ടി, മൂന്നുണ്ടാകുമ്പോൾ ഒമ്പതിരട്ടി. നാലുണ്ടാകുമ്പോൾ പന്ത്രണ്ടിരട്ടി, സ്വോച്ചേതദംശേധികം—തന്റെ ഉച്ചത്തിലും, ഉച്ചാംശകത്തിലും നിൽക്കുന്ന ഗ്രഹത്തിന്ന ചെഷ്ടിതാദിബലങ്ങളുണ്ടാകുമ്പോൾ ബലത്തിന്ന അവസാനമില്ല. നീചേഅസ്തഗതേ ചതദർദ്ധരഹിതം—നീചത്തിൽ നിൽക്കുന്ന ഗ്രഹത്തിന്നും അസ്തഗതനായിരിക്കുന്ന ഗ്രഹത്തിന്നും നിസർഗ്ഗബലം പാതി ആയിപ്പോം. ത്ര്യംശോനിതം ശത്രുഭേ_ശത്രുക്ഷേത്രത്തിൽ നിൽക്കുന്ന ഗ്രഹത്തിന്ന ചെഷ്ടിതാദിബലമുണ്ടാകുമ്പോൾ നാലൊന്ന ബലമേ ഉള്ളു? കാലാമൃതകാരൻ 'നീചേ വക്രം' സ്വോച്ചബലമെന്നപോലെ കരുതാമെന്ന അഭിപ്രായപ്പെടുന്നു.

29 പക്ഷോത്ഭവം ഹിമകരസ്യവിശിഷ്ടമാഹുഃ
സ്ഥാനോത്ഭവന്തു ബലമഭ്യധികംപരേഷാം
തത്സംപ്രയുക്തമിതരൈ രധികാധികംസ്യാ
ദന്യാനിതെന സദൃശാനി ബഹൂനിചേൽസ്യുഃ

ഹിമകരസ്യ പക്ഷോത്ഭവംബലം വിശിഷ്ടം ആഹുഃ—ചന്ദ്രന്ന എല്ലാററിലും പ്രധാനമായുള്ളതു പക്ഷബലം. പരേഷാംസ്ഥാനോത്ഭവം ബലം അഭ്യധികം (സ്യാൽ) മററുള്ളവൎക്ക സ്ഥാനബലമത്രെ പ്രധാനമാകുന്നതു്. തൽ ഇതരൈ സംപ്രയുക്തം അധികാധികം സ്യാൽ—പ്ര

ധാനബലത്തോടു മററുള്ള ഗ്രഹങ്ങൾ കൂടുകിൽ ബലത്തിന്ന അവസാനമില്ല. അന്യാനിബഹൂനിചേൽതേന സദൃശാനിസ്യുഃ—മററുള്ള ബലങ്ങളും പലവക കൂടുകിൽ പ്രധാനബലത്തോടൊക്കും.

30 മിത്രസ്യവർഗ്ഗേകഥിതംബലംയ
ത്തത്രാധിമിത്രേ ദ്വിഗുണന്തദാഹുഃ
തഥാധിശത്രാവ പിദുർബ്ബലത്വം
മദ്ധ്യസ്ഥതായാമു ഭയന്തദൂഹ്യം.

മിത്രസ്യവർഗ്ഗേയൽബലാകഥിതം, തൽതത്ര അധിമിത്രേദ്വിഗുണം ആഹുഃ—ബന്ധുവർഗ്ഗത്തിന്റെ വർഗ്ഗത്തിങ്കൽ യാതൊരു ബലത്തെച്ചൊല്ലി. അതെ അവിടെ അതിബന്ധുവായിരിക്കുന്ന ഗ്രഹത്തിന്റെ വർഗ്ഗത്തിങ്കൽ ഇരട്ടിക്കും. അഥ അധിശത്രൌ അപിദുർബ്ബലത്വം-ശത്രുഗ്രഹത്തിന്റെ വർഗ്ഗത്തിൽ യാതൊരു ബലത്തെച്ചൊല്ലി. അത അധിശത്രുവായിരിക്കുന്ന ഗ്രഹത്തിന്റെ വർഗ്ഗത്തിൽ പെരികെ കുറഞ്ഞുപോം. മദ്ധ്യസ്ഥതായാം ഉഭയംതൽ ഊഹ്യം—ബന്ധുവർഗ്ഗവും ശത്രുവർഗ്ഗത്തിലും അല്ലാത്തേടത്തു രണ്ടും നിരൂപിച്ചു കല്പിച്ചുകൊൾക.

31 നിശ്ശേഷദോഷഹരണേ ശുഭവർദ്ധനേച
വീര്യംഗുരോരധികമസ്ത്യ ഖിലഗ്രഹേഭ്യഃ
തദ്പീര്യപാദദലശക്തിയുതൌജ്ഞശുക്രൌ
ചാന്ദ്രംബലന്തു നിഖിലഗ്രഹവീര്യ ബീജം.

നിശ്ശേഷദോഷഹരണെ ശുഭവർദ്ധനേചഗുരോഃ അഖിലഗ്രഹെഭ്യഃ അധികംവീര്യംഅസ്തി—നിശ്ശേഷദോഷങ്ങളെ ഹരിപ്പാനും ശുഭങ്ങളെ വർദ്ധിപ്പിപ്പാനും എല്ലാഗ്രഹങ്ങളെക്കാട്ടിലും പെരികബലമുണ്ടു ഗുരുവിന്ന[1] ജ്ഞശുക്രൌ തദ്വീര്യപാദദലശക്തിയുതൌ—ഗുരുവിന്റെ ബലത്തിൽ നാലൊന്ന ബലമുണ്ട് ബുധന്നു. ഗുരുവിന്റെ ബലത്തിൽ പാതിബലമുണ്ടു് ശുക്രന്നു്. ചാന്ദ്രംബലന്തുനിഖിലഗ്രഹവീര്യബീജം എല്ലാ ഗ്രഹങ്ങളുടേയും ബലത്തിന്ന ബീജമാകുന്നതു ചന്ദ്രബലം. ചന്ദ്രന്നുബലമുള്ളപ്പോൾ എല്ലാ ഗ്രഹങ്ങൾക്കും ബലമുണ്ടെന്നൎത്ഥം. മൌഢ്യം പാടില്ല,

1. അഹംശുക്രശ്ച ചക്രേസ്മിൻ
ശുഭായവിചാരാവഹേ—അനപഹംഗ്ഗ്രഢചാരണാം ഭൂഗ്ഗ്രഹാണാം നിരീക്ഷണാൽ
ശക്തിമ്മൈവവിചരേൽ ഗുരുരിത്യാഖ്യയാഗ്രഹഃ ശുക്രസ്യാപിതഥാശക്തിഃ
സർവ്വദോഷഹരാവേതൌ ശുഭകർമ്മണിപൂജിതൌ—ഇതി ഗുരുമതം.

32 ദോഷാംബുരാശിതരണായ കൃപാർദ്രചേതാഃ
പോതംസസർജ്ജ ഗുരുശുക്രമയം വിധാതാ
പ്രാപ്നോതുദോഷജലരാശിമനേനതീർത്ത്വാ
തത്തീരജാനിശുഭകാര്യ്യ ഫലാനിലോകഃ .

വിധാതാകൃപാർദ്രചേതാഃ ദോഷാംബുരാശിതരണായ ഗുരുശുക്രമയം പോതംസസർജ്ജ—വിധാതാവ്, ദോഷാംബുരാശി തരണത്തിന്നായിക്കൊണ്ടു് കൃപാർദ്രചേതസ്സായിട്ടു ഗുരുശുക്രന്മാരായിരിക്കുന്ന പോതത്തെ സൃഷ്ടിച്ചു. സമുദ്രംപോലെ അനവസാനമായിരിക്കുന്ന മുഹൂർത്തദോഷങ്ങളെക്കൊണ്ടു ശുഭകർമ്മങ്ങളെച്ചെയ്‌വാനരുതു്. ആ മനുഷ്യരെ വ്യഗ്രചിത്തന്മാരായിക്കണ്ടിട്ടാറെ വിധാതാവു് കാരുണ്യംകൊണ്ടാർദ്രമനസ്സായിട്ടു ഗുരുശുക്രമയമായിരിപ്പോരു കപ്പലുണ്ടാക്കി എന്നർത്ഥം. അനേനദോഷജലരാശിം തീർത്ത്വാതത്തീരജാനിശുഭകാര്യ്യഫലാനിലോകഃ പ്രാപ്നോതു—എല്ലാരും ഇക്കപ്പൽകൊണ്ടു ദോഷമാകുന്ന സമുദ്രത്തെ കടന്നു ശുഭകർമ്മങ്ങളുടെ ഫലത്തെ ലഭിക്കട്ടെ.

33 മൂലംകാലതരോഃ സ്മൃതോഹിമരുചിശ്ശാഖാ ദയോന്യേഗ്രഹാ
മൂലേതിപ്രബലേ സതിക്ഷിതിരുഹഃ പുഷ്യന്തിശാഖാദയഃ
സന്മൂലന്തരുമാശ്രിതഃഖലുജനഃ പുഷ്ടംഫലം വിന്ദതേ
തസ്മാച്ചന്ദ്രബലക്ഷയേ ഹിവിഫലശ്ശുക്രജ്ഞ ജീവോദയഃ .

ഹിമരുചിഃ കാലതരോഃ മൂലഃസ്മൃതഃ—കാലമാകുന്ന വൃക്ഷത്തിന്നു മൂലമാകുന്നതു ചന്ദ്രൻ. അന്യേഗ്രഹാഃ ശാഖാദയഃ—അന്യഗ്രഹങ്ങൾ ശാഖ ആദിയായുള്ളവ. മൂലേ അതിപ്രബലേ സതിക്ഷിതിരുഹഃ ശാഖാദയഃ പുഷ്യന്തി—മൂലത്തിന്നു ബലാധിക്യമുള്ളപ്പോൾ വൃക്ഷത്തിന്റെ ശാഖാദികൾ പോഷിക്കും. സന്മൂലം തരും ആശ്രിതഃ ജനഃപുഷ്ടംഫലം വിന്ദതേഖലു—മുരടുകളുത്ത തഴച്ചിരിക്കുന്ന വൃക്ഷത്തിന്റെ മുരട്ടുചെന്നാൽ വേണ്ടുവോളം ഫലത്തെ ലഭിക്കാം. തസ്മാൽ ചന്ദ്രബലക്ഷയേ ശുക്രജ്ഞജീവോദയഃ വിഫലോഹി—എന്നാൽ ചന്ദ്രന്നു ബലമില്ലാതാവുംപോൾ ശുക്രോദയത്തിന്നും ബുധോദയത്തിന്നും ഗുരൂദയത്തിന്നും ബലമില്ല.

34 സൃഷ്ട്വാഗ്രഹേന്ദ്രാന്നിദധേതുലായാ
മേകത്രസർവ്വാനപരത്രചന്ദ്രം
പ്രജാപതിഃ സൈ്വരമതോലയത്ത
ദതിശിഷ്ട ആസീദ്ധിമരശ്മിഭാഗഃ,

പ്രജാപതിഃ ഗ്രഹേന്ദ്രാൻ സൃഷ്ട്വാതുലായാംനിദധേ—പ്രജാപതി ഗ്രഹങ്ങളെ സൃഷ്ടിച്ചിട്ടു് തുലയിലിട്ടു, ഏകത്രസർവ്വാൻ, അപരത്രചന്ദ്രം—ഒന്നിൽ എട്ടു ഗ്രഹങ്ങളെയും കൂടിഇട്ടു; ഒന്നിൽ ചന്ദ്രനേയും ഇട്ടു. താൻ സൈ്വരംഅതൊലയൽ. പിന്നെ തൂക്കിക്കണ്ടു. ഹിമരശ്മിഭാഗഃവിശിഷ്ടഃ ആസീൽ. ഇങ്ങിനെ തൂക്കീട്ടു് ചന്ദ്രന്നിന്നേടത്തുങ്ങിയതു-ഇവണ്ണമാകയാലും ചന്ദ്രബലം പ്രധാനം എന്നു സാധിക്കുന്നു.

ദൈവജ്ഞന്റെ ലക്ഷണത്തെച്ചൊല്ലുന്നു.

35 വേദാദ്ധ്യായീ, വിനീതോ, ഗ്രഹയജനപര,സ്സത്യവാദീ സുവൃത്തൊ
ജ്യോതിശ്ശാസ്ത്രപ്രവീണോ, ഗ്രഹഗണിതപടു,സ്സോത്ര ദൈവജ്ഞ ഉക്തഃ
തുഷ്ടേതസ്മിന്മുഹൂർത്തം പ്രദിശതിവസുഭിഃ പൂജിതേ വീര്യ്യവന്ത
സ്തുഷ്ടാസ്സർവ്വേഗ്രഹേന്ദ്രാഃ പരിഭവകുപിതേ ദുർബ്ബലാസ്സക്രുധഃസ്യുഃ .

വെദാദ്ധ്യായീ—യഥാവൽ മൂന്നുവേദങ്ങളുന്തനിക്കവശമായി എല്ലായിപ്പോഴും അവററെ ജപിക്ക സ്വഭാവമായിരിക്കേണം. വിനീതഃ ശാന്തനായിരിക്കേണം. ഗ്രഹയജനപരഃ—നിത്യമായി ഗ്രഹങ്ങളെ പൂജിക്കുന്നോനായിരിക്കെണം. സുവൃത്തഃ—തന്റെ നിത്യാനുഷ്ഠാനങ്ങളെയുഞ്ചെയ്തു നല്ലൊരാചാരത്തോടുംകൂടി ഇരിക്കെണം. ജ്യോതിശ്ശാസ്ത്രപ്രവീണഃ എല്ലായിപ്പോഴും ജ്യോതിശ്ശാസ്ത്രത്തെ പഠിക്കെണം. ഗ്രഹഗണിതപടുഃ ഗ്രഹങ്ങളുടെ ഗണിതത്തിങ്കൽ വിദഗ്ദ്ധനായിരിക്കെണം. സഃഅത്രദൈവജ്ഞഉക്തഃ—ഇങ്ങിനെ ഇരിക്കുന്നവന്നു് 'ദൈവജ്ഞൻ' എന്നു പേർ. തസ്മിൻ വസുഭിഃ പൂജിതെതുഷ്ടെ മുഹൂർത്തം പ്രദിശതി-സർവ്വേഗ്രഹേന്ദ്രാഃ തുഷ്ടാഃ വീര്യ്യവന്തഃസ്യുഃ—ഇങ്ങിനെ ഇരിക്കുന്ന ദൈവജ്ഞന്റെ കൈകനക്കുമാറു് ധനത്തെ ദക്ഷിണചെയ്തു് സന്തോഷിപ്പിച്ചാൽ അവൻ മുഹൂർത്തത്തേ കൊടുക്കുംപോൾ എല്ലാഗ്രഹങ്ങൾക്കും സന്തോഷവും ബലവും ഉണ്ടാം. പരിഭവകുപിതേ ദുർബ്ബലാഃ സക്രുധഃസ്യു—ദുർവ്വചനാദിയാദി ആയുള്ളവററെക്കൊണ്ടു ദൈവജ്ഞനെക്കോപിപ്പിക്കിൽ ഗ്രഹങ്ങൾക്കു് ബലമില്ലാതെ പോം. ക്രോധവുമുണ്ടാം.

36 സോച്ചേപ്രദീപ്തസ്സുഖിത സ്ത്രീകോണേ
സ്വസ്ഥസ്വഗേഹേ മുദിതസ്സുഹൃദ്ഭേ
ശാന്തസ്സസൌമ്യ ഗ്രഹവർഗ്ഗസംസ്ഥ
ശ്ശക്തോമതോസൌസ്ഫുടരശ്മിജാലഃ .

സ്വോച്ചേപ്രദീപ്തഃ—തന്റെ ഉച്ചത്തിൽ നില്ക്കുന്ന ഗ്രഹത്തിന്നു ദീപ്തനെന്നു പേർ. സുഖിതഃത്രികോണേ-മൂലത്രികോണത്തിൽ നില്ക്കുന്ന വന്ന സുഖിതനെന്നു പേർ. സ്വസ്ഥഃസ്വഗേഹേ—തന്റെ ക്ഷേത്രത്തിൽ നില്ക്കുന്ന വന്ന സ്വസ്ഥനെന്നു പേർ. സുഹൃത്ഭേമുദിതഃ—ബന്ധുക്ഷേത്രത്തിൽ നില്ക്കുന്ന വന്ന മുദിതനെന്നു പേർ. സൌമ്യഗ്രഹവർഗ്ഗസംസ്ഥഃശാന്തഃ—ശുഭഗ്രഹങ്ങളുടെ വർഗ്ഗത്തിൽ നില്ക്കുന്നവന്നു് ശാന്തനെന്നുപേർ: അസൌസ്ഫുടരശ്മിജാലഃ ശക്തഃ മതഃ—അസ്തന്തിന്നിരിക്കുന്നവന്നു് ശക്തനെന്നുപേർ.

37 ഗ്രഹാഭിഭൂതസ്സ നിപീഡിതസ്സ്യാൽ
ഖലസ്തപാപ ഗ്രഹവർഗ്ഗയാതഃ
സുദുഃഖിതശ്ശത്രു ഗൃഹേഗ്രഹേന്ദ്രോ
നീചേതിഭീതോ വികലോസ്തയാതഃ.

ഗ്രഹാഭിഭൂതഃ സഃനിപീഡിതഃ സ്യാൽ—ഗ്രഹയുദ്ധത്തിംകൽ തോററവന്നു് പീഡിതനെന്നുപേർ. പാപഗ്രഹവർഗ്ഗയാതഃ ഖലഃ—പാപഗ്രഹങ്ങളുടെ വർഗ്ഗത്തിങ്കൽ നില്ക്കുന്നവന്നു് ഖലനെന്നുപേർ. ശത്രുഗൃഹേ ഗ്രഹേന്ദ്രഃ സുദുഃഖിതഃ—ശത്രുക്ഷേത്രത്തിംകൽ നില്ക്കുന്നവന്നു് ദുഃഖിതനെന്നുപേർ. നീചേ അതിഭീതഃ—നീചത്തിങ്കൽ നില്ക്കുന്നവന്നു് അതിഭീതനെന്നുപേർ. അസ്തയാതഃവികലഃ—അസ്തനായിരിക്കുന്ന ഗ്രഹത്തിന്നു് വികലനെന്നുപേർ.

38 ദീപ്തഃപൂർണ്ണം വിധത്തേശുഭമഥ സുഖിതഃ പാദഹീനന്തദർദ്ധം
സ്വസ്ഥഃപാദൈർദ്വിഹീനന്ത്രിഭിരഥ മുദിതശ്ശാന്തശക്തൌ ചതദ്വൽ
അത്യല്പം തത്രയോന്യേ വിദധതിവികലോ ഭീതസംജ്ഞശ്ചനഷ്ടം
ഭീതാദ്യാ ദീപ്തനിഷ്ഠാസ്ത്വശുഭമപിതഥാപ്യുൽക്രമേണ ഗ്രഹാസ്തേ.

ദീപ്തഃഗ്രഹഃപൂർണ്ണം ശുഭം വിധത്തേ—ദീപ്തനായിരിക്കുന്ന ഗ്രഹം ചൊല്ലിയ ശുഭഫലത്തെ ഉണ്ടാക്കും. അഥസുഖിതഃ പാദഹീനം—സുഖിതനായിരിക്കുന്ന ഗ്രഹം മുക്കാൽശുഭത്തെ ഉണ്ടാക്കും. സ്വസ്ഥഃതൽ അർദ്ധം—സ്വസ്ഥനായിരിക്കുന്ന ഗ്രഹം പാതി ശുഭഫലത്തെ ഉണ്ടാക്കും. മുദിതഃ ത്രിഭിഃ പാദൈഃ വിഹീനം – മുദിതനായുള്ള ഗ്രഹം കാൽശുഭഫലത്തെ ഉണ്ടാക്കും. ശാന്തശക്തൌ ചതദ്വൽ—ശാന്തനായിരിക്കുന്നവനും ശക്തനായിരിക്കുന്നവനും കാൽശുഭഫലത്തെ ഉണ്ടാക്കുന്നവർ, അന്യേത്രയഃതൽ അത്യല്പം വിദധതി—പീഡിതനും, ദുഃഖിതനും, ഖലനും

അത്യല്പമായിരിക്കുന്ന ശുഭഫലത്തെ ഉണ്ടാക്കുന്നവർ. വികലഃ ഭീതസംജ്ഞഃ ച നഷ്ടം—വികലനും ഭീതനും ശുഭഫലത്തെ ഉണ്ടാക്കുകയില്ല. ഭീതാദ്യാഃ ദീപ്തനിഷ്ഠാഃ ത്വതേഗ്രഹാഃ വ്യുൽക്രമേണ അശുഭം അപിതഥാ വിദധതി—ഭീതനാദി ആയി ദീപ്തനന്തമായുള്ള ഗ്രഹങ്ങൾ വ്യുൽക്രമേണ അശുഭത്തേയും ഇവ്വണ്ണം ഉണ്ടാക്കുന്നോർ. വികലനും ഭീതനും അശുഭത്തെ പൂർണ്ണമാക്കുന്നവർ. പീഡിതനും ഖലനും സുഖിതനാ മിക്കവാറും അശുഭത്തെ ഒക്കെയുണ്ടാക്കുന്നോർ. മുദിതനും ശാന്തനും ശക്തനും മുക്കാൽ അശുഭഫലത്തെ ഉണ്ടാക്കുന്നോർ. സ്വസ്ഥൻ അർദ്ധംശുഭത്തെ ഉണ്ടാക്കും. സുഖിതൻ കാൽ അശുഭഫലത്തെ ഉണ്ടാക്കും. ദീപ്തൻ അശുഭഫലത്തെ ഉണ്ടാക്കുകയില്ല. യാതൊരു മുഹൂർത്തത്തിന്നും അനിഷ്ടസ്ഥാനത്തൊരു ഗ്രഹമുണ്ടാകുംപോൾ അവൻ ഉച്ചസ്ഥനാകിൽ ദോഷത്തെ ഉണ്ടാക്കുകയില്ല. അസ്തനാകിൽ ദോഷത്തെ സംപൂർണ്ണമാക്കും. യാതൊരു മുഹൂർത്തത്തിന്നും ഇഷ്ടസ്ഥാനത്തൊരു ഗ്രഹമുണ്ടാകുംപോൾ അവനുച്ചസ്ഥനാകിൽ ശുഭഫലം സംപൂർണ്ണം. അസ്തനാകിൽ ശുഭഫലമൊട്ടുമില്ല. ഈ വണ്ണം കണ്ടുകൊൾക.

39 യസ്മിൻ ഗ്രഹേലഗ്ന ഗതേയദുക്തം
ഫലംഗ്രഹസ്സോഭ്യുദി തസ്തദല്പം
കരോതി തന്മദ്ധ്യ മമഭ്യുദേഷ്യ
ന്നികാമ സംപൂർണ്ണ മുദീയമാനഃ.

യസ്മിൻ ഗ്രഹെലഗ്ന ഗതെയൽഫലം ഉക്തം സഃഗ്രഹഃ അഭ്യുദിതഃ തൽ അല്പം കരൊതി—ശുഭഗ്രഹന്താൻ അശുഭഗ്രഹന്താൻ യാതൊരു ഗ്രഹവും ലഗ്നത്തിൽ നില്ക്കുമ്പോൾ യാതൊരു ശുഭഫലത്തെത്താൻ അശുഭഫലത്തെത്താൻ ചൊല്ലി അഗ്രഹത്തിന്റെ ഉദയകാലം കഴിഞ്ഞാൽ അല്പമായിരിക്കുന്ന ഫലമേ ഉള്ളു. അഭ്യുദേഷ്യൽ തൽമദ്ധ്യമം—ഉദയകാലം മെലിരിക്കിൽ മദ്ധ്യമമായിരിക്കുന്ന ഫലമുണ്ടു്. ഉദീയമാനഃ നികാമസംപൂർണ്ണം ഉദയകാലത്തിംകൽ ഫലം സംപൂർണ്ണം ഉദിതാദിയെ ഇവിടെ ഭാവസ്ഫുടം ചെയ്തു കണ്ടുകൊൾക.

ഇനി ശുഭോദയമുണ്ടായാലും മഹാദോഷമില്ലാതെ കണ്ടിരിയ്ക്കേണ്ണമെന്നു പറയുന്നു.

40 ശുഭഗ്രഹാണാമുദയോസ്തിനിത്യം
നതാവതാ കർമ്മശുഭം വിദദ്ധ്യാൽ
ഗ്രാഹ്യോ മഹാദോഷ വിവർജ്ജിതൊയ
മിദംമുഹൂർത്തസ്യ പരം രഹസ്യം.

ശുഭഗ്രഹാണാം ഉദയഃ നിത്യം അസ്തി—താവതാ ശുഭം കർമ്മ നവിദദ്ധ്യാൽ ശുഭഗ്രഹങ്ങളുടെ ഉദയമൊ നിത്യമായിട്ടുണ്ടല്ലൊ. എന്നാൽ അതിനെത്തന്നെ പ്രധാനമാക്കി ശുഭകർമ്മങ്ങളെച്ചെയ്യൊല്ലാ. മഹാദോഷവിവർജ്ജിതഃ അയംഗ്രാഹ്യഃ — മഹാദോഷങ്ങളോടും കൂടാതെ ഇരിക്കുന്ന ശുഭൊദയം, ശുഭകർമ്മണിതൽ ഗ്രാഹ്യം—ഇദംമുഹൂർത്തസ്യ പരം രഹസ്യം—ഇതു മുഹൂർത്തശാസ്ത്രത്തിന്റെ പരമരഹസ്യം. അനാപ്തേഷു അപ്രകാശ്യ മിതിച.

മഹാദോഷങ്ങളെച്ചൊല്ലുന്നു—

41 പാശ്ചാദ്വ്യതീപാത ദലം സപാർശ്വോ
ദർശശ്ചവിഷ്ട്യഭ്യുദയശ്ച സാക്ഷാൽ
വാർജ്ജ്യാശ്ചതാരാഃ കുജ സൂര്യസൂന്വോ
ർവ്വാരോദയാ സ്സർവ്വഗുണൈരഭേദ്യാഃ.

പാശ്ചാദ്വ്യതീപാതദലം വ്യതീപാതയോഗത്തിന്റെ പാതിമേൽ ഭാഗം. സപാർശ്വഃ ദർശശ്ച:—കൃഷ്ണചതുർദ്ദശിയുടെ പാതിമേലെ അർദ്ധവും അമാവാസ്യയും ശുക്ലപ്രതിപദത്തിന്റെ ആദ്യാർദ്ധവും. സാക്ഷാൽ വിഷ്ട്യഭ്യുദയ:ച—വിഷ്ടിയുടെ ഉദയവും, വർജ്ജ്യാ: താരാ:ച—ത്യാജ്യ നക്ഷത്രങ്ങളും, കുജസൂര്യസൂന്വോഃ വാരോദയാഃ—കുജവാരവും ശനിവാരവും കുജോദയവും ശനി ഉദയവും, ഇവററിന്നു ഗുണങ്ങളെല്ലാമുണ്ടായാലും ദോഷമുണ്ടു്.

42 ഗുളികോദയ വിഷഘടികാ ചന്ദ്രാഷ്ടമപാപസഗ്രഹോഷ്ണശിഖാഃ
അവിഹിതസമാദികാലാ ദിനാന്തചക്രാർദ്ധ യോഗവർഷാന്താഃ
ജന്മാദ്യനിഷ്ടഭാംശാഃ കവിധിഷണാസ്താ ദയോമഹാദോഷാഃ
നവിഭിദ്യന്തേ ബലിഭിർബുധശുക്രഗുരൂദയാദിഭിശ്ച ഗുണൈഃ.

ഗുളികോദയവിഷഘടികാ ചന്ദ്രാഷ്ടമപാപസഗ്രഹോഷ്ണശിഖാഃ—ഗുളികോദയം, വിഷഘടികം, അഷ്ടമചന്ദ്രൻ, പാപസഗ്രഹം, ഉഷ്ണശിഖ,—അവിഹിതസമാദികാലാ:—അവിഹിത സംവത്സരം തുടങ്ങി ഉള്ള കാലങ്ങൾ. ദിനാന്തചക്രാർദ്ധയോഗവർഷാന്താ:—സായാഹ്നം, ചക്രാർദ്ധയോഗം, വർഷാവസാനം, ജന്മാദ്യനിഷ്ടഭാംശാ:—ജന്മനക്ഷത്രമാദി ആയുള്ള അനിഷ്ടനക്ഷത്രങ്ങളും, അനിഷ്ടാംശകങ്ങളും. കവിധിഷണാസ്താ ദയ:—ഗുരുശുക്രന്മാരുടെ അസ്തമാദിയായുള്ള ഷൾദോഷങ്ങളും. ഏതേമഹാദോഷാ:—നവമഹാദോഷങ്ങൾ, ബുധശുക്രഗുരൂദയാദിഭി: ബലിഭി: ഗു

ണൈ: ചനവിഭിദ്യന്തെ—ബുധോദയം, ശുക്രോദയം, ഗുരൂദയം എന്നിങ്ങിനെ ഉള്ള മഹാഗുണങ്ങളുണ്ടായാലും മഹാദോഷങ്ങളെ വർജ്ജിക്കേണം.

43 ദോഷാപവാദസംജ്ഞോയോ
ദ്ധ്യായോസ്മിന്മയാ വിനിർദ്ദിഷ്ടഃ
തത ഏവ ഭവതിസർവ്വം
ഗുണദോഷ ബലാബലജ്ഞാനം.

യസ്മിൻ, ദോഷാപവാദസംജ്ഞഃ യഃ അദ്ധ്യായഃ മയാവിനിർദ്ദിഷ്ട: തത: ഏവസർവ്വം ഗുണദോഷബലാബലജ്ഞാനം ഭവതി—ഇവിടെ ഞാൻ യാതൊരു ദോഷാപവാദാദ്ധ്യായത്തെച്ചൊല്ലി. അതിനേത്തന്നെ നിരൂപിച്ചാൽ ഗുണദോഷങ്ങളെ ഒക്കെ അറിയാം.

44 സമമുക്താഃ പൃഥഗപി യേദോഷാശ്ച ഗുണാശ്ച സർവ്വകാര്യേഷു
തേഷാം സാമാന്യവിധേർജ്ജ്ഞേയോ ബലവാന്വിശേഷവിധിഃ.

സർവ്വകർമ്മങ്ങളിലുംയാവ ചില ഗുണങ്ങളുംദോഷങ്ങളും ചൊല്ലപ്പെട്ടവ അവിടെ സാമാന്യവിധിയെക്കാട്ടിൽ വിശേഷവിധിക്കു് ബലമുള്ളു.

45 കാര്യം യ ദൈകംക്രിയതെ പ്രധാന
ന്തദാസ്യു രന്യാന്യുപസർജ്ജനാനി
ഗ്രാഹ്യോവിരുദ്ധോപ്യുപ സർജ്ജനാനാം
ബലീപ്രധാനാനു ഗുണോമുഹൂർത്തഃ.

യദാഏകംകാര്യം പ്രധാനംക്രിയതേ തദാ അന്യാനി ഉപസർജ്ജനാനിസ്യു:—യാതൊരിക്കൽ പ്രധാനമായിട്ടു ഒരു കർമ്മത്തെച്ചെയ്യുന്നു. അപ്പോൾ നടെവെണ്ടുന്നവന്റെ നട ചെയ്തുകൊൾക. വിവാഹം പ്രധാനകർമ്മമെന്നിരിക്കൽ പാണിഗ്രഹണത്തിന്നു നടെത്തവ എല്ലാം അപ്രധാനങ്ങൾ. എന്നീ വണ്ണം കണ്ടുകൊൾക. പ്രധാനാനുഗുണ: മുഹൂർത്ത: ഉപസർജ്ജനാനാം വിരുദ്ധ: അപിഗ്രാഹ്യ:—പ്രധാന ക്രിയക്കു് അനുഗുണമായിരിക്കുന്ന മുഹൂർത്തം മുമ്പിലവററിന്നു വിരുദ്ധമെന്നിരിക്കിലും കൊള്ളാം.

46 ദൊഷാണന്ദശധാ ജഗാദ'ധിഷണോ' വീര്യാണിനൈസർഗ്ഗികം
പഞ്ചാംശേന കൃതാനിപഞ്ചബലിഭി: ക്ഷേത്രൈർഗ്രഹൈന്ദ്രൈരപി
സംയോഗൈശ്ചമിഥസ്സമൂഹ ഗണനൈരുൽ പാദിതാനിക്രമാ
ദ്വൈഗുണ്യം ദധതേയഥോത്തരമിമാനേവം ഗുണാനാമപി.

ധിഷണഃ ദോഷാണാം ദശധാവീര്യം ജഗാദ—'ബൃഹസ്പതി' ദോഷങ്ങൾക്കു പത്തുപ്രകാരം ബലത്തെച്ചൊല്ലി. പഞ്ചാംശേന കൃതാനിപഞ്ച—പഞ്ചാംശത്താലുണ്ടാക്കപ്പെട്ടവ അഞ്ച്. ക്ഷേത്രൈഃ, ഗ്രഹൈശ്ച അപി—ബലികളായിരിക്കുന്ന ക്ഷേത്രങ്ങളെക്കൊണ്ടും ഗ്രഹങ്ങളെക്കൊണ്ടും. സംയോഗൈഃ ച മിഥഃ—അന്യോന്യ സംയോഗത്തെക്കൊണ്ടും, സമൂഹഗമനൈഃ-പലവ കൂടീട്ടും-ക്രമാൽ ഇമാൻ യഥോത്തരം ദ്വൈഗുണ്യം ദധതേ—ഇവ ഒന്നിന്നൊന്ന് മേലെമേലെ നിന്ന് ഇരട്ടി ഇരട്ടി ബലമുണ്ട്. ഏവം ഗുണാനാം അപി—ഗുണങ്ങൾക്കും ഇങ്ങിനെ.

47 ദോഷാനപി നിഘ്നന്തി ഗുണാ ബലാഢ്യാ
സ്സമാനതായാം ബലിനോഹി ദോഷാഃ
ഇതി ദ്വയേഷാഞ്ച വിമൃശ്യ വീര്യം
ശുഭം ബലീയസ്സു ഗുണേഷു കുര്യ്യാൽ.

ബലാഢ്യാഃ ഗുണാഃ ദോഷാനപി നിഘ്നന്തി—ബലാഢ്യങ്ങളായിരിക്കുന്ന ഗുണങ്ങൾ ദോഷങ്ങളെ ഹരിക്കും. സമാനതായാം ദോഷാഃ ബലിനഃ—രണ്ടുമൊത്തിരിക്കുന്നെടത്തു ദോഷങ്ങൾക്കു ബലമുള്ളു. ഇതി ദ്വയേഷാം ച വീര്യം വിമൃശ്യ ശുഭം ഗുണേഷു ബലീയസ്സു കുര്യ്യാൽ—ഇങ്ങിനെ ഗുണദോഷങ്ങളിടെ വീര്യത്തെ നിരൂപിച്ചിട്ടു ഗുണങ്ങൾക്കു ബലമേറുള്ളപ്പോൾ ശുഭകർമ്മം ചെയ്ക.

48 ഇതി ഷോഡശഭിസ്ത്രിസംഗുണൈ
രുചിരൈഃ പദ്യവരൈർവ്വിജൃംഭിതഃ
കൃതസദ്ബലാബലസ്ഥിതി
ർവ്യസിതോദ്ധ്യായ ഇഹൈഷ പഞ്ചമഃ

പഞ്ചമാദ്ധ്യായഃ സമാപ്തഃ

ലാംകൽക തസ്മാദുപരികൃതീയെ അംശെ ബലവാൻ ദിനമൃത്യുഃ ചദിനഃ...........ത്തിന്നുമേൽ മൂന്നാമംശം ബലവാനായിരിക്കുന്ന ദിനമൃത്യുഃ

* ഇത് രണ്ടാമദ്ധ്യായത്തിൽ 'ഭവത്യാദ്യേ—എന്ന ശ്ലോകത്തിന്നുശേഷം ചേർക്കേണ്ടതാകുന്നു—പ്രകരണവശാൽ ആ അദ്ധ്യായത്തിൽ വരേണ്ടതാകുന്നു. മുഖവുര നോക്കുക.

49 ഭൂപാൽഭയം രിപുഭയം വ്യസനം പ്രവാസം
വിത്തക്ഷയം വിശരണഞ്ച ശുഭക്രിയാസു
കർത്തുഃ കരോതി ശശഭൃൽക്ര മശോർക്കപൂർവ്വൈ
രേകാംഗ്രഹൈസ്സഹ വിശന്നുഡുമേകരാശൌ.

അർക്കപൂർവ്വൈഃ ഗ്രഹൈസ്സഹ ഏകരാശൌ ഏകാം ഉഡും വിശൻ ശശഭൃൽക്രമശഃ കർത്തുഃ ഏതാനി ഫലാനി കരോതി—ചന്ദ്രനും അർക്കാദിഗ്രഹങ്ങളും കൂടി ഒരു രാശിയിൽ ഒരു നാളിൽ നിൽക്കുമ്പോൾ ശുഭകർമ്മം ചെയ്താലെ ഫലത്തെച്ചൊല്ലുന്നു. ആദിത്യന്നിന്ന നക്ഷത്രത്തിന്നു രാജഭയം. കുജന്നിന്നതിന്നു ശത്രുഭയം. ബുധന്നിന്നതിന്നു വ്യസനം. ഗുരുനിന്നതിന്നു പ്രവാസം. ശുക്രന്നിന്നതിന്നു വിത്തക്ഷയം. ശനിനിന്നതിന്നു മഹാവ്യാധി. ഇങ്ങിനെ

50 ശുക്ലേ വാരിധി നാഗരുദ്രതിഥിസംഖ്യാസ്താസു പക്ഷേ സിതേ
തൽപൂർവ്വാസ്വപി നക്തമഹനി തിഥിഷു പ്രോദ്യാനി വിഷ്ടിഃ ക്രമാൽ
ദിഗ്യാമേഷു ശരാക്ഷിശൈല യുഗഷൾത്ര്യഷ്ടാന്ദു സംഖ്യേഷ്വഥോ
യാമേഷ്വാദ്യ ജഗച്ഛരാന്ത്യദഹനേഷ്വദ്ര്യാദ്യ നാഡീഷു ച.

ശുക്ലേ പക്ഷേ വാരിധി നാഗരുദ്രതിഥിസംഖ്യാഃ താസു അസിതേ പക്ഷേ തൽ പൂർവ്വാസു അപി തിഥിഷു ക്രമാൽ നക്തം. അഹനി ശരാക്ഷി ശൈല ഷൾത്ര്യഷ്ടാന്ദു സംഖ്യേഷു ദിഗ്യാമേഷു ആദ്യജഗച്ഛരാന്ത്യ ദഹനേഷ്വദ്ര്യാദ്യനാഡീഷു ച വിഷ്ടിഃ പ്രോദ്യാനി—പൂർവ്വപക്ഷത്തിൽ ചതുർത്ഥിയുടെ മേൽഭാഗത്തും അഷ്ടമിയുടെ കീഴ്ഭാഗത്തും ഏകാദശിയുടെ മേൽഭാഗത്തും പൌർണ്ണമാസിയുടെ കീഴ്ഭാഗത്തും കൃഷ്ണപക്ഷത്തിൽ തൃതീയയുടെ മേൽഭാഗത്തും സപ്തമിയുടെ കീഴ്ഭാഗത്തും ദശമിയുടെ മേൽഭാഗത്തും ചതുർദ്ദശിയുടെ കീഴ്ഭാഗത്തും വരും വിഷ്ടി. ചതുർത്ഥിയുടെ വിഷ്ടി പടിഞ്ഞാറു അഞ്ചാംയാമത്തിൽ പ്രഥമനാഡിയിൽ ഉദിക്കും. അഷ്ടമിയുടെ വിഷ്ടി അഗ്നികോടിയിൽ രണ്ടാംയാമത്തിൽ മൂന്നാംനാഴികക്കു ഉദിക്കും. ഏകാദശിയുടെ വിഷ്ടി വടക്കെദിക്കിൽ ഏഴാംയാമത്തിൽ അഞ്ചാംനാഴികക്കു ഉദിക്കും. പൌർണ്ണമാസിയുടെ വിഷ്ടി നിരൃതികോടിയിൽ നാലാംയാമത്തിൽ എട്ടാന്നാഴികക്കു ഉദിക്കും. തൃതീയയുടെ വിഷ്ടി വായുകോടിയിൽ ആറാംയാമത്തിൽ മൂന്നാന്നാഴികക്കു ഉദിക്കും സപ്തമിയുടെ വിഷ്ടി തെക്കെദിക്കിൽ മൂന്നാം യാമത്തിൽ അഞ്ചാംനാഴികക്കു ഉദിക്കും. ദശമിയുടെ വിഷ്ടി മീനത്തിന്മേൽ എട്ടാംയാമത്തിൽ ഏഴാന്നാഴികക്കു ഉദിക്കും. ചതുർദ്ദശിയുടെ വിഷ്ടി കിഴക്കെദിക്കിൽ നടെത്തെയാമത്തിൽ പ്രഥമനാഡിക്കു ഉദിക്കും.

51 നിത്യാവിഷ്കംഭാദയോ വാരതിഥ്യോ
ർവ്വാരർക്ഷാണാം വാരതാരാതിഥീനാം
താരാതിഥ്യോ രാശിതിഥ്യോരിതീമേ
യോഗാജ്ജേയാഷൾ ച ശുഭാശ്ചാശുഭാശ്ച

ഇതി ഇമെഷൾയോഗാ: ശുഭാ: അശുഭാ: ചജ്ഞെയാ:–ഇങ്ങിനെ ആറു യോഗങ്ങൾ അശുഭങ്ങളായിട്ടും ശുഭങ്ങളായിട്ടും ഉണ്ടു എന്നറിക. എങ്ങിനെ എന്നു ചൊല്ലുന്നു. വിഷ്കംഭാദയ: നിത്യാ:—വിഷ്കംഭാദി നിത്യയോഗങ്ങൾ വാരതിഥ്യോ:—വാരവും തിഥിയും കൂടീട്ടും. വാരർക്ഷാണാം വാരവും നക്ഷത്രവും കൂടീട്ടും. വാരതാരാതിഥീനാം—വാരവും നക്ഷത്രവും തിഥിയും കൂടീട്ടും. താരാതിഥ്യോ: നക്ഷത്രവും തിഥിയും കൂടീട്ടും. രാശിതിഥ്യോ:—രാശിയും തിഥിയും കൂടീട്ടും. ഇങ്ങിനെ ആറുപ്രകാരം.

52 നിന്ദ്യന്തെനിത്യയോഗേഷ്വപി നവപരിഘസ്സവ്യതീപാതവജ്രൌ
വ്യാഘാതോവൈധൃതശ്ച പ്രഥമപരിവൃതാശ്ശൂലഗണ്ഡാതിഗണ്ഡാ:
ലോകത്രിംശന്നവൊഷ്ട ർബ്ബുധതിഥിവിശിഖദ്വിപതക്കാം ഗസംഖ്യാ
നാഡ്യ:പ്രാന്തെഷു തെഷാമപി ഖലു നിയമാത്സജ്ജനൈർവ്വർജ്ജനീയാ:

യോഗേഷു അപിപരിഘാദയ: നവനിന്ദ്യന്തെ—നിത്യയോഗങ്ങളിൽ പരിഘമാദി ആയിട്ടു ഒമ്പതുണ്ടു നിന്ദിക്കപ്പെടുന്നു. പരിഘം, വ്യതീപാതം, വജ്രം, വ്യാഘാതം, വൈധൃതം, വിഷ്കംഭം, ശൂലം, ഗണ്ഡം, അതിഗണ്ഡം–എന്നിവ ഒമ്പതും നിന്ദിക്കപ്പെടുന്നവ. തെഷാം അപിപ്രാന്തേഷു ലോകത്രിംശന്നവോഷ്ട ബുധതിഥി വിശിഖദ്വിപതക്കാംഗസംഖ്യാ: നാഡ്യ; സജ്ജനൈ: നിയമാൽ വർജ്ജനീയാഃഖലു—ഇവ ഒമ്പതു യോഗത്തിന്നുമവസാനത്തിംകൽ ഇച്ചൊല്ലിയ നാഴികകളെ നിയമേന വർജ്ജിക്ക. പരിഘത്തിന്നു അവസാനത്തിംകൽ മൂന്നു നാഴിക, വ്യതീപാതത്തിന്നു മുപ്പതു്. വജ്രത്തിന്നു ഒമ്പതു. വ്യാഘാതത്തിന്നു മൂന്നു്. വൈധൃതത്തിന്നു പതിനഞ്ചു. വിഷ്കംഭത്തിന്നു അഞ്ചു. ശൂലത്തിന്നു ഏഴു്. ഗണ്ഡത്തിന്നു ആറു. അതിഗണ്ഡത്തിന്നു ആറു.

പിന്നെ രണ്ടു പദ്യങ്ങളെക്കൊണ്ടു ദുഷ്ടങ്ങളായിരിക്കുന്ന തിഥിവാരയോഗങ്ങളെച്ചൊല്ലുന്നു.

53 അൎക്കസ്യാഹസ്തൎക്കകലാദ്ര്യക്കചതുൎത്ഥ്യഃ പ്രാലേയാംശൊശ്ശൂല-
ധരൊർവ്വീധരഷഷ്ട്യഃ
ക്ഷോണീസൂനൊർഭൂതഭുജംഗാദ്രിദശമ്യോനേത്ര ക്ഷോണീനാ-
ഗനവമ്യശ്ശശിസൂനോ:
വാഗീശസ്യാഹസ്കരനന്ദദ്വിപഷഷ്ട്യ: കാവ്യസ്യാക്ഷിസ്ഥാണു-
ദിഗംഗാഹിതൃതീയ:ഃ
സൌരസ്യോർവ്വീശാതിജഗത്യസ്സനവമ്യസ്ത്യാജ്യായുക്താസ്സന്ത-
തമേതെതിഥിവാരാ:

ഏതെതിഥിവാരാ: യുക്താഃ സന്തതംത്യാജ്യാ:—ഇച്ചൊല്ലിയതിഥികളും വാരങ്ങളും കൂടിയാൽ എല്ലായിപ്പോഴും വർജ്ജിക്കേണം. അൎക്കസ്യാഹസ്തൎക്കകലാദ്ര്യക്കചതുൎത്ഥ്യ:—ഷഷ്ഠി, സപ്തമി, ദ്വാദശി, ചതുൎത്ഥി, ഇവററാലൊന്നും രവിവാരവും കൂടുകിൽ. പ്രാലെയാംശൊ: ശൂരധരൊർവ്വീധരഷഷ്ട്യ:—ഏകാദശി, സപ്തമി, ഷഷ്ഠി, ഇവററാലൊന്നും ചന്ദ്രവാരവും കൂടുകിൽ. ക്ഷോണീ സൂനൊ: ഭൂതഭുജംഗാദ്രിദശമ്യ:—പഞ്ചമി, അഷ്ടമി, സപ്തമി, ദശമി, ഇവററാലൊന്നും കുജവാരവും കൂടുകിൽ. നേത്രക്ഷോണീനാഗനവമ്യ: ശശിസൂനോ:—ദ്വിതീയ, പ്രതിപദം, അഷ്ടമി, നവമി ഇവററാലൊന്നും ബുധവാരവും കൂടുകിൽ. വാഗീശസ്യ അഹസ്കരനന്ദദ്വിപഷഷ്ട്യ:—ദ്വാദശി, നവമി, അഷ്ടമി, ഷഷ്ഠി—ഇവററാലൊന്നും ഗുരുവാരവും കൂടുകിൽ. കാവ്യസ്യ അക്ഷിസ്ഥാണുദിഗംഗാഹിതൃതീയാ:—തൃതീയ, ഏകാദശി, ദശമി, ഷഷ്ഠി, അഷ്ടമി, തൃതീയ ഇവററാലൊന്നും ശുക്രവാരവും കൂടുകിൽ. സൌരസ്യ ഉർവ്വീശാതിജഗത്യ: സനവമ്യ:—സപ്തമി, ത്രയോദശി, നവമി, ഇവററാലൊന്നും ശനിവാരവും കൂടുകിൽ. ഇങ്ങിനെ ഇല ദുഷ്ടയോഗങ്ങൾ.

ഇനി രണ്ടു പദ്യങ്ങളെക്കൊണ്ടു ദുഷ്ടങ്ങളായിരിക്കുന്ന വാരതാരായോഗങ്ങളെച്ചൊല്ലുന്നു.

54 പിതൃയമവസുമൈത്രെ ന്ദ്വഗ്നിശ്രുപ്പാശപിനിര്യൈ
സ്ത്വഷ്ടജലപിതൃശൂർപ്പതപാഷ്ടമൈത്രൊത്തരാദി:
അഹിഗിരിശവിശാഖാശക്രപൌഷ്ണാം ബുഷൾകൈ
ർവ്വസുനിരൃതീയമാശപിന്യന്ത്യ ഭാദ്രദ്വിദൈവൈ:

55 ഭഗജലപതിരോഹിണ്യഗ്നി ചിത്രെന്ദുരുദ്രൈ
ർമ്മരുദജ യമശൂർപ്പാദ്ധ്രർക്ഷ പുഷ്യാഹിപൈത്രൈ

രവിഗുരു ഭഗമാതൃത്വാഷ്ട്രതോയത്രയാന്ത്യൈ
ശ്ശുഭകൃതിഷു വിനിന്ദ്യാ വാരയോഗാഃ ക്രമേണ

ഏതൈഃ വാരയോഗാഃ ക്രമേണ ശുഭകൃതിഷുവിനിന്ദ്യാഃ—ഇച്ചൊല്ലിയവററോടുള്ള ക്രമത്താലെ സൂൎയ്യാദിവാരങ്ങളിടെ യോഗങ്ങളെ ശുഭകൎമ്മങ്ങളിൽ വൎജ്ജിക്ക. പിതൃയമവസുജമൈത്രേന്ദ്വഗ്നി ശൂൎപ്പാശ്വിനീന്ദ്രൈഃ—മകം, ഭരണി, അവിട്ടം, അനിഴം, മകീരം, കാൎത്തിക, വിശാഖം, അശ്വതി, തൃക്കേട്ട ഇവററാലൊന്നും സൂൎയ്യവാരവും കൂടുകിൽ, ഗുരുജലപിതൃശൂൎപ്പത്വാഷ്ട്രമൈത്രോത്തരാഭിഃ—പൂയം, പൂരാടം, മകം, വിശാഖം, ചിത്ര, അനിഴം, ഉത്തരാത്രയം, ഇവററാലൊന്നും ചന്ദ്രവാരവും കൂടുകിൽ. അഹിഗിരിശവിശാഖാ ശക്രപൌഷ്ണാംബുഷൾഭൈഃ—ആയില്യം, തിരുവാതിര, വിശാഖം, തൃക്കേട്ട, രേവതി, പൂരാടന്തുടങ്ങി ആറും ഇവററാലൊന്നും കുജവാരവും കൂടുകിൽ, വസുനിൎഋതിയമാശ്വിനീന്ത്യഭാദ്രദ്വിദൈവൈഃ—അവിട്ടം, മൂലം, ഭരണി, അശ്വതി, രേവതി, പൂരട്ടാതി, വിശാഖം ഇവററാലൊന്നും ബുധവാരവും കൂടുകിൽ, ഭഗജല പതിരോഹിണ്യഗ്നി ചിത്രേന്ദുരുദ്രൈഃ—ഉത്രം, ചതയം, രോഹിണി, കാൎത്തിക, ചിത്ര, മകീരം, തിരുവാതിര ഇവററാലൊന്നും ഗുരുവാരവും കൂടുകിൽ മരുജ്ജയമശൂൎപ്പാൎക്ഷ പുഷ്യാഹിപൈത്രൈഃ—ചോതി, രോഹിണി, ഭരണി, വിശാഖം, മകീരം ചിത്ര അവിട്ടം, പൂയം ആയില്യം, മകം—ഇവററാലൊന്നും, ശുക്രവാരവും കൂടുകിൽ, രവിഗുരുഭഗമാതൃത്വാഷ്ട്രതോയത്രയാന്ത്യൈഃ—അത്തം, പൂയം, പുണൎതം, ചിത്ര, പൂരാടം, ഉത്രാടം, തിരുവോണം, രേവതി ഇവററാലൊന്നും ശനിവാരവും കൂടുകിൽ, ഇച്ചൊല്ലിയ ദുഷ്ടങ്ങളായിരിക്കുന്ന വാരതാരായോഗങ്ങൾ.

56 പഞ്ചമ്യാ സഹകൃത്തികാ ദിനകരേ ചിത്രാദ്വിതീയേവിധൌ
രാകാധാതൃയുതാ കുജേ ശശിസുതേയാമ്യാന്വിതാ സപ്തമീ
ജീവേമൈത്രയുതാ ത്രയോദശതിഥി ശ്രോണാസഷഷ്ഠീ ഭൃഗൌ
മന്ദേപൌഷ്ണയുതാഷ്ട മീതിഗദിതാ യോഗാവിഷാഖ്യാ ഇമേ.

ഇമേയോഗാഃ വിഷാഃ—ഇച്ചൊല്ലുന്ന യോഗങ്ങൾ വിഷയോഗങ്ങൾ. പഞ്ചമ്യാ സഹകൃത്തികാ ദിനകരേ—രവിവാരവും പഞ്ചമിയും കൃത്തികയും കൂടുകിലും, ചിത്രാം ദ്വിതീയേ വിധൌ—സോമവാരവും ചിത്രയും ദ്വിതീയയും കൂടുകിലും, രാകാധാതൃയുതാകുജേ—കുജവാരവും പൌൎണ്ണമാസിയും രോഹിണിയും കൂടുകിലും, ശശിസുതേയാമ്യാന്വിതാ സപ്തമീ—ബുധവാരവും ഭരണിയും സപ്തമിയും കൂടുകിലും, ജീവേമൈത്രയുതാത്രയോ

ദശീതിഥിഃ—ഗുരുവാരവും, അനിഴവും, ത്രയോദശിയും കൂടുകിലും, ശ്രോണാസഷഷ്ഠീഭൃഗൌ—ശുക്രവാരവും, തിരുവോണവും ഷഷ്ഠിയും കൂടുകിലും, മന്ദേപൌഷ്ണയുതാ അഷ്ടമീ—മന്ദവാരവും, രേവതിയും, അഷ്ടമിയും കൂടുകിലും, ഇവ വിഷയോഗങ്ങൾ.

57 തിഥയഃ ക്രമേണകാഷ്ഠാ ത്രയോദശമഹീരവിഷു വസുസംഖ്യാഃ
വിധിഭഗജല ഭുജഗാനലഭാദ്രയുതാഋക്ഷലൂഞ്ജിനാമാനഃ

ദശമിയും രോഹിണിയും കൂടിയാലും, ത്രയോദശിയും ഉത്രവും കൂടിയാലും, പ്രതിപദവും പൂരാടവും കൂടിയാലും, ദ്വാദശിയും ആയില്യവും കൂടിയാലും, പഞ്ചമിയും കാൎത്തികയും കൂടിയാലും, അഷ്ടമിയും പൂരട്ടാതിയും കൂടിയാലും, ഇവ ദുഷ്ടയോഗങ്ങൾ. ഇവ നക്ഷത്രലൂഞ്ജികളാകുന്നു.

58 ശുഭേഷു ചിത്രാദ്വയ മുത്തരാത്രയ
മൈത്രംമഘാം വൈധസമക്ഷനൈൎഋതേ
* ത്രയോദശാഗ്നി ദ്വിശരാഷ്ട സപ്തമീ
തിഥ്യന്വിതാനിക്രമശോ വിവൎജ്ജയേൽ

ത്രയോദശാഗ്നി ദ്വിശരാഷ്ട സപ്തമീതിഥ്യന്വിതാനി ചിത്രാദ്വയം ഉത്തരാത്രയം മൈത്രം മഘാം വൈധസം അക്ഷനൈൎഋതേ—ക്രമശഃ ശുഭേഷു വിവൎജ്ജയേൽ—ചിത്രയും ചോതിയും ത്രയോദശിയോടു കൂടിയാലും, ഉത്തരാത്രയം തൃതീയയോടു കൂടിയാലും, അനിഴം ദ്വിതീയയോടു കൂടിയാലും. മകം പഞ്ചമിയോടു കൂടിയാലും. രോഹിണി അഷ്ടമിയോടു കൂടിയാലും, അത്തവും മൂലവും സപ്തമിയോടു കൂടിയാലും ദുഷ്ടയോഗങ്ങൾ വൎജ്ജിക്ക.

59 മകരവണിജൌലെയെണൌ സ്ത്രീയമൌഹയകൎക്കടൌ
വളിമൃഗപതീ ചാപാന്ത്യൌ ഗൊഝഷൌ വിഷമാസ്വമീ

---

* 1. ഉത്തരാഗാൎഗ്ഗ്യേ ഏവം ദൃശ്യതേ—
രോഹിണിതൃതീയാ, മകീരംഷഷ്ഠി, പൂയം ദശമി, അനിഴം ദ്വാദശി, തിരുവോണം പഞ്ചമി, രേവതി സപ്തമി ഈ യോഗം ഉള്ള ദിനങ്ങളിൽ ചെയ്യും കാൎയ്യം ഭസ്മീഭവിക്കുമെന്നു—

2. ആദ്യാഷാഢം ച പൌഷ്ണം ച സപ്തമീസഹിതേയദി
ദ്വിതീയ യാശ്വിനീയുക്താ പ്രജാനാം പാപഹാരിണീ
എന്ന വിശേഷം ഗുരൂപദേശം—

തിഥിഷ്വുസമാസ്വെതെ ദഗ്ദ്ധാഭവന്തി ഝഷൌവൃഷ
ശ്ശശിഭമബലാകീടൌ നക്രഃക്രമാദ്ദശമാന്വിതാഃ

അമീവിഷമാസുതിഥിഷു ദഗ്ദ്ധാഭവന്തി. മകരവാണിജൌ, ലെയൈണൌ, സ്ത്രീയമൌ, ഝയകൎക്കിടൌ, അളിമൃഗപതീ, ചാപാദന്ത്യൌ, ഗൊഝഷൌ അമീ—ദഗ്ദ്ധരാശികളെച്ചൊല്ലുന്നു—പ്രതിപദത്തുന്നാൾ മകരവും തുലാവും, തൃതീയനാൾ ചിങ്ങവും മകരവും, പഞ്ചമിനാൾ കന്നിയും മിഥുനവും, സപ്തമിനാൾ ധനുവും കൎക്കിടവും, നവമിനാൾ വൃശ്ചികവും സിംഹവും, ഏകാദശിനാൾ ധനുവം മീനവും, ത്രയോദശിനാൾ ഇടവവും മീനവും, ഇവ ദഗ്ദ്ധരാശികൾ. ഝഷഃ വൃഷഃ ശശിഭം അബലം കീടഃ നക്രഃ ഏതെദശമാന്വിതാഃ ക്രമേണ സമാസു തിഥിഷുദഗ്ദ്ധാഃ ഭവന്തി—ദ്വിതീയനാൾ മീനവും ധനുവും, ചതുൎത്ഥിനാൾ ഇടവവും കുംഭവും, ഷഷ്ഠിനാൾ കൎക്കിടവും മേടവും, അഷ്ടമിനാൾ കന്നിയും മിഥുനവും, ദശമിനാൾ വൃശ്ചികവും ചിങ്ങവും, ദ്വാദശിനാൾ മകരവും തുലാവും, ഇവ ദഗ്ദ്ധരാശികൾ.

60 ദ്വിഗുണിത മനുമുനിതിഥയഃ
കൃതിഹയതിഥി തിഥി ഹരാമനുദ്വിതയം
ദ്വിഗുണിതശക്വൎയ്യം ക
ദ്വീപാഷ്ട്യഷ്ടീ ശകൃതിശരദ്വീപാഃ

61 അത്യഷ്ടിഗിരിഹര സ്വരഗിരിതിഥയൊ
മനുയുഗേന്ദ്ര യുഗബാണാഃ
ഏതത്സംഖ്യാ സ്വന്ത്യാനാഡ്യൊ
ദസ്രാദിഭേഷു നിമ്നാഖ്യാഃ

ഇനി രണ്ടു പദ്യങ്ങൾകൊണ്ടും താരകാനിമ്നത്തെച്ചൊല്ലുന്നു—

ദസ്രാദിഭേഷു ഏതത്സംഖ്യാസു അന്ത്യാ നാഡ്യഃ നിമ്നാഖ്യാഃ—അശ്വതി ആദി ആയുള്ള നക്ഷത്രങ്ങളിൽ ഇച്ചൊല്ലിയ ഭൂതസംഖ്യകളിടെ ഒടുക്കത്തിലെ ഒരു നാഴികയും താരകാനിമ്നം. അശ്വതിക്കു്-ദ്വിഗുണിതമനു-ഭരണിക്കു-മുനി, കാൎത്തികക്കു-തിഥി, ഇങ്ങനെ ക്രമത്താലെ കണ്ടുകൊൾക—ദ്വിഗുണിതമനു-28, മുനി-7. തിഥി-15. കൃതി-20. ഹയ-7. തിഥി--15. തിഥി-15. ഹര-11. മനുദ്വിതയം-28. ദ്വിഗുണിതശക്വരി-28. അംകം. 9. ദ്വീപം-7. അഷ്ടി-16, അഷ്ടി-16. ഈശ-11.

കൃതി-20. ശരം-5. ദ്വീപം-7. അത്യഷ്ടി-17. ഗിരി-7. ഹര-11. സ്വരം-7. ഗിരി-7. തിഥി- 5. മനുയുഗം-23. ഇന്ദ്രയുഗം-28. ബാണം-5. ഇങ്ങനെ കണ്ടുകൊൾക.

62 ദ്വാഭ്യാം യുക്ത സ്സപ്തവൎഗ്ഗസ്സതത്വാ
ബാണാശ്ശൈലാ ആകൃതിശ്ച ദ്വിജാശ്ച
ഏതേഷ്വന്ത്യാനാഡികാഃ കൂപസംജ്ഞാഃ
നന്ദാദീനാം നിന്ദനീയാസ്തിഥീനാം.

വ്യാഖ്യാനം—ദ്വാഭ്യാംയുക്തഃ സപ്തവൎഗ്ഗഃ–51. സതത്വാഃ ബാണാഃ 30. ശൈലാഃ 7. ആകൃതിഃ 30. ദ്വിജാഃ—32. ഏതാസ്സ്വന്ത്യാഃ നാഡികാഃ എന്നു് അയ്മ്പത്തൊന്നാമത്തേത് 30-ാമത്തേതു് ഇപ്രകാരം സംഖ്യാപൂരണ നാഡിക നന്ദാദിതിഥികൾക്കു് കൂപമാവും—നന്ദക്കു് 51. ഭദ്രക്കു 30. ജയക്കു 7. രിക്തക്കു 30. പൂൎണ്ണക്കു 32 അന്നാഴികകൂപം. ഇങ്ങിനെ തിഥികൂപം കണ്ടുകൊൾക.

63 തിഥിതാരക കൂപനിമ്നനാഡീ
മഭിതൊദ്വെഘടികെ വിസൎജ്ജനീയെ
അവമത്യ നരസ്ത ദന്തരാളെ
വിചരൻ കൂപ ഇവാവപാതമെതി

തിഥിതാരക കൂപനിമ്നനാഡീം അഭിതഃദ്വെഘടികെ വിസൎജ്ജനീയെ. തിഥികൂപത്തിന്റെയും താരകാ നിമ്നത്തിന്റെയും രണ്ടുപുറവും ററെറരണ്ടു നാഴിക വൎജ്ജിക്കേണം. അവമത്യ തദന്തരാളെ വിചരൻ നരഃകൂപെ ഇവ അവപാതം ഏതി—അതിനെ ധിക്കരിച്ചിട്ടു നിമ്നകാലത്തിങ്കലും കൂപകാലത്തിങ്കലും കൎമ്മങ്ങളെച്ചെയ്യുന്നവൻ കൂപത്തിൽ വീഴുംവണ്ണം നാശത്തെ പ്രാപിക്കും. എന്നാൽ തിഥികൂപത്തെയും താരകാനിമ്നത്തേയും വൎജ്ജിക്ക.

64 ശനൈശ്ചരാത്സപ്തമമൃക്ഷമാഹുഃ
* കാളം ബുധാസ്തം കഥയന്ത്യഥാന്യെ
അൎക്കാദിവാരെഷ്വ ഹിഭ്രരസേന്ദു
നെത്രാംബുരാശീക്ഷണ സംഖ്യമംശം

* മന്ദാ ദ്വിംശതിഭം ഗണ്ഡം സപ്തമം കാളസംജ്ഞിതം—
എന്നു ചിലരുടെ പക്ഷം.

ബുധാഃ ശനൈശ്ചരാൽ സപ്തമം ഋക്ഷം കാളം ആഹുഃ—ശനിനിന്ന നക്ഷത്രത്തിന്നുടെ ഏഴാംനക്ഷത്രത്തെ ബുധന്മാർ കാളമെന്നു ചൊല്ലുന്നു—അഥ അന്യെ അൎക്കാദിവാരേഷു അഹിഭ്രരസെന്ദുനെത്രാം ബുരാശീക്ഷണസംഖ്യം അംശകം കഥയന്തി—മററു ചിലർ അൎക്കാദിവാരങ്ങളിൽ ഇച്ചൊല്ലിയ അംശത്തെ കാളമെന്നു ചൊല്ലുന്നോർ. ആദിത്യവാരത്തിന്നാൾ എട്ടാമംശം ചന്ദ്രവാരത്തുന്നാൾ നടെത്തെ അംശം കുജവാരത്തുന്നാൾ ആറാമംശം ബുധവാരത്തുന്നാൾ നടത്തെ അംശം ഗുരുവാരത്തുന്നാൾ രണ്ടാമംശം ശുക്രവാരത്തുന്നാൾ നാലാമംശം ശനിവാരത്തുന്നാൾ രണ്ടാമംശം. ചിലർ ഇച്ചൊല്ലിയ അംശങ്ങളെ കാളമെന്നു ചൊല്ലുന്നോർ.

65 ചക്രാൎദ്ധവ്യതിപാതമാഹുരിഹതൽപ്ലിഷ്ടം യദൃക്ഷം രവൌ
പാതെൎദ്ധാനാം ശകതൊം ശകാൎദ്ധസഹിതാൽത്യക്തെ ത്രയൊ
വിംശതെഃ
അന്യെയാവ ദിനാത്ഭവത്യ ദിതിഭം താവത്ത തസ്യം വിദുഃ
കെചിത്തം സമയെ സ്വകീയഗണിത പ്രാപ്തെ വിനിശ്ചിന്വതെ

അംശകാൎദ്ധസഹിതാൽ ത്രയൊ വിംശതെഃ പാതെൎദ്ധാനാം ശകതര വൌത്യക്തെയൽ ഋക്ഷം ശിഷ്ടം ഇഹ തൽ ചക്രാൎദ്ധ വ്യതിപാതം ആഹുഃ—അഞ്ചു് രാശിയും ഇരുപത്തിമൂന്നര തീയതിയും വെച്ചു അതിൽ ആദിത്യസ്ഫുടം കളഞ്ഞാൽ യാതൊരു നക്ഷത്രം വരുന്നത. അതിനെ ചക്രാൎദ്ധവ്യതിപാതം എന്നു ചൊല്ലുന്നു. അന്യെ ഇനാൽ അദിതിഭംയാവൽ തരാഃതാവൽ താവൽ തംവിദുഃ അൎക്കന്നിന്നു നാൾ തൊട്ടെണ്ണിയാൽ എത്രാമതു പുണർതം വരുന്നു. പുണർതന്തൊട്ടു് അത്രാന്നക്ഷത്രത്തെ. മററു ചിലർ അതിനെ ചക്രാൎദ്ധവ്യതിപാതമെന്നു ചൊല്ലുന്നോർ. കെചിൽ സ്വഗണിതപ്രാപ്തെ സമയെതം വിനിശ്ചിന്വതെ—ചിലർ സ്വപക്ഷത്തിംകലെ ഗണിതംകൊണ്ടു വന്ന കാലത്തിംകൽ അതിനെ നിശ്ചയിക്കുന്നോർ. യത്രചക്രാൎദ്ധയൊഗൊഭവെത്തദ്ദിനം ദാനയോഗ്യം ശുഭെഷ്വൽസൃജെൽ. കൎമ്മസതച്ച തസ്മാദധശ്ചൊത്തരഞ്ചാ ശുഭം വാസാരണാത്രയംകെചിദാചക്ഷതെ. യത്രചക്രാൎദ്ധയോഗഃ ഭവെൽ തദ്ദിനം ദാനയോഗ്യം ശുഭെഷു തമസഃ ഉത്സൃജെൽ—യാതൊരു ദിവസം ചക്രാൎദ്ധയോഗം ഉണ്ടാകുന്നു. ആ ദിവസം ദാനയോഗ്യം. തൽ ചതസ്മാദധഃച ഉത്തരംച വാസരാണാം ത്രയം അശുഭം—ആ ദിവസവും അന്നുടെ നടെത്തെ ദിവസവും അതിന്നുടെ മേലേ ദിവസവും ഇവ മൂന്നു ദിവസവും ശു

ഭകൎമ്മങ്ങൾക്കു് യോഗ്യമല്ല എന്നു ചൊല്ലുന്നോർ ചിലർ. ഇതികെചിൽ ആചക്ഷതെ—സ്ഫുടംചെയ്തു കണ്ടുകൊൾക.

66 യത്ര ചക്രാൎദ്ധയോഗോ ഭവേത്തദ്ദിനം
ദാനയോഗ്യം ശുഭേഷ്വുത്സൃജേൽ കൎമ്മസു
തച്ച തസ്മാദധശ്ചോത്തരഞ്ചാ ശുഭം
വാസരാണാംത്രയം കേചിദാചക്ഷതേ.

ഗണിതവശാൽ ചക്രാൎദ്ധയോഗം എന്നാളിൽ വരുന്നു അന്നാൾ മുഴുവനും ദാനയോഗ്യമാകുന്നു. 'വ്യതിപാതേഷ്വനന്തകം' എന്ന പ്രമാണവശാൽ സ്നാന, ദാന, തപശ്ശ്രാദ്ധ, വ്രത, ഹോമാദികൾക്കു് ശ്രേയസ്കരം—വിവാഹാദികൾക്കു് ത്യാജ്യവുമാകുന്നു. ചക്രാൎദ്ധയോഗത്തിന്റെ മുമ്പും പിമ്പുമുള്ള നാളുംചേൎത്തു് 3 ദിനം ത്യാജ്യമെന്നു് ചിലർ—

67 അൎക്കക്ഷോണീസുതാഭ്യാം ഭവതി ഗണനയാ നൈരൃതം യാനദസ്മാ-
ത്താവത്യൈവ താരകെ ദ്വൈക്രമശ ഇഹമതെ കണ്ടകസ്ഥൂണ
സംജ്ഞെ
ആഭ്യാമാമൂലസംഖ്യാ ദ്വയയുതിഗണിതഃ കണ്ടകസ്ഥൂണനാമാ
രക്തസ്ഥൂണോവശിഷ്ടഃ ക്ഷിതിസുതരഹിതേ സിംഹധൃത്യംശ
കെസ്യാൽ

അൎക്കക്ഷോണീസുതാഭ്യാം ഗണനയയാവൽ നൈരൃതം ഭവതിഃ അസ്മാൽ താവത്യൈവ ദ്വൈതാരകെ. ഇഹക്രമശഃ കണ്ടകസ്ഥൂണസംജ്ഞെമതെ—അദിത്യന്നിന്നു നക്ഷത്രമദാദി അയിട്ടു മൂലത്തോളമെണ്ണിയാൽ എത്രസംഖ്യ ഉണ്ടാകുന്നു. മൂലന്തൊട്ടു അത്രാന്നക്ഷത്രം കണ്ടകമാകുന്നത കുജന്നിന്നു നക്ഷത്രമാദിയായിട്ടു മൂലത്തൊളമെണ്ണിയാലെത്ര സംഖ്യ ഉണ്ടാകുന്നു. മൂലന്തൊട്ടു അത്രാന്നക്ഷത്രം സ്ഥൂണമാകുന്നത. ആഭ്യാം ആമൂല സംഖ്യം ദ്വയയുതി ഗണിതഃ കണ്ടകസ്ഥൂണനാമ — ആദിത്യങ്കൽ നിന്നു മൂലത്തോളവും. കുജംകൽ നിന്നു മൂലത്തോളവും എണ്ണിയ സംഖ്യ രണ്ടും കൂടിയാൽ എത്ര ഉണ്ടാകുന്നു. മൂലന്തൊട്ടത്രാമതും കണ്ടകസ്ഥൂണം, സിംഹധൃത്യംശകെ ക്ഷിതിസുതരഹിതെ അവശിഷ്ടഃ രക്തസ്ഥൂണഃസ്യാൽ. ഇഞ്ചംനഭഃ കവിഃ—എന്നു വെച്ചു അതിൽ കുജസ്ഫുടം വാങ്ങിയാൽ ശേഷിച്ചതിന്നു വരുന്ന നക്ഷത്രം രക്തസ്ഥൂണം.

68 വ്യയെക്കൊരാഹുർവ്വാരി പുനിധനയൊർഗ്ഗീതകിരണ-
ശ്ശുഭൌ ഭൌമസ്സൌമ്യൊ നഭസിരിപു മൂർത്യൊസ്സുരഗുരുഃ
കവിർദ്യൂസ്യദ്യൂനെ വസതി തനയെ സൂര്യതനയൊ
ഗൃഹന്തന്മൃത്യ്വാഖ്യന്നിഖില ശുഭകാര്യേഷു വിസൃജെൽ

യാതൊരു രാശിക്ക് പന്ത്രണ്ടാമടത്ത ആദിത്യന്താൻ രാഹു താൻ ആറാമടത്ത ചന്ദ്രന്താൻ അഷ്ടമത്തിൽ ചന്ദ്രന്താൻ ഒമ്പതാമടത്ത കുജന്താൻ പത്താമടക്ക ബുധന്താൻ ആറാമടത്ത ഗുരുതാൻ അഷ്ടമത്തിൽ ഗുരു താൻ ഏഴാമടത്തു ശുക്രന്താൻ അഞ്ചാമടത്ത ശനിതാൻ ഉണ്ടായിരിക്കുന്നു—ആ രാശി മൃത്യുരാശി. സർവ്വ കർമ്മങ്ങളിലും വർജ്ജിയ്ക്ക.

69 ഭദ്യശ്ചിത്രാ ശൂർപ്പശക്രാംബു വിഷ്ണു
ക്ഷീരാധീശാബുധ്ന്യ ദസ്രാന്തരാശ്ച
ധാതാരുദ്രൊ ദേവസൂരപ്യജാദ്യൈ
ർമ്മാസൈര്യുക്താ വത്സരാൽന മൃത്യും

എതെ അജാദ്യൈഃ മാസൈഃ യുക്താഃ വത്സരാൽ നമൃത്യുംദദ്യുഃ— മെഷമാസത്തിൽ ചിത്ര, ഇടവമാസത്തിൽ വിശാഖം, മിഥുനമാസത്തിൽ തൃക്കേട്ട, കർക്കടമാസത്തിൽ പൂരാടം, ചിങ്ങമാസത്തിൽ തിരുവോണം. കന്നിമാസത്തിൽ ചതയം, തുലാമാസത്തിൽ ഉത്രട്ടാതി, വൃശ്ചികമാസത്തിൽ അശ്വതി, ധനുമാസത്തിൽ ഭരണി, മകരമാസത്തിൽ രോഹിണി, കുംഭമാസത്തിൽ തിരുവാതിര, മീനമാസത്തിൽ പുണർതം. ഇച്ചൊല്ലിയ നക്ഷത്രങ്ങളിൽ ശുഭക്രിയ ചെയ്താൽ ആറു മാസത്തിലകം മരണം ഫലം.

70 ഗുരുരാഹ ഭാസ്കരാദീൻ വാരാൻ ത്രിഗുണാനപി ശോധയെൽ ഭഗണാൽ
ശെഷെനവരവിരസമിതതാരാഃ കാണദ്വിലോചനാന്ധാഖ്യാഃ

ഗുരുഃ ആഹ— ബൃഹസ്പതി ചൊല്ലുന്നു—ഭാസ്കരാദീൻ വാരാൻ ത്രിഗുണാൻ ഭഗണാൻ വിശോധയെൽ—ആദിത്യവാരന്തുടങ്ങി അന്നെ വാരത്തോളം എണ്ണിയുണ്ടായ സംഖ്യയെ മൂന്നിൽ ഗുണിച്ചു ഇരിപത്തേഴിൽ കളക. ശേഷേന വരവിരസമിതതാരാഃ കാണദ്വിലൊചനാന്ധാഖ്യാഃ— ശേഷം ഒന്നുതുടങ്ങി ഒമ്പതോളവും ഒരു മിഴി, പത്തു തുടങ്ങി ഇരിപത്തൊ

ന്നോളവും രണ്ടുമിഴി, ഇരിപത്തുരണ്ടുതുടങ്ങി ഇരിപത്തേഴോളവും അന്ധങ്ങൾ. *

71 അക്രൂരധഭനാഡികാമുഭയതൊ രാമാഗ്നിഷൾ താരകാ
നാഡ്യൊന്ധകദ്വഗക്ഷിയുഗകലിതാഃ കാണാസ്തതിസ്രഃ പരാഃ
വാരാൻ ഭാനിചതദ്ദിനാന്ത്യമഭിയുജ്യാംകാപ്തശിഷ്ടാസ്സദ്വ-
ക്കാണാന്ധായുഗലൊകലോചനമിതാ സ്താരാപ്രദിഷ്ടാഃ പരൈഃ

അക്രൂരധ ഭനാഡികാം ഉഭയതഃ രാമാഗ്നിഷൾ താരകാഖ്യാഃ നാഡ്യഃ അന്ധകദ്വഗക്ഷിയുഗകലിതാഃ—ആദിത്യനിന്നക്ഷത്രത്തിനുടെ രണ്ടുപുറവും കീഴും മേലും രാമതാരാനാഡികൾ എന്ന നൂറെറൺപതു നാഴിക കഴിവോളമുള്ള നക്ഷത്രങ്ങൾ അന്ധങ്ങൾ. പിന്നെ അതിനുമേൽ രണ്ടുപുറവും നൂറെറൺപതുനാഴിക കഴിവോളവും ഉള്ള നക്ഷത്രങ്ങൾ ഏകനേത്രനക്ഷത്രങ്ങൾ, പിന്നെ അതിനുമേൽ രണ്ടുപുറവും മുന്നൂററിരുപതു നാഴിക കഴിവോളമുള്ള നക്ഷത്രങ്ങൾ ദ്വിലോചനങ്ങൾ. പരാഃ തിസ്രഃ കാണാഃ—പിന്നെ ശേഷിച്ച നൂറെറണ്പതു നാഴികയുടെ നക്ഷത്രങ്ങൾ ഏകനേത്രങ്ങൾ. ഇങ്ങിനെ അർക്കന്നു മിഴി. പിന്നെ ചന്ദ്രനു മിഴി ചൊല്ലുന്നു — വാരാൻ ഭാനിചതദ്ദിനാന്തം അഭിയുജ്യാംകാപ്തശിഷ്ടാഃ യുഗലോകലോചനമിതാഃ തരാഃ സദ്വക്കാണാന്ധാഃ പരൈഃ പ്രദിഷ്ടാഃ—ആദിത്യവാരമാദി ആയി അന്നെയോളമുള്ള വാരവും അശ്വതി ആയി അന്നെയോളമുള്ള നക്ഷത്രങ്ങളേയും എണ്ണിക്കൂട്ടി ഒമ്പതിൽ ഹരിച്ചശേഷം നാലിന്നു രണ്ടുമിഴി, രണ്ടിന്നു ഒരു മിഴിയുമില്ല.

ഉഷ്ണശിഖ ചൊല്ലുന്നു—

72 അശ്വിന്യാദിഷുഭെഷ്വ-ജാളിമകരപ്രാപ്താംശകാന്തെ ക്രമാ
ദംശാൽസ്മരബാണരന്ധ്ര ഘടികാസ്തദ്വദ്വി ശാഖാദിഷു
മെഷാംശസ്യമുഖെഷ്ടകോർപ്പി മൃഗയോരംശാവസാനെഷ്ടദിങ്
നാഡീരുഷ്ണശിഖാഹ്വയാഃ പരിഹരെത്സർവ്വേഷു കാര്യേഷ്വപി

അശ്വിന്യാദിഷുഭെഷു അജാളി മകരപ്രാപ്താം ശകാന്തെക്രമാൽ

* അന്ധേ വന്ധ്യാ ഭവേന്നാരീ ബധിരേ വിധവാസ്തതാ
പംഗുഭേ ദുർഭഗാനാരീ ലഗ്നദോഷാഃ വിവാഹകേ.
മേഷോക്ഷ സിംഹാനക്താന്ധാഃ ദിവാന്ധാസ്ത്രീയുഗേന്ദവഃ
കുംഭാന്ത്യൗ ബധിരൗസന്ധ്യോഃ പംഗുഃ പ്രാതസ്തുലാലിനൌ—എന്നുണ്ട്.

അംശാദ്ധ്സ്വരബാണരസ്രുഘടികാഃ ഉഷ്ണശിഖാഹ്വയാഃ—അശ്വിന്യാദിനക്ഷത്രങ്ങളിൽ എല്ലാടത്തും വരുന്ന മെഷാംശത്തിന്നു ഏഴരനാഴികക്കമേൽ ഉള്ളെടം ഉഷ്ണശിഖ. വൃശ്ചികാംശത്തിന്നു പത്തു നാഴികക്കമേൽ ഉഷ്ണശിഖ. മകരാംശകത്തിന്നു ആറുനാഴികക്കു മേലെടം ഉഷ്ണശിഖ, ഇങ്ങനെ ചോതിയോളം. വിശാഖാദികളിൽ, മെഷാംശസ്യ മുഖെ അഷ്ട—. മെഷാംശത്തിന്നാദിയാലെട്ടു. കോർപ്പിമൃഗയോഃ അംശാവസാനെ അഷ്ടദിങ്ങ്നാഡീഃ – വൃശ്ചികാംശത്തിലൊടുക്കത്തിലെട്ടു. മകരാംശകത്തിൽ ഒടുക്കത്തിൽ പത്തു നാഴിക. തദ്വൽ വിശാഖാദിഷു—വിശാഖാദികളിൽ ഇച്ചൊല്ലിയ നാഡികൾ ഉഷ്ണശിഖ. ഇതിനെ സൎവ്വ കാൎയ്യങ്ങളിലും വൎജ്ജിക്ക.

73 ഋക്ഷാത്സൂൎയ്യാത്മജാക്രാന്താ ദ്വിംശം ഗണ്ഡം പ്രചക്ഷതെ
ദ്വിചത്വാരിംശദിത്യുക്താ ദൊഷാസ്ത്യാജ്യാശ്ശുഭെഷ്വമീ

സൂൎയ്യാത്മജാക്രാന്താൽ ഋക്ഷാൽ വിംശം ഗണ്ഡം പ്രചക്ഷതെ—ശനി നിന്ന നക്ഷത്രത്തിന്റെ ഇരുപതാന്നക്ഷത്രം ഗണ്ഡമാകുന്നതു്—ഇതി ഉ ദ്വിചത്വാരിംശൽ ദോഷാഃ അമീ ശുഭെഷു ത്യാജ്യാഃ—ഇങ്ങനെ ചൊല്ലിയ നാല്പത്തിരണ്ടു ദോഷങ്ങളും ശുഭകൎമ്മങ്ങളിൽ വൎജ്ജിക്കേണം.

74 കർത്തൃജന്മാദികാസ്താരകാഃകീൎത്തിതാ
ജന്മസംപദ്വിപൽ ക്ഷേമകൃൽപ്രത്യരഃ
സാധകൊഥൊ വധൊമൈത്രമന്യൽപരം
മൈത്രമിത്യെവമന്യാഃ പുനശ്ചക്രമാൽ

കർത്തൃജന്മാദികാഃ ഏവം കീൎത്തിതാഃ—കൎത്താവിന്റെ ജന്മനക്ഷത്രമാദി ആയുള്ളവററിന്ന ക്രമത്താലെ ഇങ്ങനെ നാമങ്ങൾ. ജന്മ, സംപൽ, വിപൽ, ക്ഷേമം, പ്രത്യരം, സാധകം, വധം, മൈത്രം, ഇങ്ങനെ പിന്നെ-ദ്വിതീയ ജന്മർക്ഷത്തുംകൽ നിന്നുമിങ്ങിനെ. തൃതീയ ജന്മർക്ഷത്തിംകൽ നിന്നുമിങ്ങിനെ.

75 ജന്മവിപൽപ്രത്യരവധ ജന്മാഷ്ടമരാശി താരകാസ്ത്യാജ്യാഃ
സാഷ്ടമഗൃഹാശ്ശുഭെഷുത്യജന്തി ഷഷ്ഠവ്യയൌചാന്യെ

ജന്മനക്ഷത്രവും വിപന്നനക്ഷത്രവും പ്രത്യരനക്ഷത്രവും വധനക്ഷത്രവും ജന്മാഷ്ടമരാശിക്കൂറും ജന്മാഷ്ടമരാശിയും ലഗ്നാഷ്ടമരാശിയും ഇവ

സൎവ്വകൎമ്മങ്ങളിലും വൎജ്ജിക്ക, അന്യെഷഷ്ഠവ്യയൌത്യജന്തി—മററു ചിലർ ഷഷ്ഠവ്യയങ്ങളെയും ത്യജിക്കുന്നോർ.

76 അഷ്ടാശീതിതമൊയസ്മിഞ്ജന്മാദിഗണനയാ ഭവതി—
വൈനാശികന്ത ദൃക്ഷന്ത്യജന്തികെ ചിത്തമെവാംശം

യസ്മിൽ ജന്മാദിഗണനയാ അഷ്ടാശീതിതമഃ അംശഃ ഭവതിതൽ ഋക്ഷം വൈനാശികം ത്യജന്തി—കൎത്താവിന്റെ ജന്മനവാംശമാദി ആയി എണ്ണീട്ടു എൺപത്തെട്ടാംന്നവാംശം യാതൊരു നക്ഷത്രത്തിന്മേൽ വരുന്നു. അന്നക്ഷത്രം വൈനാശികനക്ഷത്രം, അതിനെ ഒക്കെ വർജ്ജിക്കുന്നോർ ചിലർ. കെചിൽതം അംശം ഏവത്യജന്തി—ചിലർ ആ അംശമേവ വർജ്ജിക്കുന്നോർ.

77 സംപ്രാപ്തെ പരിഘാദിയോഗനവകെ പൈത്രാഹി പുഷ്യാദിതി
ത്വാഷ്ട്രെഭ്യോശ്വിഭതസ്തുഷാരരുചിഭാന്മൂലാച്ചമൈത്രാദപി
പ്രാക്പശ്ചാച്ചയഥാക്രമം വിഗണിതെ താരാഗണെസംഖ്യയാ
ചന്ദ്രാക്രാന്തതാരാകെയദിസമെ ദോഷൊയമെകാൎഗ്ഗളഃ

പരിഘാദിയൊഗനവകെ സംപ്രാപ്തെ—പൈത്രാഹിപുഷ്യാദിതിത്വഷ്ട്രെഭ്യഃ, അശ്വിഭതഃ തുഷാരരുചിഭാൽ. മൂലാൽച, മൈത്രാൽ അപി പ്രാക്പശ്ചാൽച, യഥാക്രമം താരാഗണെ വിഗണിതെ ചന്ദ്രാക്രാന്തതാരകെ സംഖ്യയാ സമെയദി ഏകാൎഗ്ഗളഃ അയംദൊഷഃഭവതി—ചന്ദ്രക്ക്യോഗങ്ങളെയ്യാൽ-പരിഘാദിദുഷ്ട നിത്യയോഗങ്ങൾ ഒമ്പതു വന്നാൽ, പൈത്രാദിനക്ഷത്രങ്ങളൊമ്പതും തൊട്ടു ക്രമത്തിന്നു തക്കവണ്ണം മേൽപട്ടും കീഴ്പട്ടും ചന്ദ്രന്നിന്നോളവും അക്കനിന്നോളവുമെണ്ണിയാൽ സംഖ്യകൊണ്ടു ചന്ദ്രനിന്നനാളും അക്കനിന്നനാളും ഒത്തുവരികിൽ, ഇതു ഏകാൎഗ്ഗളമാകുന്ന ദോഷം. പരിഘത്തിന്നു മകം, വ്യതീപാതത്തിന്നു ആയില്യം, വജ്രത്തിന്നു പൂയം, വ്യാഘാതത്തിന്നു പുണർതം, വൈധൃതത്തിന്നു ചിത്ര വിഷ്കംഭത്തിന്നു അശ്വതി, ശൂലത്തിന്നു മകീരം, ഗണ്ഡത്തിന്നു മൂലം അതിഗണ്ഡത്തിന്നു അനിഴം ഇങ്ങിനെ ക്രമം.

78 കുംഭാന്ത്യവൃഷവീണാജസ്ത്രീകീടവ്യ വണിഗശ്വിനഃ
കക്കീമൃഗോമൃഗെന്ദ്രശ്ച ചൈത്രാദൌ ശൂന്യരാശയഃ

ചൈത്രമാസത്തിൽ കുംഭം ശൂന്യരാശി, വൈശാഖമാസത്തിൽ മീനം, ജ്യേഷ്ഠമാസത്തിൽ ഇടവം, ആഷാഢമാസത്തിൽ മിഥുനം, ശ്രാവ

ണ്മാസത്തിൽ മേടം, ഭാദ്രപദമാസത്തിൽ കന്നി, ആശ്വയുജമാസത്തിൽ വൃശ്ചികം, കാൎത്തികമാസത്തിൽ തുലാം, മാൎഗ്ഗശീൎഷമാസത്തിൽ ധനുരാശി, പൌഷമാസത്തിൽ കൎക്കടകം; മാഘമാസത്തിൽ മകരം, ഫാല്ഗുനമാസത്തിൽ ചിങ്ങം, ഇവ ശൂന്യരാശികൾ. ഇവ ശുഭകൎമ്മങ്ങൾക്കു വൎജ്ജ്യം

79 കാദ്യേ ചിത്രാൎദ്ധ്വിശ്വാനില ഭമമരദിതിം ഭാഗ്യ വസ്വൃക്ഷകേവാ
വിശ്വൎക്ഷെ വാരുണാന്ത്യേ ശരകൃതിമിതിഭം സൊമപിത്ര്യഗ്നി-
പുഷ്യാഃ
ബുധ്ന്യൎക്ഷെന്ദ്രാഗ്നിമിത്രാൻ പ്രഥമരവിശിവാൻ വിഷ്ണുമൂലെ-
യമൈന്ദ്രൌ
ശൂന്യാസ്താരാഃ ക്രമേണ ത്യജതു പദമിതാ മാസ്സു ചൈത്രാദികേഷു.

ചൈത്രാദികേഷുമാസ്സുക്രമേണപദമിതാഃ ശൂന്യാഃ താരാഃ ത്യജതു—ചൈത്രാദിമാസങ്ങളിൽ ക്രമത്താലെ പദമിതങ്ങളായിരിക്കുന്ന ഇന്നക്ഷത്രങ്ങളെ വൎജ്ജിക്ക—കാദ്യേ—ചൈത്രമാസത്തിൽ രോഹിണിയും അശ്വതിയും, ചിത്രാൎദ്ധ്വിശ്വാനിലഭം—വൈശാഖമാസത്തിൽ ചിത്രയും പൂയവും ഉത്രാടവും ചോതിയും, അമരസൂഃ—ജ്യേഷ്ഠമാസത്തിൽ പുണർതം. ഭാഗ്യവസ്വൃക്ഷകെ—ആഷാഢമാസത്തിൽ ഉത്രവും അവിട്ടവും. വാൎദ്ധിശ്വൎക്ഷെ—ശ്രാവണമാസത്തിൽ പൂരാടവും ഉത്രാടവും. വാരുണ്യന്തെ—ഭാദ്രപദമാസത്തിൽ, ചതയവും ഇരവതിയും. ശരകൃതിമിതഭം-ആശ്വയുജമാസത്തിൽ മകീരവും പൂരാടവും സോമപിത്ര്യഗ്നിപുഷ്യാൻ—കാൎത്തികമാസത്തിൽ മകീരവും മകവും കാൎത്തികയും പൂയവും. ബുധ്ന്യൎക്ഷെന്ദ്രാഗ്നിമിത്രാൻ—മാൎഗ്ഗശീൎഷമാസത്തിൽ ഉത്രട്ടാതി വിശാഖം അനിഴം. പ്രഥമരവിശിവാൻ പൌഷമാസത്തിൽ അശ്വതി അത്തം തിരുവാതിരയും വിഷ്ണുമൂലെ—മാഘമാസത്തിൽ തിരുവോണം മൂലവും. യമൈന്ദ്രൌ ഫാല്ഗുനമാസത്തിൽ ഭരണിതൃക്കേട്ടയും, ഇവ ശൂന്യനക്ഷത്രങ്ങൾ.

80 ഷൾബാണക്ഷ്മകലാദ്രിപങ്ക്ത്യുദധിദിഗ്ധാത്രീമഹേശസ്വര
ക്ഷൊണീലോചനപാവകാഷ്ടനവസംഖ്യാതെഷു മാസെഷ്വപി
ശൂന്യാഖ്യാഃ പ്രഥമാദികാസ്തിഥയഃ പക്ഷെ സിതേകീൎത്തിതാ
സ്ത്യാജ്യാഃ പഞ്ചദശക്രമേണ ഖലുതാഃ കൃഷ്ണേദ്വിതീയാദയഃ

ഷൾ—ഭാദ്രപദമാസത്തിൽ പൂൎവ്വപക്ഷത്തിൽ പ്രതിപദം, അപരപക്ഷത്തിൽ ദ്വിതീയ. ബാണ—ശ്രാവണമാസത്തിൽ പൂൎവ്വപക്ഷ

ത്തിൽ ദ്വിതിയ—കൃഷ്ണതൃതീയ. അക്ഷ്ണ—ഫാല്ഗുനമാസത്തിൽ ശുക്ലതൃതീയ. കൃഷ്ണചതുൎത്ഥി, കലാദി—ആശ്വയുജമാസത്തിൽ ശുക്ലചതുൎത്ഥി. കൃഷ്ണപഞ്ചമി. പങ്ക്തിഃ—പൌഷമാസത്തിൽ ശുക്ലപഞ്ചമി കൃഷ്ണഷഷ്ഠി, ഉദധിഃ—ആഷാഢമാസത്തിൽ ശുക്ലഷഷ്ഠി, കൃഷ്ണസപ്തമി, ദിക്—പൌഷമാസത്തിൽ ശുക്ലസപ്തമി. കൃഷ്ണാഷ്ടമി, ധാത്രീ—ചൈത്രമാസത്തിൽ ശുക്ലാഷ്ടമി, കൃഷ്ണനവമി. മഹെശഃ മാഘമാസത്തിൽ ശുക്ലനവമി കൃഷ്ണദശമി സ്വരഃ—ആശ്വയുജമാസത്തിൽ ശുക്ലദശമി. കൃഷ്ണൈകാദശി, ക്ഷോണീ ചൈത്രമാസത്തിൽ ശുക്ലൈകാദശി, കൃഷ്ണദ്വാദശി, ലോചന—വൈശാഖമാസത്തിൽ ശുക്ലദ്വാദശി കൃഷ്ണത്രയോദശി, പാവകഃ—ജ്യേഷ്ഠമാസത്തിൽ ശുക്ലത്രയോദശി. കൃഷ്ണചതുൎദ്ദശി. അഷ്ട—കാൎത്തികമാസത്തിൽ ശുക്ലചതുൎദ്ദശി കൃഷ്ണപഞ്ചദശി, നവ മാൎഗ്ഗശീൎഷമാസത്തിൽ ശുക്ലപഞ്ചദശി. കൃഷ്ണപ്രതിപദം. ഇവ ശൂന്യതിഥികൾ.

81 പൌഷൊമാസശ്ശൂന്യ ഇതി കൈശ്ചിദ്ദെശേഷു കേഷുചിൽ
വൎജ്ജ്യതെ ശുഭകാൎയ്യേഷു വിവാഹേതു വിശേഷതഃ

കെഷുചിൽ ദെശേഷു കൈശ്ചിൽ പൌഷഃ മാസഃ ശൂന്യഃ ഇതി ശുഭകാൎയ്യെഷു വൎജ്ജ്യതെ—ചില ദേശങ്ങളിൽ ചിലരാൽ പൌഷമാസം ശൂന്യമെന്നിട്ട ശുഭകാൎയ്യങ്ങളിൽ വൎജ്ജിക്കപ്പെടുന്നു. വിവാഹേതു വിശേഷതഃ—വിവാഹത്തിന്നു വിശേഷിച്ചും വൎജ്ജിക്ക.

82 ഗ്രഹൈരനിന്ദുവിന്ദുജ ഭാൎഗ്ഗവൈൎയ്യു
ന്മുക്തഞ്ചയുക്തഞ്ച ഇയാസിതഞ്ച
ക്രമേണ ദഗ്ദ്ധജ്ജ്വലിതന്തദൃക്ഷം
ധൂമായമാനഞ്ച ശുഭേഷുജഹ്യാൽ.

അനിന്ദ്വിന്ദുജ ഭാൎഗ്ഗവൈഃ ഗ്രഹൈഃ മുക്തം ചയുക്തം ച ഇയാസിതം ച, യൽക്രമേണ ദഗ്ദ്ധം ജ്വലിതം ധൂമായമാനം ച, തൽ ഋക്ഷം ശുഭെഷു ജഹ്യാൽ—ചന്ദ്രനും, ബുധനും, ശുക്രനും ഒഴിച്ചുള്ള ഗ്രഹങ്ങൾ ഇട്ടുകള. ആ രാശി ദഗ്ദ്ധരാശി. നിന്നരാശി ജ്വലിതം. ചെല്ലുവാനിരിക്കുന്നതു ധൂമായമാനം. * ഇവ ശുഭകൎമ്മങ്ങളിൽ വൎജ്ജിക്ക.

* ഭുവനഗാഭ്യുദിതഞ്ച മനവോ=എന്നു പാഠം.

83 ഭൌമാൽഷോഡശ സപ്തതത്ര മനവൊ ജ്വാലാഗുരോരംകഭം
വ്യാധിഃ കാന്തിമതോഷ്ടസംകൃതി ധൃതീരാഹുർമ്മഹാകണ്ടകം
പാതാൽ പഞ്ചമമീശ്വരാശ്ച പരിഘശ്ശുക്രാച്ചതിഥ്യദ്രയൊ
ദ്വെഷസ്സൂര്യ്യസുതാ ദ്ദശർത്തുകൃതയഃ ഖണ്ഡഃ സ്മൃതഃ പണ്ഡിതൈഃ

ഭൌമാൽഷോഡശ സപ്തതത്ര മനവഃ ജ്വാലാ—കുജന്നിന്നു നക്ഷത്രമാദി ആയി. പതിനാറു്, ഏഴ്, നാലു, ഇരുപത്തിനാലു്, പതിനാലാന്നാളും. ഇവററിന്നു ജ്വാല എന്നു പേർ. ഗുരോഃ അംകഭം വ്യാധിഃ—ഗുരു നിന്നു് നക്ഷത്രമാദി ആയി ഒമ്പതാം നക്ഷത്രം. വ്യാധി: കാന്തിമതഃ അഷ്ടസംകൃതി ധൃതീ: മഹാകണ്ടകം ആഹുഃ—ബുധന്നിന്നു നക്ഷത്രമാദി ആയി എട്ടാമതിനേയും ഇരിപത്തുനാലാമതിംനയും പതിനെട്ടാമതിനേയും മഹാകണ്ടകം എന്നു ചൊല്ലുന്നു. പാതാൽ ററരശ്വരാ: ച പഞ്ചമം പരിഘഃ—രാഹുനിന്ന നാളും ആദി ആയി അഞ്ചാമതും 11-ാമതും പരിഘം ശുക്രാൽ ചതിഥ്യദ്രയോഃ ദ്വെഷഃ—ശുക്രന്നിന്നു നക്ഷത്രമാദി ആയി പതിനഞ്ചാമതും ഏഴാന്നക്ഷത്രവും ദ്വേഷമാകുന്നതു്. സൂര്യ്യസുതാൽ ദശർത്തുകൃതയഃ പണ്ഡിതൈഃ ഖണ്ഡഃ സ്മൃതഃ—ശനിനിന്ന നക്ഷത്രമാദി ആയി പത്താമതും ആറാമതും ഇരിപതാമതും, ഇവ ഖണ്ഡമാകുന്നതു്.

84 സൌരോരാശിഷു സൂര്യ്യസംക്രമണതശ്ചാന്ദ്രസ്തു ദർശാവധി
ർവ്വിജ്ഞേയസ്സിതപക്ഷ പക്ഷതിമുഖ സ്ത്രിംശദ്ദിനസ്സാവനഃ
നാക്ഷത്രശ്ശശിമണ്ഡലാദിതിമതാ മാസാശ്ചതുർദ്ധാക്രമാ
ദന്ത്യെഹസ്ത്ര്യയ മാദ്യയൊശ്ചരമയോർദ്ദിക്പഞ്ചനാഡീസ്ത്യജെൽ

സൌരഃ രാശിഷുസൂര്യ്യസംക്രമണതഃ—രാശികളിലെ സൂര്യ്യസംക്രാന്തികൊണ്ടു സൌരമാസം, ചാന്ദ്രഃ തു സിതപക്ഷ പക്ഷതിമുഖഃ ദർശാവധിഃ വിജ്ഞേയഃ—ശുക്ലപ്രതിപദമാദി ആയി അമാവാസ്യ അന്തമായ ഗ ചന്ദ്രമാസം ത്രിംശദ്ദിനഃ സാവനഃ-മുപ്പതു ദിവസം കൂടിയതു സാവനം: നാക്ഷത്രഃ ശശിമണ്ഡലാൽ—ചന്ദ്രൻ പന്ത്രണ്ടു രാശിയിലും നടന്നു കൂടിയാൽ നാക്ഷത്രം. ഇങ്ങിനെ നാലു പ്രകാരം മാസങ്ങൾ. ആദ്യയോഃ അന്ത്യേ അഹസ്ത്ര്യയംത്യജേൽ—സൌരത്തിന്നും ചാന്ദ്രത്തിന്നും അന്ത്യത്തിംകൽ മൂന്നു ദിവസം വർജ്ജിക്ക. ചരമയോഃ ദിക്പഞ്ചനാഡീഃത്യജേൽ—സാവനത്തിന്നും നാക്ഷത്രത്തിന്നും അന്ത്യത്തിംകൽ പതിനഞ്ചു നാഴിക വർജ്ജിക്ക.

85 അർക്കേസ്ഥിരാൻ വിശതി വിഷ്ണു പദാഭിധാനാ
സ്തേഭ്യഃ പരാംസ്തുഷഡശീതി മുഖാശ്ചതസ്രഃ
സംക്രാന്തയസ്ത്വജ മൃഗാനന തൌലികർക്കീൻ
ജ്ഞേയാഃ ക്രമാദുദ ഗവാഗ്വിഷു വായനാഖ്യാ

അർക്കേസ്ഥിരാൻവിശതി വിഷ്ണുപദാഭിധാനാഃ—അർക്കൻ സ്ഥിരരാശിയിലകത്തു പൂകുംപോൾ നാലു സംക്രാന്തികളും ഷഡശീതിമുഖങ്ങളും, അജമൃഗാനന തൌലികർക്കീൻ ക്രമാൽ ഉദഗവാ ഗ്വിഷുവായനാഖ്യാഃ—ആദിതൻ മേടത്തിലകത്തു പൂകുന്ന സംക്രാന്തി ഉദഗ്വിഷുവം. മകരത്തിലകത്തു പൂകുന്ന സംക്രാന്തി ഉദഗയനം. തുലാത്തിലകത്തു പൂകുന്ന സംക്രാന്തി അവാഗ്വിഷുവം. കർക്കടകത്തിലകത്തു പൂകുന്ന സംക്രാന്തി അവാഗയനം. ഇങ്ങിനെ

86 സൌരോരവൈർദ്ദ്വാ ദശഭിസ്തുമാസൈ
ശ്ചാന്ദ്രൈസ്തരൈഃ പ്രാകൃതസംജ്ഞിതൊന്യഃ
ജൈവസ്തു സൂര്യ്യാദ്ധിഷണോദയാദി
ർബ്ബ്യൈ സ്ത്രീഡൈതാം പരികല്പിതോബ്ദഃ

ചിൽ വക്ഷ്യാമി. ഇനി ബൃഹസ്പതി ചൊല്ലിയ യോഗങ്ങളാൽ ചിലവററെ ചൊല്ലുന്നുണ്ടു്.

* 87 ദൃശ്യൌ യദാഹനിജ നൈർവ്രജതോ
യദാസ്തമന്യോന്യതഃ സ്മരഗതൌ ച യദാഗുരുശുക്രൌ.
കർമ്മാണി തത്രസമയേ ചശുഭാനി കുര്യ്യാൽ
നൈവാരഭേത ശശിജേസ്തഗതേച വിദ്യാം

ഗുരുശുക്രന്മാർ പകലിൽ ദൃശ്യന്മാരായിരിക്കുമ്പോഴും അസ്തമനമായിരിക്കുമ്പോഴും സമസപ്തകമാകുമ്പോഴും ശുഭകർമ്മങ്ങൾ ചെയ്യൊലാ. ബുധൻ അസ്തമനമായിരിക്കുമ്പോൾ വിദ്യാരംഭം ചെയ്യൊല്ലാ.

88 പ്രാക്പശ്ചാദുദിതംരവേ ർഭൃഗുസുതം ബാലം വദന്തിക്രമാൽ
ബാണദ്വീപദിനാനി വൃദ്ധമനയോഃ അസ്തേദിനവ്യത്യയാൽ

---

* “ഗുരുശുക്രൌ യദാമൂഢം ഗച്ഛതോ ദോഷ ദൌ തഥാ വിവാഹെ വിധവാനാരിദ്വിജന്മനി വടോർമ്മൃതിഃ– ചൂഡാകൃതേ ശിരോർമ്മൃത്യുഃ സ്ഥാപനേ ദേശനാശനം യദാജീവസിതൌ ചക്രേ പരസ്പര മുദീക്ഷിതൌ സപ്തമസ്ഥൌ തദാ ദോഷോ മൂഢതാ ദതിരിച്യതേ”– എന്നു പ്രമാണമുണ്ടു്.

ഉദിതാഹേ ക്രമശോഽംഗനാപുരുഷയോർഹന്താ സ ഏവാംഗുരു:
സർവേഷാം ചതയോസ്ത്രിശുസ്ഥവിരതാ വിദ്വേഷിണീകർമ്മണാം

കിഴക്കേദിക്കിൽ ഉദയാനന്തരം അഞ്ചുദിനവും പശ്ചിമദിക്കിൽ ഏഴുദിനവുംവരെ ബാലാവസ്ഥ. ശുക്രോബാല: വധൂഹന്താ വൃദ്ധശുക്രൻ വരഹന്താ. ഗുരുവിന്നുമിങ്ങിനെ. വൃദ്ധത്വം അസ്തമനത്തിന്നു മുമ്പേ അഞ്ചും ഏഴും ദിനങ്ങൾ എന്നു്. ഗുരുവിന്നു കിഴക്കിൽതന്നേ ഉദയം അസ്തമനം പടിഞ്ഞാറേ സംഭവിക്കയുള്ളൂ. എന്ന വിശേഷം.

89 നന്ദോനാമ ബലാന്വിതേ ശശിസുതേലഗ്നേസ്വരാശിസ്ഥിതേ
തദ്വദ്വാഗധിപേ ക്ഷിതേഭൃഗുസുതേ യോഗസ്തു ഭദ്രാഹ്വയഃ
ജൈവാഖ്യസ്തു തഥാവിധേ സുരഗുരൌ ശുക്രജ്ഞയോഃ കണ്ടകേ
വാഗീശേന്ദുജയോഃ ത്രിതൈകഗൃഹയോർജ്ജീമൂത നാമാപരഃ

ശശിസുതേ ബലാന്വിതേ സ്വരാശിസ്ഥിതേലഗ്നേ നന്ദഃനാമ—ബുധൻ ബലവാനായി തന്റെ ക്ഷേത്രത്തിൽ ലഗ്നത്തിലുണ്ടാകിൽ നന്ദയോഗമുണ്ടു്. തദ്വൽ ഭൃഗുസുതേ വാഗധിപേക്ഷിതേ ഭദ്രാഹ്വയഃതുയോഗഃ—ശുക്രൻ ബലവാനായി തന്റെ ക്ഷേത്രത്തിൽ ലഗ്നത്തിലുണ്ടാകിൽ ജീവദൃഷ്ടിയോടും കൂടിയിരിക്കിൽ ഭദ്രയോഗം. തഥാവിധേ സുരഗുരൌ ശുക്രജ്ഞയോ: കണ്ടകേ ജൈവാഖ്യ:—ഗുരുബലവാനായി തന്റെ ക്ഷേത്രത്തിൽ ലഗ്നത്തിലുണ്ടാവൂ. കേന്ദ്രത്തിൽ ബുധശുക്രന്മാരും ഉണ്ടാവൂ. അതു ജൈവയോഗം. വാഗീശേന്ദുജയോ: ത്രിതൈ ക ഗൃഹയോ: ജീമൂതനാമാ അപര:—ഗുരുബുധന്മാരൊരു രാശിയിലെ ലഗ്നത്തിലുണ്ടാകിൽ ജീമൂതയോഗം.

90 യോഗിന്യഃസ്ഥാവരാഖ്യോവപുഷിഭൃഗുജവാഗീശ്വരാഭ്യാംബലിഭ്യാം
ശുക്രജ്ഞാഭ്യാം ജയാഖ്യസ്ത്രിഭിരഥ വിജയോനാമയോഗാധിരാജഃ
വിത്തേജീവസ്തനൂജേ കവിശശിതനുജൌ ഷഷ്ഠഗെക്ഷ്ശുഭാഖ്യോ
വാഗീശേന്ദ്വർക്കമന്ദൈ സ്തനുസഹജനഭസ്ഷഷ്ഠ ഗൈർമ്മംഗലാഖ്യഃ

വപുഷിബലാഭ്യാം ഭൃഗുജവാഗീശ്വരാഭ്യാം സ്ഥാവരാഖ്യഃ അന്യഃ യോഗഃ—ലഗ്നത്തിൽ ബലവത്തുകളായിട്ടു ബുധശുക്രന്മാരുണ്ടാകിൽ സ്ഥാവരയോഗം. ശുക്രജ്ഞാഭ്യാം ജയാഖ്യഃ—ലഗ്നത്തിൽ ബലവത്തുകളായിട്ടു ബുധശുക്രന്മാരുണ്ടാകിൽ ജയയോഗം. ത്രിഭിഃ അപി വിജയഃ നാമ യോഗാധിരാജഃ—ലഗ്നത്തിൽ ബലവത്തുകളായിട്ടു ബുധഗുരുശുക്രന്മാരുണ്ടാകിൽ വിജയം യോഗാധിരാജൻ. അവ-വിത്തേ ജീവഃ തനൂജേ ക

വിശശിതനൂജൌ, ഷഷ്ഠഗെർക്കം ശുഭാഖ്യഃ—രണ്ടാമടത്തു ഗുരുവും അഞ്ചാമടത്തു ബുധശുക്രന്മാരും. ആറാമടത്തു രവിയും ഉണ്ടാകിൽ ശുഭയോഗം. തനുസഹജന ഭഷ്ഷഷ്ഠഗൈഃ വാഗീശേന്ദ്വർക്കമന്ദൈഃ മംഗലാഖ്യഃ—ലഗ്നത്തിൽ ഗുരു, മൂന്നാമടത്തു ചന്ദ്രൻ, പത്താമടത്തു രവി, ആറാമടത്തു മന്ദനും ഉണ്ടാകിൽ മംഗലയോഗം.

91 ബലശാലിനി സൽഗ്രഹേതനൌ
സഹജാരാതിഭവേഷു സൽഗ്രഹേ
പ്രബലാഖ്യ ഇതീഹകീർത്തിതാ
ദശയോഗാശ്ശുഭദാഃ കരഗ്രഹേ

ബലശാലിനി സൽഗ്രഹേതനൌ സഹജാരാതി ഭവേഷു പ്രബലാഖ്യം—ബലവാനായിരിക്കുന്ന ശുഭഗ്രഹം ഉദയത്തിലുണ്ടാവൂ, മൂന്നാമടത്തും ആറാമടത്തും പതിനൊന്നാമടത്തും പാപഗ്രഹങ്ങളുണ്ടാവൂ. ഇത പ്രബലയോഗം. ഇതി ഇഹ കരഗ്രഹേ ദശയോഗാഃ ശുഭദാഃ കീർത്തിതാഃ—ഇങ്ങിനെ ഇവിടെ വിവാഹത്തിംകൽ ബൃഹസ്പതി പത്തു യോഗങ്ങളേയും ശുഭങ്ങളെന്നു ചൊല്ലി.

92 വയസി ബുധസ്സഹജെ കുജമന്ദൌ
ഭൃഗുതനയൊ നിധനെ ഗുരുരസ്തെ
ദ്വിഷതിരവിശ്ച ഭവെദ്യദിദിഷ്ട്യാ
പരിണയനെശുഭദ: കിലയോഗ:

വയസിബുധ: സഹജെകുജമന്ദൌ, നിധനെ ഭൃഗുതനയ: അസ്തെ ഗുരു: ദ്വിഷതിരവി: ചഭവെൽയദി പരിണയനെ ശുഭദ: യോഗ:കില—നാലാമടത്തു ബുധനും, മൂന്നാമടത്തു കുജമന്ദന്മാരും, അഷ്ടമത്തിൽ ശുക്രനും ഏഴാമടത്തു വ്യാഴവും ആറാമടത്താദിത്യനുമുണ്ടാകിൽ വിവാഹത്തിംകൽ പെരികെ നല്ല യോഗം. ഇച്ചൊല്ലിയ യോഗം സംഭവിയാ.

93 ഉപനയന വിവാഹക്ഷൌര ഭുക്ത്യാദികാര്യേ
ഫലമുദിതമനിഷ്ടസ്ഥാന ഗൈര്യൽഗ്രഹൈന്ദ്രൈ:
ഭവതി നതദനിഷ്ടം സ്വൊച്ചവർഗ്ഗസ്ഥിതൈസ്ത്വൈ-
രുദയമുദിതതത്ത-ച്ഛുദ്ധിരാശിംശ്ചഹിതാ

ഉപനയനവിവാഹ ക്ഷൌരഭുക്ത്യാദികാര്യേ അനിഷ്ടസ്ഥാനഗൈ: ഗ്രഹൈന്ദ്രൈ യൽഫലം ഉദിതം. സ്വൊച്ചവർഗ്ഗസ്ഥിതൈ: തൈ:തൽ അ

നിഷ്ടം ന ഭവതി—ഉപനയനം. വിവാഹം, അന്നപ്രാശനം. ഇങ്ങനെ തുടങ്ങി ഉള്ള കൎമ്മങ്ങളിൽ അനിഷ്ടസ്ഥാനത്തു നിൽക്കുന്ന ഗ്രഹങ്ങളെക്കൊണ്ടു യാതൊരു ഫലഞ്ചൊല്ലുന്നു. സ്വൊച്ചവൎഗ്ഗസ്ഥിതന്മാരായിരിക്കുംപോൾ അച്ചൊല്ലിയ അനിഷ്ടം ഭവിക്കുന്നതല്ല—യാതൊരു ഗ്രഹത്തെക്കൊണ്ടു ഒരനിഷ്ടഫലത്തെച്ചൊല്ലി. ആ ഗ്രഹം തന്റെ വൎഗ്ഗത്തിൽ താൻ ഉച്ചത്തിൽ താൻ നിൽകിൽ അച്ചൊല്ലിയ അനിഷ്ടഫലം ഉണ്ടാകയില്ല. ഇദം ഉദിതതത്തച്ഛുദ്ധീരാശീൻ ഷഹിതപാ-ലഗ്നത്തിലെ ഗ്രഹത്തെക്കൊണ്ടു യാതൊരു അനിഷ്ടഫലത്തെ ചൊല്ലുന്നു, അതു സംഭവിക്കും. അവയവകൎമ്മങ്ങൾക്കു ശുദ്ധമാകേണ്ടുന്ന സ്ഥാനത്തു നിൽക്കുന്ന ഗ്രഹങ്ങളെക്കൊണ്ടു യാതൊരു ഫലത്തെ ചൊല്ലുന്നു. അതും സംഭവിക്കും.

94 ശ്ലോകൈൎഗ്ഗുണ ഗ്രാഹിഭിരേകയുക്തൈഃ
പഞ്ചാശതാ നിൎമ്മിതമൂൎത്തിരിത്ഥം
പ്രാപ്തസ്സമാപ്തം സമുഹൂൎത്തശാസ്ത്രെ
പാണിഗ്രഹാദ്ധ്യായ ഇഹാഷ്ടമോയം

ശുഭമസ്തു—

പരിഗ്രഹിപ്പാനും ഗജവാജിദൎശനവിധൌ—ആന കാണ്മാനും കുതിര കാണ്മാനും. തൽ സംഗ്രഹാരൊഹയൊ:—ആന കൊള്ളുവാനും കുതിര കൊള്ളുവാനും ആനമേൽ കയറുവാനും കുതിരമേൽ കയറുവാനും. സദചൎമ്മായുധ കാൎമ്മുകാദി ഭരണ—കവചന്ധരിപ്പാൻ, ആയുധമെടുപ്പാൻ. വില്ലു തുടങ്ങിഉള്ളവ എടുപ്പാൻ. സ്വൎണ്ണാദ്യമത്രാശനെ--പൊന്നിന്തളികതുടങ്ങി ഉള്ള പാത്രങ്ങളിൽ ഉണ്മാൻ. നവവൎഷ എഷുകാലം അഖിലം ബാലാന്നഭുക്ത്യാസമം—ഇച്ചൊല്ലിയ എല്ലാററിന്നും അന്നപ്രാശനംപോലെ മുഹൂൎത്തം.

95 ദേവപ്രതിഷ്ഠാ പനഭൂമിപാല
രാജ്യാഭിഷേകാദി വിധാനശംസീ
സൈകഃ കൃതൊഷ്ടാദശഭിസ്സു പദ്യൈ
രെകാദശൊദ്ധ്യായ ഇഹൈഷപൂൎണ്ണഃ

സമാപ്തം.